തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം



അധികാരം ജനങ്ങളിലേക്ക്

സമഗ്ര വികസന രേഖ

105-6


ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ



" ഇന്ത്യയുടെ ആത്മാവ്
കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ് "



പിറന്ന നാടിൻ
മക്കളാവുക


ജനിച്ച മണ്ണിനൻറ
ഉപ്പാവുക

ത്യാഗസന്നദ്ധരായ ജനങ്ങൾ
ലക്ഷ്യബോധമുള്ള ഉദ്യോഗസ്ഥർ
ഇച്ഛാശക്തിയുള്ള ഭരണനേതൃത്വം

ഈ മൂന്നു തരകവ്യഷികൾ ചേർന്ന്
വികസനത്തിനൻറ ഒരു മഹാപ്രവാഹം



തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്ത്



N
W
E
S
I
II
III
IV
V
VI
VII
VIII
IX
X
XI

വികസന രൂപ രേഖ - ശിൽപ്പികൾ




ശ്രീ സി. സതീശൻ (കൺവീനർ ഡി. ആർ. പി)
ശ്രീ സി. വാസു
ശ്രീ ശബരിഗിരീഷ്
ശ്രീ കെ. നാരായണൻകുട്ടി
ശ്രീ എം. കെ. വിജയൻ
ശ്രീ മുഹമ്മദ് മൂസ്സ
ശ്രീ എൻ. അഭിലാഷ്
ശ്രീ പത്മനാഭൻ മാസ്റ്റർ

" സ്വന്തം ആവശ്യങ്ങളെന്തന്നറിയാത്ത
അവകാശങ്ങൾ ഉന്നയിക്കാൻ പോലും
വളർച്ചയെത്തിയിട്ടില്ലാത്ത
വികസനം ഇനിയും എത്തിനോക്കാത്ത
ദാരിദ്ര്യത്തിൻറെ തുരുത്തുകളിൽ ജീവിക്കുന്ന
ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി
ഈ റിപ്പോർട്ട് ബഹുമാനപൂർവം
സമർപിക്കുന്നു....."



ഇ. എം. എസ്
ഉന്നതതല മാർഗനിർദ്ദേശക സമിതി അദ്ധ്യക്ഷൻ




ഇ. കെ. നായനാർ
കേരള മുഖ്യമന്ത്രി


ഉള്ളടക്കം

1	ആമുഖം	11
2	പഞ്ചായത്ത് പൊതു വിവരണം	13
3	സാംസ്കാരിക, സാമൂഹ്യചരിത്ര പശ്ചാത്തലം	15
4	ഭൂവിനിയോഗം	20
5	വികസന മേഖലകൾ	22
1	കൃഷിയും ജലസേചനവും	23
2	മൃഗസംരക്ഷണം – മത്സ്യബന്ധനം	30
3	വിദ്യാഭ്യാസം	33
4	ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം	46
5	വ്യവസായം	57
6	റോഡുകൾ, ഊർജ്ജം	62
7	ഭവനനിർമാണ ക്ഷേമ പ്രവർത്തനങ്ങൾ	78
8	സംസ്ക്കാരം	87
9	വനിതാക്ഷേമം	93
10	സഹകരണം	97
11	പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം	103
12	വിഭവസമാഹരണം	107
	ഉപസംഹാരം	113


Layout by AMBAL Computer DTP Systems
Printed at AMBAL Quick Print Shop
Sultanpet, Palakkad. Fone & Fax : 522764




ശ്രീ പി. മുരുകൻകുട്ടി
പ്രസിഡൻറ്




ശ്രീ കെ. വി. വാസുദേവൻ
വൈസ് പ്രസിഡൻറ്



ശ്രീ കെ. എ. ബലരാമൻ
മുൻ പഞ്ചായത്ത് പ്രസിഡൻറ്




ശ്രീ സി. കെ. വേലായുധൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ




ശ്രീ പി. കൃഷ്ണൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



ശ്രീമതി വത്സലക്കുട്ടിയമ്മ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ




ശ്രീ ടി. വിജയൻ
മെമ്പർ




ശ്രീ കെ. വി. എസ്. ബാബു
മെമ്പർ



ശ്രീമതി പി. ലക്ഷ്മി
മെമ്പർ



ശ്രീ കെ. എസ്. കൊച്ചുകുട്ടൻ
മെമ്പർ




ശ്രീ വേലായുധൻ
മെമ്പർ



ശ്രീമതി കുശലകുമാരി
മെമ്പർ



ശ്രീമതി രാധാമണി
മെമ്പർ



ശ്രീമതി കെ. യു. റഹ്മത്ത്
മെമ്പർ

1

ആമുഖം

വിപ്ലവകരമായ അനേകം പരിപാടികൾ നടപ്പാക്കി ഇന്ത്യയ്ക്കുമാത്രമല്ല അവികസിത രാഷ്ട്രങ്ങൾക്കു തന്നെ മാതൃകയായ കേരളം മറ്റൊരു മഹാപ്രസ്ഥാനത്തിനുകൂടി നേതൃത്വം നൽകുന്നു. നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ജനങ്ങളുടെ പങ്കാളിത്തത്തോടെആസൂത്രണത്തിന്റെ രൂപരേഖ തയ്യാറാക്കുകയാണ്. ഭരണഘടനയുടെ 73.74 ഭേദഗതികളുടെ ചട്ടക്കൂട്ടിനുള്ളിൽ രൂപീകരിക്കപ്പെട്ട പഞ്ചായത്ത് മുനിസിപ്പൽ സമിതികൾക്ക് ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകാൻ ഭരണഘടനാപരമായി തന്നെ അധികാരങ്ങൾ ലഭിക്കുന്നു. എന്നത് ഈ പ്രസ്ഥാനത്തിന്റെ വിജയത്തെക്കുറിച്ചുള്ള ശുഭാപ്തിവിശ്വാസം അസ്ഥാനത്തല്ല. 9-ാം പദ്ധതിയുടെ അടങ്കൽതുകയുടെ 40% പഞ്ചായത്ത് ബ്ളോക്ക് ജില്ലാതല സമിതികൾ വഴി ജനകീയ പങ്കാളിത്തത്തോടും നേതൃത്വത്തോടുംകൂടി ചെലവഴിക്കപ്പെടുന്നു. ഇത്തരത്തിൽ ഗ്രാമങ്ങളുടെ മുഖച്ഛായ മാറ്റാനുള്ള പരിപാടിക്ക് തുടക്കം കുറിക്കുകയാണ്. കഴിഞ്ഞ കാല പദ്ധതികളുടെ പോരായ്മകളിൽ നിന്നുള്ള പാഠം ഉൾക്കൊണ്ടാണ് പുത്തൻ ആശയം നാമ്പെടുക്കുന്നത്. ആസൂത്രണം പ്രാദേശിക വിഭവങ്ങളുടെയും ആവശ്യങ്ങളുടേയും അടിസ്ഥാനത്തിലായാലെ അവ ലക്ഷ്യം കണ്ടെത്താനാവൂ. അതിനുള്ള എളിയ തുടക്കമാണ് ഇവിടെ നടക്കുന്നത്.

1996 ജൂലൈ 14 ന് ചേർന്ന സംസ്ഥാന പ്ലാനിംഗ് ബോർഡ് യോഗമാണ് ആസൂത്രണ വികേന്ദ്രീകരണം സംബന്ധിച്ച തീരുമാനമെടുത്തത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 9-ാം പദ്ധതി - വികേന്ദ്രീകരണവും ജനപങ്കാളിത്തവും ബഹുജനപ്രസ്ഥാനം എന്ന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. (GOMS10/96/PLS തീയതി 30-7-96)ഈ ഉത്തരവുപ്രകാരമാണ് സംസ്ഥാന ആസൂത്രണ ബോർഡ് ജനകീയ ആസൂത്രണ പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ഈ വികസന രൂപരേഖയുടെ താളുകൾ മറിയ്ക്കുമ്പോൾ അതിൽ അച്ചടിച്ചിരിക്കുന്ന വരികൾക്ക് ഈ പഞ്ചായത്തിന്റെ പതിനൊന്ന് വാർഡുകളിലുള്ള ജനങ്ങളുടെ ആശയങ്ങളുടെയും അഭിലാഷങ്ങളുടെയും പരാതികളുടേയും ഗന്ധം ഉള്ളതായി കാണാം.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ നടന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്യുമ്പോൾ വളരെയധികം മുന്നോട്ടു പോകാൻ കഴിഞ്ഞതായി കാണാം. 1996- സെപ്റ്റംബർ 12,13, 14 തീയതികളിൽ ആലത്തൂരിൽ വെച്ച് നടന്ന ജില്ലാ തല പരിശീലന ക്യാമ്പിൽ റിസോഴ്സ് പേഴ്സൺമാരായി ഏഴു പേർ പങ്കെടുത്തു. അതിനെത്തുടർന്ന് പഞ്ചായത്ത് തല പരിശീലനക്യാമ്പ് 22.9.1996 ന് നടത്തി. 25.9.1996 മുതൽ 2.10 1996 വരെയുള്ള ദിവസങ്ങളിലായി പഞ്ചായത്തിലെ 11 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ നടന്നു. പഞ്ചായത്ത്

2

പഞ്ചായത്തിന്റെ പൊതു വിവരണം.

പഞ്ചായത്തിന്റെ ഭരണ ചരിത്രം

1962 - ലാണ് തെങ്കുറുശ്ശി, വിളയനൂർ, വിളയൻചാത്തനൂർ, മഞ്ഞളൂർ, വെമ്പല്ലൂർ എന്നീദേശങ്ങളെ ഏകീകരിച്ചുകൊണ്ട് തെങ്കുറുശ്ശി ഗ്രാമ പഞ്ചായത്ത് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് വന്നത്. 1.1. 1964 മുതൽ 20-5-1966 വരെയുള്ള കാലയളവിൽ ഭരിച്ചിരുന്ന ഇ. അച്ചുതമേനോനാണ് ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ്. 1979 - ലാണ് ആദ്യമായി രാഷ്ട്രീയാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ ശ്രീ.കെ.എ. ബലരാമൻ പ്രസിഡൻറായുള്ള പത്തംഗ ഭരണസമിതിയാണ് അന്ന് അധികാരമേറ്റത്. 1979, 1988, 1995 എന്നീ വർഷങ്ങളിൽ നടന്ന രാഷ്ട്രീയാടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പുകളിലെല്ലാം തന്നെ ഇടതുപക്ഷജനാധിപത്യ മുന്നണിയാണ് അധികാരത്തിലേറിയത്. ഇതിൽ 1979 - മുതൽ 1995 വരെയുള്ള 16 വർഷക്കാലവും ശ്രീ.കെ.എ. ബലരാമൻ പഞ്ചായത്ത് പ്രസിഡൻറായി സേവനമനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ സ്തുത്യർഹമായ സേവനങ്ങൾ എടുത്തുപറയേണ്ടവയാണ്.

തെങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് എന്നും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കൊപ്പം നിൽക്കുന്ന രാഷ്ട്രീയചരിത്രമാണ് ഉള്ളത്. കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കും കർഷക - കർഷകതൊഴിലാളി പുരോഗമന യുവജന പ്രസ്ഥാനങ്ങൾക്ക് നല്ല വേരോട്ടവും വളക്കൂറുമുള്ള മണ്ണാണ് തെങ്കുറുശ്ശി പഞ്ചായത്തിനേറത്.

കോൺഗ്രസ് (ഐ), ബി.ജെ.പി, സി.പി.ഐ, ആർ.എസ്.പി, കോൺഗ്രസ് (എസ്), കേരള കോൺഗ്രസ് (എം.), ഐ.യു.എം.എൽ, കേരള കോൺഗ്രസ് (ജെ.) തുടങ്ങിയ രാഷ്ട്രീയ പ്രസ്ഥാനങ്ങളും പഞ്ചായത്തിൽ പ്രവർത്തനം നടത്തുന്നുണ്ട്.

കമ്മ്യൂണിസ്റ്റ് റസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളായ ശ്രീ. അപ്പുക്കുട്ട മന്നാടിയാർ, കെ.പി. കുട്ടി, തായ്ങ്കൻ എന്നിവർ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ ദേശീ സമരങ്ങൾക്കും, നിരവധി കർഷക - കർഷകതൊഴിലാളി പ്രക്ഷോഭങ്ങൾക്കും നേതൃത്വം കൊടുത്തിട്ടുണ്ട്.

ജന്മിത്വത്തിനും, നാടുവാഴിത്തത്തിനും, ജാതിവ്യവസ്ഥയ്ക്കും, അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും എതിരായി, ക്ഷേത്രപ്രവേശത്തിനുവേണ്ടിയും, പാട്ടകൃഷിക്കുവേണ്ടിയും അത്യുജ്വലങ്ങളായ അനേകം സമര പോരാട്ടങ്ങളുടെ ചരിത്രങ്ങൾ കൊണ്ട് മുഖരിതമാണ് തെങ്കുറുശ്ശി പഞ്ചായത്ത്.

പഞ്ചായത്ത് രൂപീകരിച്ച വർഷം	1962
ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ്	ശ്രീ. അച്ചുതമേനോൻ
ഇപ്പോഴത്തെ പ്രസിഡൻറ്	ശ്രീ. പി. മുരുകൻകുട്ടി
വൈസ് പ്രസിഡൻറ്	ശ്രീ. കെ.വി. വാസുദേവൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	ശ്രീ. സി.കെ. വേലായുധൻ

തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്ത് – ഒറ്റ നോട്ടത്തിൽ

റവന്യൂ വില്ലേജുകൾ	തേങ്കുറുശ്ശി 1, തേങ്കുറുശ്ശി 2
വിസ്തീർണ്ണം ച. കിമീ	29.92
ആകെ കൃഷി ഭൂമി	2243.9852
ജനസംഖ്യ	25307
പുരുഷൻ	12261
സ്ത്രീകൾ	13046
ജനസാന്ദ്രത	846
സ്ത്രീ–പുരുഷാനുപാതം	1:1.06
സാക്ഷരതാ ശതമാനം	86.4%
സഹകരണ സംഘങ്ങൾ	9
ബാങ്കുകൾ	2
പോസ്റ്റാഫീസുകൾ	4
കമ്പി ആഫീസുകൾ	1
ടെലിഫോൺ എക്സ്ചേഞ്ച്	2
ടെലിഫോൺ കണക്ഷൻ	250
ഹൈസ്കൂൾ	1
യു. പി. സ്കൂൾ	2
എൽ,. പി. സ്കൂൾ	5
അച്ചടിശാലകൾ	2
റേഷൻഷാപ്പുകൾ	11
വായനശാലകൾ–ലൈബ്രറികൾ	19
ആലോപ്പതി സ്ഥാപനങ്ങൾ	1+4
ആയുർവേദം	1
വെറ്റിനറി സ്ഥാപനങ്ങൾ	1
പി. ഡബ്ല്യു. ഡി റോഡ്	6
സർക്കാർ ഓഫീസുകൾ	5
താമസമുള്ള വീടുകൾ	4999
കുടുംബങ്ങൾ	4989
ദാരിദ്ര്യ രേഖക്കു താഴെ	2137
പുരുഷൻ	3434
സ്ത്രീകൾ	3602

3
സാംസ്ക്കാരിക സാമൂഹ്യ ചരിത്ര പശ്ചാത്തലം

ചരിത്രം 1

തെങ്കുറുശ്ശി

ആലത്തൂർ താലൂക്കിന്റെ വടക്കുകിഴക്കേ കോണിൽ പാലക്കാട് താലൂക്ക് അതിർത്തിയിൽവർത്തിക്കുന്ന ഒരു നടുവട്ടം ഗ്രാമമാണ് തേങ്കുറുശ്ശി. സാമൂതിരി പിടിച്ചെടുത്ത പാലക്കാട് താലൂക്കിലെ ഭാഗങ്ങൾ ഉൾപ്പെട്ട നടുവട്ടം നാട്ടിൽപ്പെട്ടു കിടക്കുന്ന തേങ്കുറുശ്ശി, വിളയഞ്ചാത്തന്നൂർ, വിളയന്നൂർ, മഞ്ഞളൂർ, വെമ്പല്ലൂർ എന്നീ ദേശങ്ങൾ ചേർന്നതാണ് ഇന്നത്തെ തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത്.

പൂർവ്വനിവാസികളായ ദ്രാവിഡർ ചെയ്തിരുന്ന വ്യവസായങ്ങളിൽ ചിലത് മദ്യമുണ്ടാക്കുക, ശർക്കരയുണ്ടാക്കുക, നെയ്യുക മുതലായതായിരുന്നു. ഉഷ്ണരാജ്യത്ത് പന ധാരാളമായി ഉണ്ടാവും. ഇത് നല്ല മധുവൃക്ഷമാണ്. കരിമ്പനയുടെ ഉല്പന്നമായ ശർക്കര, കള്ള് മുതലായ പദാർത്ഥങ്ങൾ ദ്രാവിഡർ കണ്ടുപിടിച്ചിരുന്നുഗ്രിത് അവരുടെ ആദായകരമായ വ്യവസായവുമായിരുന്നു. ഇത്കൊണ്ടുതന്നെ അക്കാലത്ത് ദ്രാവിഡർ ഊരിനും, ആറിനും പാറയ്ക്കും തേൻ പുരട്ടിയസ്ഥലനാമങ്ങൾ കൊടുക്കുവാൻ തല്പരരായിരുന്നു ഊരിന് കുറിച്ചി എന്നും പറയാം മധു (തേൻ)വൃക്ഷമായ കരിമ്പനയുടെ കുറിച്ചിയ്ക്ക് തേൻകുറിച്ചി എന്ന പേർ അനവർത്ഥം തന്നെ.

വിളയൻചാത്തന്നൂരും, വിളയനൂരും തേങ്കുറുശ്ശിയിൽപ്പെട്ട രണ്ട് പ്രദേശങ്ങളാണ്. "വിളയ" എന്നപേരിൽ ഒരു ഗോത്രത്തലവനോ ഇടപ്രഭുവോ ഇവിടെ വാണിരുന്നിരിയ്ക്കാം. തിരുത്തൊണ്ടൻ പുരാണത്തിലും ഈ ചാത്തന്നൂർ എന്ന ശൈവപുണ്യസ്ഥലം പരാമർശിക്കപ്പെട്ടിട്ടുണ്ട്. വിളയന്നൂരിൽ പ്രസിദ്ധമായ അയ്യപ്പൻ കോവിൽ സ്ഥിതിചെയ്യുന്നു. കേരളത്തിൽ അപൂർവ്വമായി മാത്രം കാണുന്ന അമ്പലങ്ങളിൽ ഒന്നാണ്. ഈ അയ്യപ്പക്ഷേത്രം. പൂർണ്ണ, പുഷ്ക്കല എന്നീ ഭാര്യമാരോടുകൂടിയ അയ്യപ്പ പ്രതിഷ്ഠയാണ് ഉള്ളത്. വിളയന്നൂർ ഗ്രാമത്തിനടുത്ത് ഒരു ദുർഗാക്ഷേത്രം നിലവിലുണ്ട് ഇതിന് 450 വർഷത്തോളം പഴക്കം കണക്കാക്കുന്നു. ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ പടിഞ്ഞാറോട്ട് നോക്കിയാണ് സ്ഥിതി ചെയ്യുന്നത്. 1924- ൽ കാഞ്ചി മഠാധിപതി ഈ ക്ഷേത്രത്തിൽ ദർശനം നടത്തുകയും ഒരാഴ്ചയോളം ഇവിടെ താമസിക്കുകയും ചെയ്തിട്ടുണ്ട്.

പന്തലിരപ്പ്

കേള ചരിത്രത്തിൽ തന്നെ സ്ഥാനം പിടിച്ച ഒരു സ്ഥലമാണ്. പ്രധാനസംഗതികൾമുഴുവനും തേങ്കുറുശ്ശി ഈഴുവരുടെ പൊതുസ്ഥലമായ പന്തലിരപ്പയിൽ കൂടിയിട്ടു വേണം തീർച്ചയാക്കുക. വയസ്സന്മാരിൽ പ്രധാനികളുടെ മുപ്പത്തൊന്നും കൂടിയയോഗം പണ്ടുണ്ടായിരുന്നു. അവരുടെ തീർപ്പ് അപ്പീലില്ലാത്തതായിരുന്നു. ഈ ആവശ്യത്തിനായി പലദിക്കിൽനിന്നും ഈഴുവർ പാലക്കാട് തേങ്കുറുശ്ശിയിൽ "പന്തലിൽഎളിയപ്പ"ന്റെ കീഴിൽയോഗം കൂടുക പതിവുണ്ടായിരുന്നു. ഇതിന് സുപ്രീം കോടതിയുടെ പദവിയാണ്. പന്തലിൽ ഇരുന്ന് പ്രശ്നം തീർക്കുന്ന സ്ഥലം ഇന്ന് പന്തലിരപ്പ എന്നപേരിൽ അറിയപ്പെടുന്നു. കൊല്ലവർഷം 1093(1917)പന്തലിരുപ്പയിൽ തീർച്ചപ്പെടുത്തിയിരുന്നു.

വ്യക്തികൾ സംഭവങ്ങൾ

ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ-സംസ്കൃത നാടകവിവർത്തകനും കവിയും ആയ ചാത്തുക്കുട്ടി മന്നാടിയാർ ചിറ്റൂർ. ചമ്പത്തിൽ അമ്മുമന്നാടിശ്യാരുടെയും ചേനാത്ത് ചാമുമേനോന്റെയും മകനാണ് തിരുവിതാംകൂറിൽ നിന്ന് വക്കിൽ പരീക്ഷ പാസായി. 1880 മുതൽ വക്കീൽ ജോലിനോക്കി. കേരള നന്ദിനി എന്ന മാസികയുടെ പത്രാധിപത്യം വഹിച്ചിരുന്നു. ഐക്യകേരളത്തിലെ ആദ്യത്തെ മന്ത്രിയായിരുന്ന എ.ആർ മേനോൻ ഇദ്ദേഹത്തിന്റെ പുത്രനാണ്. ഇദ്ദേഹത്തിന്റെ മരണശേഷം 1906-ൽ പൂളിയങ്കളം. ചമ്പത്ത്, പരവത്ത് കുടുംബങ്ങൾ ചേർന്ന് ട്രസ്റ്റ് രൂപീകരിച്ച് അദ്ദേഹത്തിന്റെ സ്മരണാർത്ഥം ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ സ്മാരകവായനശാല സ്ഥാപിച്ചു. നിരവധി അത്യപൂർവ്വമായ പുസ്തകങ്ങൾ ആവായനശാലയിൽ ഉണ്ടായിരുന്നു. ഭൂപരിക്കരണത്തെ തുടർന്ന് ട്രസ്റ്റിന് ഭൂമിയിൽ നിന്നുള്ള വരുമാനം ഇല്ലാതായി. ഈ സ്മാരക കെട്ടിടത്തിലാണ് ഇന്നത്തെ പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നത്. മന്നാടിയാരുടെ സാഹിത്യകൃതികളിൽ ശ്രദ്ധേയമായത് ഭവഭൂതിയുടെ ഉത്തര രാമചരിതം നാടകത്തിന്റെ വിവർത്തനമാണ്, ഹാലസ്യമാഹാത്മ്യം കിളിപ്പാട്ട്, ജനകീയ പരിണയം, പുഷ്പഗിരി സ്തോത്രം എന്നിവയാണ് പ്രധാനകൃതികൾ.

സദ്യയ്ക്കും മറ്റും ഒരു ഇലയിൽ (വാഴതണ്ടം കൊണ്ട് ഉണ്ടാക്കിയ ഇലലയിൽ) വിളമ്പി എല്ലാവരും കൂടി ഭക്ഷിക്കുന്ന സഹഭോജന സമ്പ്രദായം ഉണ്ടായിരുന്നു. ഇത് കൂട്ടല എന്നപേരിൽ അറിയപ്പെട്ടിരുന്നു. മറ്റൊരാളുടെ ഉച്ചിഷ്ടം ഭക്ഷിക്കുക. രോഗികളോടപ്പവും ഭക്ഷിക്കുക. ശുചിത്വം ഇല്ലായ്മ. ഇതെല്ലാം കൊണ്ട് കൂട്ടല ഒരു അനാചാരമായി കരുതുന്നു. 1919 ജനുവരി 2-ാം തീയതി കണ്ടാത്ത് വേലായുധന്റെ കളത്തിൽ 300 ഓളം പേർ ചേർന്ന യോഗം സമുദായങ്ങളിലെ കൂട്ടല തുടങ്ങിയ സാമൂഹ്യ അനാചാരം നിറുത്തലാക്കാൻ തീർച്ചയാക്കി. ഈ യോഗത്തിൽ വാഗ്ഭാനന്ദഗുരുക്കൾ സർവ്വസാഹോദര്യത്വം എന്ന വിഷയത്തിൽ പ്രഭാഷണം നടത്തിയിരുന്നു.

ക്ഷേത്രപ്രവേശനവിളംബരത്തിനുമമ്പേ ക്ഷേത്രപ്രവേശനാനുമതി.

വളരെ പുരാതനമായി നമ്പൂതിരിമാർ കൈവശം വെച്ച് ആരാധിച്ചു വരുന്നതും ഈഴവർക്കു പ്രവേശനമില്ലാത്തതുമായ ഇലമന്ദത്തെ ശിവക്ഷേത്രത്തിൽ പ്രവേശനം അനുവദിച്ചുകിട്ടാൻ ക്ഷേത്രം ഊരാളരുമായി പല സന്ദർഭങ്ങളിൽ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രപ്രവേശനത്തിനായി ഒരു ദിവസം നിശ്ചയിച്ചു. കൊല്ലവർഷം 1110 എടവം 14 ന് തേങ്കുറുശ്ശിയിലെ ഈഴവർക്ക് ക്ഷേത്രപ്രവേശനം അനുവദിക്കപ്പെട്ടു. അന്നേദിവസം രാവിലെ 8 മുതൽ വൈകുന്നേരം 4 മണിവരെ തുറന്നു കൊടുത്തു. ഇരുനൂറോളം സ്ത്രീപുരുഷൻമാർ ക്ഷേത്രപ്രവേശനം നടത്തിയിരുന്നു. ഇപ്രകാരം

നടന്ന സംഭവത്തെ അനുമോദിച്ചു കൊണ്ട് സ്ഥലത്തെ ജന്മികളും സവർണ്ണരും ഈഴുവടോടൊപ്പം ക്ഷേത്ര ശ്രീകോവിലിൽ വരുകയും ചെയ്തു. തെങ്കുറുശ്ശി പരവത്തെ ഗോപാലമന്നാടിയാർ എന്ന സംസ്കൃത വിദ്വാൻ ജാതിവ്യത്യാസം ആവശ്യമല്ലെന്നും എല്ലാ ജാതിക്കാരും കൂടി ചേർന്ന് ക്ഷേത്രഭജനം നടത്തേണ്ട ആവശ്യത്തെക്കുറിച്ചും സാരഗർഭമായ പ്രസംഗം ചെയ്തു. ചരിത്ര പ്രസിദ്ധമെന്ന് പറയപ്പെടുന്ന ക്ഷേത്രപ്രവേശന വിളംബരം 1936 നമ്പർ 12-ാം തീയതി അതായത് കൊല്ലവർഷം 112 തുലാം 27-ാം തീയതിയണ് മദ്രാസ് നിയമസഭക്ഷേത്രപ്രവേശന നിയമം പാസാക്കിയതും 1946 ൽ ആണ്. അതുകൊണ്ടുതന്നെ ഇലമന്ദം ക്ഷേത്രപ്രവശനാനുമതിയും, ക്ഷേത്രപ്രവേശനവും പ്രാധാന്യമർഹിക്കുന്ന സംഭവമാണ്.

1940 കളുടെ ആദ്യ പകുതിവരെ കേരളമുൾപ്പെടെ ഇന്ത്യയിലെങ്ങും അയിത്തം കൊടികുത്തി വാഴുകയായിരുന്നു. 1930 കളുടെ അവസാനംവരെ അയിത്തം ആചരിക്കുന്നവർ മര്യാദക്കാരും അയിത്ത വിരോധികൾ മര്യാദകെട്ടവരും ആണെന്ന് പൊതുവെ വിശ്വസിക്കപ്പെട്ടിരുന്നത്. അയിത്തം അവഹേളനം എന്നിവയൊക്കെ വഴങ്ങിക്കൊടുക്കുന്നവരായിരുന്നു താഴ്ന്ന ജാതിക്കാരിൽ ഭൂരിപക്ഷവും. താഴ്ന്ന ജാതിക്കാർ അവരിൽ താഴ്ന്ന ജാതിക്കാരോട് അയിത്തം പുലർത്തിയിരുന്നു. ഇത് സവർണ്ണരുടെ അയിത്തത്തെ ചോദ്യം ചെയ്യാൻ പ്രയാസമുണ്ടായിരുന്നു. കേരളത്തിൽ വളർന്ന നവോത്ഥാന പ്രസ്ഥാനത്തിന്റെ അലയൊലി ആത്മാഭിമാനമുള്ള ഒരു വിഭാഗത്തെ ചിന്തിപ്പിക്കാനും അതനുസരിച്ച് പ്രവർത്തിപ്പിക്കാനും പ്രേരകമായി. സവർണ്ണമേധാവികളുടെ വിദ്വേഷത്തിൽനിന്നും രക്ഷപ്പെടാൻ ക്രിസ്തുമതത്തിലേയ്ക്കും ഇസ്ലാമതത്തിലേക്കും ചിലർ മത പരിവർത്തനം ചെയ്യുകയുണ്ടായിട്ടുണ്ട്. പ്രസിദ്ധ നോവലിസ്റ്റ് ഓ.വി. വിജയന്റെ മുത്തശ്ശൻ വിളയഞ്ചാത്തന്നൂർ സി. കെ. ചാമി, ഇത്തരത്തിൽ തോമസ്സ് എന്നപേർ സ്വീകരിച്ച് ക്രിസ്ത്യാനിയായി. ഇലമന്ദത്തെ ഇ.കെ. കേശവൻ അബ്ദുൾറഹ്മാൻ ആയും മതപരിവർത്തനം നടത്തി ജാതിമേധാവിത്വത്തെ വെല്ലുവിളിച്ചിട്ടുണ്ട്.

1917 മുതൽ വിളയഞ്ചാത്തന്നൂരിലും പഞ്ചമസങ്കേതങ്ങളിലും സാമൂഹ്യപരിഷ്ക്കരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ സി.കെ. ചാമിയുടേയും അഞ്ചത്താണിചാത്തൻമാഷിന്റെയും നേതൃത്വത്തിൽ നടന്നു വന്നിരുന്നു. 1918 ഡിപ്രസ്സ് ക്ലാസ്സ് മിഷ്യൻ സെക്രട്ടറി മിസ്സ്റ്റർ ശൺമുഖമുതലിയാരുടെ പ്രഖവർത്തനം വൃത്തിഹീനമായ സ്ത്രീകളുടെ വളധരിക്കൽ മുതലായ ആചാരങ്ങൾ നിറുത്തൽ ചെയ്ത് ശുചിയായി നടക്കാൻ പരിശീലിപ്പിച്ചു.

ഹരിജനങ്ങളുടെ വിദ്യാഭ്യാസം ഉയർത്താനും ഹരിജനക്ഷേമത്തിനും മുൻനിരയിൽ പ്രവർത്തിച്ചത് ചാത്തൻ മാഷ് ആണ്. കളപ്പട്ടിയിലെ ലേബർസ്ക്കൂൾ അഥവാ പഞ്ചാമസ്ക്കൂൾ നടത്തിയിരുന്നത് ഇദ്ദേമാണ്. 1919 ൽ ആണ് പഞ്ചായത്തിലെ ആദ്യത്തെ സ്ക്കൂൾ വടക്കേത്തറയിൽ അരംഭിച്ചത്.

1934 ജനുവരി മാസത്തിൽ ഹരിജനോദ്ധാരണത്തിന്റെ ഭാഗമായി നടന്ന കേരളപര്യടനാവസരത്തിൽ വിളയഞ്ചായത്തന്നൂർ കളരിയിൽ ഗാന്ധിജി എത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ കറുപ്പൻ, വെള്ള എന്ന ഹരിജനങ്ങളെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കുകയുണ്ടായി.

ദേശീയപ്രസ്ഥാനത്തിന് നേതൃത്വപരമായ പങ്കുവഹിച്ചത് ആർ. രാഘവമേനോൻ ആണ് മദ്രാസ് സംസ്ഥാനത്തിൽ പ്രകാശം മന്ത്രിസഭയിൽ ഭക്ഷ്യമന്ത്രിയായിരുന്നു.

കേരളത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയ്ക്ക് ജന്മം നൽകിയത് തെങ്കുറുശ്ശിയിൽ ആണ്. കുളങ്കരക്കളത്തിൽ ടി.സി. സഹദേവൻ, കെ.സി. സുകുമാരൻ എന്നിവരാണ് തെങ്കുറുശ്ശിയിൽ സോഷ്യലിസ്റ്റ് സംസ്ക്കാരത്തിന് അടിത്തറപാകിയത്. 1946 ആദ്യത്തിൽ മാനാംകുളമ്പിൽ ജയപ്രകാശ് നാരായണൻ ഭാര്യ പ്രഭാവതിദേവി എന്നിവർ ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചിട്ടുണ്ട്. കർഷക തൊഴിലാളികൾക്കു നേരെ നടക്കുന്ന അക്രമങ്ങൾക്കും കള്ളക്കേസുകൾക്കും എതിരെയും കൂലിക്കൂടുതലിനും വേണ്ടി ശക്തമായ സമരങ്ങൾ ബന്ദുകൾ 1946-47 ൽ നടന്നിട്ടുണ്ട്. തൊഴിലാളി സമരത്തെ നേരിടാൻ പോലീസ് ആക്ട് 144 വരെ പ്രഖ്യാപിക്കപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

1940 കളിൽ വസൂരി രോഗം, വ്യാപകമായി 15 പേരുടെ മരണത്തിൽ കലാശിച്ച് ഗ്രാമം ഭീതിയുടെ ദിനങ്ങളിൽ കഴിഞ്ഞുകൂടിയ സന്ദർഭത്തിൽ ദുരിതാശ്വാസം എത്തിക്കുക. ഹോമിയോ മരുന്നുകൾ നൽകുക. ശുചീകരണ ആരോഗ്യപരിപാലനം ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങൾ വസൂരി ദുരിത നിവാരണ കമ്മറ്റി പ്രവർത്തനം നടത്തിയിരുന്നു. ഈ കമ്മറ്റിയുടെ പ്രസിഡണ്ട് തച്ചമൂച്ചിക്കൽ ഗോപാലകൃഷ്ണനും സെക്രട്ടറി കുന്നുകാട് സി. സുകുമാരനും ഖജാൻജി, ഉത്രക്കാടം കേശവനും ആയിരുന്നു.

ഭൂമിയിലെ സ്ഥിരാവകാശം ലഭിക്കുന്നതിനുവേണ്ടി നടന്ന കർഷക സമരത്തിൽ പങ്കെടുത്ത് 31 പേർ ജയിൽവാസം അനുഷ്ഠിച്ചിട്ടുണ്ട്. കർഷക തൊഴിലാളികളുടെ ജോലിസ്ഥിരതയും കൂലിവർദ്ധനവിനും ഒറ്റപ്പെട്ട ശക്തമായ സമരങ്ങളും മിച്ചഭൂമി സമരവുംസമരാദ്ധ്യത്തിലെ ഓരോപേജ് ആണ്.

എ.കെ. ഗോപാലൻ, പി. കുഞ്ഞിരാമൻ മാസ്റ്റർ, കെ. എൻ. രാമൻകുട്ടി,ആലത്തൂർ ആർ. കൃഷ്ണൻ, കേരളകൗമുദി, അസോസിയേറ്റ് എഡിറ്ററായിരുന്നു. വിജയരാഘവൻ, ബേബിജോൺ, ഡോ. കെ.ബി. മേനോൻ, മത്തായിമാഞ്ഞൂരാൻ, ആർ.എം. മനയ്ക്കലാത്ത്, എം.എസ്. മേനോൻ, ജസ്റ്റീസ് പി.ആർ. കുറുപ്പ് എന്നിവരെല്ലാം തെങ്കുറുശ്ശി കേന്ദ്രമായി രാഷ്ട്രീയപ്രവർത്തനം നടത്തിയവരാണ്.

കേരളത്തിലെ ഒരു പ്രധാന ക്ഷേത്രകലയായ കൃഷ്ണനാട്ടം കളി പ്രധാനമായും 3 സ്ഥലങ്ങളി ലായിരുന്നു അരങ്ങേറിയത്. കോഴിക്കോട് സാമൂതിരിയുടെ കോവിലകത്തും ഗുരുവായൂരിലും മഞ്ഞളൂ രിലുമാണ് അരങ്ങേറിയിരുന്നത്.

1989-ൽ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കേരളത്തിലെ ആദ്യത്തെ വിൻറ്ഫാം, കോട്ടമലയിൽ ആരംഭിച്ചു.

അവാർഡുകൾ പുരസ്കാരങ്ങൾ

1966-ൽ കേരളസർക്കാറിന്റെ നെല്ല് ഉല്പാദന മത്സരത്തിൽ ഒന്നാംസ്ഥാനം നേടി തൈനാൻ അവാർഡും 1967-ൽ അഖിലേന്ത്യാടിസ്ഥാനത്തിൽ 2-ാം സ്ഥാനവും കരസ്ഥമാക്കി തെങ്കുറുശ്ശിയ്ക്ക് അഭിമാനം നേടിത്തന്ന കർഷകനാണ് കുന്നുകാട്ടിൽ സി. സുകുമാരൻ.

പരമ്പരാഗത കരകൗശലനിർമ്മാണത്തിൽ തെങ്കുറുശ്ശിയിൽ തനത് പാരമ്പര്യം തന്നെയുണ്ട്. ഓട്ടുപാത്രനിർമ്മാണ രംഗത്തെ വൈദഗ്ദ്ധ്യം പരിഗണിച്ച് A അണ്ടൻ മൂശാരിക്ക് കരകൗശലവിദ്ഗ്ദനുള്ള ദേശീയ അവാർഡ് 1984 - ൽ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയിൽ നിന്നും ലഭിക്കുകയുണ്ടായി.

തെങ്കുറുശ്ശി പഞ്ചായത്തിൽ അറിയപ്പെടാനാഗ്രഹിക്കാത്ത പ്രശസ്തനായ ശില്പകലാവിദഗ്ദൻ ജീവിച്ചിരിപ്പുണ്ട്. മഞ്ഞളൂർമന്ദത്തെ കെ.പി. അച്ചുതപിഷാരടി. പൾപ്പ്, ഗോതമ്പ്മാവ്, തുടങ്ങിയവ കൊണ്ട് 1974 ൽ നിർമ്മിച്ച കൊല്ലങ്കോട് കാച്ചാംകുറുശ്ശി കേശവന്റെ രൂപം തൃശൂരിൽ നടന്ന അഖിലേന്ത്യാ പ്രദർശനത്തിൽ സമ്മാനം കിട്ടിയിരുന്നു. 1935 മുതൽ 1939 വരെ തുടർച്ചയായി തൃശൂരിൽ നടന്ന അഖിലേന്ത്യ സ്വദേശി എക്സിബിഷനിൽ ക്ലേ മോഡലിംഗിൽ സ്വർണ്ണമെഡലുകൾ കിട്ടിയിട്ടുണ്ട്. ചിത്രകലയിലും ഇദ്ദേഹത്തിന് നല്ല പ്രാവീണ്യം ഉണ്ട്. മഞ്ഞളൂർമന്ദത്തെ ശ്രീ അച്ചുതപിഷാരടിയുടെ വീട്ടിൽ കഥകളികളുടെയും ആനകളുടെയും ചാരുതയാർന്ന നിരവധി ശില്പങ്ങൾ പൊടിപിടിച്ച് കിടക്കുന്നു.

ഇന്ന് തൃശൂർ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരുന്ന കഥകളി ശില്പങ്ങളിൽ ഭൂരിഭാഗവും ഇദ്ദേഹത്തിന്റെ സൃഷ്ടിയാണ്. കേരളത്തിലെ ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന് തന്റെ തൂലികയിലൂടെ കരുത്തു പകർന്ന മഹാകവി വള്ളത്തോളിന്റെ ആത്മമിത്രമാണ് പിഷാരത്തു വീട്ടിലെ കെ.പി. അച്ചുത പിഷാരടി.


മഞ്ഞളൂരിലെ കണ്യാർകളി കേരളത്തിൽത്തന്നെ പ്രസിദ്ധമാണ്. വിഷുവിനുശേഷം പാലക്കാടൻ ഗ്രാമങ്ങളിൽ അരങ്ങേറുന്ന നാടൻകലയായ പൊറാട്ട് നാടക പാട്ട് ഇന്നും സജീവമായി പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും നിലനില്ക്കുന്നുണ്ട്.


ക്ഷേത്രകലകളായ പഞ്ചവാദ്യം, തായമ്പക, എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ട് നിരവധി കലാകാരന്മാർ തെങ്കുറുശ്ശി ഗ്രാമപഞ്ചായത്തിലുണ്ട്.

ഭൂവിനിയോഗം

നമ്പർ	സ്വഭാവം	ഹെക്ടർ	ശതമാനം	ശതമാനം
1	പുരയിടവും പരിസരവും	73.5694	2.46	2.5
2	മറ്റ് കാർഷികേതര ഉപയോഗം	354.9828	11.89	11.9
3	പാറയും കൃഷിക്കുപയോഗിക്കാറാത്ത സ്ഥലം	73.7519	2.46	2.5
4	മറ്റിനം കൃഷികൾ	40.0356	1.34	1.3
5	കൃഷിക്ക് ഉപയുക്തമായ തരിശ്	194.0416	6.50	6.5
6	മറ്റിനം തരിശ്	52.7747	1.77	1.7
7	താത്കാലിക തരിശ്	15.9446	0.5	0.5
8	കൃഷിത ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം		73%	75%
	നെല്ല്	1367 ഹെക്ടർ		
	രണ്ടാം വിള	1275 ഹെക്ടർ		

(അവലംബം : താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് – ആലത്തൂർ)





INDEX

P - Paddy Co. Cocent, Rub. Rubber, Gi - Ginger,
▪ - Waste land. ⊙ - Well
≈ - Canal, HP - Hand pump.
⌀ - Pond. (R) - Rocky.


വികസന
മേഖലകൾ

1.

കൃഷിയും ജലസേചനവും

തെങ്കുറുശ്ശിയിലെ കാർഷികനില ഒറ്റനോട്ടത്തിൽ

	ഇനം	വിസ്തീർണ്ണം ഹെക്ടർ	മൊത്തം കൃഷിചെയ്യുന്ന വിസ്തീർണ്ണം
1	തെങ്ങ്	250	11%
2	മരച്ചീനി	44	2%
3	കമുക്	2	0.09
4	കശുമാവ്	24	1.09
5	കുരുമുളക്	2	0.09
6	പ്ലാവ്	40	1.82
7	മാവ്	80	3.7
8	പന	74	3.4
9	പുളി	109	45
10	പപ്പായ	9	0.4
11	മുരിങ്ങ	11	0.5
12	പച്ചിലവളം	13	0.6
13	എണ്ണക്കുരുക്കൾ	16	0.7
14	പഴവർഗ്ഗങ്ങൾ	11	0.5
15	മറ്റ് വൃക്ഷങ്ങൾ	207	9.5
16	തേക്ക്	20	0.9
17	റബ്ബർ	5	
18	നെല്ല് ഒന്നാംവിള	1357	
19	നെല്ല് രണ്ടാംവിള	1275	
20	മഞ്ഞൾ	6	
21	പച്ചക്കറികൾ	6	
22	ഇഞ്ചി	33	
23	കിഴങ്ങ് വർഗ്ഗങ്ങൾ	4	
24	മധുരക്കിഴങ്ങ്	6	

(അവലംബം താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്)

കൃഷിയും ജലസേചനവും

തെങ്കുറുശ്ശി കാർഷികമേഖലയിൽ അതിഷ്ഠിതമായ ഒരു ഗ്രാമ പഞ്ചായത്ത് ആണ്. നെല്ലാണ് മുഖ്യകൃഷി. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 45% ഒന്നാംവിളയും 42% രണ്ടാംവിളയായും നെൽകൃഷി ചെയ്യുന്നുണ്ട്. 10% പ്രദേശത്ത് തെങ്ങ് കൃഷിയും ഉണ്ട്. വാഴ, ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ, ഉഴുന്ന്, തുവര എന്നിവയും ഇടവിളയായി വളരെക്കുറച്ച് മാത്രമാണ് കൃഷി ചെയ്തു വരുന്നത്.

1805-6 വരെ മലബാറിലെ ഭൂമി കൈവശാവകാശബന്ധങ്ങൾക്ക് അടുക്കും ചിട്ടയുമുണ്ടായിരുന്നില്ല. ജന്മികുടിയാൻ ബന്ധം ക്രമീകരിക്കാൻ അങ്ങിങ്ങായി ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. കർഷകൻ എന്ന വാക്കുകൊണ്ട് അർത്ഥമാക്കിയിരുന്നത് ഭൂവുടമ, കൃഷിക്കാരൻ, കൂലിവേലക്കാരൻ എന്നീ മൂന്നുപേരുടെ സ്വഭാവസമന്വയമാണ്. ഈ മൂവരും ചേർന്നാൽ കർഷകനായി. കൃഷിക്കാരെ. ജന്മിമാർ, കാണക്കാർ, കുടിയാൻമാർ എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരുന്നു. ജൻമിമേധാവിത്വത്തിന്റെതായ രാഷ്ട്രീയ സംസ്കാരത്തിന്റെ കാലഘട്ടമായിരുന്നു അക്കാലത്ത്.

തെങ്കുറുശ്ശിയിലെ കൃഷി ഭൂമി മനകളുടെയും കോവിലുകളുടേയും കീഴിലായിരുന്നു. മിച്ചവാരം, കാണപാട്ടം, വെറും പാട്ടം, ഈഴുവപാട്ടം, കരയവകാശം തുടങ്ങി വ്യത്യസ്ഥ പാട്ടവ്യവസ്ഥകളിൽ മേൽ കുടിയാൻമാരായ കൃഷിക്കാർക്ക് നടക്കാൻ കൊടുക്കുകയായിരുന്നു പതിവ്. പാട്ടവും വാരവും അളന്ന് പാട്ടബാക്കിയും, കണ്ണീരും കഷ്ടപ്പാടും, യാതനയും മാത്രമാണ് മിച്ചമായിരുന്നത്. ജൻമിഭൂമി പ്രഭുത്വത്തിന്റെ പിടിയിൽ നിന്ന് മോചനം നേടുവാൻ കുടിയാൻമാരായ കർഷകർ കൃഷിഭൂമി ഒഴിപ്പിക്കലിന് എതിരായി കേരളത്തിൽ ആഞ്ഞടിച്ച കർഷകസമരത്തിന്റെ പ്രതിധ്വനി തെങ്കുറുശ്ശിയിലും കാർഷികവ്യവസ്ഥയിൽ മാറ്റത്തിന് കാരണമായി.

പാലക്കാടിന്റെ മുഖച്ഛായ മാറ്റിയ വൻകിട ജലസേചന പദ്ധതിയായ മലമ്പുഴ നിലവിൽവരുന്നതിനുമുമ്പ് തെങ്കുറുശ്ശിയിൽ പ്രധാനമായും മഴയെ ആശ്രയിച്ചാണ് വിരിപ്പ് കൃഷി ചെയ്തിരുന്നത്. മുണ്ടകൻ വിള കുളങ്ങളേയും തുലാവർഷത്തേയും തോടുകളേയും ആശ്രയിച്ച് കൃഷിചെയ്തിരുന്നു. മുരങ്ങമല ഭാഗത്ത് നീരുറവ ഉപയോഗിച്ച് രണ്ടാംവിള ചെയ്തിരുന്നു.

കാലിവളവും പച്ചിലവളവുമാണ് പ്രധാനമായി വളപ്രയോഗത്തിന് ഉപയോഗിച്ചിരുന്നത്. കീടങ്ങളെ നിയന്ത്രിക്കാൻ വേപ്പിൻ പിണ്ണാക്ക്, ഒടുകിന്റെ ഇല, ചാരം, ചുണ്ണാമ്പ് എന്നിവയും ഉപയോഗിച്ചിരുന്നു. ഉഴവിനും വളത്തിനുമായി കാളകളേയും പോത്തുകളേയും ധാരാളമായി കൃഷിക്കാർ വളർത്തിയിരുന്നു. നുകം, കരി, ഊർച്ച ചവിട്ടുമരം വളക്കോൽ നിരത്തി, വരണ്ടി, നകിരി കുടങ്ങിയ ഉപകരണങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. തീരിയിൽ ഇരുപ്പപ്പൂചമ്പാൻ, ആനചമ്പാൻ, കഴമ ചോർണാരി, പൊന്നാരി എന്നിവ വിരിപ്പിനും, ചിറ്റേനി വൃശ്ചികപാണ്ടി, വെള്ളിത്താ, ചെറുമണിയൻ, ആനക്കൊമ്പൻ, നെല്ലൂരിചമ്പാൻ, ചെന്നിനായകം എന്നിവ മുണ്ടകത്തിനും ഉപയോഗിച്ചിരുന്ന നാടൻ വിത്തിനങ്ങളാണ്.

കുടുകളിൽ ചാമയും, കോറയും, ഉഴുന്നും, കൊള്ളും, മേട്ടുകൃഷിക്ക് മോഡനും വരമ്പുകളിൽ തുവരയും പച്ചപയറും പച്ചക്കറികളും കൃഷിചെയ്തു വന്നിരുന്നു. ജലസേചനത്തിനുള്ള കുളങ്ങൾ ചേറ് കോരിയും വരമ്പ് നേരാക്കിയും തോടുവക്കുകളിൽ കൈതവച്ച് പിടിപ്പിച്ചും സംരക്ഷിച്ച് കെടകെട്ടി ജലസേചനത്തിനായി ഉപയോഗിച്ചു പോന്നിരുന്നു. വെള്ളം കളാംപോടും കുത്തി പാഴായ് പോകാതിരിക്കാൻ കണ്ടങ്ങളുടെ വരമ്പ് പൊതിഞ്ഞ് സംരക്ഷിക്കുന്ന ഏർപ്പാടും ഉണ്ടായിരുന്നു. ഏത്തം പൂട്ടിയും, തേക്ക് കൊട്ട കൊണ്ട് കോരിനനച്ചും ആയിരുന്നു. അന്നത്തെ വിളവ് 5 മേനിക്കും 8 മേനിക്കും ആയിരുന്നു. ഏറിയ വിളവ് തന്നെയ്ക്ക് അതായത് 10 മേനിയായിരുന്നു.

നെല്ലിന്റെ വില		വണ്ടിക്ക്
1919	-	26 രൂപ
1945	-	96
49	-	112
56	-	170
70	-	350
76	-	1500
1996	-	3000

1947-ൽ 20 തിന് ഒന്ന് കൂടിയ പതമ്പം കുറഞ്ഞത് 16 നും 14 നും ആയിരുനു. ആണിന് 3 ഇടങ്ങഴിയും പെണ്ണിന് 2 1/2 ഇടങ്ങഴിയും ആയിരുന്നു ഒരു ദിവസത്തെ കൂലി. പത്തിന് പതമ്പിനും കൂലികൂടുതലിനും വേണ്ടി കർഷകതൊഴിലാളികൾ സമരങ്ങൾ നടത്തി തെങ്കുറുശ്ശി ബന്ദ് നടത്തി. ഈ സമരങ്ങളെ നേരിടാൻ പോലീസ് ആക്ട് 144 നരെ പ്രഖ്യാപിക്കുകയുണ്ടായി.

1950-ൽ മലബാർ കുടിയാൻ നിയമവും പാട്ടകുടിയാൻമാർക്ക് സംരക്ഷമവും നല്കിയതോടെ കൃഷിക്കാർക്ക് കൃഷിയോട് താല്പര്യം വർദ്ധിച്ചു.

മലമ്പുഴ അണക്കെട്ടിന്റെ നിർമ്മാണം കാർഷികമേഖലയുടെ മുഖച്ഛായ തന്നെ മാറ്റി. ഒന്നാംവിള മാത്രം ചെയ്തിരുന്ന പൊറ്റകളും, പറമ്പുകളും, കാടുകളും നെൽകൃഷി കണ്ടങ്ങളായി മാറിയതും, നല്ല വിത്തുകൾ ഉപയോഗിച്ചുള്ള ശാസ്ത്രീയമായ കൃഷി സമ്പ്രദായം സ്വീകരിച്ചതും 1971 -ലെ ഭൂപരിഷ്കരണനിയമം, നിലവിൽ വന്ന് കൃഷി ഭൂമിയിൽ പണിയെടുക്കുന്ന കൃഷിക്കാരന് ഭൂമിയിൽ അവകാശം ലഭിച്ചതും തെങ്കുറുശ്ശിയുടെ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ സാംസ്ക്കാരിക രംഗങ്ങളിൽ പടിപടിയായ മാറ്റങ്ങൾക്ക് കാരണമായി.

കാർഷിക മേഖലയിലെ യന്ത്രവൽക്കരണം കേവലം ട്രാക്ടറിൽ ഒതുങ്ങിയിരിക്കുന്നു. കാലികളെ കൊണ്ട് ഉഴവാക്കുകയും പൂട്ടുകയും ചെയ്യുന്നത് അപൂർവ്വമായി തീർന്നിരിക്കുന്നു. കൃഷിഭവൻ മുഖാന്തിരം 6 മെതിയന്ത്രം നൽകിയെങ്കിലുംയന്ത്രമുപയോഗിച്ചുള്ള മെതി പരീക്ഷണത്തിനപ്പുറം എവിടെയും എത്തിയില്ല. തെങ്കുറുശ്ശി പ്രദേശത്ത് ഏറ്റവും കൂടുതൽ (1500 ഓളം) ഒരു ഹെക്ടറിൽ താഴെ ഭൂമി കൈവശമുള്ള കർഷകരാണ്. 1 മുതൽ 2 വരെ ഹെക്ടർ കൈവശമുള്ള ചെറുകിട കർഷകർ 400 പേരും 2 ഹെക്ടറിന് മുകളിലുള്ള വൻകിട കർഷകർ 61 പേരുമാണ് ഉള്ളത്.

തെങ്ങ് കൃഷി

പണ്ടുകാലത്ത് തെങ്ങ് തെങ്കുറുശ്ശിയിൽ ദുർലഭമായിരുന്നു വറ്റാത്ത ഏതാനും കുളത്തിന്റെ കരയിൽ മാത്രമാണ്നാമമാത്രമായി തെങ്ങുകൃഷി ഉണ്ടായിരുന്നത്. ഏത്തം പൂട്ടി നനയ്ക്കാൻ സാദ്ധ്യമായിടത്തു മാത്രമാണ് തെങ്ങുകൃഷി ചെയ്തിരുന്നുള്ളു. പമ്പ് സെറ്റ് ഉപയോഗിച്ചുള്ള ജലസേചനത്തിന്റെ ആവിർഭാവം പറമ്പുകളെ തെങ്ങിൻ തോപ്പുകളാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. തെങ്ങ് കൃഷി മുഖ്യമായി സ്വീകരിച്ചവർ വളരെ കുറവാണ്. ഒരു തെങ്ങിൽനിന്ന് 40 തേങ്ങയാണ് ശരാശരി ഉല്പാദനം ലഭിക്കുന്നത്. ജലസേചനമുള്ള കായ്ക്കുന്ന തെങ്ങുകൾ 46.49 ഹെക്ടറും ജലസേചനമില്ലാതെ കായ്ക്കുന്നവ 98.41 ഹെക്ടറും. ജലസേനമുള്ള തെങ്ങിൻ തൈകൾ.11.60 ഹെക്ടറിലും ജലസേചനമില്ലാത്ത തെങ്ങിൻ തൈകൾ 95096 ഹെക്ടർ ഥലത്തും കൃഷി ചെയ്യുന്നുണ്ട് എന്ന് എക്കണോമിക്സ് സ്റ്റാറ്റിസ്റ്റിക്സം ഡിപ്പാർട്ട്മെൻറ് കണക്കുകളിൽ കാണുന്നു.

ഇഞ്ചി

ഇഞ്ചി കൃഷി ആദായകരമാണ് എന്നറിയുന്നതോടുകൂടി ഈ രംഗത്തേക്ക് കുറച്ച് കർഷകർ എത്തിയിട്ടുണ്ട്. ഏകദേശം 33 ഹെക്ടർ സ്ഥലത്ത് ഇഞ്ചി കൃഷിയുണ്ട്. വൻമുതൽ മുടക്കം ആവശ്യമായ കൃഷിയായതിനാൽ സഹകരണബാങ്ക് മറ്റ് ബാങ്കുകൾ സമ്പത്തിക സഹായം നൽകിയാൽ ഈ രംഗത്തെ വികസനത്തിന് സാദ്ധ്യത കാണുന്നു.

വാഴകൃഷി

ഏത്തവാഴകൃഷി ഇപ്പോൾ നെൽകൃഷി ചെയ്യുന്ന കണ്ടങ്ങളിൽ വ്യാപകമായി ചെയ്തു വരുന്നു. ഏത്ത വാഴയും മറ്റ് വാഴയും 0.5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. ഈ കൃഷിക്ക് മഞ്ഞളൂർ സഹകരണ ബാങ്കം 10000 രൂപ വരെ 1 ഏക്കറിന് ദീർഘകാല വായ്പയായി നൽകുന്നുണ്ട്.

പച്ചക്കറി

കച്ചവടം മാത്രം ലക്ഷ്യമാക്കി പച്ചക്കറി കൃഷി നടത്തുന്ന കർഷകർ തീരെയില്ല എന്നുതന്നെ പറയാം. ശാസ്ത്രീയ പച്ചക്കറി കൃഷിയിൽ പരിശീലനം നല്കി മാതൃകാ അടുക്കളത്തോട്ടങ്ങൾ വളർത്തി കൊണ്ടുവരാവുന്നതും അങ്ങിനെ ഇതിൽ സ്വയം പര്യാപ്തത നേടാൻ തെങ്കുറുശ്ശി പഞ്ചായത്തിന് കഴിയും എന്നാണ് കരുതുന്നത്.

പുളി

നമ്മുടെ പറമ്പുകളിൽ സമൃദ്ധിയായി വളരുന്ന ഒരു വൃക്ഷമാണ് പുളി. 3.5% സ്ഥലത്തായി വളരുന്നുണ്ട്. പുളി വ്യാപകമായി പറിച്ച് അന്യദേശങ്ങളിലേക്കം കയറ്റി അയക്കപ്പെടുന്നുണ്ടയോതൊരു പരിചരണവും വളപ്രയോഗവും കൂടാതെ ധാരാളം പുളി ലഭിക്കുന്നുണ്ട്. പക്ഷെ അതിന്റെ നേട്ടം യഥാർത്ഥ ഉല്പാദകന് ലഭിക്കുന്നില്ല.

മാവ്, പ്ലാവ്, കശുമാവ് എന്നിവ തോട്ടം എന്ന രീതിയിൽ കൃഷി ചെയ്യുന്ന സ്ഥലങ്ങൾ കുറവാണ്. 5% പ്രദേശത്ത് ഈ കൃഷികൾ ഉണ്ട്. തരിശു ഭൂമികളിലും പൊതു സ്ഥലങ്ങളിലും ഇവ വെച്ച് പിടിപ്പിക്കാവുന്നതാണ്.

വ്യാവസായികാടിസ്ഥാനത്തിൽ വനശ്രീ എന്ന പേരിൽ ഒരു നേഴ്സറി പ്രവർത്തിച്ചു വരുന്നു.

പ്രശ്നങ്ങൾ

- അമിത രാസവള പ്രയോഗം മണ്ണിന്റെ ജൈവാംശം നഷ്ടപ്പെടുത്തി.
- ട്രാക്റ്ററിന്റെ പ്രചാരണത്തോടെ കാലിവളം ആവശ്യത്തിന് പോലും ലഭിക്കാതെ ആയി.
- കൈവശഭൂമിയുടെ പരിധി നിയന്ത്രണം വന്നതും കൃഷിക്കാർ മക്കൾക്ക് ഭാഗം വെയ്ക്കലുംമൂലം കൃഷി ഭൂമി കഷ്ണങ്ങളായി വിഭജിക്കപ്പെട്ടതുമൂലം ശാസ്ത്രീയ കൃഷി രീതി പ്രായോഗികമാക്കാൻ കഴിയാതെവന്നു.
- രാസവളത്തിന്റെ വില വർദ്ധനവും ട്രാക്റ്റർ വാടക വർദ്ധനവും ഉല്പാദനക്ഷമത കുറയാൻ ഇടയാക്കി.

  ഉല്പന്നത്തിന് കാലോചിതമായ വിലവർദ്ധനവും ലഭിക്കുന്നില്ല.
- കർഷക തൊഴിലാളിക്ക് ലഭിക്കുന്ന കൂലി മറ്റ് തൊഴിലാളികൾക്ക് ലഭിക്കുന്നതിനേക്കാൾ കുറവായത് തൊഴിലാളികളെ മറ്റു മേഖലകളിലേക്ക് തിരിയുവാൻ പ്രേരിപ്പിച്ചു. ഇത് കാർഷിക മേഖലയിൽ തൊഴിലാളികളുടെ അപര്യാപ്തതക്ക് കാരണമായി.

- ചിറ്റൂർ പുഴപദ്ധതിയിൽ നിന്ന് വെള്ളം യഥാസമയം ലഭിക്കാത്തതുമൂലം 2-ാം വിള പലസ്ഥലത്തും ഇറക്കാൻ കഴിയുന്നില്ല. ഇറക്കിയവ ഉണങ്ങിയും പോവാറുണ്ട്.
- നാമമാത്രകർഷകർക്ക് ജനിക്കുമ്പോഴും കടം മരിക്കുമ്പോഴും കടം എന്ന സ്ഥിതിയിലാണ്. മറ്റ് ഉപജീവനമാർഗ്ഗം ഇല്ലാത്തത് സ്ഥിതി വീണ്ടും ദയനീയമാകുന്നു. ഭൂരിഭാഗം കർഷകരുടെയും വരുമാനം വളരെ തുച്ഛമാണ്. കൃഷിവരുമാനമാർഗ്ഗം ആണ് എങ്കിൽ തന്നെ കർഷകരിൽ പലർക്കും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് താല്പര്യം ഇല്ല. ഉദ്യോഗമോ മറ്റ് വരുമാനമോ ഉള്ള കർഷകരും താല്പര്യം കാണിക്കുന്നില്ല.
- നെൽകൃഷി നടത്തുന്ന സ്ഥലങ്ങളിൽ കൂറവ് വന്നതോടൊപ്പം കർഷകതൊഴിലാളികളും കുറഞ്ഞിരിക്കുകയാണ്. വിദ്യാഭ്യാസം സാർവത്രികമായതോടുകൂടി കർഷക തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങൾ കാർഷികവൃത്തിയിൽ നിന്ന് പിൻവാങ്ങി കെട്ടിടനിർമ്മാണം തുടങ്ങിയ മറ്റ് തൊഴിൽ മേഖലയിൽ ചെന്നെത്തിയിരിക്കുന്നു.
- കൃഷിക്കാരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതും വിപണനം നടത്തുന്നതുമായ രംഗത്ത് അളവ് തൂക്കത്തിലെ ചൂഷണവും ഇടത്തട്ടുകാരുടെ തട്ടലും കൂടി കർഷകർ വലയുന്നു.

നിർദ്ദേശങ്ങൾ

- വളച്ചെടിയായ ഡയിഞ്ച് സബ്സിഡി നിരക്കിൽ വിതരണം നടത്തുകയും പൂട്ടുകൂലി, വളം എന്നിവയ്ക്ക് സബ്സിഡി നൽകണം.
- തെങ്ങപിണ്ണാക്ക് വേപ്പിൻ പിണ്ണാക്ക് തുടങ്ങിയ ജൈവവളങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളിലൂടെ സബ്സിഡി നിരക്കിൽ വിതരണം നടത്തുക.
- ഓരോനീർമറി പ്രദേശങ്ങളേയും കണ്ടെത്തി നീർമറിവികസന പദ്ധതിയിൽ ഉൾപ്പെടുത്തുക.

  പഞ്ചായത്തിലെ മിക്കവാറും കുളങ്ങളും ചെളിനിറഞ്ഞ് നിൽക്കുകയാണ്. ഇത് മാറ്റി ശുദ്ധമാക്കിയാൽ കൂടുതൽ വെള്ളം സംഭരിക്കാൻ കഴിയും.
- കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം വിത്ത് വളം കീടനാശിനി നടീൽ വസ്തുക്കൾ എന്നിവ സമയാസമയങ്ങളിൽ ലഭ്യമാക്കണം.
- വേനൽക്കാലപച്ചക്കറി സഹകരണാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുക.
- പാടശേഖരകമ്മറ്റികളെ സജീവമാക്കി ഗുണമേന്മയുള്ള വിത്ത് ഉല്പാദിപ്പിക്കുക.

  നേഴ്സറി ആരംഭിക്കുക.
- ശാസ്ത്രീയ കൃഷി സമ്പ്രദായത്തെക്കുറിച്ച് ചർച്ചയും സംവാദവും സംഘടിപ്പിക്കുക.
- വിള ഇൻഷൂറൻസ് എല്ലാ വിളക്കും ഏർപ്പെടുത്തുകയും വിളനാശം തിട്ടപ്പെടുത്താൻ പഞ്ചായത്ത് തലത്തിൽ ഒരു കമ്മറ്റിയുടെ പ്രവർത്തനം ഏർപ്പെടുത്തുകയും വേണം.
- കൃഷിയാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റിന്റെ അളവ് വർദ്ധിപ്പിക്കുക.
- ട്രാക്ടർ പൂട്ടുന്നതിന് കൃഷിക്കാർക്ക് ഏക്കറിന് 25 ലിറ്റർ എന്ന കണക്കിന് സബ്സിഡി നിരക്കിൽ 25 ലിറ്റർ വീതം ഡീസൽ ലഭ്യമാക്കണം.
- സഹകരണ മേഖലയിലൂടെ താങ്ങുവിലക്ക് നെല്ല് സംഭരണം നടത്തി ഇതിൽ നിന്നുള്ള ലാഭവിഹിതം കൃഷിക്കാർക്ക് ബോണസ്സായി നൽകുകയും ചെയ്യുക.
- ബ്ലോക്ക് പഞ്ചായത്തടിസ്ഥാനത്തിലെങ്കിലും ആധുനിക ഡ്രയർ മില്ലുകൾ ആരംഭിക്കുക. പൾപ്പ് ഫാക്ടറികൾ ആരംഭിക്കുക.

- കൊയ്ത്ത് സമയങ്ങളിൽ അയൽ സംസ്ഥാനത്തുനിന്നുള്ള അരിവരവിൽ നിയന്ത്രണം ഏർപ്പെടുത്തിനെല്ല് വില താഴാതിരിയ്ക്കാൻ നടപടികളെടുക്കുക.
- കനാലിന്റെയും തോടിന്റെയും കരയിൽ കൈതയും ശീമക്കൊന്ന തുടങ്ങിയ പച്ചിലവളച്ചെടികൾ വെച്ച് പിടിപ്പിക്കുകയും ചെയ്യുക.
- കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് ഭേദപ്പെട്ട തുക അവാർഡ് നൽകി ഉയർന്ന നിലയിൽ പൊതു സമ്മേളനത്തിൽ വെച്ച് ആദരിക്കുക.
- ഓരോവിദ്യാലയങ്ങളിലും പച്ചക്കറി തോട്ടങ്ങൾ വളർത്താൻ പ്രോത്സാഹിപ്പിക്കുകയും ഏറ്റവും നല്ലതോട്ടത്തിന് 1000, 500, 250 രൂപ ക്യാഷ് അവാർഡ് നൽകുകയും വേണം.

  ശാസ്ത്രീയമായ ജല മാനേജ്മെൻറ് നടത്തുന്ന പാടശേഖരസമിതികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകണം.
- സന്നദ്ധസംഘടനകൾ, വായനശാലകൾ സ്പോർട്ട്സ് ക്ലബ്ബുകൾ എന്നിവക്ക് പച്ചക്കറി തോട്ടങ്ങൾ പാട്ടവ്യവസ്ഥയിൽ എടുക്കാൻ സഹായിക്കുകയും ഏറ്റവും നല്ല തോട്ടത്തിന് പ്രോത്സാഹന സമ്മാനം നൽകേണ്ടതുണ്ട്.
- ശാസ്ത്രീയമായി മണ്ണുപരിശോധനയും ശരിയായ വളപ്രയോഗവും പ്രോത്സാഹിപ്പിക്കുക.

  എല്ലാത്തരം കൃഷികൾക്കും സൗജന്യ വൈദ്യുതി ലഭ്യമാക്കുക.
- കുളങ്ങൾ നോക്കി ബണ്ട് കെട്ടി ആഴം കൂട്ടി സംരക്ഷിക്കണം.
- കാർഷികമേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് ചെറുപ്പക്കാരെ കാർഷിക [illegible]യിലേക്ക് ആകർഷിക്കാൻ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക. ക്ഷേമനിധി പെൻഷൻ തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക. കാർഷികവൃത്തിയോട് മാന്യത പുലർത്തുന്ന ഒരു തൊഴിൽ സംസ്ക്കാരം വളർത്താൻ ഉല്പന്നങ്ങളുടെ വിലയും കൂലിയും ജീവിത നിലവാരത്തോടൊപ്പം ഉയർത്തണം.
- ജലസേചനം കൃത്യമായും ആവശ്യത്തിനും ലഭിക്കുന്നത് ഉറപ്പാക്കുക. തോടുകൾ കൈചാലുകൾ എന്നിവ ലഭ്യമാക്കുക.
- ഡ്രിപ്പ് ഇറിഗേഷൻ പരിപാടികൾ പ്രോത്സാഹിപ്പിക്കുക.

നിർദ്ദേശങ്ങൾ

1. ചാട്ടക്കല്ല് ചെക്ക് ഡാം കാര്യക്ഷമമാക്കുക.
2. പനയഞ്ചിറ-വിളയന്നൂർ തോട്ടിൽ ചെക്ക് ഡാം 9-ാം വാർഡിലെ കോട്ടമലയിൽ മണ്ണാലിപ്പ് തടയാനുള്ള സംവിധാനം ചെയ്യുക.
3. ആനക്കൂറ്റിപ്പാറ ഇടപ്പറമ്പ് കാഡാ ചാലുകൾ അറ്റകുറ്റപണി നടത്തുക.
4. വെമ്പലൂർ തോട്ടിൽ 8-ാംവാർഡിൽ ചെക്ക് ഡാം കെട്ടി ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.
5. ചിമ്പചാല, മഞ്ഞളൂർ കനാലിൽ ചീർപ്പുകൾ വെച്ച് വെമ്പലൂരിലേക്കുള്ള വെള്ളം കാര്യക്ഷമമാക്കുക.
6. തെക്കുംപുറം, എരട്ടോട് ഭാഗത്ത് പച്ചക്കറികൃഷിക്കും ജലസേചനം ഏർപ്പെടുത്തുക.
7. ചിറ്റൂർപുഴ അറാംപാടം ബ്രാഞ്ച് കനാൽ കാര്യക്ഷമമാക്കി രണ്ടാം വിളക്കുള്ള ജലസേചനം ഉറപ്പാക്കുക.
8.

മുരങ്ങമല കണക്കു വീട്ടിൽ കുളം, തെക്കിൻകാട്പൊട്ട കോതോട് പൊട്ടക്കുളം പൂളയ്ക്കൽ ചിറ മുരങ്ങമല കുറക്കാംകുളം, ചെന്നാത്ത് കുഴി, കിഴക്കേപാടം പാടത്തെകുഴി, ഊർക്കുളം ഏറാട്ട് കുളം ചേലക്കോട് കുളം മവരക്കോട് കുളം മുരങ്ങമല തെക്കെക്കെളം ചിറ-കണ്ണത്ത് കുളം എന്നിവ നേരാക്കണം.

9. മഞ്ഞളൂർ മാനാഞ്ചിറ കുളം സൈഡ് കെട്ടി ജലസേചന യോഗ്യമാക്കുക.

10. IIIാം വാർഡിലെ കുന്നാണിയിലെ ചെക്കം ഡാം പെട്ടെന്ന് പണിതീർക്കുക. തോടിന് കുറുകെ ക്രോസ് ബാറുകൾ സ്ഥാപിക്കണം. വയ്കോൽ സംസ്ക്കരണഫാക്ടറി കുന്നാണിയിൽ നിന്ന് കിണാശ്ശേരി യിലേക്ക് നിലവിലുള്ള എം. എൽ.എ. റോഡിനെ ബന്ധിപ്പിച്ചു കൊണ്ട് കൃഷിചിലവ് കുറയ്ക്കാൻ കഴിയുന്ന ഫാം റോഡ് നിർമ്മിക്കണം.

11. വളൂർപാടം, ചെറുകോട്ടുപാടം എന്നീ ചിറ്റൂർപുഴ പദ്ധതിയിൽപ്പെട്ടവ അറ്റകുറ്റപണി നടത്തി കാര്യക്ഷമമാക്കുക.

12. ഭൂമി നഷ്ടപ്പെട്ട അവശകർഷകർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുക. കർഷക പ്രദർശനങ്ങൾ നടത്തുക.

13. ചിറ്റൂർ പുഴ പദ്ധതിയിൽ വരുന്ന എല്ലാ കനാലുകളും കാര്യക്ഷമമാക്കുക.

14. മൂളിതോട് ബണ്ട് കെട്ടി കൃഷിനാശം ഒഴിവാക്കുക.


15. മാങ്കോട് ചിറ ജലസേചനത്തിനും മീൻവളർത്താനും യോഗ്യമാക്കുക.

16. പാട്ടാളിക്കളം മീച്ചിറക്കോട് ഭാഗത്ത് ചെക്ക് ഡാം നിർമ്മിക്കുക. കൃഷി സ്ഥലങ്ങളിൽ കോൺക്രീറ്റ് ഫാം ചാൽ നിർമ്മിക്കുക.

17. കന്നിയോട് ഭാഗത്തം ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

18. വിളയന്നൂർ വെമ്പല്ലൂർ ഭാഗത്തെ റോഡിലെ ഈരം കോട് പാലത്തിലെ ഓവുമാറ്റി കൾവർട്ട് സ്ഥാപിക്കുക.

19. 4-ാം വാർഡിൽ കരിപ്പാൻകുളങ്ങര കാഡ കനാൽ കുന്നുകാട് കൃഷിസ്ഥലംവരെ പൂർത്തീകരിക്കുക.



5.2
മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

മൃഗസംരക്ഷണം പരിപോഷിപ്പിക്കേണ്ടത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അവശ്യഘടകമാണ്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പേരും കാർഷിക വൃത്തിയിലേർപ്പെട്ടവരാണ്. പഞ്ചായത്തിന്റെ മൊത്തത്തിൽലുള്ള സ്ഥിതി വിശകലനം ചെയ്യുമ്പോൾ ക്ഷീരോത്പാദനരംഗത്ത് നിരവധി ആളുകൾ ഉണ്ട് എന്ന് കാണാം. പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കേണ്ടതുണ്ട്.

പാൽ ഏതാണ്ട് 250 ൽ അധികം പോഷക ഘടകങ്ങൾ അടങ്ങിയിട്ടുള്ള ഒരു സമീകൃതാഹാരമാണ്. ഇതിൽ ശരീര കലകളുടെ നിർമ്മാണത്തിനും വളർച്ചയ്ക്കും ആവശ്യമായ മാംസ്യം ഊർജ്ജദായകങ്ങളായ കൊഴുപ്പ് അന്നജം ലവണങ്ങൾ ഇവയും വിറ്റാമിനുകളും അടങ്ങിയിരിക്കുന്നു. പാലിൽ അടങ്ങയിട്ടുള്ള ചില കൊഴുപ്പു ഘടകങ്ങൾ കാൻസർ എന്ന മാരക രോഗത്തിനെതിരെ പ്രവർത്തിക്കുന്നതായി പഠനങ്ങൾ തെളിയിച്ചുട്ടുണ്ട്. തൈരിൽ നിന്നും മലേറിയ രോഗത്തിനെതിരായ വാക്സിൻ ഉല്പാദിപ്പിക്കുന്നു.

ഇതിൽ നിന്നും പാൽ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതിനെ പ്രാധാന്യം മനസ്സിലാക്കാം. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മൃഗസംരക്ഷണ സങ്കേതങ്ങൾ ഇല്ല എന്നു തന്നെ പറയാം. ചില കുടുംബങ്ങളിൽ പശുക്കൾ ആട് എന്നീ ഉരുക്കൾ വളർത്തുകയും പാൽ വില്പന നടത്തുകയും ചെയ്യുന്നു. അതോടൊപ്പം സ്വകാര്യ അടിസ്ഥാനത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ വിവിധ മൃഗസംരക്ഷണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കൂടുതൽ സാദ്ധ്യതകൾ പഞ്ചായത്തിൽ നിലനിൽക്കുന്നു.

സാദ്ധ്യതകൾ

പഞ്ചായത്തിൽ വിവിധ മൃഗസംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനെ സംബന്ധിച്ച ചർച്ചകൾ നടന്നു. അവ താഴെ കൊടുത്തിരിക്കുന്നു.

1. കന്നുകാലി സംരക്ഷണ കേന്ദ്രം
2. കോഴി വളർത്തൽ കേന്ദ്രങ്ങൾ
3. പന്നിവളർത്തൽ കേന്ദ്രങ്ങൾ
4. മുയൽ വളർത്തൽ കേന്ദ്രങ്ങൾ

പാലിന്റെ ഉപഭോഗം കൂടുതലാണ്. അതനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സംവിധാനം ആരംഭിക്കണം ഇതുവഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും കൂടുതൽ വരുമാന മാർഗ്ഗം ഉണ്ടാക്കുന്നതിനും സാധിക്കും. പഞ്ചായത്തിൽ

കോഴിമുട്ട കൂടുതലായി ഉപയോഗിക്കപ്പെടുന്നു. എന്നാൽ അതിനനുസരിച്ച് ഉല്പാദനം നടക്കുന്നില്ല. ഏതാണ്ട് 25 ലക്ഷത്തിൽപ്പരം മൂപയുടെ കോഴിമുട്ട ശരാശരി ഒരു വർഷം വില്ക്കപ്പെടുന്നു എന്ന് മനസ്സിലാക്കാം. ഇതിൽനിന്നും നമ്മുടെ പഞ്ചായത്തിൽ നിന്നും വലിയൊരു അളവ് സമ്പത്ത് ചോർന്നു പോകുന്നതായി കണക്കാക്കാം.ഇതിനു പുറമേ ഇറച്ചിക്കോഴികളും ഉപയോഗിക്കപ്പെടുന്നുണ്ട്.

കോഴി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാൻ താല്പര്യമുള്ളവരെ കണ്ടെത്തുകയും അവർക്ക് വേണ്ട പ്രോത്സാഹനം തൊടുക്കുകയും ചെയ്യേണ്ടതുണ്ട്.

ഇതോടൊപ്പം തന്നെ പന്നിവളർത്തൽ കേന്ദ്രങ്ങൾ മുയൽ വളർത്തൽ എന്നിവയും പ്രോത്സാഹിപ്പിക്കേണ്ടതിന് ആവശ്യമായ സാഹചര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം ആവശ്യമാണ്.

ഗ്രാമസഭകളിൽ നിന്നും വന്ന മറ്റു നിർദ്ദേശങ്ങൾ

1. പശു വളർത്തൽ കോഴിവളർത്തൽ മുയൽ വളർത്തൽ എന്നീ കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ അഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിക്കണം.
2. നിലവിലുള്ള വെറ്റിനറി ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഒരു സ്ഥിരംമൃഗഡോക്ടറെ നിയമിക്കുകയും ചെയ്യേണ്ടതുണ്ട്.
3. കന്നുകാലികൾ സാധാരണയായി കണ്ടുവരുന്ന കൂളമ്പ് രോഗം അകിടു വീക്കം എന്നിവ ചികിത്സിച്ച ഭേദമാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ ഒരു വെറ്റിനറി മൊബൈൽ യൂണിറ്റ് ആവശ്യമാണ്.
4. പ്രത്യുല്പാദന ശേഷിയുള്ള ഉയർന്ന ജനുസ്സുകളിൽപ്പെട്ട ബീജ സങ്കലന കേന്ദ്രങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടങ്ങണം.
5. പഞ്ചായത്തിന്റെ അധീനതയിൽ ഗുണനിലവാരമുള്ള മാംസം വില്ക്കുന്നതിന് അറവുശാലകൾ ആവശ്യമാണ്.
6. ക്ഷീര സഹകരണ സംഘങ്ങളിൽ ഇന്ന് നിലവിലുള്ള കാലി മരണ നിധി വിപുലീകരിക്കുക.
7. പഞ്ചായത്തിൽ വർഷത്തിൽ ഒരിക്കൽ ഒരു കന്നുകാലി പ്രദർശനം നടത്തണം.
8. കന്നുകാലിക്കാവശ്യമായ തീറ്റപ്പുൽ ആവശ്യമായ തോതിൽ ലഭ്യമാക്കുന്നതിന് തരിശു ഭൂമികൾ കണ്ടെത്തുകയും തീറ്റപ്പുൽ കൃഷി വ്യാപകമാക്കുകയും ചെയ്യണം.
9. അടുക്കളക്കോഴികൃഷി വ്യാപകമായ രീതിയിൽ നടപ്പിലാക്കുന്നതിന് വേണ്ട പ്രോത്സാഹനം ആവശ്യമാണ്.
10. ശാസ്ത്രീയമായ രീതിയിൽ കറവ പരിശീലനം ക്ഷീരോത്പാദകർക്ക് ക്ഷീരസംഘങ്ങൾ വഴി നൽകണം.
11. കാലി ഉടമസ്ഥർ ഇന്ന് നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് കാലിത്തീറ്റകളുടെ അമിത വില. ഇത് പരിഹരിക്കുന്നുതിന് ബ്ളോക്ക് അടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കണം.
12. ഇറച്ചിക്കോഴി വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനം വേണം.
13. മാതൃകാ കർഷകരെ തിരഞ്ഞെടുത്ത് ആദരിക്കുക.
14. കന്നുകാലികളിലെ ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന് വേണ്ട സംവിധാനങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കണം.

മത്സ്യബന്ധനം

മത്സ്യം മാംസ്യ ആഹാരങ്ങളിൽ ഒരു പ്രധാന ഘടകമാണ്. ഇതിന്റെ ഉപഭോഗം ഈ കാലഘട്ടത്തിൽ കൂടുതലാണ്. പല പ്രദേശങ്ങളിലും മത്സ്യ സമ്പത്ത് ഒരു പ്രധാന വരുമാന മാർഗ്ഗമാണെങ്കിലും തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്തിൽ ഈ രംഗത്ത് കൂടുതൽ നേട്ടം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിലെയും ജനങ്ങൾ വളരെ കൂടുതലായി മത്സ്യാഹാരം ഉപയോഗിക്കുന്നതിനാൽ ഇതിന്റെ ഉപഭോഗം ഉണ്ടെങ്കിലും അതിനനുസൃതമായി ഉല്പാദന രംഗം കാര്യമായി മുന്നേറാൻ കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിന് ആവശ്യമായ മത്സ്യം മുഴുവനായും മറ്റു പ്രദേശങ്ങളിൽ നിന്നും കൊണ്ടു വന്ന് വിറ്റഴിക്കപ്പെടുന്നു. ശരാശരി പഞ്ചായത്തിൽ ഒരു വർഷം 10 ലക്ഷത്തിൽപരം രൂപയുടെ മത്സ്യം വിറ്റഴിക്കപ്പെടുന്നു. ഇതുമായി തട്ടിച്ചു നോക്കുമ്പോൾ മത്സ്യബന്ധനത്തിനുള്ള സാദ്ധ്യതകൾ വളരെ വലുതാണെന്നു കാണാം. നിലവിൽ മത്സ്യബന്ധനം വ്യാവസായികാടിസ്ഥാനത്തിൽ ഇല്ലെങ്കിലും ഒറ്റപ്പെട്ട ചില സ്വകാര്യ വ്യക്തികൾ മാത്രമാണ് ഈ പ്രവർത്തനത്തിലേർപ്പെട്ടിട്ടുള്ളത്. ഇത് വ്യാപകമാക്കേണ്ടിയിരിക്കുന്നു.

സാദ്ധ്യതകൾ

പഞ്ചായത്തിൽ വിപുലമായ രീതിയിൽ മത്സ്യബന്ധനരംഗത്ത് നേട്ടങ്ങളുണ്ടാക്കുവാനുള്ള സാദ്ധ്യതയുണ്ട്. ഇതു സംബന്ധിച്ച് ഗ്രാമ സഭകളിൽ വളരെ സജീവമായി ചർച്ചകൾ ഉണ്ടായി. ഇതിനാവശ്യമായ ജലസംഭരണികൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. താഴെ പറയുന്ന വിധത്തിൽ സാദ്ധ്യതകളെ ക്രോഡീകരിക്കാം.

1. പഞ്ചായത്തിൽ കുളങ്ങളും ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. ഇവ മത്സ്യകൃഷി നടത്തുന്നതിന് ഉപയുക്തമാക്കി കൂടുതൽ വ്യാപകമാക്കണം.
2. പല കുളങ്ങളും സ്വകാര്യ വ്യക്തികളുടെയാണ്. ആയതുകൊണ്ട് മത്സ്യകൃഷി ചെയ്യാൻ താല്പര്യമുള്ളവരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ഉണ്ടാക്കുന്നതിന് സംവിധാനം വേണം.
3. സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്തുകൊണ്ട് ഈ രംഗത്ത് കൂടുതൽ പ്രോത്സാഹനം നടത്തുവാൻ പഞ്ചായത്ത് തയ്യാറാകണം.
4. ഇതിന്റെ സംരഭകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം ഇതുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുമായി സഹകരിച്ചുകൊണ്ട് നടത്തണം.
5. മത്സ്യക്കുഞ്ഞുങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിക്കണം.
6. കുറഞ്ഞ പലിശ നിരക്കിൽ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും ലോൺ നൽകുന്നതിന് കൂടുതൽ ശ്രദ്ധിക്കണം.
7. വാണിജ്യാടിസ്ഥാനത്തിൽ അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.

✡ ✡ ✡ ✡
✡ ✡ ✡
✡ ✡
✡

5.3
വിദ്യാഭ്യാസം

"ശരിയായ വിദ്യാഭ്യാസം വിദ്യ അഭ്യസിക്കേണ്ട ആൺകുട്ടികളിലും പെൺകുട്ടികളിലുമുള്ള ഏറ്റവും നല്ല കഴിവുകൾ പുറത്തുകൊണ്ടുവരലാണ്. ക്രമവിരുദ്ധവും അനാവശ്യവുമായ വിവരങ്ങൾ വിദ്യാർത്ഥികളുടെ തലയിൽ കുന്നുകൂടിയതുകൊണ്ട് ഇതു സാധ്യമാവില്ല. അവരുടെ എല്ലാം വ്യക്തിത്വത്തെ തെക്കിത്തെരുക്കി അവരെ വെറും യന്ത്രങ്ങളാക്കുന്ന ഒരു മഹാ ഭാരം ആണത്. നമ്മൾ തന്നെ ആ സമ്പ്രദായത്തിന്റെ ഇരകളായിരുന്നിട്ടുള്ളതിൽ ഇന്ത്യയെ പോലുള്ള ഒരു രാജ്യത്ത് പുതിയ രീതിയിലുള്ള ബഹുജന വിദ്യാഭ്യാസം മൂലം ഉണ്ടായ വിനകൾ നാം എന്നെ മനസ്സിലാക്കുമായിരുന്നു." 1933 ഡിസംബറിൽ 'ഹരിജനി'ൽ മഹാത്മാഗാന്ധി വിദ്യാഭ്യാസത്തെ സംബന്ധിച്ച് എഴുതിയ ഈ വാക്കുകൾക്ക് ഏറെ പ്രസക്തിയുണ്ട്.

മേൽ പ്രസ്താവിച്ചതിൽ നിന്നും ഗാന്ധിജി അർത്ഥമാക്കിയത് വിദ്യാലയം എന്നത് കേവലം വിദ്യാദാന കേന്ദ്രം മാത്രമല്ല. സമൂഹത്തിന്റെ അഭിവൃദ്ധിയിലും തൊഴിലധിഷ്ഠിതമായും നമ്മുടെ കുട്ടികളെ വളർത്തിക്കൊണ്ടുവരാനുതകുന്ന സ്ഥാപനമായിരിക്കണമെന്നതാണ്. വിദ്യാഭ്യാസരംഗത്തെ എല്ലാ വിദഗ്ദരും ചിന്തകരും വിദ്യാഭ്യാസം ഒരു സാമൂഹികപ്രക്രിയയാണെന്നും സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധമായ തലമുറയെ സൃഷ്ടിക്കലാണതിന്റെ ലക്ഷ്യം എന്നും ഏകകണ്ഠമായി അഭിപ്രായപ്പെടുന്നുണ്ട്. വികസനത്തിന്റെ കേരള മാതൃക എന്ന് പ്രകീർത്തിക്കപ്പെടുന്നതിൽ സാർവത്രിക വിദ്യാഭ്യാസത്തിനുള്ള സ്ഥാനം എടുത്തു പറയേണ്ടതാണ്. എന്നിരിക്കിലും വിദ്യാഭ്യാസരംഗം ഇന്ന് വല്ലാത്തൊരു പ്രതിസന്ധിയിലാണ്.

മറ്റു പല മേഖലകളിലുമെന്നപോലെ വിദ്യാഭ്യാസരംഗത്തും തെക്കുറിച്ചി പഞ്ചായത്ത് പിന്നോക്കം നില്ക്കുന്ന പ്രദേശമാണ്. ജനസംഖ്യയുടെ നല്ലൊരു ഭാഗവും കർഷകത്തൊഴിലാളികളും കർഷകരുമടങ്ങുന്ന ഈ പ്രദേശം വിദ്യാഭ്യാസമേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കുന്നതിൽ അത്ഭുതമില്ല. അതുകൊണ്ടുതന്നെ ഔപചാരിക വിദ്യാഭ്യാസം നേടിയെടുക്കാൻ വേണ്ടി കഠിനമായ പരിശ്രമങ്ങൾ ഈ പ്രദേശത്തു നടത്തിയിരുന്നില്ല എന്ന് ചരിത്രം വ്യക്തമാക്കുന്നു.

പക്ഷെ, വിദ്യാഭ്യാസത്തിന്റെ മഹത്വം ബോധ്യമായ ചില വ്യക്തികൾ നടത്തിയ പരിശ്രമങ്ങൾ എടുത്തുപറയേണ്ടതുതന്നെയാണ്.

ഏതാണ്ട് ഒരേ കാലത്താണ് (1919) തെക്കുറിച്ചിയിലും വിളയൻചാത്തനൂരിലും ആദ്യമായി ഓരോ എലിമെൻററി സ്കൂളുകൾ സ്ഥാപിതമാകുന്നത്. പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും ഔപചാരിക വിദ്യാഭ്യാസം കിട്ടണമെന്ന ലക്ഷ്യത്തോടെ വിളയൻചാത്തനൂരിലെ വല്ലൂർ വീട്ടിൽ ശ്രീ. ചിന്നൻ നായരാണ് 1919-ൽ എയ്ഡഡ് എലിമെൻററി സ്കൂൾ സ്ഥാപിച്ചത്. അതിനുമുമ്പുതന്നെ തൊട്ടടുത്ത പ്രദേശമായ സന്ന്യാസിയാലിനു സമീപമായി ഒരു കുടിപ്പള്ളിക്കൂടം പ്രവർത്തിച്ചുവന്നിരുന്നു. പിന്നീട് 1927ൽ

എലിമെന്ററി സ്കൂൾ, വളർ ലക്ഷ്മണൻ നായർ ഏറ്റെടുത്ത് നടത്താൻ തുടങ്ങി. യഥാർത്ഥത്തിൽ ഈ കാലം മുതൽക്കാണ് വി.എൻ.എൻ.എം.യു.പി. സ്കൂൾ എന്ന് ഇപ്പോൾ അറിയപ്പെടുന്ന വിദ്യാലയത്തിന്റെ ഉളർച്ച തുടങ്ങുന്നത്. ഇന്ന് ഈ വിദ്യാലയം, കൊല്ലങ്കോട് ഉപവിദ്യാഭ്യാസ ജില്ലയിലെ ഒരു പ്രധാനപ്പെട്ട സ്ഥാപനമായി മാറിയിരിക്കുന്നു.

മലബാർ, മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നപ്പോൾ ഔപചാരിക വിദ്യാഭ്യാസത്തിനായി മലബാർ ഡിസ്ട്രിക്റ്റ് ബോർഡുകൾ രൂപീകരിച്ചിരുന്നു. 1919 ൽ തന്നെ തെങ്കുറിശ്ശി കേന്ദ്രീകരിച്ച് രണ്ട് എലിമെന്ററി സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. ആൺകുട്ടികൾക്കായി ബോർഡ് ബോയ്സ് എലിമെന്ററി സ്കൂൾ വടക്കേത്തെരുവിലും പെൺകുട്ടികൾക്കായി ബോർഡ് ഗേൾസ് എലിമെന്ററിസ്കൂൾ തെക്കേത്തെരുവിലും. സ്ത്രീ വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടാതിരുന്നതിനാലാവാം തെക്കേത്തെരുവിലെ വിദ്യാലയത്തിൽ പെൺകുട്ടികൾ കുറവായിരുന്നു. 1947-ൽ ഇന്ത്യ സ്വാതന്ത്ര്യമായപ്പോൾ, ഈ സ്കൂളുകൾ ഗവ. ഏറ്റെടുക്കുകയും പെൺകുട്ടികൾക്കു മാത്രമായിരുന്ന സ്കൂൾ നിർത്തലാക്കി അവിടുത്തെ കുട്ടികളെ വടക്കേത്തെര സ്കൂളിൽ ചേർത്ത് അധ്യയനം തുടരുകയും ചെയ്തു. 5 വരെ ക്ലാസ്സുകൾ ഉള്ള ഈ സർക്കാർ വിദ്യാലയത്തിന്റെ സ്ഥിതി വളരെ ശോചനീയമാണ്.

മഞ്ഞളൂർ പ്രദേശത്തെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന എ.എസ്.ബി. സ്കൂളിന്റെ പൂർവ്വചരിത്രം ഒരു എഴുത്ത് പള്ളിക്കൂടത്തിൽ നിന്നാണ്. നാനാജാതി മതസ്ഥർക്ക് പ്രവേശനം അനുവദിച്ചുകൊണ്ടാണ് 1913-ൽ കുട്ടാലയിലെ ഒരു ബ്രാഹ്മണൻ എഴുത്ത് പള്ളിക്കൂടം ആരംഭിച്ചത്. 1933-ൽ മുരിങ്ങമല കണക്ക് വീട്ടിൽ ഗോപാലൻകുട്ടി മേനോനും തുടർന്ന് കേശവൻ നായരും ഈ വിദ്യാലയം ഏറ്റെടുത്ത് നടത്തി. കണക്ക് വീട്ടിൽ കേശവൻ നായരാണ് വിദ്യാലയത്തിന്റെ സ്ഥാപകനായി അറിയപ്പെടുന്നത്. മലബാർ വിദ്യാഭ്യാസ ബോർഡ്, മഞ്ഞളൂർ പ്രദേശത്ത് പെൺകുട്ടികൾക്കായി നടത്തിവന്നിരുന്ന സ്കൂൾ 1940-ൽ കേശവൻ നായരുടെ ശ്രമഫലമായി ഈ വിദ്യാലയത്തോട് ചേർത്തു. പ്രശസ്തരായ പല വ്യക്തികൾക്കും പ്രാഥമിക വിദ്യാഭ്യാസം നൽകിയ ഈ വിദ്യാലയം ഇന്നും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തിന്റെ കിഴക്കേ പ്രദേശമായ മാനംകുളമ്പിൽ മുരിചക്ഷമായിരുന്ന വെള്ളാള സമുദായത്തിന്റെ വിദ്യാഭ്യാസത്തിനുവേണ്ടി ശ്രീ. ടി. നമശിവായൻ പിള്ള 1950ൽ സ്ഥാപിച്ചതാണ്. എ.ജെ.ബി. സ്കൂൾ. ഭൗതികവും അക്കാദമികവുമായ പരാധീനതകൾ ഈ വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചിരിക്കുന്നു.

കേരളത്തിലെ വിദ്യാഭ്യാസമേഖലയ്ക്ക് ഉണ്ടായിട്ടുള്ള വളർച്ചയിൽ ക്രൈസ്തവ മിഷനറിമാരുടെ പങ്ക് വളരെ വലുതാണ്. തെങ്കുറിശ്ശി പഞ്ചായത്തിൽ ക്രൈസ്തവ ജനവിഭാഗം വളരെ കുറവാണെങ്കിലും ആ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഒരു എയ്ഡഡ് വിദ്യാലയം വെമ്പല്ലൂരിലുണ്ട്. 1952 ലാണ് ഇത് സ്ഥാപിതമാകുന്നത്. 1978 മുതൽ മാർത്തോമ കോർപ്പറേറ്റ് മാനേജ്മെന്റാണ് ഇത് നടത്തിക്കൊണ്ടുപോകുന്നത്. നല്ല രീതിയിൽ ഒരു അധ്യാപക രക്ഷാകർതൃസമിതി ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ഹരിജനങ്ങളും കർഷകത്തൊഴിലാളികളും ഏറ്റവുമധികം താമസിക്കുന്ന വെട്ടുകാട് കോട്ടടി പ്രദേശത്തെ ഏക പ്രാഥമിക വിദ്യാലയമാണ് എ.ജെ.ബി. സ്കൂൾ. വെട്ടുകാട് ശിവരാമൻ എന്ന വ്യക്തിയുടെ ശ്രമഫലമായിട്ടാണ് ഈ വിദ്യാലയം 1955ൽ സ്ഥാപിതമായത്. സാമ്പത്തികമായും - സാമൂഹികമായും - വിദ്യാഭ്യാസപരമായും വളരെ പിറകിൽ നിൽക്കുന്ന ഈ പ്രദേശത്തെ വികസനത്തിന്റെ ആദ്യപടിയായ വിദ്യാഭ്യാസം പോലും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോവുന്നു. വിദ്യാർത്ഥികളിൽ 42% ത്തോളം ഹരിജനങ്ങളാണ്. ഏറ്റവും അടിയന്തിര ശ്രദ്ധ പതിയേണ്ട ഒരു സ്ഥാപനമാണ് ഈ സ്കൂൾ.

തെക്കുമുറി പഞ്ചായത്തിലെ ബ്രാഹ്മണർ കൂടുതൽ താമസിക്കുന്ന പ്രദേശമാണ് വിളയനൂർ ഗ്രാമം. വിളയനൂരിൽ 1940 കളിൽ ശ്രീ. തെയ്യൻമാസ്റ്ററുടെ ശ്രമഫലമായി ഒരു സ്കൂൾ പ്രവർത്തിച്ചിരുന്നു. ഇതിൽ ആദ്യമായി ശ്രീ. ചാത്തൻ, ശ്രീ. കുറുമ്പൻ എന്നീ ഹരിജൻ അദ്ധ്യാപകർ അദ്ധ്യാപനം നടത്തുകയും, ആ വിഭാഗത്തിലെയും മറ്റു പിന്നോക്ക വിഭാഗത്തിലേയും ജനങ്ങൾക്ക് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപറ്റി വിശദീകരിക്കുകയും, അവരെ വിദ്യയുടെ വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ കഠിനമായി പരിശ്രമിക്കുകയും ചെയ്തവരാണ്. വിദ്യാർത്ഥികളുടെ കുറവുകാരണം ഇത് അടച്ചുപൂട്ടുകയും വി.എസ്. ശിവരാമകൃഷ്ണ അയ്യർ എന്നയാളുടെ നേതൃത്വത്തിൽ 1929ൽ ഒരു വിദ്യാലയം വിളയനൂർ ഗ്രാമത്തിൽ സ്ഥാപിയ്ക്കുകയും ചെയ്തു. അതാണ് ഇന്നത്തെ വില്ലേജ് ബേസിക് സ്കൂൾ.

അങ്ങിനെ തികച്ചും കാർഷികമേഖലയായ ഈ പ്രദേശത്തെ ജനങ്ങൾക്ക് അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ വെളിച്ചം നല്കാൻ ഈ പ്രൈമറി വിദ്യാലയങ്ങൾക്ക് ഒരു പരിധിവരെ സാധിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം, വളരെ കുറച്ചു പേർക്കു മാത്രമെ സെക്കണ്ടറി വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിരുന്നുള്ളു. സാമ്പത്തിക പരാധീനതയും, പ്രദേശത്തെ സെക്കണ്ടറി വിദ്യാലയത്തിന്റെ അഭാവവും ഇതിന് പ്രധാനകാരണമായിരുന്നു. ഇതിന്റെ രൂക്ഷത വർദ്ധിച്ചപ്പോൾ വിളയൻചാത്തനൂരിലേയും വിളയനൂരിലേയും പ്രധാന വ്യക്തികളും നാട്ടുകാരും ചേർന്ന് ഒരു സെക്കണ്ടറി സ്കൂൾ സ്ഥാപിച്ചു കിട്ടാൻ വേണ്ടി പ്രയത്നിച്ചു. വിളയനൂർ ദേവസ്വം വകയിലുള്ള അഞ്ചേക്കർ ഭൂമി ഇതിനായി വിട്ടുകൊടുത്തു. 1966 ൽ വിളയൻചാത്തനൂരിൽ ആദ്യമായി സർക്കാർ മേഖലയിൽ ഹൈസ്കൂൾ സ്ഥാപിതമായി. 1966 നു ശേഷമുള്ള ഹൈസ്കൂളിന്റെ പ്രവർത്തന ചരിത്രം മിതമായ ഭാഷയിൽ പറഞ്ഞാൽ വേദനാജനകമായിരുന്നു. അനാവശ്യമായ സമരങ്ങളുടെയും അക്കാദമിക് മേഖലയുടെ താണനിലവാരത്തിന്റെയും, രക്ഷിതാക്കളുടെ ഉത്തരവാദിത്തമില്ലായ്മയുടെയും - ദയനീയ ചരിത്രം - പേറിയ ഈ വിദ്യാലയത്തിന്റെ സ്ഥിതി ഇപ്പോൾ മെച്ചപ്പെട്ടുവരുന്നു.

പഞ്ചായത്തിൽ ആകെ 5 എൽ.പി. സ്കൂളും, 2 യു.പി. സ്കൂളും 1 ഹൈസ്കൂളുമാണ് ഉള്ളത്. ഇതിൽ ഒരു എൽ.പി. സ്കൂളും 1 ഹൈസ്കൂളും സർക്കാർ മേഖലയിലും 4 എൽ.പി. സ്കൂളും 2 യു.പി. സ്കൂളും മാനേജ്മെന്റ് എയ്ഡഡ് സ്കൂളുകളുമാണ്. എൽ.പി. വിഭാഗത്തിൽ മൊത്തം 1997 വിദ്യാർത്ഥികളും 796 ഹൈസ്കൂൾ വിദ്യാർത്ഥികളുമായി മൊത്തം 4280 വിദ്യാർത്ഥികൾ പഠിക്കുന്നു. സർക്കാർ വിദ്യാലയത്തിൽ മാത്രമായി 999 വിദ്യാർത്ഥികളാണുള്ളത്. ആകെ വിദ്യാർത്ഥികളിൽ 2113 പേർ പെൺകുട്ടികളാണ്.

35 സർക്കാർ അദ്ധ്യാപകരും 107 പ്രൈവറ്റ് അദ്ധ്യാപകരും അധ്യയനത്തിൽ ഏർപ്പെടുന്നു. (പട്ടിക - 1 കാണുക)

വിദ്യാർത്ഥികൾ – അദ്ധ്യാപകർ പട്ടിക – 1

നമ്പർ	സ്കൂളിന്റെ പേര്		വിദ്യാർത്ഥികൾ				അദ്ധ്യാപകർ		
			മാനേജ്മെന്റ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	AJBS, Vettukad		Aided	122	106	228	3	5	8
2	JBS, Vemballur		"	114	120	234	3	6	9
3	JBS, Vilayannur		"	113	116	229	3	5	8
4	ASBS,Manamkulambu		"	128	123	251	2	6	8
5	AJBS, Manjalur	LP	"	141	33	274			
		UP		297	270	567	8	19	27
6	Vilayan Chathanur	LP	"	312	309	621			
		UP		436	441	877	11	36	47
7	GLPS, Thenkurussi		Govt	71	89	160			
				25	18	43	2	4	6
8	GHS, Thenkurussi		"	408	388	796	12	17	29
			"						

പട്ടിക – 2

ആകെ വിദ്യാർത്ഥികൾ			എസ്.സി/എസ്.ടി വിഭാഗം			പഠനം നിർത്തിയവർ			എസ്.സി/എസ്.ടി. വിഭാഗം		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2167	2113	4280	718	737	1455	66	41	107	21	17	38

ഗവ. മെഹസ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക് പട്ടിക – 2

ഗവ. സ്കൂൾ	വിദ്യാർത്ഥികൾ	ആകെ വിദ്യാർത്ഥികൾ	ശതമാനം	ഗവ. സ്കൂൾ	അദ്ധ്യാപകർ	ആകെ അദ്ധ്യാപകർ	ശതമാനം
GLPS, Thenkurussi + GHS Thenkurussi	999	4280	23.35		35	142	24.6%

എൽ. പി, യു.പി, മെഹസ്കൂൾ വിഭാഗത്തിലെ പെൺകുട്ടികളുടെ കണക്ക് പട്ടിക – 4

TOTAL STUDENTS	LP			UP			HS		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
4280	1001	996	49.87	758	729	49.02	408	388	48.74

അവലംബം സെക്കണ്ടറി ഡാറ്റ – 1996

പഞ്ചായത്തിൽ ആകെ 1455 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്നു. (34%). ഇതിൽ 737 പേർ പെൺകുട്ടികളാണ്. 1995-96ലെ കണക്കുകൾ പ്രകാരം 107 വിദ്യാർത്ഥികൾ പഠനം നിർത്തിപോയവരാണ്. ഇതിൽ 44 പേർ ഹൈസ്ക്കൂൾ വിദ്യാർത്ഥികളാണ്. (പട്ടിക - 2) പഠനം നിർത്തിപോകുന്നതിനുള്ള പ്രധാനകാരണം രക്ഷിതാക്കളുടെ സാമ്പത്തിക പരാധീനതയല്ല മറിച്ച് എല്ലാ വിദ്യാർത്ഥികളെയും വിദ്യാലയങ്ങളിൽ പിടിച്ചു നിർത്താൻ പറ്റിയവിധത്തിൽ പഠനം ആകർഷകമാക്കാൻ കഴിയാത്തതിനാലാണ്. കേരളത്തിൽ എല്ലായിടത്തുമെന്നതുപോലെ ഈ പ്രദേശത്തെയും രക്ഷിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഏറെ താല്പര്യമുള്ളവരാണ്.

പഞ്ചായത്തിൽ ആകെ 13 അംഗൻവാടികൾ ഉണ്ടെങ്കിലും മൂന്നോ നാലോ എണ്ണമാണ് കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനുമുമ്പ് തന്നെ ചെറിയ കുട്ടികളെ അവരുടെ മാനസികവും ബുദ്ധിപരവും വൈകാരികവുമായ എല്ലാതലങ്ങളേയും നശിപ്പിക്കുന്ന തരത്തിലുള്ള ഇംഗ്ലീഷ്മീഡിയം നഴ്സറി സ്ക്കൂളുകൾ പഞ്ചായത്തിലില്ലെങ്കിലും പ്രദേശത്തു നിന്നും ധാരാളം കുഞ്ഞുങ്ങളെ ഇത്തരത്തിലുള്ള വിദ്യാഭ്യാസത്തിന്നയക്കുന്ന മാതാപിതാക്കളുണ്ട്. ഇടത്തരം കുടുംബങ്ങളിലെ രക്ഷിതാക്കളാണ് തീരെ അശാസ്ത്രീയമായ രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഇരകൾ. ഈ പ്രീ - പ്രൈമറി ഘട്ടത്തിൽ. കുട്ടികൾക്ക് ആടാനും പാടാനും നൈസർഗികമായ കഴിവുകൾ പ്രകടിപ്പിക്കാനും അതുവഴി കുട്ടികളിൽ അഭിലഷണീയമായ മാനസിക വളർച്ച ഉണ്ടാവുകയും ചെയ്താൽ മാത്രമെ പ്രൈമറി വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ശിലകൾ ഉറയ്ക്കുകയുള്ളു. ഇതു ലഭിക്കാത്തതുമൂലം ഈ സമ്പ്രദായത്തിലൂടെ പുറത്തു വരുന്ന കുട്ടികൾ തനിക്കോ, കുടുംബത്തിനോ സമൂഹത്തിനോ കൊള്ളാത്തവനായി തീരുന്നു. പഞ്ചായത്തിൽ നിന്നും ഇംഗ്ലീഷ്മീഡിയം സ്ക്കൂളുകളിലേക്ക് പോകുന്നവരുടെ എണ്ണം ഏതാണ്ട് 300 ആണ്. രണ്ട് സ്വകാര്യ വിദ്യാലയങ്ങളോടുചേർന്ന് ഓരോ പ്രീ - പ്രൈമറി ക്ലാസ്സുകളും, മഞ്ഞളൂരിൽ കസ്തൂർബാ ട്രസ്റ്റിന്റെ കീഴിൽ ഒരു പ്രീ - പ്രൈമറി കേന്ദ്രവും ഉണ്ട്. ഇതിലെല്ലാം കൂടി 120 കുട്ടികളെ പരിചരിക്കുന്നു. ഉന്നതപഠനം നടത്തുന്നതിനുള്ള സ്ഥാനപങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല. സ്വകാര്യ മേഖലയിലോ സർക്കാർ മേഖലയിലോ തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇല്ല. 200 ഓളം വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന ഒരു ട്യൂഷൻ സെന്ററർ ഉണ്ട്. പഞ്ചായത്തിൽ ആകെയുള്ള 2 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടിൽ ഒന്ന് വനിതാ സഹകരണസംഘത്തിന്റെ നേതൃത്വത്തിലാണ്. പഞ്ചായത്തിൽ നിന്നും ഉപരിപഠനം നടത്തുന്ന യൂണിവേഴ്സിറ്റി, എഞ്ചിനീയറിംഗ് മെഡിക്കൽ, പാരാമെഡിക്കൽ, സാങ്കേതിക വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾ - എന്നിവരുടെ യഥാർത്ഥ കണക്കുകൾ ലഭ്യമല്ല.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 21.87% പേർ നിരക്ഷരരാണ്. 1990 ലെ ആവേശകരമായി മാറിയ സാക്ഷരതാപ്രസ്ഥാന പഞ്ചായത്തിലെ മിക്കഭാഗങ്ങളിലും ചലനം സൃഷ്ടിച്ചിരുന്നു. എല്ലാ വാർഡുകളിലും മൂന്നോ നാനോ ക്ലാസുകൾ നിരക്ഷരർക്കുവേണ്ടി പ്രവർത്തിച്ചിരുന്നു. തുടർസാക്ഷരതയുദ്ദേശിച്ച് 2 ജനവിദ്യാകേന്ദ്രങ്ങൾ തുറന്നെങ്കിലും ഒന്നുമാത്രമാണ് പേരിനെങ്കിലും നിലവിലുള്ളത്. അക്ഷരത്തിന്റെ ഊന്നുവടികളിലൂടെ അറിവിന്റെ അപാര ലോകത്തിലേക്ക് നടക്കാൻ തുടങ്ങിയവരെ നിരാശപ്പെടുത്തുന്ന വിധത്തിൽ സാക്ഷരതാ യജ്ഞത്തിന്റെ ആവേശം തണുത്തുറഞ്ഞുപോയി.

ഭൗതിക സാഹചര്യങ്ങൾ

പഞ്ചായത്തിലെ മിക്കവാറും എല്ലാ വിദ്യാലയങ്ങളിലേയും ഭൗതിക സാഹചര്യങ്ങൾ പരിമിതമാണ്. പ്രാഥമികസൗകര്യങ്ങൾ പോലും നന്നേ കഷ്ടിയായ സ്ക്കൂളുകൾ ഉണ്ട്. പഞ്ചായത്തിലെ 3 സ്ക്കൂളുകളുകളിൽ കുടിവെള്ളം തീരെയില്ല. വിദ്യാർത്ഥികൾക്ക് തങ്ങളുടെ കായിക വാസനകൾ, വളർത്തുന്നതിനും അവ പരിപോഷിപ്പിക്കുന്നതിനും കളിസ്ഥലങ്ങൾ ആവശ്യമാണ്. എന്നാൽ പഞ്ചായത്തിലെ 3 സ്ക്കൂളുകളിൽ കളിസ്ഥലം ഇല്ല. അതുപോലെ കുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ മൂത്രപ്പുര എല്ലാ സ്ക്കൂളുകളിലും ഉണ്ടെങ്കിലും കക്കൂസ് ഒരു സ്ക്കൂളിൽ മാത്രമാണ് ഉള്ളത്. മറ്റ് സ്ക്കൂളുകളിൽ കുട്ടികൾ വെളിമ്പറമ്പുകളും സ്ക്കൂൾ പരിസരവുമാണ് ആശ്രയിക്കുന്നത് ഇത് സ്ക്കൂൾ കുട്ടികളുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നമാണ്.

പഞ്ചായത്തിൽ അഞ്ച് സ്ക്കൂളുകളിൽ മാത്രമാണ് വൈദ്യുതി ഉള്ളത്. പഞ്ചായത്തിൽ ഹൈസ്ക്കൂളിൽ ഒഴിച്ച് മറ്റ് സ്ക്കൂളുകളിൽ ഒന്നും പരീക്ഷണശാലകളില്ല. ഹൈസ്ക്കൂളിൽ ഉള്ളത് തന്നെ. വളരെ നിർജ്ജീവമായിട്ടാണ് കിടക്കുന്നത്. ലബോറട്ടറിയുടെ അഭാവം വിദ്യാർത്ഥികളുടെ രസകരമായ പഠനത്തിന് തടസ്സമാകുന്നുണ്ട്.

അതുപോലെ ഗ്രന്ഥശാലകൾ നാമമാത്രമായെങ്കിലും രണ്ട് സ്ക്കൂളുകളിൽ മാത്രമേ ഉള്ളൂ. ഇതിന്റെ പ്രവർത്തനം സജീവമല്ല. പുതിയ പുസ്തകങ്ങളോ വിവർത്തനം ചെയ്യപ്പെട്ട പ്രശസ്ത സാഹിത്യ കൃതികളോ ലഭ്യമല്ല. വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളും മറ്റ് പഠനോപകരണങ്ങളും യഥാസമയത്ത് ചുരുങ്ങിയ ചിലവിൽ ലഭിക്കുന്നതിനുവേണ്ടി പ്രവർത്തനം ആരംഭിച്ച സ്ക്കൂൾ കോപ്പറേറ്റീവ് സൊസൈറ്റികൾ, രണ്ട് സ്ക്കൂളുകളിൽ മാത്രമാണ് ഉള്ളത്. ഇതിന്റെ പ്രവർത്തനം തന്നെ. ടെക്സ്റ്റ് ബുക്കുകൾ വിതരണം ചെയ്യുക എന്ന പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങുനിൽക്കുന്നു. School - co - Operative Society കൾ എല്ലാ സ്ക്കൂളുകളിൽ തുടങ്ങുകയും നിലവിൽ ഉള്ളതിന്റെ പ്രവർത്തനം വിപുലപ്പെടുത്തുകയും ചെയ്താൽ വിദ്യാർത്ഥികൾക്ക് വലിയ ആശ്വാസമാകും.

എല്ലാ സ്ക്കൂളുകളിലും അദ്ധ്യാപക രക്ഷാകർതൃ സമിതികൾ ഉണ്ടെങ്കിലും വളരെ കാലമായി നിർജ്ജീവമായി കിടക്കുന്ന ഒരു അവസ്ഥയാണ് കാണുന്നത്. എന്നാൽ ഈ അടുത്തു കാലത്തായി ചില PTA കമ്മിറ്റികൾ കൂടുതൽ സജീവമായി രംഗത്ത് വരുന്നുണ്ട്.

കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിലും ആരോഗ്യകാര്യത്തിലും കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയുന്നത് അമ്മമാർക്കാണ്. ഈ അമ്മമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാതൃസംഗമം. ചില സ്ക്കൂളുകളിൽ മാത്രമാണ് നടക്കുന്നത്. ഇതു തന്നെ മാതൃസംഗമം എന്ന വിശാല അർത്ഥം ഉൾക്കൊള്ളുന്നില്ല. വിദ്യാർത്ഥികൾക്കിരിക്കുന്നതിനാവശ്യമായ ബഞ്ചുകളോ - ഡെസ്ക്കുകളോ ആവശ്യത്തിന് ഒരു സ്ക്കൂളിലും ഇല്ല. ഗവ. ഹൈസ്ക്കൂളിലെ പുതുതായി നിർമ്മിച്ച രണ്ട് കെട്ടിടങ്ങളിൽ ആവശ്യമായ ഡസ്ക്, ബഞ്ച്, കസേര, ബ്ളാക്ക് ബോർഡുകൾ എന്നിവ ഇല്ല.

പഞ്ചായത്തിലെ ഏറ്റവും പിന്നോക്ക പ്രദേശമായ വെട്ടുകാടിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ പ്രവർത്തിക്കുന്ന AJBS വെട്ടുകാട് സ്ക്കൂളിൽ കുട്ടികൾക്ക് ഇരുന്ന് പഠിക്കുവാൻ ആവശ്യമായ ബഞ്ചുകളോ അദ്ധ്യാപകർക്കാവശ്യമായ ഫർണീച്ചറുകളോ ഇല്ല. സുരക്ഷിതമായ വിദ്യാലയ

അന്തരീക്ഷത്തിനാവശ്യമായ ചുറ്റു മതിലുകൾ ഇല്ലാത്തതുകൊണ്ട് പല സ്ക്കൂളുകളിലും വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്.

അക്കാദമിക്ക് സൗകര്യങ്ങളുടെ ലഭ്യത

ഭൗതിക സാഹചര്യങ്ങൾ ലഭ്യമായതുകൊണ്ടുമാത്രം വിദ്യാലയങ്ങളിൽ നാം - ഉദ്ദേശിക്കുന്ന തരത്തിലുള്ള പഠനനിലവാരം ഉണ്ടാകുന്നില്ല. ഇന്ന് നമ്മുടെ പഞ്ചായത്തിലെ സ്ക്കൂളുകളിലുള്ള പഠന നിലവാരം ആശാവഹമല്ലെന്ന് കഴിഞ്ഞ കുറെ വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നു. (പട്ടിക- 5) കഴിഞ്ഞ നാലഞ്ചുവർഷമായി തെങ്കുറിശ്ശി ഗവ. ഹൈസ്ക്കൂളിലെ S S L C വിജയ ശതമാനം വേദനാജനകമായി താഴ്ന്നുകൊണ്ടിരിക്കുന്ന ഒരു അവസ്ഥയാണ് നാം കാണുന്നത്. അദ്ധ്യയനരംഗത്തെ അക്കാദമിക്ക് നിലവാരത്തിന്റെ താഴ്ചയാണ് ഇതിന് ഒരു കാരണമായി ചൂണ്ടികാണിക്കാനുള്ളത്. ലഭ്യമായ പഠനോപകരണങ്ങളും പരിമിതമായ സാഹചര്യങ്ങളും ഉപയോഗിച്ചുകൊണ്ട് - അദ്ധ്യയനം ആകർഷകമാക്കാൻ അദ്ധ്യാപകരുടെ ആത്മാർത്ഥമായ ശ്രമം ഉണ്ടാകുന്നില്ല. അദ്ധ്യാപകർക്ക് പരിശീലന സമയത്ത് ലഭിച്ച കഴിവുകൾ പ്രയോഗിക്കുവാനോ വിഷയങ്ങളിലുള്ള അറിവ് നിരന്തരം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളോ കാര്യമായി നടക്കുന്നില്ല. അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ അവശ്യം ഉണ്ടായിരിക്കേണ്ട മാനസികമായ ഒരു ഐക്യം കുറഞ്ഞു വരുന്ന ഒരു പ്രവണതയാണ് ഇന്നു കാണുന്നത്. പാഠ്യാനുബന്ധ പ്രവർത്തനങ്ങളും തീരെ നടക്കുന്നില്ല. അദ്ധ്യാപകർക്ക് വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകേണ്ട ഹാൻഡ് ബുക്കുകൾ യഥാസമയം ആവശ്യത്തിനും കിട്ടാത്തത് അക്കാദമികരംഗത്തെ പ്രധാനപ്പെട്ട പ്രശ്നമാണ്. പൊതുവെ സമൂഹവും വിദ്യാലയവും തമ്മിൽ അടിസ്ഥാനപരമായി ഉണ്ടാകേണ്ട പരസ്പര പൂരകത്വം നമ്മുടെ പഞ്ചായത്തിൽ കുറവാണെന്ന് കാണാം.

പഠന നിലവാരം

പട്ടിക - V

SSLC വിജയശതമാനം (G.H.S തെങ്കുറിശ്ശി)

93-94	94-95	95-96
28%	24%	22%

വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് കാരണാകാവുന്ന പ്രധാനപ്രശ്നങ്ങൾ പൊതുവെ താഴെ പറയുന്നവയാണ്.

1. സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കവസ്ഥ.
2. വിദ്യാഭ്യാസരംഗത്തെ സംബന്ധിച്ച് രക്ഷകർത്താക്കൾക്കിടയിലും സമൂഹത്തിൽ പൊതുവേയും വ്യാപിച്ചിട്ടുള്ള തെറ്റായ ധാരണകൾ.
3. വീടുകളിലെ പഠനസാഹചര്യത്തിലെ പരിമിതികൾ
4. വിദ്യാഭ്യാസം ജീവിതവും തമ്മിൽ നിലനിൽക്കുന്ന അകൽച്ച.

95 – 96 കാൽപാദ പരീക്ഷ

ക്ലാസുകൾ	30% ന് താഴെ മാർക്ക് ലഭിച്ചവർ	30 % ത്തിനും 40 % ത്തിനും ഇടയിൽ മാർക്ക് ലഭിച്ചവർ	40 % ത്തിനും 50% ത്തിനും ഇടയിൽ മാർക്ക് ലഭിച്ചവർ	50 % ത്തിനും 60% ത്തിനും ഇടയിൽ മാർക്ക് ലഭിച്ചവർ	60% ന് മുകളിൽ മാർക്ക് ലഭിച്ചവർ
3	146	140	97	64	73
4	77	155	158	69	63
5	76	163	138	38	45
6	54	137	207	57	32
7	95	184	152	54	33
8	51	119	86	29	17
9	49	90	76	21	16
10					

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത — പട്ടിക – 5

താലൂക്ക്	ലൈബ്രറി	മാപ്പ്	പഠനോപകരണം	സൈക്കോളജി	സ്റ്റഡി ടൂർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	സ്റ്റിൽ ക്യാമറ	മാതൃസംഘം സജീവം നിർജ്ജീവം	ക്ലസ്റ്റർ പി.ടി.സി. എ പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത്	8	2	3	2	3	–	1	1	–	8	–
ഇല്ലാത്തത്	–	6	5	6	5	8	7	7	90	–	–

ഭൗതിക സാഹചര്യങ്ങൾ

	സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	ഡിവിഷനുകൾ	കുടിവെള്ളം	മൂത്രപ്പുര	കക്കൂസ്	വൈദ്യുതി	കളിസ്ഥലം	
1	AJBS, Vettukad	228	8	7	Yes	1	No	No	No	
2	ASBS, Manjaloor	841	27	21	No	3	No	Yes	No	
3	JBS, Vembaloor	234	9	8	Yes	2	No	Yes	Yes	
4	JBS, Vilayannur	229	8	8	Yes	2	No	Yes	Yes	
5	VLNMUP School,	1498	47	37	Yes	4	1	Yes	Yes	
6	AJBS, Manamkulampu	251	8	8	No	1	No	No	Yes	
7	GLPS, Thenkurussi	203	6	6	No	1	No	No	No	
8	GHS, Thenkurussi	796	29	20	Yes	3	Yes	No	Yes	

5. അദ്ധ്യാപക പുനഃപരിശീലനത്തിന്റെ അഭാവം.
6. പഴഞ്ചൻ ബോധനരീതി
7. മത്സര പരീക്ഷകളെമാത്രം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസ സമ്പ്രദായം.
8. തുടർച്ചയുള്ളതും സുതാര്യവുമായ മൂല്യനിർണ്ണയരീതിയുടെ അഭാവം. ഓർമ്മപരിശോധനമാത്രം ലഭ്യമാകുന്നു പരീക്ഷാ സമ്പ്രദായം.
9. പ്രാദേശിക സമൂഹത്തിന് (രക്ഷാകർതൃസമിതിയും, തദ്ദേശസ്വയംഭരണസമിതിയും) വിദ്യാഭ്യാസകാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ലായ്മ.

പരിഹാരമാർഗ്ഗങ്ങൾ - നിർദ്ദേശങ്ങൾ

1. ഇന്ന് ഏറ്റവും അധികം ചർച്ച ചെയ്യപ്പെടുന്ന മേഖലയാണ് വിദ്യാഭ്യാസം. നമ്മുടെ പ്രൈമറിസ്ക്കൂളുകളിൽ 40% ശരാശരിയോളം കുട്ടികൾ അക്ഷരജ്ഞാനവും അക്കബോധവും ഉറക്കാത്തവരാണ്. ഇതു പരിഹരിക്കുന്നതിനായി സ്ക്കൂളുകളിൽ മൂന്നാം ക്ലാസ് ഒഴികെ എല്ലാ ക്ലാസുകളിലും എത്രപേർക്ക് അക്ഷര - അക്കബോധം ഇല്ല എന്ന് കണ്ടെത്തി അവ പരിഹരിക്കുന്നതിന് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുക. ഇതിന് സന്നദ്ധസംഘടകളേയും വിദ്യാർത്ഥിസംഘടനകളേയും ഉപയോഗിക്കാം.
2. എല്ലാ ക്ലാസിലേയും എല്ലാ വിഷയങ്ങളിലും കുട്ടികൾക്ക് അടിസ്ഥാന ധാരണ ഉണ്ടായെന്ന് ഉറപ്പാക്കുക.
3. പഞ്ചായത്തിന് കീഴിലുള്ള എല്ലാ സ്ക്കൂളിലെയും അദ്ധ്യാപകർക്ക് എല്ലാമാസവും എല്ലാ വിഷയങ്ങളിലും നിരന്തരമായ പുനഃ പരിശീലനം നൽകുക. ഇത് ഒരു നോട്ടീസ്ക്കൂളിന്റെ മേൽ നോട്ടത്തിലാവണം ഹൈസ്ക്കൂൾ) പാഠ പുസ്തകങ്ങൾ പ്രദേശത്തെ കഴിവിനനുസൃതമായി പരിശോധിക്കുകയും ആവശ്യമുള്ള പാഠഭാഗങ്ങൾ മാത്രം നിശ്ചിത കാലയളവിനുള്ളിൽ പഠിപ്പിച്ചാൽ മതിയെന്നു തീരുമാനിക്കുക.

   മാസം തോറും നടത്തുന്ന അദ്ധ്യാപക പുനഃപരിശീലനത്തിൽ പുതിയ അധ്യാപന തന്ത്രങ്ങളും പഠന രീതികളും സംശയങ്ങളും ഉള്ളുതുറന്ന് ചർച്ചാ ചെയ്യാനുള്ള അവസരം കൂറക്കുക. ഇതിനായി മുൻ കൂട്ടി ഓരോ വിഷയങ്ങളിലും വിദഗ്ദ്ധരായവരെ ഉപയോഗിച്ച് പരിശീലിപ്പിക്കണം. ടി.ടി.ഐ. ഡയറ്റ് തുടങ്ങിയ സ്ഥാപനങ്ങളെ സഹായത്തിനായി സമീപിക്കണം. രണ്ടോ മൂന്നോ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് വിവിധവിഷയങ്ങളിലെ റിസോർസ് ഗ്രൂപ്പ് രൂപീകരിച്ചുള്ള പരിഹരിക്കാം.
4. കുട്ടികളുടെ എല്ലാവിധ കഴിവുകളും പരിശോധിക്കുന്ന രീതിയിലുള്ള സമഗ്രവും തുടർച്ചയുള്ളതും സുതാര്യവുമായ മൂല്യനിർണ്ണ രീതി അവലംബിക്കുക. ഇതിനായി എഴുത്തു പരീക്ഷക്കു പുറകെ വാചാപരീക്ഷയും പ്രായോഗിക പ്രവർത്തനങ്ങളും ഉൾപ്പെടുത്തുക. കുട്ടികളിൽ സാമൂഹ്യബന്ധം ഉറപ്പിക്കുന്നതിനും പരിസ്ഥിതിയുടെ പ്രാധാന്യങ്ങൾ ബോധ്യപ്പെടുത്തുന്നതിനുമായ പഠനപര്യടങ്ങൾ പരീക്ഷയുടെ ഭാഗമാക്കുക.

   അധ്യയനസമയം മൂല്യനിർണ്ണയ വേളയിലും രക്ഷിതാക്കളെ കൂടി പങ്കെടുപ്പിച്ച് രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും ഉത്തരവാദിത്വം വർദ്ധിപ്പിക്കാം.

   ഈ പ്രവർത്തനങ്ങളെ മോണിറ്റർ ചെയ്യുന്നതിനായി അക്കാദമിക പാണ്ഡിത്യമുള്ളതും ജനകീയവുമായ ഒരു വിദ്യാഭ്യാസ സമിതി രൂപീകരിക്കുന്നത് നല്ലതായിരിക്കും. SSLC റിസൽട്ട് മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക കോച്ചിംഗ് ക്ലാസുകൾ നൽകുക.
6. വിദ്യാസമ്പന്നരുടെ നാടാണെങ്കിലും ശാസ്ത്രജ്ഞാനം നേടിയവരാണെങ്കിലും ശാസ്ത്രബോധം കുട്ടികളിലും മുതിർന്നവരിലും കുറവാണ്. ഇത് ആരോഗ്യപൂർണ്ണമായ സമൂഹ സൃഷ്ടിക്ക്

ഉപയുക്തമല്ല. ശാസ്ത്രീയമായ കാഴ്ചപ്പാട് വളർത്തുക, ശാസ്ത്രത്തിന്റെയും കല - സാഹിത്യ - കായിക - മേഖലയിൽ കുട്ടികൾക്ക് ഇറങ്ങിചെല്ലുന്നതിനായി സയൻസ് ക്ലബ്ബ്, സയൻസ് കോർണർ, പരിസര ശുചീകരണ സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, സാഹിത്യസമാജങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കണം. ഇതിനായി സ്ക്കൂളിലെ ലാബുകളും ലൈബ്രറികളും മറ്റ് സന്നദ്ധസംഘടനകളുടെ സഹായങ്ങളും തേടുക.

7. എല്ലാ സ്ക്കൂളിലും പ്രതിദിന വാർത്താ ബുള്ളറ്റിൻ സ്ഥാപിക്കുക. മറ്റു സാഹിത്യ - സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ കുട്ടികളെ ബോധപൂർവ്വം ഉൾപ്പെടുത്തുക.
8. ഓരോ സ്ക്കൂളും പരസ്പരം ബന്ധപ്പെടുകയും അക്കാദമിക് പഠനോകരണങ്ങളും കൈമാറ്റം ചെയ്യുകയും ചെയ്യുന്നതിനായി പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സിൽ നല്ല അക്കാദമിക് സമിതി ഉണ്ടാക്കുക.
9. പല പഞ്ചായത്തുകളിലും മാതൃകപരമായി പ്രവർത്തിക്കുന്ന പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സുപ്രവർത്തനം ഈ പരിഹാരങ്ങൾക്ക് അടിസ്ഥാനമാക്കാവുന്നതാണ്.

ഗ്രാമസഭകളിൽ പ്രധാനമായും ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾ

1. പഞ്ചായത്തിലെ ഒന്നാം വാർഡിൽ അഞ്ചത്താണി, ഒമ്പതാം വാർഡിലെ ഇടപ്പറമ്പ്, ഏഴാം വാർഡിലെ മുരിങ്ങമല, പതിനൊന്നാം വാർഡിലെ കോട്ടടി എന്നീ പ്രദേശങ്ങളിൽ പുതിയ L.P. സ്ക്കൂളുകൾ ആരംഭിക്കണം.
2. പഞ്ചായത്തിൽ രണ്ടാം വില്ലേജ് അടിസ്ഥാനപ്പെടുത്തി തിരുനാടിൽ ഒരു ഹൈസ്ക്കൂൾ ആരംഭിക്കുക.
3. പഞ്ചായത്തിൽ ഒന്ന്, നാല്, അഞ്ച്, ഏഴ്, പത്ത്, പതിനൊന്നു വാർഡുകളിൽ പ്രീ - പ്രൈമറി സ്ക്കൂളുകൾ തുടങ്ങുക.
4. നിലവിലുള്ള എല്ലാ അംഗൻവാടികളിലും പുതിയതായി തുടങ്ങുന്ന അംഗൻ വാടികളിലും സൗകര്യങ്ങൾ മെച്ചപ്പെടുത്തി കാര്യക്ഷമമാക്കുക.
5. തെങ്കുറിശ്ശി ഗവ. എൽ. പി. സ്ക്കൂളിൽ അപ്ഗ്രഡ് ചെയ്യുക. ശോച്യാവസ്ഥ പരിഹരിക്കുക.
6. പഞ്ചായത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വെട്ടുകാട് AJB സ്ക്കൂൾ അപ് ഗ്രെഡ് ചെയ്യുക നിലവിലുള്ള ദയനീയ സ്ഥിതിക്ക് പരിഹാരം കാണുക.
7. തെങ്കുറിശ്ശി ഗവ. ഹൈസ്ക്കൂളിലെ ഗ്രൗണ്ട് നിരപ്പായി നല്ല കളിസ്ഥലം നിർമ്മിക്കുക.
8. തെങ്കുറിശ്ശി ഗവ. ഹൈസ്ക്കൂൾ - വൊക്കേഷൻ ഹയർ സെക്കണ്ടറി സ്ക്കൂളാക്കി ഉയർത്തുക.
9. മാനാംകുളമ്പ് A.J.B സ്ക്കൂളിനും ചുറ്റുമതിൽ കെട്ടി വിദ്യാർത്ഥികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുക.
10. വിളയന്നൂർ എൽ.പി. സ്ക്കൂളിലെ സൗകര്യം വർദ്ധിപ്പിക്കുക
11. സിലബസിന്റെ കാഠിന്യം കുറച്ച് പഠനം ലളിതവും ആകർഷവുമാക്കുക.
12. വിദ്യാർത്ഥികളിൽ സാമൂഹിക ബോധം വളർത്തുന്ന വിദ്യാഭ്യാസ പരിഷ്ക്കാരം ഉണ്ടാക്കണം.
13. മുഴുവൻ സ്ക്കൂളിലെയും ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കുക.
14. നിർധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം നൽകുക.
15. സ്ക്കൂളിനു സമീപത്തെ റോഡുകളിൽ ഹംപ് സിഗ്നൽ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
16. തുടർസാക്ഷരതാ പ്രവർത്തനം നടപ്പിലാക്കുക.
17. പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സ് കൂട്ടമറ്റരീതിയിൽ നടപ്പിലാക്കി വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുക.

18. സ്കൂൾ വിദ്യാർത്ഥികളുടെ പഠനത്തെ സാരമായി ബാധിച്ചേക്കാവുന്ന അനാവശ്യമായ വിദ്യാർത്ഥിസമരം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക.

19. വിദ്യാർത്ഥിസംഘടനകളെ സമൂഹത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക.

20. എല്ലാ സ്കൂളികളിലും പ്രതിദിനവാർത്താ ബുള്ളറ്റിൻ തയ്യാറാക്കുക.

മേൽപറഞ്ഞ പരിഹാരമാർഗ്ഗങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന രീതിയിൽ സ്കൂൾ കോംപ്ലക്സ് നടപ്പിൽ വരുത്തണം.

1. പഞ്ചായത്തിലെ വിദ്യാഭ്യാസരംഗത്തെ വിദഗ്ദർമാരുമായി കൂടിചേർന്ന് ഒരു കരടു പദ്ധതി തയ്യാറാക്കുകയും പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്യുക. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും ഹെഡ് മാസ്റ്റർമാരെയും രക്ഷാകർതൃസമിതി പ്രസിഡണ്ടുകാരെയും വിളിച്ചിരുത്തി വിശദമായി ചർച്ച ചെയ്യുകയും പഞ്ചായത്തു തലസംഘാടക സമിതി രൂപീകരിക്കുകയും ചെയ്യുക.

2. വിദഗ്ദ്ധമായ അക്കാദമിക് സമിതി രൂപീകരിക്കുക പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരെയും വിളിച്ചുകൂട്ടി പ്രവർത്തനരേഖ അവതരിപ്പിക്കുക. ഇതോടൊപ്പം സ്കൂൾ തല സംഘാടക സമിതിയും അക്കാദമിക് സമിതിയും രൂപീകരിക്കുക.

3. ഓരോ വിഷയത്തിലെയും അദ്ധ്യാപകരുടെ ശില്പശാല ഇതിനായി നേതൃസ്കൂളിലെ അദ്ധ്യാപകരെ കൂടാതെ ഡയറ്റ് - ടി.ടി. ഐ. എന്നീ കേന്ദ്രങ്ങളിലെ വിദഗ്ദ്ധരുടെ സഹായത്തോടെ ശില്പശാല സംഘടിപ്പിക്കുക.

4. അംഗൻവാടി അദ്ധ്യാപക്രെയും അമ്മമാരെയും വിളിച്ചുകൂട്ടി കാര്യങ്ങൾ വിശദീകരിക്കുക.

5. സന്നദ്ധസംഘടനകൾ വിദ്യാഭ്യാസ തല്പരരായ വ്യക്തികൾ റിട്ടയർ ചെയ്ത അദ്ധ്യാപകർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി വിശദീകരിക്കുക.

6. പഞ്ചായത്തിലെ എല്ലാ സ്കൂളുകൾക്കും ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുവാൻ നാട്ടുകാരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തി ഒരുശില്പശാല സംഘടിപ്പിക്കുക. ഗ്രാമതല ആസൂത്രത്തിലും വികസനത്തിലും വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ പ്രധാനപ്പെട്ടതാണ്.

❄ ❄ ❄
❄ ❄
❄

5.4
ആരോഗ്യം, കുടിവെള്ളം പരിസര ശുചിത്വം.

ആരോഗ്യം

തെങ്കുറുശ്ശി ഗ്രാമപഞ്ചായത്തിലെ ആദ്യകാല ചികിത്സാ രീതികൾ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഉള്ളിൽ ഒതുങ്ങിനിന്നിരുന്നു. ഈ നാട്ടിപ്രദേശത്ത് ഊത്തും, പാട്ടും പ്രേതബാധ ഒഴിപ്പിക്കൽ തുടങ്ങിയ പ്രാകൃത ചികിത്സാ രീതികൾ നിലനിന്നിരുന്നു. ഇന്നും അവയുടെ അവശിഷ്ടങ്ങൾ പല പ്രദേശങ്ങളിലും കാണാൻ കഴിയും. പ്രത്യേകിച്ച് അസുഖങ്ങൾക്ക് ചരടു ജപിച്ച് കെട്ടുക എന്ന ആചാരം നിലനിൽക്കുന്നു. വസൂരിരോഗം വന്നാൽ അമ്മ വിളയാട്ടം എന്ന സങ്കല്പത്തിൽ പൂജാദി കർമ്മങ്ങൾ നടത്തിയിരുന്നു. കോളറ പോലുള്ള അസുഖങ്ങൾ പിടിപെടുമ്പോൾ മരണം സംഭവിക്കുന്നത് മുതപ്രേതാദികൾ ജീവൻ ,അപഹരിക്കും എന്ന വിശ്വാസത്തിൽ അവയെ അകറ്റിനിർത്താൻ വീടിനു മുൻവശത്ത് ചാണകവെള്ളവും ചുലും വച്ചിരുന്ന കാലഘട്ടം ഉണ്ടായിരുന്നു.

ചില മാനസികമായ അസുഖം പിടിപെടുമ്പോൾ അത് പ്രേതബാധയാണെന്ന വിശ്വാസത്തിൽ ബാധ ഒഴിപ്പിക്കൽ എന്ന ഒരു ചികിത്സാ സമ്പ്രദായം ഉണ്ടായിരുന്നു.

വിഷം തീണ്ടുന്ന സന്ദർഭങ്ങളിൽ നാടൻ ചികിത്സാരീതികളെ ആശ്രയിക്കുന്നത് പതിവായിരുന്നു പാരമ്പര്യ നാടൻ വൈദ്യ ചികിത്സാരീതികളോട് ജനങ്ങൾക്ക് ആഭിമുഖ്യം ഉണ്ടായിരുന്നു. ആയുർവേദ ചികിത്സാരംഗത്ത് ഇന്നും ജനങ്ങൾക്ക് താല്പര്യം ഉണ്ട്. എന്നാൽ കേരളത്തിലെ സാമൂഹ്യ സാംസ്കാരികരംഗത്ത് ഉണ്ടായ മാറ്റങ്ങളുടെ ഭാഗമായി ഈ ഗ്രാമപ്രദേശത്തിലും പ്രാകൃത ചികിത്സാരീതികൾക്ക് പ്രാധാന്യം കുറഞ്ഞുവന്നു. ഇതിനൊരപവാദമായി ഇന്നും പല സ്ഥലങ്ങളിലും ഇത്തരം ചികിത്സാ രീതികൾ നിലനിൽക്കുന്നതായി കാണാൻ കഴിഞ്ഞേക്കാം.

ആധുനിക ചികിത്സാരംഗത്ത് ഒരു തുടക്കം കുറിച്ചുകൊണ്ട് തെൻകുറുശ്ശിഗ്രാമപഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം 1972 - ൽ നിലവിൽ വന്നു. ഇത് ഈ പ്രദേശത്തെ മനുഷ്യന്റെ പ്രാകൃത ചികിത്സാരീതികളോടുള്ള മനോഭാവത്തിന് മാറ്റം വരുത്തി. കേരളത്തിലെ തന്നെ പ്രസിദ്ധിയാർജ്ജിച്ച ചമ്പത്തിൽ ചാത്തുകുട്ടി മന്നാടിയാർ സ്മാരക വായനശാലയുടെ കെട്ടിടം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് വേണ്ടി വിട്ടുകൊടുത്തുകൊണ്ടാണ് 1972- ൽ പ്രസ്തുത സ്ഥാപനം നിലവിൽ വന്നത്. ഇന്ന് പഞ്ചായത്തിൽ ആകെ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും 5 കുടുംബക്ഷേമകേന്ദ്രവും ഒരു ആയുർവേദ ആശുപത്രിയും ആതുര ശുശ്രൂഷാരംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. എങ്കിലും ഈ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി മൂലം പ്രവർത്തനരംഗത്ത് കുറെയേറെ അപാകതകൾ വന്നിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തികൊണ്ട് ഇവയുടെ പ്രവർത്തനം കുറെകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. മുപ്പതിനായിരത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ജനസംഖ്യയ്ക്ക് ആനുപാതികമായി ജീവനക്കാരുടെ അഭാവം മൂലം മാന്ദ്യം സംഭവിച്ചിട്ടുണ്ട്.

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1.	പ്രാഥമികാരോഗ്യകേന്ദ്രം	II	1972	19
2.	ഗവ. ആയുർവേദ ഡിസ്പെൻസറി	IV		4
3.	ICDS പാണ്ടിയോട്	III		1
4.	MCH തെങ്കുറുശി	V		1
5.	F.WC വടക്കേത്തറ	VI		1
6.	ICDS മുരിങ്ങമല	VII		1
7.	FWC വെമ്പല്ലൂർ	VIII		1

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറുടെ മുഴുവൻ സമയപ്രവർത്തനം ലഭ്യമാണ് എങ്കിലും I.P.P യുടെ 10 കിടക്കകളുള്ള കെട്ടിടത്തിൽ പ്രസവസംബന്ധമായ ശുശ്രൂഷകൾ നടത്തുവാൻ സാധിക്കുന്നില്ല. ഇതിന് അടിയന്തിരമായി പരിഹാരം കാണേണ്ടതുണ്ട്. കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം പൊതുവെ കാര്യക്ഷമമല്ല. ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല എന്നതും ആരോഗ്യ പരിപാലനരംഗത്ത് പ്രകടമായി കാണാൻ കഴിയും ഇക്കാരണങ്ങളാൽ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെ ജനങ്ങൾ കൂടുതലായി ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുന്നു. നിലവിലുള്ള ലബോറട്ടറിയുടെ സൗകര്യം വർദ്ധിപ്പിച്ചുകൊണ്ടും ആവശ്യത്തിന് ജീവനക്കാരുടെ സേവനം ലഭ്യമാക്കിയും ജനങ്ങളെ ആരോഗ്യരംഗത്ത് ബോധവല്ക്കരിപ്പിച്ചുകൊണ്ടും ഈ രംഗം കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിക്കും.

ഈ പഞ്ചായത്തിലെ ആയുർവേദ ആശുപത്രിയുടെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ വളരെ ശോചനീയമാണ്. സ്വന്തമായ കെട്ടിടം പോലും ഇല്ലാത്താ ആശുപത്രിക്ക് അടസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതും ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നു. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

രോഗം വന്ന് ചികിത്സിക്കുന്നതിലുപരി രോഗം വരാതിരിക്കാനുള്ള മാർഗ്ഗത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനത്തെ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനത്തിൽ വരുന്ന പോരായ്മ പൊതു ജനങ്ങളുടെ സഹകരണമില്ലായ്മ, സാമ്പത്തിക പ്രതിസന്ധി എന്നിവ ഈ മേഖലയിലെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. സമൂഹത്തിന്റെ ആരോഗ്യസ്ഥിതി വിലയിരുത്തുന്നത് അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ നിലവാരത്തെ കണക്കിലെടുത്തുകൊണ്ടാണ്. പഞ്ചായത്തിലെ സ്ഥിതി പരിശോധിച്ചാൽ മാതൃമരണം, ശിശു മരണം, എന്നിവയ്ക്ക് പോഷകാഹാരം ഒരു പ്രധാന കാരണമാണ്. ഇവ പരിഹരിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

A.D 2000 -ാം മാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന W.H.O ന്റെ മുദ്രാവാക്യം നടപ്പിലാക്കുക എന്നതിന്റെ അടിസ്ഥാനഘടകം മലമൂത്രവിസർജ്ജനം വെളിമ്പ്രദേശങ്ങളിൽ നടത്താതിരിക്കുക, എല്ലാവർക്കും ശുദ്ധജലം എത്തിക്കുക എന്നതാണ്. ഈ അർത്ഥത്തിൽ പഞ്ചായത്തിനെ പരിശോധന വിധേയമാക്കിയാൽ ഏകദേശം മൂപ്പത് ശതമാനം ജനങ്ങളിൽ മാത്രമേ കക്കൂസ് ഉപയോഗവും ശുദ്ധജലവിതരണവും എത്തുന്നുള്ളു.

അലോപ്പതി ചികിത്സാരംഗത്ത് പഞ്ചായത്തിലെ ഏക ആശ്രയമായ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അടുത്ത കാലംവരെയും ഡോക്ടറുടെ അഭാവം ജനങ്ങൾക്ക് ഈ രംഗത്ത് വിഷമതകൾ നേരിടേണ്ടിവന്നിട്ടുണ്ട്. മാത്രവുമല്ല കഴിഞ്ഞകാല അനുഭവങ്ങളിൽ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസിലുള്ള താല്പര്യം കാരണം പൊതുജനാരോഗ്യരംഗത്ത് വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നില്ല. ഇത് പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഏകദേശം 40% ജനങ്ങളും ദാരിദ്രരേഖയ്ക്ക് താഴെയുള്ളതാണ് അലോപ്പതി ചികിത്സാരംഗത്താണെങ്കിൽ രോഗികൾക്കാവശ്യമായ മരുന്നുകൾ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലഭ്യമല്ലാത്ത അവസ്ഥ ജനങ്ങളെ സാമ്പത്തികമായി വിഷമിപ്പിക്കുന്നു. പഞ്ചായത്തിലെ സാംക്രമികരോഗങ്ങളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ വയറിളക്കരോഗങ്ങൾ സംസ്ഥാന - ജില്ലാതല ശരാശരികളിൽ നിന്നും മുകളിലാണ്. ക്ഷയവും, കുഷ്ഠവും ഈ പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി കാണപ്പെടുന്നു. ജലജന്യരോഗങ്ങൾ പരിശോധിക്കുമ്പോൾ വർഷത്തിൽ ശരാശരി മുവായിരത്തോളം (3000) ജനങ്ങൾക്ക് പകർച്ചവ്യാധികൾ പിടിപെടുന്നു. നിർമ്മാർജനം ചെയ്ത മലമ്പനി രോഗം ഇപ്പോൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി കാണുന്നുണ്ട്. ഇതിനെതിരെ സത്വര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

പരിസരശുചിത്വം

പഞ്ചായത്തിന്റെ ഭൂരിഭാഗവും കാർഷികമേഖലയായിതിനാൽ വ്യാവസായികരംഗത്ത് നിന്നുള്ള പരിസരമലിനീകരണം കാര്യമായി ബാധിച്ചിട്ടില്ല എങ്കിലും 9-ാം വാർഡിൽ തുടങ്ങിയിട്ടുള്ള KR അലോയിഡ് - എന്ന സ്ഥാപനം ആ പ്രദേശത്തെ പരിസരമലിനീകരണത്തിന് കാരണമായിട്ടുണ്ട്. ഇതിനെതിരെ ജനകീയ പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതളപാനീയ ശാലകൾ, പലചരക്ക് വില്പന കേന്ദ്രങ്ങൾ മുതലായ പൊതു ജനാരോഗ്യ നിയമം (D.P.OTrades) അനുസരിച്ച് വേണ്ട മുൻ കരുതലുകൾ എടുത്ത് പ്രവർത്തിക്കാത്തതുമൂലം ജലജന്യരോഗങ്ങൾ പടർന്നു പിടിക്കാനുള്ള കാരണം ആകും. ഈ പ്രശ്നം യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് വെട്ടുകാട്, വാക്കത്തറ, നെല്ലിക്കൽക്കാട് തുടങ്ങിയ പ്രദേശങ്ങൾ വർഷകാലത്തും വരൾച്ചകാലത്തും വയറിളക്കരോഗങ്ങളും എല്ലാവർഷവും പ്രത്യക്ഷപ്പെടാറുണ്ട്. ശുദ്ധജലത്തിന്റെ അഭാവവും ഭൂരിഭാഗം ജനങ്ങളും തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതും താഴ്ന്ന ജീവിതനിലവാര സാഹചര്യവും ആണ് ഇതിന്റെ പ്രധാന കാരണങ്ങൾ.

പരിഹാരങ്ങളും നിർദ്ദേശങ്ങളും.

ആരോഗ്യരംഗത്തെ കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി കാര്യക്ഷമതയുള്ള സ്ഥാപനമാക്കി മാറ്റുവാൻ വേണ്ടി നിലവിലുള്ള പഞ്ചായത്തീരാജ് സംവിധാനങ്ങൾ എത്രയും വേഗത്തിൽ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. P.H.C യിലെ അടിസ്ഥാന സൗകര്യങ്ങൾ കാര്യക്ഷമമാകുകയും, പുതിയ കെട്ടിടത്തിൽ പ്രസവ ശുശ്രൂഷകൾ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. ജനങ്ങൾക്കിടയിലുള്ള രോഗാതുരതയുടെ ആധിക്യം കണക്കിലെടുത്തുകൊണ്ട് കിടത്തി

ചികിത്സിക്കുവാൻ 25 കിടക്കകളുള്ള ഒരു വാർഡ് പണിയുകയും അതിനനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കുകയും ചെയ്യുക. ആശുപത്രിയിലെത്തുന്ന രോഗികൾക്ക് ആവശ്യത്തിന് മരുന്ന് കൊടുക്കുവാനുള്ള സംവിധാനം ചെയ്യേണ്ടിയിരിക്കുന്നു. സഹകരണാടിസ്ഥാനത്തിലോ പഞ്ചായത്തിന്റെ നേതൃത്വത്തിലോ ആശുപത്രിയോടനുബന്ധിച്ച് ഒരു മരുന്നുഷോപ്പ് തുടങ്ങുകയാണെങ്കിൽ രോഗികൾക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത ഒരു പരിധിവരെയെങ്കിലും കുറയ്ക്കാൻ കഴിയും. പഞ്ചായത്തിലെ വെമ്പല്ലൂർ കുടുംബക്ഷേമകേന്ദ്രവും മഞ്ഞള്ളൂർ കുടുംബക്ഷേമകേന്ദ്രവും താമസയോഗ്യമല്ലാത്ത അവസ്ഥയിലാണ്. മാത്രവുമല്ല അഞ്ച് കുടുംബകേന്ദ്രങ്ങളിൽ ഗർഭിണികളെ പരിശോധിക്കുന്നതിനോ, രോഗപ്രതിരോധകുത്തിവെപ്പ് ക്യാമ്പ് നടത്തുന്നതിനോ, ജീവനക്കാർക്ക് പ്രവർത്തിക്കുന്നതിനോ ഫർണിച്ചറുകൾ എത്തിച്ചുകൊണ്ട് കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് തടയുന്നതിനാധാരമായ ശുദ്ധജലലഭ്യതയും കക്കൂസ് ഉപയോഗത്തിന്റെ എണ്ണവും പഞ്ചായത്ത് തലത്തിൽ പരിശോധിച്ചാൽ സ്ഥിതി ദയനീയമാണ്. 5130 വീടുകളിൽ 1108 വീടുകളിൽ മാത്രമേ കക്കൂസ് ഉപയോഗിക്കുന്നുള്ളു. 30% ജനങ്ങളിൽ മാത്രമേ ശുദ്ധജലവിതരണം ലഭ്യമുള്ളു. ഇത് പരിഹരിക്കുന്നതിന് വേണ്ടി കക്കൂസ് നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക. നിലവിലുള്ള ശുദ്ധജല പദ്ധതി വിപുലീകരിച്ച് ശുദ്ധജലം എല്ലാവരിലും എത്തിക്കുക. ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക. വാർഡ് മെമ്പർ കൺവീനറായി വാർഡ് തല ഹെൽത്ത് കമ്മറ്റി രൂപീകരിച്ച് ആരോഗ്യ പ്രവർത്തനം ജനകീയവൽക്കരിക്കുക. ആശുപത്രി വികസനസമിതി കാര്യക്ഷമമാക്കുക.

പൊതുജനാരോഗ്യരംഗത്ത് ജീവനക്കാർക്ക് ഇടക്കാല പരിശീലനം നൽകി കാര്യക്ഷമത വർദ്ധിപ്പിക്കുക. ഒരു വാർഡിന് ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സും അതനുസരിച്ച് സൂപ്പർവൈസർ തസ്തികകളും സൃഷ്ടിക്കുക. ശുചീകരണ പ്രവർത്തനത്തിന്റെ അഭാവം കൊണ്ടുണ്ടാകാവുന്ന സാംക്രമിക രോഗങ്ങൾ തടയുന്നതിന് പഞ്ചായത്തിന്റെ കീഴിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടറുടെ തസ്തിക സൃഷ്ടിക്കുക വഴി ശുചീകരണ പ്രവർത്തനത്തിന്റെ മേൽ നോട്ടം വഹിക്കുന്നതിനും അതുപോലെ തന്നെ സ്ഥലത്തെ D & O Trade പരിശോധിച്ച് ആരോഗ്യ പരമായ സാഹചര്യം സൃഷ്ടിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. കേരളത്തിന്റെ ഏകീകരിച്ചതും കാലഘട്ടത്തിനനുസരിച്ച് പ്രായോഗികമാക്കാവുന്നതുമായ പൊതുജനാരോഗ്യം (Public Health Act) നിയമം നടപ്പിൽ വരുത്തേണ്ടതാണ്. മാരകരോഗത്തിന്റെ പുരോഗതി മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിന്റെ ആരോഗ്യ ക്ഷമത വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന ഘടകമായ കുടുംബക്ഷേമപ്രവർത്തനങ്ങൾ പഞ്ചായത്തിലൂടെ ജനകീയ വൽക്കരിക്കുക.

സമൂഹത്തിന്റെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും കായിക താരങ്ങളെ വാർത്തെടുക്കുന്നതിനും പഞ്ചായത്തിൽ കായിക പരിശീലനകേന്ദ്രം പ്രാവർത്തികമാക്കേണ്ടതുണ്ട്. പിൻ തലമുറയ്ക്കും വേണ്ട തങ്ങളുടെ യൗവ്വന കാലഘട്ടം ചിലവഴിച്ച സമൂഹത്തിലെ വൃദ്ധ ജനവിഭാഗത്തിന്റെ ക്ഷേമത്തിന് ഒരു വയോജന ആരോഗ്യ കേന്ദ്രം നടപ്പിൽ വരുത്തുക. പാരമ്പര്യ വൈദ്യം പഞ്ചായത്തിൽ ഇല്ലെങ്കിലും ജനങ്ങൾ മറ്റ് പഞ്ചായത്തുകളിൽ നിന്ന് പാരമ്പര്യ വൈദ്യ ചികിത്സാ സമ്പ്രദായങ്ങളെ സ്വീകരിക്കാറുണ്ട്. ഈ സമീപനത്തിന്റെ പിൻ തുടർച്ചയായി പഞ്ചായത്തിലെ സർക്കാർ ആയുർവേദ ആശുപത്രികൾ ഒരു വർഷത്തിൽ ശരാശരി 12000 ത്തോളം രോഗികൾ ചികിത്സ തേടിയെത്തുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ സ്വന്തമായി ഒരു കെട്ടിടവും, വേണ്ട അടിസ്ഥാന സൗകര്യങ്ങളും വേണ്ടത്ര ജീവനക്കാരെയും നിയമിച്ച് വിപുലീകരിക്കണം.

എല്ലാ മാസങ്ങളിലും വാർഡ് തലങ്ങളിൽ ആരോഗ്യബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ച് ശുദ്ധജലത്തിന്റെ പ്രയോജനം, കക്കൂസുകളുടെ പ്രാധാന്യം, പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ നടപടികൾ എന്നീ വിഷയങ്ങളെ ബോധവൽക്കരിക്കുക.

ദാരിദ്രരേഖയിൽ താഴെയുള്ളവർക്ക് കക്കൂസ് നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുക. ക്ഷയരോഗ നിർമ്മാർജ്ജനത്തിന് T.B. Unit ഉം നിലവിലുള്ള കുഷ്ഠരോഗ നിവാരണ യൂണിറ്റ് വിപുലീകരിക്കുക.

ബോധവൽക്കരണ ക്ലാസുകളിലൂടെ പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ മദ്യപാനം എന്നിവ മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുക. രക്തദാനം, നേത്രദാനം എന്നിവയുടെ പ്രാധാന്യവും മഹത്വവും ജനങ്ങളിലെത്തിക്കുകയും ജില്ലാനേത്ര ബാങ്കുമായി ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

സമ്പൂർണ്ണ ആരോഗ്യസാക്ഷാത്കാരം
പരമാർത്ഥമാക്കുവാൻ നാമെല്ലാം
ജനകീയ ആസൂത്രണത്തിൻ ഭാഗഭാക്കാകുക.

കുടിവെള്ളം

ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിത ഘടകങ്ങളിൽ പ്രധാനമാണ് ശുദ്ധജലം. ഇന്ന് കാണുന്ന പകർച്ചവ്യാധികളിൽ ഭൂരിഭാഗവും ജലജന്യരോഗങ്ങളാണ്. ഇതിൽ നിന്നും കുടിവെള്ളം സമൂഹത്തിന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട് കിടക്കുന്നതിന്റെ പ്രാധാന്യം ഊഹിക്കാവുന്നതേയുള്ളൂ.

പഞ്ചായത്തിലെ സ്ഥിതി പരിശോധിച്ചാൽ 80% ജനങ്ങളും കിണർ ജലത്തെ ആശ്രയിക്കുന്നു. 5130 ഓളം വീടുകളുള്ളതിൽ 47 കുഴൽകിണർ 175 പൊതുകിണർ ഉൾപ്പടെ 1530 കിണറുകളാണുള്ളത്. ഇതിൽ തന്നെ ഭൂരിഭാഗം കിണറുകളും വേനൽകാലങ്ങളിൽ വരണ്ടുപോകുന്ന അവസ്ഥയും ഉണ്ട്. കേരള വാട്ടർ അതോറിട്ടിയുടെ അധീനതയിലുള്ള 1-ാം വില്ലേജിൽ വിളയനൂരിലും 2-ാം വില്ലേജിൽ കോട്ടമലയിലും സ്ഥാപിച്ചിട്ടുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ നിന്ന് 170 പൊതു ടാപ്പുകളും സ്വകാര്യകണക്ഷനുകളും ആണ് ഈ പഞ്ചായത്തിലെ 30,000 ത്തോളം വരുന്ന ജനങ്ങളുടെ ശുദ്ധജല ലഭ്യതയ്ക്കുള്ള ആശ്രയം. പഞ്ചായത്തിലെ കിണറുകളുടെ ജലക്ഷമത പരിശോധിക്കുയാണെങ്കിൽ 60% ത്തോളം കിണറുകളും വേനൽക്കാലത്ത് വരണ്ടുപോകുന്ന അവസ്ഥയും നിലനിൽക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ കിലോമീറ്ററുകളോളം നടന്ന് കുടിവെള്ളം ശേഖരിക്കേണ്ട സാഹചര്യം ആണ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകാറുണ്ട്. നിലവിലുള്ള പൊതുകിണറുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ എടുക്കാത്തതിനാൽ ഉപയോഗശൂന്യമായിത്തീർന്നിട്ടുണ്ട്. നിലവിലുള്ള ജലശ്രോതസ്സുകൾ (പൊതുകുളങ്ങൾ) മറ്റാവശ്യങ്ങൾക്കായി നികത്തുന്നതുമൂലം പഞ്ചായത്തിലെ ജലസ്രോതസ്സുകളിലെ ജലലഭ്യത വർഷം തോറും കുറഞ്ഞുവരുന്നതായി കാണാൻ കഴിയും. ഇതിന്റെ ഫലമായി വരണ്ടുപോകുന്ന കിണറുകളിടെ എണ്ണവും വർഷം തോറും കൂടിവരുന്നു.

1-ാം വില്ലേജിലുള്ള ശുദ്ധജലവിതരണപദ്ധതി വിലയിരുത്തിയാൽ കാലപ്പഴക്കം കൊണ്ടും അറ്റകുറ്റപണികൾ എടുക്കാത്തതിനാലും കുടിവെള്ളം പാഴായി പോകുന്ന സാഹചര്യങ്ങളിൽ നിലനിൽക്കുന്നു. മാത്രവുമല്ല ടാങ്കിന്റെ സംഭരണശേഷി വളരെ പരിമിതമാകയാൽ 1-ാം വില്ലേജിന്റെ കുറച്ചുഭാഗങ്ങളിൽ മാത്രമേ പൈപ്പ് ലൈൻ വഴി കുടിവെള്ളം ജനങ്ങളിൽ എത്തിക്കാൻ കഴിയുന്നുള്ളൂ.

2-ാം വില്ലേജിലെ കോട്ടമലയിലെ ശുദ്ധജല വിതരണ പദ്ധതിയിൽ നാലു വാർഡുകളിൽ ഭാഗികമായി ഒതുങ്ങി നിൽക്കുന്നു. ശുദ്ധജല വിതരണം തീരെ ഇല്ലാത്ത വാർഡുകളും വില്ലേജിൽ ഉണ്ട്.

മാത്രവുമല്ല അറ്റുകുറ്റപണികൾ എടുക്കാത്തതുമൂലം ശുദ്ധജലം പാഴായിപോകുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നു.

പഞ്ചായത്തിലെ കുഴൽ കിണറുകളുടെ സ്ഥിതി പരിശോധിക്കുയാണെങ്കിൽ 47 ഓളം കുഴൽ കിണറുകളാണ് കുടിവെള്ളത്തിനായി നിർമ്മിച്ചിട്ടുള്ളത്. ഇതിൽ ചില കുഴൽ കിണറുകളിലെ രുചി വ്യത്യാസം മൂലം കുടിവെള്ളമായി ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയും ഉണ്ട്. ചില കുഴൽ കിണറുകൾ ഭാഗികമായി നശിച്ചിരിക്കുന്നതിനാൽ പ്രവർത്തനയോഗ്യമല്ലാത്ത അവസ്ഥയും ഉണ്ട്. പഞ്ചായത്തിലെ പിന്നോക്ക സ്ഥലമായ വെട്ടുകാട്, നെല്ലിക്കൽകാട്, വാക്കത്തറ പോലുള്ള പ്രദേശങ്ങൾ ശുദ്ധജല ലഭ്യതയുടെ അഭാവത്താൽ നിരന്തരം വയറിളക്കരോഗങ്ങളും ജലജന്യരോഗങ്ങളും ഉണ്ടാകാറുണ്ട്.

ഇത്രയൊക്കെ സംവിധാനങ്ങൾ ഉണ്ടായിട്ടും 30,000 ത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഏകദേശം 30% ത്തോളം ജനതക്ക് മാത്രമേ ശുദ്ധജലം ലഭ്യമാകുന്നുള്ളു. ഇത്തരം സാഹചര്യങ്ങൾ നിലനിൽക്കുന്ന ഈ പഞ്ചായത്തിലെ ശുദ്ധജല പ്രശ്നം യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കേണ്ടിയിരിക്കുന്നു.

പട്ടിക - 1

കിണറുകൾ

പൊതുകിണർ		സ്വകാര്യ കിണർ		കുഴൽ കിണർ	മൊത്തം കിണറുകൾ
വെള്ളമുള്ളത്	വെള്ളമില്ലാത്തത്	വെള്ളമുള്ളത്	വെള്ളമില്ലാത്തത്		
7	10	325	218	250	820

പട്ടിക . 2 K.W.A പദ്ധതി

വിളയംചാത്തനൂർ പദ്ധതി	കോട്ടമല പദ്ധതി	മൊത്തം ടാപ്പുകൾ	സ്വകാര്യ കണക്ഷൻ
87	83	170	293

കിടിവെള്ളക്ഷാമബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

വാർഡ്	പ്രശ്ന മേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1.	തിരുവക്കാട് കൊരങ്ങോട് നെടുങ്ങിലം കാട്	നിരുവക്കാട് പൊതുകിണർ കുഴിക്കുക, അഞ്ചത്താണിയിൽ നിന്ന് കൊരങ്ങോട്, നെടുങ്ങിലം കാട് ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുക.
2.	മത്തൂരംപറമ്പ്, വടക്കേത്തറ, വാക്കത്തറ, പഴതറ, തെക്കേതറ	തെക്കേത്തറയിൽ നിന്ന് രക്കൂരം പറമ്പിലേക്കും പഴതറയിൽ നിന്ന് വടക്കേത്തറയിലേക്കും പൈപ്പ് ലൈൻ നീട്ടുക. വാക്കത്തറ പഴതറ എന്നീ സ്ഥലങ്ങളിൽ പൊതുകിണർ കുഴിക്കുക.
3.	ഇലമന്ദം, മാനാകുളമ്പ്, വാക്കത്തറ, പാണ്ടിയോട്.	മാഹാളികുടത്തുനിന്നും പൈപ്പ് ലൈൻ മാനാം കുളമ്പ്, ഇലമന്നം, പോത്തുകാട്, വാണിയം പറമ്പ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുകയും ജലക്ഷാമമുള്ള മേട്ടുക്കാട്, പാണ്ടിയോട്, ചെറു തുപ്പല്ലൂർ, അങ്ങോട്, മാനാംകുളമ്പ്, ആണ്ടിത്തറ, വാപ്പളം എന്നീ ഭാഗങ്ങളിൽ ഓപ്പൺ വെല്ലുകൾ കുഴിക്കുക.
4.	തുപ്പാരകുളം ഹരിജൻ കോളനി അഞ്ചത്താണി കല്ലംകാട്, പുഞ്ചക്കോട്, മണിയൻകോട്, വടുകത്തറ.	
5.	കിഴക്കേ മേലേപൂറ ആണ്ടിത്തറ	കിഴക്കേത്തറ, ചേലേപ്പുര എന്നീ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ എത്തിക്കുക. ആണ്ടിത്തറയിൽ പൊതുകിണർ കുഴിക്കുക.
6.	കന്നിയോട്, കുന്നേക്കാട്, പൂളക്കാട്, ആക്കലക്കാട്, അഗർപ്പൻകാട്, തുമ്പാരത്തറ, പാട്ടാളിക്കളം	നിലവിലുള്ള ശുദ്ധജല പദ്ധതിയിൽ നിന്നും കന്നിയോട്, പൂളക്കാട്, ആക്കലക്കാട് അഗർത്തൻ കാട്, തുമ്പാരത്തറ, പാട്ടാളികളം എന്നീ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ എത്തിക്കുക. കുന്നേക്കാട് ഒരു കുഴൽ കിണർ സ്ഥാപിക്കുക. തുമ്പാരത്തറയിലുള്ള കാറ്റാടി യന്ത്രത്തിന് ടാങ്ക് കെട്ടി ജലവിതരണം നടത്തുക.
7.	നായാടികോളനി, മുരിങ്ങമല, തെക്കുപുറം, ചെരുപ്പെട്ടാംപാറ.	ഈ ഭാഹങ്ങളിൽ ആവശ്യമായ പൈപ്പ്ലൈൻ സ്ഥാപിക്കുക.
8.	വെമ്പല്ലൂർ	പുതുതായി ശുദ്ധജല പദ്ധതി നിർമ്മിച്ച് ജലവിതരണം നടത്തുക.

9.	കുണ്ടുകാട്, കോട്ടമല ഹരിജൻ കോളനി, ആനകുറ്റിപ്പാറ, കുളത്തിൻകര, കല്ലൻകാട്, വിളയന്നൂർത്തറ, കുരുവഴികുളമ്പ് കളപ്പാറ, ഇടപ്പറമ്പ്, കോട്ടപ്പള്ളം, കുണ്ടുകാട് കുത്തനാണ്ടിത്തറ, പനയംചിറ, മഞ്ഞളൂർത്തറ, പുഞ്ചക്കോട്, തില്ലൻകാട് കോഴിപറ്റം	കോട്ടമല ഹരിജൻ കോളനി, കുണ്ടുകാട്, ആനകുറ്റിപ്പാറ എന്നീ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുക. കുളത്തിൻകര, കല്ലുംകാട്, വിളയന്നൂര കുരിവഴികുളമ്പ് , കളപ്പാറ, ഈപ്പറമ്പ്, കോട്ടപ്പള്ളം, കുന്നുകാട് കുത്തനാണ്ടിത്തറ പനയംചിറ, മഞ്ഞളൂർത്തറ, തില്ലൻകാട് കോഴിപ്പറം എന്നീ പ്രദേശങ്ങളിൽ പൊതുകിണർ കുഴിക്കുക.
10.	പ്ലാക്കൽ പഴയവീട്, കിഴക്കേത്തറ, പടിഞ്ഞാറെത്തറ,	
11.	കോട്ടടി, ചിമ്പചാല	

കുടിവെള്ളക്ഷാമവുമായി ബന്ധപ്പെട്ടുകൊണ്ട് ഗ്രാമസഭകളിൽ നിന്നും വന്ന പ്രശ്നങ്ങളും പ്രശ്നപരിഹാരങ്ങളും താഴെ ചേർക്കുന്നു.

വാർഡ്. 1

അഞ്ചേത്താണിവരെ നിലവിലുള്ള പൈപ്പ് ലൈൻ കുരങ്ങോട് വഴി നെടുങ്ങരം കാട്, കുരുവായിത്തറ എന്നീ പ്രദേശങ്ങളിലേക്ക് നീട്ടുക. വാണിയം പറമ്പ് പഴത്തറ എന്നീ ഭാഗത്തുള്ള പഞ്ചായത്ത് കിണർ കേടുപാടുകൾ തീർത്ത് ഉപയോഗപ്രദമാക്കുക. നെടുങ്ങിലം കാട് തിരുവക്കാട് എന്നീ പ്രദേശങ്ങളിൽ പൊതു കിണർ കുഴിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതാണ്. വേനൽക്കാലങ്ങളിൽ. വാണിയം പറമ്പിലുള്ള പഞ്ചായത്ത് കിണർ വരണ്ടു പോകുന്നതിനാൽ ഒരു കുഴൽകിണർ അത്യാവശ്യമാണ്.

വാർഡ്. 2

തെക്കേത്തറയിൽ നിന്ന് രക്കുരം പറമ്പ് ഭാഗത്തേക്കും പഴത്തറയിൽ നിന്ന് വടക്കേത്തറ ഭാഗത്തേക്കും തെക്കേത്തറയിൽ നിന്ന് വടക്കോട്ട് പോകുന്ന റോഡിലേക്കും പൈപ്പ് ലൈൻ നീട്ടണം. അമ്പലനടയിൽ പൊതുടാപ്പ് സ്ഥാപിക്കണം. ടാപ്പുകൾ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതുകാരണം ശുദ്ധജലം പാഴായി പോകുന്നത് തടയാൻ അവ കേടുപാടു തീർക്കേണ്ടതുണ്ട്. തെക്കേത്തറ, പഴത്തറ, രക്കുറംപറമ്പ്, ലക്ഷം വീട് എനിവിടങ്ങളിലെ നിലവിലുള്ള പഞ്ചായത്ത് കിണർ കേടുപാടുകൾ തീർത്ത് ഉപയോഗപ്രദമാക്കേണ്ടതാണ്. രക്കുറംപറമ്പ് പാക്കത്തറ, പഴത്തറ, വടക്കേത്തറ, എന്നീ പ്രദേശങ്ങളിൽ പൊതു കിണർ കുഴിക്കേണ്ടതുണ്ട്. വാർഡിന്റെ മിക്കപ്രദേശങ്ങളും വേനൽക്കാലങ്ങളിൽ കുടുവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കുഴൽകിണർ സ്ഥാപിക്കേണ്ടതുണ്ട്.

വാർഡ്. 3

A.J.B സ്ക്കൂളിലും എലമന്നം അംഗനവാടികളിലും കുടിവെള്ളക്ഷാമം പരിഹരിക്കുക. വാർഡിന്റെ എല്ലാ ഭാഗങ്ങളിലും വേനൽക്കാലങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുഴൽകിണറുകൾ സ്ഥാപിക്കുക. പൈപ് ലൈൻ ഇത്താത്ത ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുളങ്ങളുള്ള ഈ വാർഡിൽ കുളങ്ങളെ സംരക്ഷിച്ച് ജലസ്രോതസ്സുകളുടെ ക്ഷമത വർദ്ധിപ്പിക്കുക.

വാർഡ് . 4

1-ാം വില്ലേജിലുള്ള ശുദ്ധജലവിതരണ പദ്ധതി കാര്യക്ഷമമാക്കി വിതരണം വിപുലീകരിക്കുക. കല്ലംകാട്, പുഞ്ചക്കോട് മണിയംകോട് എന്നീ ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുഴൽകിണറുകൾ കുഴിക്കുക. തുപ്പാരിക്കുളം ഹരിജൻ കോളനിയിൽ കുടിവെള്ളക്ഷാമ പരിഹാരത്തിന് കുഴൽകിണർ സ്ഥാപിക്കുക. വാർഡിലെ ഉപയോഗശൂന്യമായ കിണറുകളും കുളങ്ങളും കേടുപാടുകൾ തീർത്ത് ഉപയോഗപ്രദമാക്കുക.

വാർഡ്. 5

കിഴക്കേത്തറ, മേലേപ്പുര, എന്നീ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എത്തിക്കുകയും പൊതുടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക. കാലാകാലങ്ങളിൽ പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണി എടുത്ത് ശുദ്ധജലം പാഴായി പോകുന്നത് തടയുക. ആണ്ടിത്തറയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക. വേനൽകാലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.

വാർഡ്. 6

വാർഡിന്റെ ഭൂരിഭാഗം പ്രദേശങ്ങളും രൂക്ഷമായ കുടിവെള്ളക്ഷാമം വേനൽക്കാലങ്ങളിൽ ഉണ്ടാകാറുണ്ട്. കന്നിയേടത് പുളക്കാട് , പൂതുക്കാട് ആക്കാലക്കാട് അകർപ്പൻകാട്, തുമ്പാരത്തര, പാട്ടാളിക്കളം എന്നീ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ വഴി ശുദ്ധജലവിതരണം നടത്തുക. തുമ്പാരത്തറയിൽ അനർട്ടിന്റെ സഹായത്തോടെ പ്രവർക്കുന്ന കാറ്റാടിയന്ത്രത്തിന്റെ പ്രയോജനം ടാങ്ക് കെട്ടി വിപുലീകരിക്കുക. നിലവിലുള്ള പഞ്ചായത്ത് കിണറുകൾ ഭൂരിഭാഗവും ഉപയോഗശൂന്യമായിരിക്കുകയാണ്. ഇവ നേരെയാക്കി കുടിവെള്ളത്തിന് ഉപയോഗപ്രദമാക്കുക. വേനൽക്കാലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടാകുന്ന കുന്നേക്കാട് പോലുള്ള പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.

വാർഡ്. 7

ഭൂരിഭാഗം പ്രദേശങ്ങളും വേനൽക്കാലങ്ങളിൽ രൂക്ഷമായ കുടിവെള്ളപ്രശ്നം അനുഭവപ്പെടുന്നുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക. വാർഡിലെ സ്ക്കൂളിൽ കുടിവെള്ളം ഏർപ്പെടുത്തുക. കുടുംബക്ഷേമകേന്ദ്രത്തിലെ കുഴൽ കിണർ നേരെയാക്കി ഉപയോഗപ്രദമാക്കുക. വാർഡിലെ പൊതുകിണറുകൾ അറ്റകുറ്റപ്പണികൾ എടുത്ത് കുടിവെള്ളത്തിന് അനുയോജ്യമാക്കിത്തീർക്കുക. ജലവിതരണം എത്താത്തപ്രദേശങ്ങളിൽ പൈപ്പ് ലൈനുകൾ നീട്ടിപ്രശ്നം പരിഹരിക്കുക.

വാർഡ്. 8

വാർഡിലെ നിലവിലുള്ള പൊതുകിണറുകളിൽ മിക്കതും അറ്റകുറ്റപ്പണികൾ എടുക്കാതെ ഉപയോഗപ്രദമായി കിടക്കുകയാണ്. ഇവ ശരിയാക്കി ഉപയോഗപ്രദമാക്കിമാറ്റുക. വെമ്പല്ലൂർഭാഗത്ത് ടാങ്ക് കെട്ടി ജലവിതരണം നടത്തിപ്പാൻ നടപടി സ്വീകരിച്ചിരിക്കുന്നു. എന്നാൽ നിലവിൽ വന്നില്ല. ഈ പദ്ധതി നടപ്പിൽ വരുത്തി. കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. വേനൽക്കാലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ്. 9

കോട്ടമല ജലവിതരണപദ്ധതിയിൽ നിന്നും കോട്ടമല ഹരിജൻ കോളനി വഴി ഇടപറമ്പ് കുന്നുകാട് ആനക്കുറ്റിപ്പാറ എന്നീ ഭാഗങ്ങളിലേക്ക് ശുദ്ധജലവിതരണം നടത്തുക. കുളത്തിൻക്കര, കല്ലൻകാട് വിളയന്നൂർത്തറ, കുരുവാഴിക്കുളംമ്പ്, ആനകുത്തിപ്പാറ,കളപ്പാറ, പനയംചിറ, മഞ്ഞളൂർത്തറ, തില്ലൻകാട് കോഴിപ്പറ്റ, എന്നീ പ്രദേശങ്ങളിൽ പൊതുകിണർ സ്ഥാപിക്കും.

വാർഡ്. 10

2-ാം വില്ലേജിലെ ശുദ്ധജല പദ്ധതിയുടെ ജലസ്രോതസ്സിന്റെ ക്ഷമത താരതമ്യേന കുറവാണ്. ഇത് അടിയന്തിരമായി പരിഹരിച്ച് ജലവിതരണം എല്ലാഭാഗത്തേക്കും എത്തിക്കണം. കാലകാലങ്ങളിൽ പൈപ്പ് ലൈനുകളുടെ അറ്റുകുറ്റപ്പണി ഇടുത്ത് ജലം പാഴായി പോകുന്നത് നേരെയാക്കി ഉപയോഗപ്രദം ആക്കണം. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുഴൽകിണർ സ്ഥാപിക്കുക.

വാർഡ് .11

ശുദ്ധജലവിതരണം തീരെ എത്താത്ത വാർഡ് ആണിത്. കുഴിയും കുളങ്ങളും മാത്രമാണ്. പകുതിയിലേറെ ജനതക്കും കുടിവെള്ളത്തിന് ആശ്രയം ഈ വാർഡിന്റെ പ്രത്യേകത പരിഗണിച്ച് സുദ്ധജലവിതരണം അടിയന്തിരമായി പ്രാവർത്തികമാക്കണം. അനുയോജ്യമായ ഭാഗങ്ങളിലെല്ലാം പൊതുകിണർസ്ഥാപിക്കുകയും രൂക്ഷമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുകയും വേണം. കുളങ്ങളും കുഴികളും സംരക്ഷിച്ച് ജലസ്രോതസ്സുകളുടെ ജലക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്.

കുടുവെള്ള ആവശ്യമായ സ്ഥലങ്ങൾ:- കോട്ടടി നെല്ലിക്കൻക്കാട് നാലുസെന്റ് കോളനി, ചിമ്പച്ചാല, കുന്നുംപുറം ചേരിങ്ങൽക്കുഴി വെട്ടുകാട്.

പരിഹാര നിർദ്ദേശങ്ങൾ

വിളയംചാത്തന്നൂരിൽ നിലവിലുള്ള ശുദ്ധജല പദ്ധതിയുടെ ടാങ്കിന്റെ ശേഖരണശേഷി വർദ്ധിപ്പിച്ചുകൊണ്ട് 1-ാം വില്ലേജിൽ എല്ലാഭാഗത്തേക്കും പൈപ്പ് ലൈൻ എത്തിക്കുകയും പൊതുടാപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടും കേടുപാടുകൾ സംഭവിച്ച ടാപ്പുകളും പൈപ്പുകളും പുതുക്കിപണിത് ശുദ്ധജലം പാഴായി പോകുന്ന അവസ്ഥ ഇല്ലാതാക്കിയും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

കോട്ടമല ശുദ്ധജലവിതരണ പദ്ധതി വിപുലീകരിച്ച് 2-ാം വില്ലേജിലെ എല്ലാഭാത്തേയും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ശുദ്ധജലവിതരണ പദ്ധതി തീരെ എത്തിയിട്ടില്ലാത്ത മേഖലകളിൽ കിണറുകളും കുഴൽകിണറുകളും സ്ഥാപിച്ച കുടിവെള്ളപ്രശ്നം പരിഹരിക്കാവുന്നതാണ് വേനൽക്കാലങ്ങളിൽ ജലസ്രോതസ്സുകൾ വരണ്ടുപോകുന്ന പ്രദേശങ്ങൾ കുഴൽ കിണറുകൾ സ്ഥാപിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണ്.

പഞ്ചായത്തിലെ പൊതുകുളങ്ങളും കിണറുകളും സംരക്ഷിക്കുകയും തോടുകളിലും കൈച്ചാലുകളിലും ചെക്ക് ഡാമുകൾ നിർമ്മിച്ചും ജലം ഒഴുകി പാഴായി പോകുന്നത് തടഞ്ഞുനിർത്തിയും പഞ്ചായത്തിലെ ജലസ്രോതസ്സുകളും ജലക്ഷമത വർദ്ധിപ്പിച്ച് വേനൽക്കാലങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. 5-ാം വാർഡിൽ സ്ഥിതിചെയ്യുന്ന Anert ന്റെ

സഹായത്തോടെ പ്രവർത്തിക്കുന്നതുമായ കാറ്റാടയന്ത്രം ഉപയോഗിച്ചുകൊണ്ടുള്ള ജലവിതരണപദ്ധതി മാതൃകയാക്കി പഞ്ചായത്തിന്റെ അനുയോജ്യദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തി കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ് ജലജന്യരോഗങ്ങൾ മൂലം പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യപ്രശ്ന പരിഹാരത്തിനായി സമയാസമയങ്ങളിൽ ശുദ്ധജല വിതരണസ്രോതസ്സുകളും കിണറുകളും ക്ലോറിനേഷൻ നടത്തുന്നതിനായി പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

സാധ്യകൾ

അലോപ്പതി ചികിത്സാരംഗത്ത് മെച്ചപ്പെട്ട പ്രവർത്തനം കൈവരിക്കാൻ ശ്രമിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനം വേണ്ട രീതിയിൽ നടക്കുന്നില്ല എന്നു കാണാം. പോളിയോ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശുശുമരണ നിരക്ക് കുറയ്ക്കുവാനുള്ള സംവിധാനങ്ങൾ കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കോളറ പോലെയുള്ള പകർച്ച വ്യാധികൾ തടയുക തുടങ്ങി ആതുര ശുശ്രൂഷാരംഗ നിരവധി നേരിടുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരാണ്. അതുകൊണ്ടുതന്നെ ആധുനിക ചികിത്സാ സൗകര്യങ്ങൾക്ക് കൂടുതൽ ചിലവ് വഹിക്കേണ്ടവരുന്നു. പഞ്ചായത്തിനു വെളിയിൽ സ്വകാര്യ ആശുപത്രികളെ കൂടുതലായി ആശ്രയിക്കേണ്ടവരുന്നു. ആയുർവ്വേദ ചികിത്സാരംഗം കാര്യക്ഷമമാക്കുവാൻ കഴിഞ്ഞിട്ടില്ല. സർക്കാർ അധീനതയിൽ ഒരു ആയുർവ്വേദ കേന്ദ്രമാണുള്ളത്. ഈ ആയുർവ്വേദ കേന്ദ്രത്തിന് അടിസ്ഥാനപരമായ സൗകര്യങ്ങളില്ലാത്തതും മരുന്നുകളുടെ ദൗർബല്യവും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ് ഗ്രാമസഭയിൽ ഉയർന്നു വന്ന മറ്റു നിർദ്ദേശങ്ങളും സാധ്യതകളും.

അലോപ്പതിരംഗത്ത് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആരോഗ്യപ്രവർത്തകർ കൂടുതൽ പ്രതിബദ്ധത കാണിക്കേണ്ടതുണ്ട്.

ആശുപത്രികളുടെയും, സബ്ബ് സെൻററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

പകർച്ചവ്യാധികൾ തടയുക, രോഗാതുരത കുറയ്ക്കുക തുടങ്ങി വിവിധ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

ആയുർവേദരംഗത്ത് ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുകയും കരിംതുളസി, കുറുന്തോട്ടി, കീഴാർനെല്ലി, ആടലോടകം മുതലങ്ങിനിങ്ങ് തുടങ്ങി ഔഷധ സസ്യങ്ങൾ കണ്ടെത്തുകയും അവ പഞ്ചായത്തടിസ്ഥാനത്തിൽ ശേഖരിച്ചുകൊണ്ട് ഔഷധ നിർമ്മാണത്തിന് ഉപയുക്തമാക്കണം.

"ആരോഗ്യമുള്ള ശരീരത്തിലേ -
ആരോഗ്യമുള്ള മനസ്സുണ്ടാകൂ"

5-5
വ്യവസായം

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത്. അതുകൊണ്ടു തന്നെ വ്യാവസായികമായി ഉല്പാദന രംഗത്ത് ഇതുവരെയ്ക്കും നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിനും തൊഴിലില്ലായ്മയുടെ രൂക്ഷത കുറയ്ക്കുന്ന രീതിയിലുള്ളതുമായ വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പിന്റെയും പരിസ്ഥിതിക്ക് അനുയോജ്യവും ആയ വ്യവസായ സ്ഥാപനങ്ങളായിരിക്കും അഭികാമ്യം.

തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്തിലെ വ്യവസായം എന്ന അർത്ഥത്തിൽ നിലനിൽക്കുന്നത് ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം എന്നിവയാണ്. ചെറുകിട വ്യവസായ രംഗത്ത് അരിമില്ലുകൾ അറക്കമില്ലുകൾ, ചെറുകിട എഞ്ചിനീയറിംഗ് യൂണിറ്റുകൾ, കരിങ്കല്ല് അല്ലിയാക്കുന്ന ക്രഷർയൂണിറ്റ് എന്നിവയാണ്.

പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനപ്പെട്ടവ മരപ്പണി സ്വർണ്ണപ്പണി, ഇരുമ്പുപണി, മുളപ്പണി ഓട്ടുപാത്രനിർമ്മാണം, കളിമൺ പാത്രനിർമ്മാണം പപ്പടനിർമ്മാണം എന്നിവയാണ് ഇവയെല്ലാം തന്നെ കുടിൽ വ്യവസായങ്ങളാണ്.

നമ്മുടെ പഞ്ചായത്തിലെ ചെറുകിട വ്യവസായത്തെ സംബന്ധിച്ച വിവരം പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക -1

1.	അരിമിൽ	13
2.	അറക്കമിൽ	7
3.	ഇഷ്ടിക നിർമ്മാണം	2
4.	ഓട്ടു കമ്പനി	2
5.	എണ്ണ ആട്ടൽ	1
6.	എഞ്ചിനീയറിംഗ് യൂണിറ്റ്	5
7.	ക്രഷർ	1

പരമ്പരാഗത വ്യവസായ രംഗത്തെ തൊഴിലാളികൾ അസംഘടിതമാണ്. പഞ്ചായത്തിലെ വ്യാവസായികരംഗത്തെ പ്രശ്നങ്ങൾ നിരവധിയാണ്.

പ്രശ്നങ്ങൾ

വ്യാവസായിക രംഗത്തെ പ്രശ്നങ്ങൾ നിരവധിയാണ്. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. എന്നുപറയാം. ഈ പഞ്ചായത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് ഇത് ഒരു കാരണമാണ് എന്ന് പറയാം.

ആലത്തൂർ താലൂക്ക് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ കണക്കനുസരിച്ച് 1992-97 കാലഘട്ടത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

ഗവൺമെന്റ് തലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

പദ്ധതികൾ	പരിഗണിക്കപ്പെട്ടവ		പാസ്സായ ലോണുകൾ		ബാലൻസ്	
	നമ്പർ	തുക	നമ്പർ	തുക	നമ്പർ	തുക
പട്ടികജാതി വികസന ലോൺ	6	93891.00	3	23891.00	3	70000.00
ആർ.എ.പി. സബ്സിഡി	1	2,025.00	1	2025.00	Nil	
ടൂൾകിറ്റ്	22	11000.00	22	11000.00	Nil	

ബാങ്കിലൂടെ നടപ്പിലാക്കിയ ഡിപ്പാർട്ട്മെന്റ് ലോണുകൾ

പദ്ധതികൾ	പരിഗണിക്കപ്പെട്ടവ		പാസ്സായ ലോണുകൾ		ബാലൻഡ്	
	നമ്പർ	തുക	നമ്പർ	തുക	നമ്പർ	തുക
SEEVY						
കനറാ ബാങ്ക്	7	70000	3	25000		
നെടുങ്ങാടി ബാങ്ക്	4	50000	4	33000		
PMRY						
കനറാബാങ്ക്	19	630000	15	441539		
നെടുങ്ങാടി ബാങ്ക്	7	180000	5	66750		
കോപോസിറ്റ് ലോൺസ്						
a. കനറാബാങ്ക്	1	50000	1	50000		
b. നെടുങ്ങാടി ബാങ്ക്	3	128000	3	128000		

വൻകിട വ്യവസായം - ഫാക്ടറി

വൻകിട വ്യവസായ രംഗത്ത് K.R. അലോയ്സ് എന്ന ഫാക്ടറി തില്ലങ്കാട്ടിൽ ഈ അടുത്തകാലത്ത് നിലവിൽ വന്നു. എന്നാൽ പരിസ്ഥിതി. മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാനപത്തിനെതിരെ ആ പ്രദേശത്തെ ജനങ്ങളും പഞ്ചായത്ത് ഭരണ സമിതിയും പ്രക്ഷോദരംഗത്താണ്.

പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും, കാലാവസ്ഥയും അടിസ്ഥാനപ്പെടുത്തുമ്പോൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ പഞ്ചായത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്ന കാർഷിക അനുബന്ധ വ്യവസായങ്ങൾ തുടങ്ങുന്നതായിരിക്കും അഭികാമ്യം.

വ്യവസായികരംഗത്ത് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു.

പ്രശ്നങ്ങൾ

1. ചെറുകിട വ്യവസായ രംഗം പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രോത്സാഹനം കിട്ടാറില്ല.
2. ചെറുകിട - പരമ്പരാഗത വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം.
3. ഉല്പന്നങ്ങൾക്ക് ആവശ്യമായ ഡിമാൻറില്ലാത്തതും, മതിയായ വില ലഭിക്കായ്കയും.
4. പുതിയ വ്യവസായങ്ങൾക്ക് വേണ്ട ബാങ്ക് ലോൺ കിട്ടുന്നില്ല.
5. തൊഴിൽ യൂണിറ്റുകൾക്ക് യഥാസമയം വൈദ്യുതി ലഭിക്കുന്നില്ല.
6. തൊഴിൽ സംരഭകർക്ക് വേണ്ട സാങ്കേതിക വൈദഗ്ദ്യത്തിന് ആവശ്യമായ സംവിധാനമില്ല.
7. ചെറുകിട - പരമ്പരാഗത - കുടിൽ വ്യവസായ ഉല്പന്നങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനമോ പ്രചരണമോ ലഭിക്കുന്നില്ല.
8. പരിസ്ഥിതി - മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വ്യവസായ ശാലകൾ.

സാധ്യതകൾ നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ വിവിധ മേഖലകളിൽ വ്യവസായ സംരംഭങ്ങൾക്ക് വളരെയധികം സാധ്യതകളുണ്ട്. പഞ്ചായത്തിന്റെ വ്യാവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിൽ വിവിധ മേഖലകളിൽ നടപ്പിലാക്കുവാൻ കഴിയുന്ന വിവിധ വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

നമ്പർ	ഇനം
1.	ആധുനികരീതിയിലുള്ള അരിമില്ലുകൾ
2.	കൊപ്ര - ആട്ടുമിൽ
3.	ശാസ്ത്രീയമായ കോഴി വളർത്തൽ
4.	ആധുനിക രീതിയിലുള്ള ആയുർവേദ മരുന്നിനിർമ്മാണം.
5.	പഴം സംസ്കരണശാലകൾ
6.	പാലുല്പന്ന കേന്ദ്രങ്ങൾ
7.	മരം ഫർണിച്ചർ

8.	സ്ക്കൂൾ ബാഗ്
9.	ക്ലീനിംഗ് പൗഡർ
10.	ഓട്ടോ ഇലക്ട്രിക് ഷോപ്പ്
11.	ഇലക്ട്രിക്കൽ ജനറൽ വർക്ക് ഷോപ്പ്
12.	ജനറൽ എഞ്ചിനീയറിംഗ്
13.	ഇരുചക്ര വാഹനങ്ങളുടെ വർക്ക്ഷോപ്പ്
14.	ഇലക്ട്രോണിക്ക് ചോക്ക് നിർമ്മാണം.
15.	വോൾട്ടേജ് കൂട്ടാൻ സ്റ്റെപ്പ് അപ്പ് നിർമ്മാണം.
16.	ഉന്നത നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ.
17.	അലക്ക് സോപ്പ് നിർമ്മാണം.
18.	സോപ്പ് പൊടി നിർമ്മാണം.
19.	പേപ്പർ കവർ നിർമ്മാണം.
20.	പാക്കേജിംഗ് ഇൻഡസ്ട്രി
21.	കുട, നോട്ട് ബുക്ക് നിർമ്മാണം.
22.	തീപ്പെട്ടി നിർമ്മാണം.
23.	ഹവായ് ചെരുപ്പ്
24.	കറി പൗഡർ
25.	കരിങ്കല്ല് ക്രഷർ യൂണിറ്റുകൾ
26.	സിമൻറ് കൊണ്ട് ജനാല, വാതിൽ, കട്ടിൽ തുടങ്ങിയവ.
27.	ഇഷ്ടിക നിർമ്മാണം.
28.	കൂൺ കൃഷി
29.	സിമന്റ് ഇഷ്ടിക നിർമ്മാണം.
30.	പെയിന്റ്.

പട്ടികയിൽ കാണിച്ചിട്ടുള്ള വ്യവസായങ്ങൾ ഇവിടെ തുടങ്ങുന്നതിന് വലിയ സാദ്ധ്യതകളുണ്ട്. ഇവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിൽ വരുത്തേണ്ടതുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട വ്യവസായ മേഖലയാണ് കിരങ്കൽ ക്വാറി. ഇവിടെ കരിങ്കൽ പൊട്ടിച്ച് ജല്ലിയാക്കുന്ന രണ്ടു കരിങ്കൽ ക്രഷർ യൂണിറ്റുകൾ ഉണ്ട്. കേരളത്തിലെ തന്നെ പ്രധാനപ്പെട്ട കരിങ്കൽ ക്വാറികളാണെന്നു പറയാം. ഈ രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തണം. ഇപ്പോൾ കരിങ്കല്ലു പൊട്ടിച്ച് ജല്ലിയാക്കുന്ന സംവിധാനം മാത്രമേയുള്ളൂ. ഗ്രാനൈറ്റ് വ്യവസായത്തിന് ഇന്ന് വളരെയധികം പ്രാധാന്യമേറിവരുകയാണ്. ഈ ക്വാറികളിൽ നിന്നും ഗ്രാനൈറ്റ് ഉദ്പാദിപ്പിക്കാനുള്ള അസംസ്കൃത പദാർത്ഥമായി കരിങ്കല്ല് കണ്ടെത്തുകയും കരിങ്കല്ല് പോളിഷ് ചെയ്ത് ഗ്രാനൈറ്റ് വ്യവസായത്തിന് വേണ്ട സംവിധാനം ആവശ്യമാണ്. ക്വാറികളിൽ നിന്നും കിട്ടുന്ന കരിങ്കൽപ്പൊടി ഉപയോഗിച്ച് വൻതോതിലുള്ള Hollow bricks ഫാക്ടറിക്ക് സാദ്ധ്യതയുണ്ട്.

വൻകിട വ്യവസായം

1. . മുതിങ്ങ മലയിൽ ഗ്രാനൈറ്റ് വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.
2. ഉയർന്ന നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ കയറ്റി അയക്കുവാൻ ഒരു വ്യവസായ സ്ഥാപനം തുടങ്ങുക.

വൈദ്യുതി വിതരണം

വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ വൈദ്യുതി വിതരണം നടത്തുന്നതിന് പഞ്ചായത്തിൽ ഒരു സബ് സ്റ്റേഷൻ ആവശ്യമാണ്. അതോടൊപ്പം തന്നെ കൂടുതൽ ട്രാൻസ്ഫോർമറുകളും ആവശ്യമാണ്.

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പഞ്ചായത്ത് 5 ഏക്കർ സ്ഥലമെങ്കിലും ഏറ്റെടുക്കുകയും വ്യവസായ സംരംഭകർക്ക് വാടകക്ക് കൊടുക്കുന്ന പദ്ധതി നടപ്പിലാക്കണം. (തരിശുഭൂമി ഏറ്റെടുക്കുവാൻ അനുവാദം)

ഗ്രാമസഭയിൽ നിന്നും വന്ന മറ്റു നിർദ്ദേശങ്ങൾ

1. മിനറൽ വാട്ടർ നിർമ്മാണം.
2. കുറ്റിമുല്ല.
4. കാർഷിക അനുബന്ധ യൂണിറ്റുകൾ
5. ചന്ദനത്തിരി വ്യവസായം.
6. ബ്രഷ് കമ്പനി
7. മെഴുകുതിരി

നിർദ്ദേശങ്ങൾ

1. പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ടുകൊണ്ട് വിവിധ വ്യവസായ പദ്ധതികളെ സംബന്ധിച്ച് ഒരു ബോധവൽക്കരണ ക്ലാസ് നടത്തുകയും പഞ്ചായത്തിനനുസൃതമായ വ്യവസായങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യുക.
2. പഞ്ചായത്തിലെ വിദഗ്ദ മലയാളികളെ കൂട്ടി യോജിപ്പിച്ചുകൊണ്ട് അവർക്ക് വ്യവസായത്തിനുവേണ്ട പ്രോത്സാഹനം നൽകണം.
3. വിവിധ വ്യവസായസംരഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവരെ കണ്ടെത്തുകയും അവർക്ക് പരിശീലനം നൽകുവാൻ വ്യവസായ പരിശീലനകേന്ദ്രം പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കണം.
4. പരമ്പരാഗത വ്യവസായ രംഗത്തെ മരപ്പണി സർണ്ണപ്പണി, പറമ്പു നെയ്ത്ത്, ഇരുമ്പു പണി, കളിമൺ പാത്രനിർമ്മാണം, ഓട്ടുപാത്രനിർമ്മാണം എന്നീ തൊഴിലുമായി ബന്ധപ്പെട്ടവരെ കണ്ടെത്തുകയും അവർ ആ തൊഴിലിൽ നവീന സാങ്കേതിക വിദ്യകളെ സംബന്ധിച്ച് പരിശീലനം നൽകുകയും അവരുടെ തൊഴിലുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾക്ക് സംവിധാനങ്ങൾ ഉണ്ടാക്കണം.
5. വിവിധ വ്യവസായങ്ങളിലെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും അവയ്ക്ക് ന്യായമായ വില ലഭ്യമാക്കുന്ന സാഹചര്യങ്ങളുണ്ടാക്കുകയും വേണം.
6. പഞ്ചായത്തിലുള്ള അസംസ്കൃത പദാർത്ഥങ്ങൾ വൻ തോതിൽ മറ്റു പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നു. ഇതിന് നിയന്ത്രണം ഏർപ്പെടുത്തണം. (ഉദാ. മുള)
7. പരമ്പരാഗത - വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിച്ച് ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക.
8. ഉല്പന്നങ്ങൾക്ക് പ്രാദേശിക തനിമയിലുന്ന പരസ്യ പ്രചരണങ്ങൾ ആവശ്യമാണ്.
9. വ്യാപാര സംരംഭകർക്കുള്ള ബാങ്കിംഗ് വായ്പാ സൗകര്യങ്ങൾ കൂടുതൽ ഉദാരമാകുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.

5-6

റോഡുകൾ ഊർജ്ജം

നല്ല റോഡുകൾ നല്ലപാലങ്ങൾ ഗതാഗതം യോഗ്യമായ മറ്റു സംവിധാനങ്ങൾ എന്നിവ വികസന സംസ്കാരത്തിന്റെ സ്വപ്നങ്ങളാണല്ലോ? റോഡ് വികസന പന്ഥാവിലെ ഒരു പ്രധാനഘടകമായി ഇന്നും അവശേഷിക്കുന്നു. ഇത് മനുഷ്യന്റെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തിന് ആക്കം കൂട്ടുന്നു. പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തു കൂടെ തലങ്ങനെ കടന്നു പോകുന്ന പ്രധാന റോഡാണ് കണ്ണാടി-പന്നിക്കോട് റോഡ്. 1964 കളിൽ കണ്ടത്ത് മോട്ടോഴ്സിന്റെ ഒരു ബസ്സാണ് സർവ്വീസ് ആരംഭിച്ചത്. ഇത് പഞ്ചായത്തിന്റെ ഗതാഗത ചരിത്രത്തിലെ ഒരു നാഴികക്കല്ലായി മാറി. പ്രധാനമായും ഈ പഞ്ചായത്തിനെ പാലക്കാട് നഗരവുമായി ബന്ധിപ്പിക്കുന്ന ഈ റോഡിലൂടെ ഇന്ന് 16 ൽപ്പരം ബസ്സുകൾ സർവ്വീസ് നടത്തുന്നു.

ബസ്സുകൾ സർവ്വീസ് നടത്തുന്ന മറ്റു റോഡുകളാണ് കൊടുവായൂർ-പെരുങ്ങോട്ടുകുറുശ്ശി മഞ്ഞളൂർ-ചിതലി എന്നിവ. ഇവയിൽ കൊടുവായൂർ-പെരിങ്ങോട്ടുകുറുശ്ശി റോഡിൽ 6 ബസ്സുകളും, മഞ്ഞളൂർ-ചിതലി റോഡിൽ ഒരു ബസ്സും സർവ്വീസ് നടത്തുന്നു. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മഹാളികുടം-കളപ്പെട്ടി റോഡിൽ ഒരു ബസ്സ് സർവ്വീസ് ഉണ്ട്. ധാരാളം ബസ്സ് സർവ്വീസുകളുള്ള കൊടുവായൂർ-ആലത്തൂർ റോഡിന്റെ കുറച്ചുഭാഗം ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു.

ബസ്സ് സർവ്വീസ് നടത്തുന്ന റോഡുകളെ സംബന്ധിച്ചതും പഞ്ചായത്തിലെ ആകെ ടാർ റോഡുകളെ സംബന്ധിച്ചുമുള്ള വിവരം താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 1

ക്രമ നമ്പർ	റോഡിന്റെ പേര്	ഉടമസ്ഥത	ബസ്സ്സർവ്വീസ്
1	കണ്ണാടി - പന്നിക്കോട്	PWD	ഉണ്ട്
2	കൊടുവായൂർ - ആലത്തൂർ (കുറച്ചുഭാഗം)	PWD	ഉണ്ട്
3	കൊടുവായൂർ - പെരുങ്ങോട്ടുകുറുശ്ശി	PWD	ഉണ്ട്
4	പോത്തുകാട് - ഇലമന്ദം MLA റോഡ്	PWD	ഇല്ല
5	മന്ദത്തുകാവ്	PWD	ഇല്ല
6	പെരുംകുന്നം	PWD	ഇല്ല
7	മഞ്ഞളൂർ-ചിതലി	പഞ്ചായത്ത്	ഉണ്ട്
8	മാഹാളികുടം - കളപ്പെട്ടി	പഞ്ചായത്ത്	ഉണ്ട്
9	പനയംചിറ - മരുതിക്കാവ്	പഞ്ചായത്ത്	ഇല്ല
10	വടക്കേത്തറ	പഞ്ചായത്ത്	ഇല്ല
11	തില്ലങ്കാട്	പഞ്ചായത്ത്	ഉണ്ട്
12	തച്ചമൂച്ചിക്കൽ പാട്ടാളിക്കളം	പഞ്ചായത്ത്	ഇല്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡുകളും അവയുടെ ദൂരവും പട്ടികയിൽ കൊടുത്തിരിക്കുന്നു.

മൺറോഡുകൾ (പട്ടിക 2)

ക്രമനമ്പർ	റോഡ്	ദൂരം K.M.
1	ഇലമന്ദം	1.800
2	കൊളക്കംപാടം	0.400
3	പാണ്ടിയോട്	0.800
4	കരിപ്പാൻകുളമ്പ	0.750
5	വിളയഞ്ചാത്തന്നൂർ	0.800
6	ചുക്കംകോണം	1.400
7	പുളക്കാട്	0.600
8	കോഴിപ്പൊറ്റ	0.720
9	അകർത്തൻകാട്	0.800
10	തില്ലങ്കാട്	0.700
11	വെട്ടുകാട്	2.000
12	വെട്ടുകാട്-കോട്ടമല	0.600
13	പുതുണ്ടിയൽ-ഒടുകിൻകാട്	0.400
14	മഞ്ഞളൂർ-മുല്ലക്കൽകാട്	0.200
15	തെക്കുംപുറം	3.000
16	വടുതലക്കുളമ്പ്	0.300
17	കോതോട്-മാലിക്കാട്	1.000
18	ചാട്ടക്കൽ അപ്രോച്ച്	0.200
19	വിളയന്നൂർ തറ	0.310
20	കോട്ടമല-പെതുകുന്നം	0.330
21	ആണ്ടിത്തറ-വിളയന്നൂർ	0.900
22	കൊരങ്ങോട്-കുന്നത്തുണികാട്	0.557
23	എരട്ടോട്-തെക്കുംപുറം	0.800
24	മാങ്ങോട്-ചുക്കംകോണം	0.215
25	കോട്ടടി-നുലിടാംപാറ	1.850
26	മഞ്ഞളൂർ-കമ്മാന്തറ	0.220
27	കയറംകുളം-പട്ടിമാർതറ	0.500
28	നെല്ലിക്കൽകാട്-പേരിങ്ങോട്കുഴി	0.500
29	ആനക്കുറ്റിപ്പാറ-കുരുമായ്കുളമ്പ്	0.800
30	നെടുങ്ങലംകാട്-ഹരിജൻകോളനി	0.500
31	തിരുവെമ്പലൂർ-ഹരിജൻകോളനി	0.500
32	വെമ്പലൂർ-എരിമയൂർ	1.000
33	തിരുവക്കാട്	0.250

2. മെറ്റൽ റോഡ്

പട്ടിക 3

നമ്പർ	റോഡ്	ദൂരം (K.M.)
1	കുന്നുകാട്	0.600
2	പനയംചിറ	1.400
3	ചെള്ളിമാർതറ	0.800
4	മാഹാളികുടം-കോച്ചാംകുളം	0.690
5	തേങ്കുറുശ്ശി തറ	2.200
6	വടക്കേതറ	1.000
7	തരുവക്കുറുശ്ശി	0.616
8	വിളയന്നൂർ-വെമ്പലൂർ	2.000
9	കോട്ടടി-മണ്ണാന്തറ	1.500
10	തായ്ക്കാവ്	1.600

3. ടാർറോഡുകൾ

പട്ടിക - 4

നമ്പർ	റോഡിന്റെ പേര്	ദൂരം (K.M.)
1	പനയംചിറ-മരുതിക്കാവ്	0.800
2	മഞ്ഞളൂർ-ചിതലി	3.600
3	വടക്കേത്തറ	1.000
4	തില്ലങ്കാട്	0.700
5	തച്ചമുച്ചിക്കൽ-പാട്ടാളിക്കളം	1.675
6.	കോച്ചാംകുളം-കളപ്പെട്ടി	1.200

ഇതിൽ മൊത്തം റോഡുകളുടെ ഒരു വിവരം ലഭ്യമാകുന്നു. PWD ഉടമസ്ഥതിയൽ ടാർ ചെയ്ത റോഞ്ഞുകളുടെ മൊത്തം ദൂരം 33.975k.m. മെറ്റൽ ചെയ്ത റോഡുകളുടെ ദൂരം11.716 k.m.ഉം മൺറോഡുകളുടെ ആകെ ദൂരം 25.702k.m.ആണ്. കോൺക്രീറ്റ് ചെയ്ത തേക്കും പാടം റോഡിന്റെ ദൂരം 0.800 k.m. ആണ്. പഞ്ചായത്തിലെ ആകെ റോഡുകളുടെ ദൂരം 72.193 k.m. ആണ്. റോഡുകൾ ഭേദപ്പെട്ട നിലവാരമുള്ളവയാണ് എന്ന് വിലയിരുത്താൻ കഴിയില്ല. പല റോഡുകളുടെയും അവസ്ഥ ശോചനീയമാണ് എന്ന് പറയാം. മഴവെള്ളം ശരിയായ രീതിയിൽ ഒഴിഞ്ഞുപോകുന്നതിനുള്ള ഡ്രൈനേജ് സൌവിധാനമില്ലാത്തത് ഒരു പ്രധാന കാരണമാണ്. പഞ്ചായത്തിന് ആവശ്യമായ ഫണ്ട് ലഭിക്കാത്തത് റോഡുകൾ യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികളൊ നടത്തുന്നതിന് വിഘാതമാകുന്നു. റോഡുകളെ സംബന്ധിച്ച ഒരു അവലോകനം നടത്തുമ്പോൾ ഈ പഞ്ചായത്തിൽ കൂടുതലും മൺ റോഡുകളാണെന്ന് കാണാം. ഇവ മെറ്റൽ ചെയ്യേണ്ടതുണ്ട്. പല മൺ-റോഡുകളും, ഇടവഴികളും ഇന്നും പഞ്ചായത്ത് രേഖയിലില്ല. ഇവയുടെയും സ്ഥിതി വളരെ ദുഷ്ക്കരമാണ്.

പ്രശ്നങ്ങൾ

റോഡുകളെ സംബന്ധിച്ച് ഗ്രാമസഭകളിൽ വളരെ സജീവമായിത്തന്നെ ചർച്ചകൾ നടന്നിട്ടുണ്ട്.

I. നിലവിലുള്ള റോഡുകളുടെ പ്രശ്നങ്ങൾ

a. ടാർ റോഡുകൾ

ടാർ റോഡുകൾ പഞ്ചായത്ത് ഉടമസ്ഥതയിൽ 6 എണ്ണമുണ്ട്. ഇവ കാലാകാലങ്ങളിൽ മെയ്ന്റനൻസ് നടത്താറില്ല. പല റോഡുകളുടെയും ഗുണനിലവാരം കുറവാണ് എന്നത് യാത്രാ സൗകര്യങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. റോഡുകളുടെ പാർശ്വങ്ങളിൽ വെള്ളം ഒഴുകിപ്പോകുന്നതിന് ഡ്രൈനേജുകൾ ഇല്ലാത്തത് റോഡുകൾ കേടുവരുത്തുന്നതിന് ഒരു പ്രധാന കാരണമാണ്. ആവശ്യത്തിന് ഓടകൾ, കലുങ്കുകൾ എന്നിവയില്ലാത്തതും ഒരു പ്രധാന പ്രശ്നമാണ്.

നിലവിലുള്ള ടാർ റോഡുകൾ ഇവയാണ്

1 പനയം ചിറ - മരുതിക്കാവ്
2 മഞ്ഞളൂർ-ചിതലി
3 വടക്കേത്തറ
4 തിരുങ്കാട്
5 രച്ചമൂച്ചിക്കൽ-പാട്ടാളിക്കളം
6 കോച്ചാംകുളം-കളപ്പെട്ടി

ഇവയുടെ ആകെ ദൂരം 8.975 k.m. ആണ്. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സ്ഥിതി പരിശോധിക്കുമ്പോൾ ഇത് അപര്യാപ്തമാണെന്ന് കാണാം. അതുകൊണ്ടുതന്നെ പല പുതിയ ടാർ റോഡുകളുടെയും ആവശ്യം ഗ്രാമ സഭകളിൽ ഉണ്ടായിട്ടുണ്ട്.

മെറ്റൽ റോഡുകൾ

10 മെറ്റൽ റോഡുകളാണ് പഞ്ചായത്തിൽ ആകെ ഉള്ളത്. ഇവയുടെ ദൂരം 12.406 k.m. ആണ്. ഇവ താഴെ പറയും പ്രകാരമാണ്.

1. കുന്നുകാട്
2 പനയംചിറ
3 ചെള്ളിമാർതറ
4 മഹാളികുടം - കോച്ചാംകുളം
5 തേങ്കുറുശ്ശി തറ
6 വടക്കേത്തറ
7 തരുവക്കുറുശ്ശി
8 വിളയന്നൂർ-വെമ്പലൂർ
9 കോട്ടടി-മണ്ണാന്തറ
10 തായ്ക്കാവ്

ഈ മെറ്റൽ റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കാത്തുകാരണം യാത്രായോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. കൂടുതൽ ഫണ്ട് ഈ ആവശ്യത്തിലേക്കും കണ്ടെത്തേണ്ടതുണ്ട്.

C. മൺറോഡുകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആകെ 33 മൺറോഡുകളുണ്ട്. ഇവയുടെ ആകെ ദൂരം 25.602 k.m.ആണ്. ഈ മൺ റോഡുകളിൽ പഞ്ചായത്തിന്റെ ഉൾ ഗ്രാമങ്ങളിലെ ഗതാഗതത്തിന്റെ പ്രധാനമാ യവയാണ് എന്ന് പറയാം. എന്നാൽ ഈ റോഡുകളുടെയൊന്നും തന്നെ അറ്റകുറ്റപണികൾ യഥാസമയം നടത്തുന്നില്ല. അതുകാരണം ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. മഴക്കാലങ്ങളിൽ ഈ റോഡുകളുടെ ശോചനീയാവസ്ഥ വളരെ കൂടുതലാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലായതിനാൽ ഈ മൺറോഡുകൾ പുനർനിർമ്മാണം നടത്തി ഗതാഗതയോഗ്യമാക്കണം. കാരണം പഞ്ചായത്ത് ഉടമസ്ഥതയിൽ ആകെ റോഡുകളുടെ 66% വും ഈ മൺ റോഡുകളാണ്. ഈ റോഡുകളുടെ പ്രശ്നങ്ങൾ പ്രധാനമായും ഇവയാണ്.

1 മഴക്കാലങ്ങളിൽ ചെളി കെട്ടിനിൽക്കുന്നു.

2 വേണ്ടത്ര ഓടകളോ കലുങ്കുകളോ ഇല്ല

3 റോഡിലെ വലിയകുഴികൾ അപകടം വരുത്തുന്നു.

4 ഇവ വാഹന സൗകര്യത്തിന് അനുയോജ്യമല്ലാത്തതിനാൽ രോഗം വന്നവരെ വാഹനങ്ങളിൽ ആശുപത്രിയിൽ എത്തിക്കുന്നതുൾപ്പെടെ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. പഞ്ചായത്ത് രേഖയിൽ റോഡുകളുടെ വീതി സംബന്ധിച്ച വിവരങ്ങളില്ലാത്തതിനാൽ ഇത് ചേർക്കേണ്ടതുണ്ട്.

സാദ്ധ്യതകൾ

ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ആവശ്യം മുൻനിർത്തി കൊണ്ട് എല്ലാ ഗ്രാമസഭകളിലും വളരെ സജീവമായ ചർച്ചകൾ നടന്നു. ഈ ചർച്ചകളെ താഴെ പറയുന്ന രീതിയിൽ ക്രോഡീകരിക്കാം.

1 ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ റോഡുനിർമ്മാണത്തിന്റെ സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കണം.

2 JRY പദ്ധതി പ്രകാരം സാധാരണ റോഡുകൾക്ക് 8 മീറ്റർ വീതി വേണമെന്നും ഹരിജൻ കോളനിക്കും 6 മീറ്റർ വീതി വേണമെന്നുമുള്ള നിബന്ധന മാറ്റേണ്ടതുണ്ട്.

3 റോഡു നിർമ്മാണത്തിന്റെ ആവശ്യത്തിലേക്ക് ഉപാധിരഹിത ഫണ്ടുകൾ കൂടുതലായി അനുവദിക്കേണ്ടതാണ്.

4 പുതിയ റോഡുകൾ നിർമ്മിക്കുമ്പോഴായാലും നിലവിലുള്ള റോഡുകൾക്കായാലും വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ഡ്രൈനേജ് ചാലുകൾ, ഓടകൾ, കലുങ്കുകൾ എന്നിവ നിർബന്ധമായും പണിതിരിക്കണം.

5 കാലാകലങ്ങളിൽ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനുവേണ്ട സംവിധാനം ശക്തമാക്കണം.

6 സന്നദ്ധ പ്രവർത്തനത്തിന്റെ സാദ്ധ്യതകൾ കണ്ടെത്തുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

7 റോഡു പണികൾ നടത്തുമ്പോൾ അതിന്റെ ഗുണം ഭൂരിഭാഗം ജനങ്ങൾക്കും കിട്ടത്തക്ക രീതിയിൽ അഥവാ കോസ്റ്റ് ബെനിഫിറ്റ് അടിസ്ഥാനത്തിൽ നടത്തണം.

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

പലമെറ്റൽ റോഡുകളും ടാർ ചെയ്യേണ്ടതുണ്ട്. മഹാളികുടം-കോച്ചാംകുളം റോഡ്, കോച്ചാംകുളം - കളപ്പെട്ടി റോഡുമായി ലിങ്ക് ചെയ്യുന്നു. ഇതിൽ കോച്ചാംകുളം-കളപ്പെട്ടി റോഡുമാത്രമെ ടാർ ചെയ്തിട്ടുള്ളു. മഹാളികുടം-കോച്ചാംകളം റോഡ് മെറ്റൽ ചെയ്ത റോഡാകയാൽ അതും ടാർ ചെയ്യേണ്ടതുണ്ട്. ഈ റോഡിലൂടെ കൊടുവായൂരിൽ നിന്നും കുഴൽമന്ദത്തേക്ക് ബസ്സ് സർവ്വീസ് നടത്തുന്നുണ്ട്.

2 തേങ്കുറുശ്ശിതറ റോഡ്, പന്നിക്കോട്-പാലാക്കാട് റോഡിനേയും കൊടുവായൂർ-കുഴൽമന്ദം റോഡിനെ ബന്ധിപ്പിക്കുന്നു. അതുകൊണ്ട് പ്രസ്തുത റോഡ് ടാർ ചെയ്ത് ഗതാഗതമാക്കേണ്ടതുണ്ട്. മാത്രവുമല്ല ഈ ലിങ്ക് റോഡിന്റെ പരിസരങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുകയും കൂടുതൽപേരും ഗതാഗതത്തിന് മോട്ടോർ വാഹനങ്ങളെ ആശ്രയിക്കുന്നവരുമാണ്. (ഈ റോഡും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടക്കാത്തതിനാൽ ശോചനായാവസ്ഥയിലാണ്)

3. വിളയന്നൂർ-വെമ്പലൂർറോഡ്. ഇത് പ്രധാന PWD റോഡുകളായ പന്നിക്കോട്-പാലക്കാട് കൊടുവായൂർ-ആലത്തൂർ എന്നീ റോഡുകളെ ബന്ധിപ്പിക്കുന്നു. ഇതുവഴി കൂടുതൽ വാഹന ഗതാഗതമുണ്ടെങ്കിലും റോഡിന്റെ ശോചനീയാവസ്ഥ വളരെയേറെ വിഷമങ്ങളുണ്ടാക്കുന്നു.

മേൽപ്പറഞ്ഞ മെറ്റൽ റോഡുകളെല്ലാം താന്നെ ഗതാഗതത്തിന് അപര്യാപ്തമാണ്. പല റോഡുകളിലും മെറ്റൽ ചെയ്ത് വളരെയേറെക്കാലങ്ങളായി. ഇത് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് വിഘാതമാകുന്നു.

മെറ്റൽ ചെയ്യേണ്ട മൺ റോഡുകൾ

ഈ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ റോഡുകളും മൺറോഡുകളാണ്. മൊത്തത്തിൽ പരിശോധിച്ചാൽ ഇവയുടെ അവസ്ഥ പരിതാപകരമാണ്. എണ്ണത്തിൽ 33 ഉം പഞ്ചായത്തിന്റെ ആകെ റോഡുകളിൽ 66% നിൽക്കുന്ന ഈ റോഡുകൾ ശാസ്ത്രീയമായ രീതിയിൽ മെറ്റൽചെയ്യപ്പെടേണ്ടതാണ്. ഈ റോഡുകൾ പഞ്ചായത്തിലെ കുറഞ്ഞ വകുമാനക്കാരും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരും ഉൾപ്പെടുന്ന പ്രദേശങ്ങളിലാണ്. ഈ റോഡുകളുടെ ശോചനീവസ്ഥ. ജനജീവിതം പ്രത്യേകിച്ചും ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ ദുസ്സഹമാക്കുന്നു.

ഗ്രാമസഭകളിൽ നിന്നും താഴെപറയുന്ന റോഡുകൾ അറ്റകുറ്റ പണിചെയ്യേണ്ടതിനെക്കുറിച്ച് ആവശ്യപ്പെടുകയുണ്ടായി. ഇവയിൽ പഞ്ചായത്ത് ഉടമസ്ഥതയിൽ ഉൾപ്പെടുന്നതും അല്ലാത്തതുമായ റോഡുകൾ പട്ടിക തിരിച്ച് താഴെ ചേർത്തിരിക്കുന്നു.

പട്ടിക - 5
പഞ്ചായത്ത് ഉടമസ്ഥതയിലുള്ളത്

നമ്പർ	റോഡിന്റെ പേര്	ഏതുതരം റോഡ്			ആവശ്യം		
		ടാർ	മെറ്റൽ	മൺ	ടാർ	മെറ്റൽ	അറ്റകുറ്റ പണികൾ
1	തേങ്കുറുശ്ശി തറ		✓		✓		
2	മഹാളികുടം-കോച്ചംകുളം		✓		✓		
3	വിളയന്നൂർ-വെമ്പലൂർ		✓		✓		
4	ചെള്ളിമാർതറ		✓				✓
5	കുന്നുകാട്		✓				✓
6	പനയംചിറ		✓		✓		
7	വടക്കേത്തറ		✓				✓
8	തരുവക്കുറുശ്ശി		✓				✓
9	കോട്ടടി-മണ്ണാന്തറ		✓				✓
10	തായ്ക്കാവ്		✓		✓		
11	ഇലമന്ദം			✓		✓	
12	കൊളുക്കംപാടം			✓		✓	
13	പാണ്ടിയോട്			✓		✓	
14	കരിപ്പാൻകുളങ്ങര			✓		✓	
15	വിളയഞ്ചാത്തനൂർ			✓		✓	
16	ചുക്കംകോണം			✓	✓		
17	പുളക്കാട്			✓		✓	
18	കോഴിപ്പൊറ്റ			✓	✓		
19	അകർത്തൻകാട്			✓	✓		
20	തില്ലങ്കാട്			✓		✓	
21	വെട്ടുകാട്			✓	✓		
22	വെട്ടുകാട്-കോട്ടമല			✓		✓	
23	പുരണ്ടിയൽ-കടുകിൻകാട്			✓		✓	
24	മഞ്ഞളൂർ-മുല്ലക്കൽക്കാട്			✓			✓
25	തെക്കുമ്പുറം			✓	✓		
26	വടുതലക്കുളമ്പ്			✓			✓
27	കോതോട്-വഞ്ചിക്കാട്			✓		✓	

28	ചാട്ടക്കൽ അപ്രോച്ച്			✓			✓
29	വിളയന്നൂർ തറ			✓		✓	
30	കോട്ടമല-കുപരുംകുന്നം			✓			✓
31	ആണ്ടിത്തറ-വിളയന്നൂർ			✓		✓	
32	കൊരങ്ങോട്-കുന്നത്തുരൻകാട്			✓		✓	
33	എരട്ടോട്-തെക്കുംപുറം			✓			
34	മാങ്ങോട് ചുക്കം കോണം			✓			✓
35	കോട്ടടി-നുലിടാംപാറ			✓	✓		
36	മഞ്ഞളൂർ-കമ്മാന്തറ			✓			✓
37	കയറംകുളം-പട്ടിമാർതറ			✓		✓	
38	നെല്ലിക്കൽകാട്-ചേരിങ്ങൽകുഴി			✓			✓
39	ആനക്കുറ്റിപ്പാറ-കുരുവായ്കുളമ്പ്			✓		✓	
40	നെടുങ്ങലൻകാട്-ഹരിജൻ കോളനി			✓	✓		
41	തിരുവെമ്പല്ലൂർ- ഹരിജൻ കോളനി			✓	✓		
42	വെമ്പലൂർ-എരിമയൂർ			✓	✓		
43	തിരുവക്കോട്			✓			✓
44	മഞ്ഞളൂർ ചിതലി	✓					✓
45	വടക്കേത്തറ	✓					✓
46	കോച്ചാംകുളം-കളപ്പെട്ടി	✓					✓

ആവശ്യമായ പുതിയറോഡുകൾ

നമ്പർ	വാർഡ്	റോഡിന്റെ പേര്	ആവശ്യങ്ങൾ		
			ടാർ	മെറ്റൽ	നടപാലം
1	I	അഞ്ചത്താണി-കൊരങ്ങോട്		✓	
2	I	പഴത്തറ-കൊരങ്ങോട്	✓		
3	I	ഉത്തരംകാട്-വള്ളിക്കോട്		✓	
4	I	നെടുങ്ങലംകാട് - കൊരങ്ങോട്		✓	
5	I	ചേർപ്പുലിമാർ തറ		✓	
6	I	വാണിയംപറമ്പ്		✓	
7	I	പട്ടിമാർതറ-അഞ്ചത്താണി		✓	

8	I	കുതുവായിൽ-പട്ടിമാർത്തറ		✓	
9	II	തെങ്കുറുശ്ശിതറ (തക്കേത്തറ) അപ്രോച്ച്		✓	
10	II	ആശാരിത്തറ		✓	
11	II	വാക്കത്തറഹരിജൻ കോളനി		✓	
12	III	പാണ്ടിയോട്		✓	
13	III	മഠനംകുളമ്പ്		✓	
14	III	ആച്ചിരിക്കാട്		✓	
15	IV	തൂപ്പാരക്കളം IHDPകോളനി		✓	
16	IV	കരിപ്പാൻകുളങ്ങര		✓	
17	IV	ചിറയ്ക്കൽ		✓	
18	IV	കല്ലകാട്		✓	
19	IV	മൂർക്കശ്ശൻകാവ്		✓	
20	V	കോഴിപ്പൊറ്റ-ചകിരിതൊടി		✓	
21	V	പണിക്കർ തറ-പുഴേശ്ശംവീട്, വിളയഞ്ചാത്തനൂർ		✓	
22	V	കട്ടാൻ തറ		✓	
23	V	പേഴാംകാട്-പറച്ചിരിക്കാട്		✓	
24	V	ദുർഗ്ഗാപ്പറമ്പ്-പുതിയകോളനി		✓	
25	V	മേലേപ്പുര ഹരിജൻ കോളനി		✓	
26	V	ചകിരാൻതൊടി-ആണ്ടിത്തറ		✓	
27	VI	വലിയാട്ടകുന്ന്-പാട്ടാളിക്കളം		✓	
28	VI	കന്നിയോട് ഹരിജൻകോളനി		✓	
29	VI	സന്യാസിയാൽ-തച്ചമുച്ചിക്കൽ-പാട്ടാളിക്കളം		✓	
30	VI	ആക്കലക്കാട്		✓	
31	VI	പുളിക്കുളമ്പ്		✓	
32	VII	കൊരക്കോട് IHDPകോളനി		✓	
33	VII	മുരിങ്ങമല-നായാടികോളനി		✓	

34	VII	മുരിങ്ങമല-കിഴക്കേക്കാട്			✓
35	VII	വെമ്പലൂർ-തെക്കുംപുറം	✓		
36	IX	പന്നിമട-കല്ലുത്താണി		✓	
37	IX	ഇടപ്പറമ്പ്-കുണ്ടുകാട്-മഞ്ഞളൂർ		✓	
38	IX	കല്ലുകാട്		✓	
39	X	വെട്ടുകാട്-ചിമ്പച്ചാല		✓	
40	X	വെട്ടുകാട്-പ്ലാക്കൽ		✓	
41	X	വെട്ടുകാട്-മഞ്ഞളൂർ ദുർഗ്ഗാക്ഷേത്രം		✓	
42	X	വെട്ടുകാട്-ചിറതുറ ഭഗവതിക്ഷേത്രം		✓	
43	X	കോട്ടപ്പള്ളം-മഞ്ഞളൂർ യു.പി. സ്കൂൾ		✓	
44	XI	ചിമ്പച്ചാല			✓
45	XI	കോട്ടടി			✓
46	XI	വെട്ടുകാട്-നരിക്കല്ല്		✓	
47	XI	കോട്ടടി-മണ്ണാന്തറ		✓	
48	XI	നെല്ലിക്കൽക്കാട്-പുഴുമ്പ്രാണി		✓	
49	XI	ചേങ്ങോട്-നരിക്കല്ല്		✓	
50	XI	വെട്ടുകാട്-കുന്നംപുറം-ചിമ്പച്ചാല		✓	✓
51	XI	ചിമ്പച്ചാല അമ്പല-തോട്ടിങ്കൽപ്പള്ളി			✓

IV-ാം വാർഡിൽ വടുകുത്തറ റോഡും പുനർനിർമ്മാണം ചെയ്യണമെന്ന് ആവശ്യം ഉന്നയിച്ചിരിക്കുന്നു. ഈ വാർഡിൽത്തന്നെ പന്തയ്ക്കൽ മേട്-തായ്കാവം റോഡും മെറ്റൽ ചെയ്തു കൊണ്ട് ഗതാഗത യോഗ്യമാക്കണം

മറ്റു നിർദ്ദേശങ്ങൾ

റോഡുകൾ ടാർചെയ്യുമ്പോൾ ഉപരിഭാഗം മാത്രം ടാർ ചെയ്യുന്നതായി കണ്ടുവരുന്നു. ഇതുമൂലം റോഡിന്റെ ഇരു വശവും കുത്തനെ ആയി മാറുന്നതിനാൽ വാഹനങ്ങൾക്ക് അപകടം വരുത്തിവയ്ക്കുന്നു. ആയതു കൊണ്ട് ടാറിംഗ് സമയത്തു എല്ലാ വശവും ഒരേരീതിയിൽ ടാർ ചെയ്യുവാനുള്ള സംവിധാനമുണ്ടാക്കണം.

ഊർജ്ജം

ഊർജ്ജത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യമായെത്തുന്നത് വൈദ്യുതിയാണ്. ആധുനികമനുഷ്യൻ അവന്റെ ജീവിത നിലവാരം ഉയർത്തുവാൻ വൈദ്യുതിയെ കൂടുതലായി ആശ്രയിക്കുന്നു. മനുഷ്യന്റെ നിത്യ ജീവിതത്തിലേക്ക് വൈദ്യുതി ഏതെല്ലാം രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നതെന്ന് നിർവ്വചിക്കുക വളരെ ദുഷ്കരമാണ്. ഇസ്തിരിപ്പെട്ടി ഫാൻ ഗ്രൈൻഡർ, മിക്സി, ടി.വി. വാഷിംഗ് മെഷീൻ വിവിധതരം വിളക്കുകൾ, വാക്വം ക്ലീനർ എന്നിങ്ങനെ അവയുടെ പട്ടിക നീളുന്നു. ഇതിൽ നിന്നും സാമൂഹ്യ ജീവിതത്തിൽ വൈദ്യുതിയുടെ സ്വാധീനം എത്രമാത്രം എന്ന് കാണാം. മറ്റൊരർത്ഥത്തിൽ വൈദ്യുതി സാർവ്വത്രികമാണ് എന്ന് പറയാം.

പഞ്ചായത്തിൽ ലഭ്യമായ കണക്കുകളനുസരിച്ച് 2390 ഉപഭോക്താക്കളുണ്ട്. ഇവയെ ഗാർഹികം വ്യാവരം, വ്യവസായം, കാർഷികം എന്നിങ്ങനെ 4 ആയി തിരിക്കാം. കൊടുവായൂർ, ആലത്തൂർ, കുഴൽമന്ദം എന്നീ മൂന്ന് സെക്ഷൻ ഓഫീസുകളിൽ നിന്ന് വൈദ്യുതി വിതരണം നടത്തുന്നത്. വൈദ്യുതി രംഗത്തെ പൊതുവായ സ്ഥിതി പരിശോധിക്കുമ്പോൾ വൈദ്യുതി ക്ഷാമം രൂക്ഷമാണ് എന്നു കാണാം. മൊത്തം ഉപഭോക്താക്കളിൽ 75% ഉം ഗാർഹിക ഉപഭോക്താക്കളാണ്.

പട്ടിക-1

നമ്പർ	നിലവിലുള്ള ഉപഭോക്താക്കൾ	സെക്ഷൻ ആഫീസുകൾ		
		കൊടുവായൂർ	കുഴൽമന്ദം	ആലത്തൂർ
1	ഗാർഹികം	1250	78	532
2	വ്യാപാരം	136	2	94
3	വ്യാവസായികം	37	17	-
4	കാർഷികം	195	41	8

കേരളത്തിലെ തന്നെ ആദ്യത്തെ സംരംഭം എന്ന നിലയിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ചതാണ് പഞ്ചായത്തിലെ IX-ാം വാർഡിൽ ഉൾപ്പെടുന്ന കോട്ടമലയിലെ കാറ്റാടി യന്ത്രം. 1989 ൽ സ്ഥാപിച്ച ഈ സംവിധാനം വൈദ്യുതി രംഗകത്തെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒരു തുടക്കം എന്ന പ്രതീതിയാണ് ഇതിന്റെ സ്ഥാപനവേളയിൽ ഉണ്ടായിരുന്നത്. എന്നാൽ ചെറിയ ചില സാങ്കേതിക തകരാറുമൂലം ഇന്ന് ഈ കാറ്റാടി യന്ത്രം നിശ്ചലമായിരിക്കുന്നു. ഇത് നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനോ വൈദ്യുതി ഉദ്പാദിപ്പിക്കുന്നതിനോ വേണ്ട കാര്യങ്ങൾ ബന്ധപ്പെട്ട അധികൃതരിൽ നിന്നും ഉണ്ടാകുന്നില്ല. ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രമായകിടപ്പ് ഈ പദ്ധതി വിജയിപ്പിക്കുന്നതിനും കൂടുതൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും അനുയോജ്യമാണ്. ഏകദേശം 32 ലക്ഷത്തിൽപ്പരം രൂപ ചിലവു ചെയ്തു കൊണ്ട് സ്ഥാപിച്ച ഈ സംവിധാനം ഇന്ന് ഉപയോഗശൂന്യമായി കിടക്കുന്നത് വലിയൊരു ദേശീയ നഷ്ടത്തിന്

വഴി വെച്ചു. വാണിജ്യ ഊർജ്ജ മേഖലയിലെ മറ്റു ഘടകങ്ങളും, എണ്ണ, വാതകം എന്നിവ. ജൈവരംഗത്തും വിറകും ഇവയുടെ ഉപഭോഗവും വളരെ കൂടുതലാണ്. വൈദ്യുതീകരിക്കാത്ത പല വീടുകളിലും മണ്ണെണ്ണ കൂടുതലായി ഉപയോഗിക്കപ്പെടുന്നു. പാചക ആവശ്യത്തിനും ഇത് വളരെയധികം വരും ഈ പഞ്ചായത്തിലെ സ്വന്തമായി മോട്ടാർ വാഹനങ്ങൾ ഉപയോഗിക്കുന്നവർക്ക് പെട്രോൾ, ഡീസൽ എന്നിവ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് വെളിയിൽ നിന്നുമുള്ള ഡിപ്പോകളെ ആശ്രയിക്കേണ്ടി വരുന്നു.

പഞ്ചായത്തിൽ പാചക ആവശ്യത്തിന് വലിയൊരു വിഭാഗം ആളുകളും വിറകിനെ ആശ്രയിക്കേണ്ടി വരുന്നു. എന്നാൽ വിറകിന്റെ ലഭ്യത വളരെ കുറവായതിനാൽ കൂടുതൽ വിലനൽകേണ്ടി വരുന്നു. ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ സബ്സിഡി പാചക വാതകത്തിന് അധികം തുക മുടക്കേണ്ടി വരുന്നില്ല. എന്നാൽ ഇത് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമല്ല. വളരെ ചുരുക്കം ജനങ്ങൾക്കുമാത്രമെ സബ്സിഡി നിരക്കിൽ പാചകവാതകം ലഭ്യമാവുന്നുള്ളു. ബയോഗ്യാസ് ഉപയോഗിക്കുന്ന ആളുകളും പഞ്ചായത്തിൽ ചെറിയൊരു ശതമാനം ഉണ്ട്. എന്നാൽ ഈ സംവിധാനം വ്യാപകമല്ല. എന്നതാണ് മറ്റൊരു വസ്തുത.

പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകൾ താഴെ കൊടുത്തിരിക്കുന്നു.

1 കയറംകുളം
2 പഴത്തറ
3 തരുവക്കുറുശ്ശി
4 കോച്ചാംകുളം
5 വിളയഞ്ചാത്തന്നൂർ I
6 വിളയഞ്ചാത്തന്നൂർ II
7 പെരുംകുന്നം
8 വിളയന്നൂർ
9 വിളയന്നൂർ മരുതിക്കാവ്
10 വെമ്പല്ലൂർത്തോട്ടുപാലം
11 ഓട്ടുകമ്പനി (വെമ്പല്ലൂർ)
12 തായ്ങ്ഖാവ്
13 മാനാംകുളമ്പ്
14 കക്കൂരം പറമ്പ്
15 കോട്ടടി
16 വെട്ടുകാട്
17 മഞ്ഞളൂർ
18 തില്ലങ്കാട്
19 പനയംചിറ
20 വെമ്പല്ലൂർ
21 പെരുപ്പിട്ടാംപാറ

പഞ്ചായത്തിലെ വൈദ്യുതി സംബന്ധിച്ചകാര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നതായി കാണാൻ കഴിയും.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ പലപ്രദേശങ്ങളിലും കുറഞ്ഞ വോൾട്ടേജാണ് ലഭിക്കുന്നത്. പല ട്രാൻസ്ഫോർമറുകളും അധിക ഭാരം വലിക്കേണ്ടി വരുന്നു. കാലാകാലങ്ങളിൽ ട്രാൻസ്ഫോർമറുകളിൽ അറ്റകുറ്റപ്പണികൾ നടത്താറില്ല. ഉൾപ്രദേശങ്ങളിലെ പല വീടുകളിലും 40 V വൈദ്യുതിയാണ്. രാത്രികാലങ്ങളിൽ ലഭിക്കുന്നത്.

വൈദ്യുതി ലൈനുകളിൽ മരച്ചില്ലകളും മറ്റ് തടസ്സങ്ങൾ എന്നിവ വോൾട്ടേജം ക്രമാതീതമായി കുറയുന്നതിന് കാരണമാകുന്നു.

പഞ്ചായത്തിലെ പല പ്രദേശങ്ങൾക്കും വൈദ്യുതി ലഭിച്ചിട്ടില്ല. ഇതിന് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്.

തെരുവു വിളക്കുകളുടെ എണ്ണം, പഞ്ചായത്തിൽ വളരെ പരിമിതമാണ്. ലഭ്യമായ കണക്കുകൾ വെച്ച് നോക്കുമ്പോൾ 573 തെരുവുവിളക്കുകളാണുള്ളത്. ഇതിൽ പല വിളക്കുകളും സ്ഥിരമായി കത്തുന്നില്ല. പഞ്ചായത്തിൽ നിന്നും തെരുവു വിളക്കുകൾ കത്തിക്കുവാൻ മാത്രം പ്രതിമാസം 9151 രൂപ ചിലവഴിക്കുന്നു. എന്നാൽ ഇതിനനുസൃതമായി തെരുവു വിളക്കുകൾ ശരിയായ രീതിയിൽ കത്തിക്കുന്നതിന് വൈദ്യുതി വകുപ്പ് ജീവനക്കാർ ശ്രദ്ധിക്കുന്നില്ല. പല തെരുവുവിളക്കുകളും പകൽ സമയങ്ങളിലും കത്തുന്നത് കാണാൻ കഴിയും. ഇത് വൈദ്യുതി പ്രതിസന്ധി കൂടുതലാക്കുന്നു. വോൾട്ടേജ് കമ്മി കാരണം പല വീടുകളിലും സ്റ്റെപ്പ് അപ്പ് സംവിധാനം ഏർപ്പെടുത്തുവാൻ നിർബ്ബന്ധിതരാകുന്നു. ഇത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സംബന്ധിച്ച് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. പല ഉപഭോക്താക്കൾക്കും ഉപയോഗിച്ചതിനേക്കാൾ കൂടുതൽ വൈദ്യുതി ചാർജ്ജ് അടക്കേണ്ടി വരുന്നു. പല ആളുകൾക്കും വൈദ്യുതി ചാർജ്ജ് അടക്കുന്നതിന് കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വരുന്നു.

വൈദ്യുതി കഴിഞ്ഞാൽ ഊർജ്ജരംഗത്ത് എണ്ണ, വിറക്, വാതകം എന്നിവയാണ്. ഇതിൽ മണ്ണെണ്ണ വൈദ്യുതിയില്ലാത്ത പല വീടുകളിലും കൂടുതലായി ഉപയോഗിക്കുന്നുണ്ടെങ്കിലും ഇവയുടെ ലഭ്യത വളരെ കുറവാണ്. പഞ്ചായത്തിലെ പല വീടുകളും പാചകത്തിന് ഇപ്പോഴും വിറകിനെയാണ് ആശ്രയിക്കുന്നത്. എന്നാൽ ഇന്ന് വിറകം ഉപയോഗിക്കുന്നത് വളരെ ചിലവേറിയതാകുന്നു. സബ്സിഡി പാചകഗ്യാസിന്റെ ലഭ്യത പഞ്ചായത്ത് അടിസ്ഥാനത്തിൽ തീരെ ലഭ്യമല്ല. പഞ്ചായത്തിലെ ബഹുഭൂരി പക്ഷം ആളുകൾക്കും ഇതുമൂലം കഷ്ടതയനുഭവിക്കേമ്ടി വരുന്നു. വിറകിന്റെ ലഭ്യത കുറവായതിനാൽ വിറക് ഉപയോഗിക്കുന്നത് വളരെയധികം ചിലവേറിയതാകുന്നു. വിറകം ലഭിക്കുന്നതിനാവശ്യമായ വനപ്രദേശങ്ങൾ പഞ്ചായത്ത് അതിർത്തിയിൽ തീരം ഇല്ല എന്നുതന്നെ പറയാം. ഭക്ഷതയേറിയ അടുപ്പുകൾ ഇതിന് ഒരു പരിഹാരമാണെങ്കിലും ഈ അടുപ്പുകൾ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിച്ചിട്ടില്ല. സോളാർ വിളക്കുകൾ, കോംപാക്ടം ഫ്ലൂറസന്റ് ലാമ്പുകൾ, ട്യാബ് ലൈറ്റ് ഇലക്ട്രോണിക് ചോക്കുകൾ എന്നീ മെച്ചപ്പെട്ട ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല.

മൊത്തം ആഭ്യന്തര ഉല്പാദനവും, ഉപഭോഗവും തമ്മിലുള്ള അന്തരം ഉല്പാദനകുറവും ഉപഭോഗം കൂടുതലുമാണെന്ന് കാണിക്കുന്നു. സംസ്ഥാനാടിസ്ഥാനത്തിൽ നിലനിൽക്കുന്ന പ്രശ്നമാകയാൽ ഇതിന്ആസൂത്രിതമായ പരിഹാരമാർഗ്ഗങ്ങൾ കാണേണ്ടതുണ്ട്.

സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

വൈദ്യുതി രംഗത്തും ഊർജ്ജരംഗത്തെ മറ്റു പ്രശ്നങ്ങളെ സംബന്ധിച്ചും ഗ്രാമസഭകളിൽ വളരെ ക്രിയാത്മകമായ രീതിയിൽ ചർച്ചകളും, നിർദ്ദേശങ്ങളും നടക്കുകയും അതിനനുസരിച്ച് നിർദ്ദേശങ്ങൾ ഉണ്ടാകുകയും ചെയ്തു. ഇവയെ താഴെകാണുന്ന വിധത്തിൽ തരം തിരിക്കാം.

1. പ്രസരണനഷ്ടം മൂലമുള്ള വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് വൈദ്യുതികമ്പികളിൽ തടസ്സം സൃഷ്ടിക്കുന്ന മരച്ചില്ലകൾ മുതലായവ യഥാ സമയങ്ങളിൽ മുറിച്ചുമാറ്റുനതിന് വേണ്ട നടപടികൾ ബന്ധപ്പെട്ട വൈദ്യുതി ജീവനക്കാർ ശ്രദ്ധിക്കേണ്ടതുണ്ട്.
2. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രമായ കിടപ്പും ജനസാന്ദ്രതയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ ഗുണഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി കുറവാണെന്നുകാണാം. ഇതിന് കൂടുതൽ ട്രാൻസ്ഫോർമറുകൾ അധികഭാരം വഹിക്കേണ്ടി വരുന്നതിനാൽ കേടുവരുന്നതിന് സാദ്ധ്യത കൂടുന്നു.
3. പഞ്ചായത്തിലെ കാറ്റിൽനിന്നും വൈദ്യുതി എടുക്കുന്നതിനുവേണ്ടി കോട്ടമലയിൽ സ്ഥാപിച്ചിട്ടുള്ള കാറ്റാടിയന്ത്രം പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. കോട്ടമല പ്രദേശം ധാരാളം കാറ്റ് ലഭിക്കുന്ന പ്രദേശമാകയാൽ അവിടെ ഒരു കാറ്റാടി യന്ത്രത്തിന്റെ ഒരു സങ്കേതം തന്നെ സ്ഥാപിക്കേണ്ടതുണ്ട്.
4. സൗരോർജ്ജത്തിന്റെ സാദ്ധ്യതകൾ കണ്ടെത്തി 3 മുതൽ 4 വരെയുള്ള ഗ്രാമങ്ങളെ ബന്ധപ്പെടുത്തി സൗരോർജ്ജ സംവിധാനം ഉണ്ടാക്കണം.
5. പഞ്ചായത്തിന്റെ പലപ്രദേശങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ആ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കേണ്ടതുണ്ട്. ഹരിജൻ കോളനികളിലും വൈദ്യുതീകരിക്കേണ്ടതുണ്ട്.
6. തെരുവുവിളക്കുകൾ പഞ്ചായത്തിന്റെ പല പ്രദേങ്ങളിലും വേണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നു വനനിട്ടുണ്ട്. തെരുവു വിളക്കുകൾ പഞ്ചായത്തിലെ വൈദ്യുതി സംബന്ധമായ മറ്റു പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന്റെ ആവശ്യത്തിലേക്ക് പഞ്ചായത്ത് അധീനതയിൽ ജീവനക്കാരെ ഏർപ്പെടുത്തുകയോ വൈദ്യുതി വകുപ്പിലെ ബന്ധപ്പെട്ട ജീവനക്കാരെ പഞ്ചായത്തിലെക്ക് ഡപ്യൂട്ടേഷൻ നടത്തുകയോ ആവശ്യമാണ്.
7. ഒരു മാസത്തിൽ ഏതെങ്കിലും ദിവസങ്ങളിൽ പഞ്ചായത്ത് കേന്ദ്രീകരിച്ച് പഞ്ചായത്തിലെ ഗുണഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് അടക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കണം.
8. മണ്ണെണ്ണ ഉപയോഗം വളരെ കൂടുതലായതിനാൽ പൊതു വിതരണ കേന്ദ്രത്തിലൂടെ വിതരണത്തിന്റെ അളവ് കൂട്ടുകയോ പഞ്ചായത്തിലൂടെ വിതരണം നടത്തുകയോ ചെയ്യുന്നതിനും സംവിധാനങ്ങൾ കണ്ടെത്തണം.
9. പഞ്ചായത്ത് അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ ഗ്യാസ് കണക്ഷൻ ലഭിക്കുവാൻ സാങ്കേതിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ഇത് മാറ്റുവാനുള്ള സംവിധാനം ഉണ്ടാക്കണം.
10. പഞ്ചായത്തിലെ 80% ആളുകളും പാചകത്തിന് വിറക് ഉപയോഗിക്കുന്നു. എന്നാൽ വിറകിന്റെ കുറഞ്ഞ ലഭ്യത കൂടുതൽ വില നൽകേണ്ടി വരുന്നു. ഇതിനൊരു പരിഹാരമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വിറകു സംഭരണ കേന്ദ്രം ഉണ്ടാക്കുകയും കുഞ്ഞ വിലയ്ക്ക് വിറകം ലഭ്യമാക്കുകയും ചെയ്തു കൊണ്ട് പാചക രംഗത്ത് മികച്ച സേവനം ഉണ്ടാക്കുവാൻ കഴിയും.
11. ഭക്ഷത കൂടിയ പരിഷത്ത് അടുപ്പുകൾ എല്ലാ വീടുകളിലും ലഭ്യമാക്കുക, അവയുടെ പ്രചരണം പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും എത്തിക്കുക, ബയോഗ്യാസ് അടുപ്പുകൾ കൂടുതൽ

ലഭ്യമാക്കുക, കോമ്പാക്ട് ഫ്ലൂറസൻറ് ലാമ്പ് എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക മുതലായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കണം.

12. ഈ പഞ്ചായത്തിൽ 3 കാറ്റാടിയന്ത്രങ്ങൾ ഉപയോഗിച്ചു കൊണ്ട് കിണറുകളിൽ നിന്നും വെള്ളം ലഭ്യമാക്കുന്നുണ്ട്. ഇവ വളരെയധികം പ്രയോജന പ്രദമാണ്.ഇതിൻെറ ചിലവ് ലഘൂകരിക്കുന്നതിന് സംവിധാനമുണ്ടാക്കുകയും കൂടുതൽ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ഗ്രാമസഭകളിൽ വൈദ്യുതി ലഭിക്കാത്ത പ്രദേശങ്ങളിൽ വൈദ്യുതി ലൈനുകൾ വലിക്കുകയും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട ആവശ്യകതയെക്കുറിച്ചും തെരുവിളക്കുകൾ അനുവദിക്കുന്നതിനെക്കുറിച്ചും ആവശ്യങ്ങൾ ഉയർന്നു വന്നു. വിവിധ പ്രദേശങ്ങളിൽ അവ നടപ്പാക്കേണ്ടതിനെക്കുറിച്ച് വാർഡ് അടിസ്ഥാനത്തിൽ താഴെ കാണുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക-2

വാർഡ് നമ്പർ	പുതിയ വൈദ്യുതി ലൈനുകൾ ആവശ്യമായ സ്ഥലങ്ങൾ	പുതിയ ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കേണ്ട പ്രദേശങ്ങൾ	തെരുവുവിളക്കുകൾ ആവശ്യമായ പ്രദേശങ്ങൾ
I	കൊരങ്ങോട്, കുന്നരശ്ശൻകാട്, പട്ടിമാർതറ, അഞ്ചത്താണി, നെടുങ്ങരംകാട്	ചേപ്പലിമാർ തറ	
II	അമ്പലനട (പന്നിക്കോട്-പാലക്കാട് മെയിൻ റോഡിനു വലതു വശത്ത്) വാക്കത്തറ-ഹരിജൻ കോളനി	തേങ്കുറുശ്ശി തറ കടുങ്ങം	-
III	പാണ്ടിയോട്, ജലമന്ദം	പാണ്ടിയോട്, ജലമന്ദം മാനാംകുളമ്പ്	-
IV	-	അഞ്ചത്താണി	അഞ്ചത്താണി
V	കിഴക്കേത്തറ,മേലേപ്പുര ഹരിജൻ കോളനി		ചീരാമുറി, പണിക്കർതറ
VI	വലിയാട്ടുകുന്ന്, അകർത്തൻകാട്, പാട്ടാളിക്കളം.		

	ഹരിജൻകോളനി, കന്നിയോട് ഹരിജൻ കോളനി, വിളയഞ്ചാത്തനൂർ സെറ്റിൽമെൻറ് കോളനി, ആക്കലക്കാട്		വലിയാട്ടുകുന്ന്, ആക്കലക്കാട്
VII	നായാടി കോളനി, പരിയാരം	തെക്കുംപുറം, മുരിങ്ങമല	ചെരുപ്പെട്ടാംപാറ, അരിയകോട്, മുരിങ്ങമല, നായാടികോളനി, പരിയ്യാരം, ഒകരത്തോട്, തെക്കിൻകാട്, ആലംകാട്, പച്ചിലാംകോട്, നടുപാടം, പുശാരിമേട്.
VIII	വെമ്പലൂർ IHDP കോളനി	-	വെമ്പലൂർ IHDP കോളനി
IX	-	കുണ്ടുകാട്	പനയംചിറ, കോട്ടപ്പള്ള, കുണ്ടുകാട്, കോഴിപ്പൊറ്റ, ആനക്കുറ്റിപ്പാറ
X	പ്ലാക്കൽപടിയവീട്, കിഴക്കേത്തറ, പടിഞ്ഞാറേത്തറ	-	പ്ലാക്കൽപടിയവീട്, കിഴക്കേത്തറ, പടിഞ്ഞാറേത്തറ, ചേനാത്ത് മഞ്ഞളൂർ തറ
XI	കോട്ടടി നെല്ലിക്കൽക്കാട്. ചിമ്പച്ചാല	നെല്ലിക്കൽകാട്. കുന്നുപുറം	നെല്ലിക്കൽക്കാട്, കോട്ടടി(മെർക്കുറി ലാമ്പ്) കുന്നുംപുറം.



5.7

ഭവന നിർമ്മാണ ക്ഷേമ പ്രവർത്തനങ്ങൾ

പാർപ്പിടം

സ്വന്തമായ ഒരു വീട് എന്നത് ഏതൊരു മനുഷ്യന്റെറയും സ്വപ്നമാണല്ലോ ? മനുഷ്യന്റെറ ജീവൻ നിലനിർത്തുന്നതിന് അവശ്യം വേണ്ട ഘടകങ്ങളിൽ ഒന്നാണ് പാർപ്പിടം എന്നാൽ ഇന്ന് ഭവന നിർമ്മാണം കൂടുതൽ ആർഭാടപൂർണ്ണവും ചിലവേറിയതുമാകുന്നു.

തെങ്കുറിശ്ശി ഗ്രാമ പഞ്ചായത്ത് ഭൂരിഭാഗവും കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതുകൊണ്ടു തന്നെ ആളുകളുടെ പ്രധാന വരുമാനം കൃഷിയിൽ നിന്നുമാണ് പഞ്ചായത്തിൽ ഭൂരിഭാഗം വീടുകളും ഓടിട്ടതാണ്. എന്നാൽ പുതിയതായി വീടു നിർമ്മിക്കുന്നവരിൽ പലരും ടെറസ്സ് വീടുകൾ ഇഷ്ടപ്പെടുന്നവരാണ്.

ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. കർഷക തൊഴിലാളികൾക്ക് വീടു വയ്ക്കുന്നതിന് കൂടുതൽ പ്രയാസങ്ങൾ നേരിടുന്നു. പല കർഷകതൊഴിലാളി കുടുംബങ്ങളും ഓലപ്പുരകളിലാണ് താമസിക്കുന്നത്. വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളിലൂടെ താഴ്ന്ന വരുമാനക്കാർക്ക് ഭവന നിർമ്മാണത്തിന് വായ്പകൾ നൽകുന്നുണ്ട്. എന്നാൽ ഇവയുടെ പ്രധാന പോരായ്മ ആവശ്യമായ ധനസഹായം ലഭിക്കുന്നില്ല എന്നതാണ്.

തെങ്കുറിശ്ശി പഞ്ചായത്തിൽ ആകെ 6363 വീടുകളുണ്ട്. ഇവയിൽ 5173 ഓടിട്ട വീടുകളും 243 ടെറസ്സ് വീടുകളും 909 ഓലപ്പുരകളും 47 ഓട് / ടെറസ്സ് വീടുകളുമാണ്.

വാർഡ് അടിസ്ഥാനത്തിൽ വീടുകളെ സംബന്ധിച്ച് പട്ടിക - 1 ൽ കൊടുത്തിരിക്കുന്നു.

വാർഡ്	ഓട്	ടെറസ്സ്	ഓല	ടെറസ്സ് /ഓട്	ആകെ
I	408	22	50	9	489
II	358	22	21	7	408
III	636	14	112	16	778
IV	750	63	103	8	924
V	535	10	89	-	634
VI	501	20	92	2	615
VII	357	11	90	-	458
VIII	287	5	76	-	368
IX	668	44	116	3	831
X	307	12	44	2	365
XI	366	11	116	-	493
ആകെ	5173	234	909	47	6363

ഭവനനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ആലത്തൂർ ഹൗസിങ്ങ് Co-Society യും ഭവനനിർമ്മാണ ബോർഡും ആണ് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഭവനിർമ്മാണ വായ്പ കൊടുക്കുന്ന പ്രധാന സ്ഥാപനങ്ങൾ കനറാബാങ്ക് നെടുങ്ങാടിബാങ്ക് എന്നീ ബാങ്കുകൾ ഉണ്ടെങ്കിലും ഭവനനിർമ്മാണ വായ്പ സാധാരണ ജനങ്ങൾക്ക് ഈ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നില്ല കാരണം ഈ സ്ഥാപനങ്ങൾ ഭൂരിപക്ഷം ശരാശരി ഭിദ്യാഭ്യാസമുള്ളവരും പ്രായേണ ദാരിദ്രരേഖക്കു താഴെ വസിക്കുന്നവരുമായ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് അവർ പറയുന്ന ഒരുപാടു നിബന്ധനകൾ പാലിക്കപ്പെട്ടാൻ സാദ്ധ്യമല്ല. മാത്രവുമല്ല ഈ ബാങ്കുകൾ വായ്പ കൊടുക്കാൻ താൽപ്പര്യം കാണിക്കാറുമില്ല അതുകൊണ്ട് തന്നെ ഈ ബാങ്കുകളുടെ ഈ രംഗത്തെ സഹായം തീരെ ഇല്ലെന്നു തന്നെ പറയാം.

വിവിധ പദ്ധതികൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ 1984-85 കാലയളവു മുതൽ 1995-96 വരെ 2 വില്ലേജുകളിലായി 11 വാർഡുകളിൽ വീടുകളാണ് എന്ന് കണക്കുകൾ കാണിക്കുന്നു. ഭവനനിർമ്മാണ ബോർഡ് വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന സാമഗ്രികളുടെ അമിതമായ വിലവർദ്ധനവും, കൂലിനിരക്കിലെ വർദ്ധനവും നിമിത്തം പാവപ്പെട്ടവന്റെ സ്വന്തമായൊരു വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായി തന്നെ ശേഷിക്കവെ കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീടു നിർമ്മിക്കാനും പണിപൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്.

പാർപ്പിടം നിർമ്മിക്കുമ്പോൾ ഈ രംഗത്ത് കൂലി കൂടുതലും ഒരു പ്രശ്നമാണ്. പക്ഷെ സമാന്തരമായി കെട്ടിട നിർമ്മാണ സാമഗ്രികൾക്കും വില ഉയർന്നിട്ടുണ്ട്. എല്ലാ രംഗത്തുമുള്ള വിലക്കയറ്റം തൊഴിലാളികളുടെ കൂലികൂടുതലിനെ ന്യായീകരിക്കുന്ന അവസ്ഥയാണുള്ളത്.

കെട്ടിട നിർമ്മാണത്തിനുള്ള പ്രധാന സാമഗ്രികളായ സിമൻറ് 87-88 കാലയളവിൽ 70 രൂപയും 89-ൽ 100 രൂപയും 92-94 ൽ 150 രൂപയും 95 - 96 ൽ 180 രൂപയിലും എത്തിനില്ക്കുന്നു. 87-88 ൽ 1000 ഇഷ്ടികക്ക് 200 രൂപയുണ്ടായിരുന്നത് 94-95 - ൽ 1400 രൂപയായി ഉയർന്നു എന്നാൽ ഇഷ്ടികക്ക് ഒരു വ്യത്യാസവും ഉണ്ടായിട്ടില്ല. 87-88 ൽ 1 കിലോഗ്രാം കമ്പിക്ക് 13 രൂപയായിരുന്നത് 96-ൽ 16-50 ൽ എത്തി നിൽക്കുന്നു അതേപോലെ എല്ലാ സാധനങ്ങൾക്കും ക്രമാതീതമായ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇത്തരം വിലക്കയറ്റത്തിന്റെ ഫലമായി വിവിധ പദ്ധതികളിലൂടെ വീടുവയ്ക്കാൻ കൊടുക്കുന്ന ധനസഹായ പരിധി വിലക്കയറ്റത്തിനനുസൃതമായി ഉയർത്തേണ്ടിയിരിക്കുന്നു. കാരണം നാട്ടിലെ പാവപ്പെട്ടവനുവേണ്ടിയാണ് ഈ പദ്ധതികൾ ഈ പാവങ്ങൾക്ക് ഈ വിലക്കയറ്റത്തിനുസൃതമായി വരുമാനം വർദ്ധിച്ചിട്ടില്ല എന്നത് ഒരു നഗ്നസത്യം മാത്രമാണ്. മാത്രവുമല്ല ഈ പദ്ധതികൾ അനുവദിക്കുന്ന തുക കിട്ടാനുണ്ടാവുന്ന സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ വേറെയും ഇവ ഒഴിവാക്കപ്പെടേണ്ടതാണ്.

പ്രകൃതിക്ഷോഭത്താൽ വീടു നഷ്ടപ്പെട്ടവർക്ക് കൊടുക്കുന്ന ധനസഹായം തീരെ അപര്യാപ്തമാണ്. ഈ തുകകൊണ്ട് വീടുകൾ പുനർനിർമ്മിക്കാനോ നന്നാക്കാനോ കഴിയില്ല. അതുകൊണ്ട് പാവപ്പെട്ടവർക്ക് വേണ്ടിയുള്ള ഭവനനിർമ്മാണ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ഈ വീടുകളുടെ റിപ്പയർ നടത്താനായി പഞ്ചായത്തു തലത്തിൽ ഒരു ഫണ്ട് രൂപീകരിക്കണം. പഞ്ചായത്തിലാകെ - 37 ഹരിജൻ കോളനികളിലായി – കുടുംബങ്ങളും–വീടുകളിലായി – അംഗങ്ങളും താമസിക്കുന്നതായി കണക്കുകൾ കാണിക്കുന്നു.

ഈ പഞ്ചായത്തിലെ എല്ലാ ഓലപ്പുരകളും മാറ്റിയെടുക്കണം. പഞ്ചായത്തിലെ ഭവനരഹിതരുടെ ഒരു സമഗ്ര കണക്കെടുക്കുകയും ഭവനവായ്പ നൽകുന്ന വിവിധ എജൻസികളുടെ പ്രവർത്തനം

പഞ്ചായത്തും തലത്തിൽ ഏകോപിക്കുകയും വേണം. പാവപ്പെട്ട ഭവന രഹിതർക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയും എന്ന് മനസ്സിലാക്കി ബാക്കി തുക സന്നദ്ധസംഘടനകൾ മുഖാന്തിരമോ സർക്കാർ സഹായം വഴി സമാഹരിച്ച് ഇത്തരം ആളുകളുടെ പാർപ്പിട പ്രശ്നം ഒരു നിശ്ചിത കാലയളവിനുള്ളിൽ പരിഹരിക്കാൻ ശ്രമിക്കണം.

പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഹരിക്കാവുന്നതാണ്.

1. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം ഉണ്ടാക്കുക.
2. കെട്ടിട നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദരും സഹായികളുടെയും ഒരു സഹകരണസംഘം ഉണ്ടാക്കുക. ഈ പഞ്ചായത്തിൽ കൂടുതൽ തൊഴിലാളികൾ ഈ രംഗത്തു വന്നുകൊണ്ടിരിക്കുന്നതിനാൽ ഈ പഞ്ചായത്തിൽ നിന്ന് ഇത്തരം തൊഴിലാളികളെ സപ്ലൈ ചെയ്യാനാവും. (കെട്ടിടനിർമ്മാണത്തിനാവശ്യമായ എല്ലാ വിഭാഗം തൊഴിലാളികളും നമ്മുടെ പഞ്ചായത്തിലുണ്ട്)
3. 3 ലക്ഷം രൂപക്കുമേൽ ചിലവു വരുന്ന വീടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയോ ഇത്തരം വീടുകളിൽ നിന്ന് അധിക നികുതി ചുമത്തുകയോ ചെയ്യുക.
4. സർക്കാർ വായ്പകൾക്കുള്ള അപേക്ഷകരെ തെരെഞ്ഞെടുക്കലും അവർക്കുള്ള സാമ്പത്തിക വിതരണവും പഞ്ചായത്തു തലത്തിൽ ആക്കുക ഇതുവഴി സാധാരണക്കാരന്റെ വായ്പ ലഭിക്കാനുള്ള ബുദ്ധിമുട്ട് ഒരു പരിധിവരെ ഒഴിവാക്കാനാവും.
5. രജിസ്ട്രാപ്പീസിലെ ഫീസ് പാവപ്പെട്ടവർക്ക് വീടു വയ്ക്കാനുള്ള റജിസ്ട്രേഷനുമായി ബന്ധപ്പെട്ടവർക്ക് ഇളവു നൽകുക.
6. എല്ലാ തരം വായ്പക്കും വിവിധ ഘട്ടങ്ങൾ പരിശോധിച്ച് സാക്ഷ്യപത്രം നൽകാൻ പഞ്ചായത്ത് മെമ്പറെ ചുമതലപ്പെടുത്തുക.
7. ഭവന നിർമ്മാണരംഗത്തെ സർക്കാർ ഏജൻസികളുടെ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കുക.
8. പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കളും പ്രാദേശിക പരിതസ്ഥിതി ഭൂമിയുടെ കിടപ്പ് കാലാവസ്ഥ ഇവയ്ക്കനുയോജ്യമായ തരത്തിലുള്ള വീടുകൾ വിദഗ്ദ്ധരുമായി ചേർന്ന് രൂപകല്പന ചെയ്യുകയും അവ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്യുക.
9. IAY, MWS,JRY RLEGP. എന്നിവ 15,800 രൂപയിൽ നിന്ന് 30,000 ആയി ഉയർത്തുക.
10. രാജീവ് ദശലക്ഷം പാർപ്പിടപദ്ധതി 26,400 രൂപയിൽ നിന്ന് 80,000 രൂപയായി ഉയർത്തുക.

ഭവനരഹിതർക്ക് ഭൂമിയുടെ ക്രമാതീതമായ വിലക്കയറ്റം മൂലം വീടുവയ്ക്കുന്നത് സാധാരണക്കാർക്ക് സ്വപ്നം കാണാൻ പോലും കഴിയാത്ത കാര്യമായി മാറിയിരിക്കുന്നു. പഞ്ചായത്തിനുള്ളിൽ കിടക്കുന്ന പുറമ്പോക്ക്, മിച്ചഭൂമി, പഞ്ചായത്തിന്റെ ഭൂമി ഇവയിൽ വീടുവയ്ക്കാൻ പറ്റിയ സ്ഥലങ്ങൾ നിർണ്ണയിച്ച് ഭവനരഹിതർക്ക് കുറഞ്ഞ വിലക്ക് നൽകാവുന്നതാണ്. അല്ലെങ്കിൽ ഈ ഭൂമിയിൽ നിർമ്മിതികേന്ദ്രയുടെ സഹായത്തോടെ കുറഞ്ഞ ചിലവിൽ വീടുകൾ നിർമ്മിച്ച് ഭവനരഹിതർക്ക് നൽകാവുന്നതാണ്.

മുമ്പ് സർക്കാർ അനുവധിച്ച ലക്ഷം വീടുപദ്ധതിപ്രകാരം ലഭിച്ച വീടുകൾ ഇന്ന് ജീർണ്ണാവസ്ഥയിലാണ് അവ റിപ്പയർ ചെയ്യാൻ അടിയന്തരമായി വേണ്ടതു ചെയ്യണം. സൗജന്യമായി വീടുവച്ചു നൽകുന്ന പദ്ധതികളിൽ വീടു നിർമ്മിക്കുമ്പോൾ അവയുടെ പരിശോധന നടത്താനുള്ള അവകാശം ഗുണഭോക്താക്കളടങ്ങിയ ജനകീയ കമ്മറ്റികൾക്ക് നൽകണം.

അടുത്ത 5 വർഷം കൊണ്ട് ഈ പഞ്ചായത്തിലെ മുഴുവൻ ഭവരഹിതർക്കും വീടുവച്ചു നൽകുക എന്ന മുദ്രാവാക്യം നടപ്പിലാക്കാൻ ഈ പഞ്ചായത്തിലെ മുഴുവൻ ആളുകളുടെ സഹകരണത്തോടെ ശ്രമിക്കണം. ആ ശ്രമത്തിൽ നമുക്ക് വിജയം വരിക്കാൻ നമുക്ക് കൂട്ടായി പരിശ്രമിക്കാം.

സാമൂഹ്യക്ഷേമം

സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന [സാംസ്കാരികമായും, സാമ്പത്തികമായും, സാമൂഹ്യമായും] ജനവിഭാഗങ്ങളുടെ സർവ്വതോൻമുഖമായ വളർച്ചയെ ലക്ഷ്യമാക്കുന്ന ക്ഷേമപദ്ധതികളും സംഘടിത - അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികളാണ് നിലവിലുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ ഇവയെ രണ്ടായിതിരിക്കാം.

1. കേന്ദ്രസംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിലുള്ളപദ്ധതികൾ
2. തൊഴിലാളി - തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ നടപ്പാക്കുന്ന പദ്ധതികൾ.

ഈ പദ്ധതികൾക്കു പുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനും വേണ്ടി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ വികസനത്തിനായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതികളെകുറിച്ച് ജനങ്ങൾക്ക് അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ ചിട്ടപ്പടിയുള്ള പ്രവർത്തനം ഗ്രാമീണ ജനതക്ക് ഇത്തരം ഉദ്യോഗസ്ഥൻമാരെ നേരിട്ട് കാണാൻ പോലും ലഭിക്കാറില്ല. വേണ്ടത്രബോധവൽക്കരണം നടത്തുന്നില്ലെന്നു മാത്രമല്ല ഇത്തരം പദ്ധതികളുടെ ഗുണഭോക്താക്കളെ സാങ്കേതികതയുടെ പേരിൽ വട്ടം കറക്കാറുമുണ്ട്. അന്നന്ന് ജോലിയെടുത്ത് ചിലവിനുള്ളത് സമ്പാദിക്കുന്ന സാധാരണക്കാർ തുച്ഛമായ സംഖ്യകൾ സർക്കാറിൽ നിന്നു കിട്ടാൻ തന്നെ ജോലി നഷ്ടപ്പെടുത്തി വളരെ അധികം പ്രാവശ്യം ഈ സ്ഥാപനങ്ങളിൽ കയറിയിറങ്ങേണ്ടിവരുന്നു അതുകൊണ്ടു തന്നെ ഗ്രാമീണ ജനത തങ്ങളുടെ വിവിധ ആവശ്യങ്ങൾക്കായി സ്വകാര്യവ്യക്തികളെയും സ്ഥാപനങ്ങളെയും ആശ്രയിക്കുന്നു. തെങ്കുറിശ്ശി പഞ്ചായത്തിലെ VEO office പഞ്ചായത്തു കെട്ടിടത്തിലേക്കോ കയറംകുളത്തോ മാറ്റിസ്ഥാപിക്കണം.

തൊഴിലാളി - തൊഴിലുടമാ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കർഷതൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ എന്നിവരാണ് കൂടുതൽ എല്ലാ തൊഴിലാളികളും ക്ഷേമപദ്ധതിയിൽ ചേർന്നിട്ടില്ല. ഈ ക്ഷേമപദ്ധതികൾ വേണ്ടത്ര ഉൾകൊള്ളാനോ അവ ഉപയോഗപ്പെടുത്താനോ തൊഴിലാളികൾ തയ്യാറാവുന്നില്ല. മാത്രമല്ല ക്ഷേമനിധിയിൽ ചേർന്ന തൊഴിലാളികൾ തന്നെ പലരും കൃത്യമായി വിഹിതം അടക്കാൻ വീഴ്ച വരുത്തുകയും ചെയ്യുന്നു. ഈ രംഗത്ത് ഉള്ള• ക്ഷേമപദ്ധതികളെകുറിച്ച് ശരിയായ ബോധവൽക്കരണം നടത്താൻ ബോർഡ് തയ്യാറാവണം.

വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തെകുറിച്ച് ഈ പഞ്ചായത്തിലെ ബഹുഭൂരി പക്ഷം വനിതകൾക്കും അറിയില്ല എന്നത് ഒരു വസ്തുതയാണ്. വനിതാ വികസന കോർപ്പറേഷനെകുറിച്ചും അതുവഴി സ്ത്രീകൾക്ക് ലഭിക്കുന്ന വിവിധ സഹായ പദ്ധതികളെ കുറിച്ചും. അംഗനവാടികൾ, വനിതാ പഞ്ചായത്ത് മെമ്പർമാർ, വനിതാസംഘടനകൾ തുടങ്ങിയവരെയെങ്കിലും ഉൾപ്പെടുത്തി അടിയന്തിരമായി പഞ്ചായത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കണം സ്ത്രീധന പീഡനങ്ങളും അന്ധവിശ്വാസങ്ങളും ഏറെയുള്ള ഈ പഞ്ചായത്തിൽ ദുരിതമനുഭവിക്കുന്ന വനിതകൾക്ക് അല്പമെങ്കിലും ആശ്വാസം നൽകാൻ വനിതാവികസന കോർപ്പറേഷന്റെ പ്രവർത്തനം കൊണ്ട് കഴിയും.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കികൊണ്ടിരിക്കുന്നത് ബ്ളോക്ക് ഡവലപ്മെൻറ് ആഫീസിനുതാഴെയുള്ള തേങ്കുറിശ്ശി I, II എന്നീ രണ്ടു സർക്കിളുകൾ വഴിയാണ് രണ്ടു സർക്കിളിലൂടെ നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും ശരിയായ വിവരം ശേഖരിക്കേണ്ടിയിരിക്കുന്നു.

രണ്ടു V- E- O സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായി തന്നെ താഴെ പ്രതിപാദിക്കുന്നു. പ്രസ്തുതപദ്ധതികൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടെ.

പട്ടിക - I

തേങ്കുറിശ്ശി I, II V- E - O സർക്കിളിൽ ലഭ്യമായ ഏറ്റവും പുതിയ കണക്കനുസരിച്ച് ആകെ കുടുംബങ്ങൾ 2277 അതിൽ ദാരിദ്ര്യരേഖക്കു താഴെയുള്ളവ 2137 കുടുംബങ്ങൾ ഉണ്ട്. ഈ പഞ്ചായത്തിൽ ഈ കണക്കനുസരിച്ച് 140 കുടുംബങ്ങൾ മാത്രമെ ദാരിദ്രരേഖക്ക് മുകളിൽ ഉള്ളൂ എന്നു കാണാം. ഇതിൻെറ അർത്ഥം ഈ പഞ്ചായത്തിലെ 94% കുടുംബങ്ങളും ദാരിദ്ര്യരേഖക്ക് താഴെയാണ് എന്നതാണ്. കൂടുതൽ 1087 കുടുംബങ്ങൾ S-C പെട്ടതാണ്. ആകെ 207 കുടുംബങ്ങൾക്ക് മാത്രമെ സാമ്പത്തികസഹായം ലഭിച്ചിട്ടുള്ളൂ ഇതിൽ തന്നെS-C കുടുംബങ്ങൾ 112 മാത്രമാണ്.

ഈ റിപ്പോർട്ടിൻെറ ആദ്യഭാഗത്ത് പറഞ്ഞ കാരണങ്ങളാണ് സാമൂഹ്യക്ഷേമരംഗത്ത് ഏറ്റവും കൂടുതൽ പ്രവർത്തനം കാഴ്ചവക്കാനും അതുവഴി 94% വരുന്ന തേങ്കുറിശ്ശി പഞ്ചായത്തിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുവേണ്ടിയുള്ള പ്രവർത്തനത്തിൻെറ അപര്യാപ്തത ഈ റിപ്പോർട്ടിൽ നമുക്കു കാണാം. സർക്കാറിൻെറ വിവിധ പദ്ധതികൾ ഉപയോഗപ്പെടുത്താനുള്ള ബോധം ഗ്രാമീണ ജനതയിൽ ഉണ്ടാക്കാനായി എല്ലാ വാർഡുതലത്തിലും ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളുടെയും കൂട്ടായ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു. ദാരിദ്ര്യനിർമ്മാർജനം ലക്ഷ്യമാക്കിയുള്ള കേന്ദ്ര - സംസ്ഥാന പദ്ധതികൾ സാമൂഹ്യക്ഷേമം ബാർഡ് 5 പട്ടികവർഗ്ഗവികസനം 25 തൊഴിൽ വകുപ്പ് 9 റവന്യൂ 10 സാമൂഹ്യക്ഷേമം 19 ഗ്രാമവികസനം 8 സാമൂഹ്യ വികസനം 12 ഇത്രയും പദ്ധതികൾ ഈ രംഗത്തും വിവിധക്ഷേമനിധി ബോർഡുകൾ മറ്റുള്ളവ നടപ്പാക്കുന്ന പദ്ധതികൾ വേറെയും ഈ രംഗത്തുണ്ട്.

ഇത്തരം പദ്ധതികളുടെ എണ്ണം കൂട്ടിയതുകൊണ്ട് ഗ്രാമീണ ജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവില്ല. പകരം പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം തന്നെ ഈ പദ്ധതികൾ അവയുടെ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. പരിഹാരമായി ഈ പദ്ധതികളുടെ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട് അവരുടെ പ്രശ്നങ്ങൾ പഠിക്കാൻ കൂടി ഈ രംഗത്തു പ്രവർത്തിക്കുന്നവർ ശ്രമിക്കണം.

ദേശസാൽകൃത ബാങ്കുകൾ ഇത്തരം പദ്ധതികൾക്ക് വായ്പ അനുവദിക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. ചില ബാങ്ക് ഉദ്യോഗസ്ഥർ വായ്പതുക അനുവദിച്ചശേഷം അതിൻെറ 30% കൊടുത്ത് ബാക്കി ബാങ്കിൽ നിക്ഷേപിക്കാൻ നിർബന്ധിക്കുന്ന ഇത്തരം സംഭവങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ഇതിനു പരിഹാരമായി ഈ രംഗത്ത് ഗുണഭോക്താക്കളെ സഹായിക്കാൻ ജില്ലാ - സംസ്ഥാന സഹകരണ ബാങ്കുകളെ പര്യാപ്തമാക്കാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കണം. ഇത്തിരം ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവ്വേ നടത്തണം.

DWCRA സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA.

DWCRAസഹായലഭ്യരാകേണ്ടവർ

ഈ പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം രൂപീകരിച്ച 5 ഗ്രൂപ്പുകൾക്ക് വായ്പ ഇനത്തിൽ 3 ലക്ഷം രൂപയും സഹായധനമായി 1.25 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടായി 0-75 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഈ യൂണിറ്റുകളിൽ ഒരെണ്ണം പ്രവർത്തന രഹിതമാണ് തുടങ്ങിയ യൂണിറ്റുകൾക്ക് ആവശ്യമായ വികസന കാര്യങ്ങൾക്ക് സാമ്പത്തികസഹായം ലഭ്യമാക്കുമെങ്കിൽ ഇത്തരം യൂണിറ്റികളെ കുറ്റ കൂടെ മെച്ചമായ രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയും. ഈ മേഖലയിൽ 10-15 യൂണിറ്റികളെങ്കിലും ഉടനെ പ്രവർത്തിക്കാൻ സാദ്ധ്യമായ സാഹചര്യങ്ങൾ ഉണ്ട്.

ഈ രംഗത്തെ മറ്റൊരു പ്രശ്നം അസംസ്കൃത സാധനങ്ങൾ ലഭിക്കുവാനുള്ള വിഷമം ആണ്. ഉദാഹരണമായി ഈ പഞ്ചായത്തിൽ മുള യഥേഷ്ടം ഉണ്ടെങ്കിലും ഈ മുളകൾ മൊത്തമായി വാങ്ങി കച്ചവടക്കാർ ലോറിയിൽ കയറ്റി കൊണ്ടുപോകുന്നു. ഈ കച്ചവടക്കാർ ഒരു മുളക്ക് ഏകദേശം 50 രൂപ വച്ചാണ് കൊടുക്കുന്നത് ഇത് മുള, വട്ടി, പരമ്പ് തുടങ്ങിയ വസ്തുക്കൾ പരമ്പരാഗതമായി ഉണ്ടാക്കി വില്ക്കുന്ന തൊഴിലാളികൾക്ക് 75 രൂപ കൊടുക്കേണ്ടിവരുന്നു. അതുപോലെ ഇത്തരം പരമ്പരാഗത വ്യവസായങ്ങൾ നിലനിർത്താൻ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ പഞ്ചായത്തിൽ വില്പനശാലകൾ ഏർപ്പാടാക്കിയാൽ ഇവരുടെ ഉല്പനങ്ങൾ ന്യായമായ വിലക്ക് കഴിയും.

ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ലഭ്യമായ കണക്കുകൾ വച്ച് 7 പേരാണ് 8-ാം പദ്ധതി കാലത്ത് തൊഴിൽ പരിശീലനം നേടിയത് പ്രാദേശികമായി തൊഴിൽ സാദ്ധ്യത ഏറെയുള്ള രംഗങ്ങളിൽ പരിശീലനം നൽകണം. അതുവഴി തൊഴിൽ പരിശീലനം നേടിയവർക്ക് തൊഴിൽ ലഭിക്കുന്നില്ല എന്ന പരാതി ഒഴിവാക്കാനാവും. വളരെ ചുരുക്കം പേർക്കെ ഈ പദ്ധതിയിലൂടെ പരിശീലനം നേടാൻ കഴിയുന്നുള്ളു. പരിശീലനം പരമാവധി ആളുകൾക്ക് കൊടുക്കുകയും പരിശീലനകാലത്തുള്ള ധനസഹായം വർദ്ധിപ്പിക്കുകയും വേണം. ഈ പദ്ധതിയുടെ പ്രചാരണത്തിന് യുവജനസംഘടകളെയും സന്നദ്ധസംഘടനകളെയും ഉപയോഗിപ്പെടുത്താം. മാത്രമല്ല ഈ പദ്ധതിയിലൂടെ പരിശീലനം ലഭിച്ചവർക്ക് ഒരു നിശ്ചിതകാലയളവിനുള്ളിൽ ജോലിസ്ഥിരത ഉറപ്പുവരുത്തണം. എങ്കിലേ പദ്ധതി യഥാർത്ഥലക്ഷ്യം കണ്ടെത്താനാവൂ ഈ പഞ്ചായത്തിൽ പരിശീലനം ലഭിച്ച ആർക്കും തന്നെ സ്വയം തൊഴിൽ കണ്ടെത്താൻ ഈ പരിശീലനം കൊണ്ടു കഴിഞ്ഞില്ല എന്ന് മുകളിൽ കൊടുത്ത പട്ടികയിൽ നിന്ന് മനസ്സിലാക്കാനാവും.

ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

ഈ പഞ്ചായത്തിൽ 110 കുടുംബങ്ങൾക്ക് ആധുനിക തൊഴിലുപകരണങ്ങളുടെ ആവശ്യമുണ്ട്. അതിൽ 30 കുടുംബങ്ങൾക്ക് 8-ാം പദ്ധതികാലത്ത് തൊഴിലുപകരണങ്ങൾ വാങ്ങികൊടുത്തിട്ടുണ്ട്. ബാക്കിയുള്ള കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP

തേങ്കുറിശ്ശി പഞ്ചായത്തിൽ 2 VEO സർക്കിളുകളിലായി കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം 2194 വിവിധ പദ്ധതികളിലായി മൊത്തം 212 കക്കൂസ് അനുഭവിച്ചിട്ടുണ്ട്. ഇവയിൽ പൂർത്തീകരിച്ചവ 138 എണ്ണം കൂടി കക്കൂസുകൾ വേണ്ട കുടുംബങ്ങൾ 1970 ആരോഗ്യപരിപാലനരംഗത്തെ പുരോഗതിക്ക് എല്ലാ വീടുകളിലും കക്കൂസ് ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. കാരണം ഏകദേശം 70% രോഗങ്ങളും തുറന്ന സ്ഥലത്തെ മലമൂത്ര വിസർജ്ജനം കൊണ്ടുണ്ടാകുന്നതാണ്. അതിനാൽ ഈ പഞ്ചായത്തിൽ എല്ലാ വീടുകളിലും കക്കൂസു നിർമ്മിച്ച് കൊടുക്കാനുള്ള ഒരു സമഗ്രപദ്ധതിക്ക് രൂപം കൊടുക്കേണ്ടിയിരിക്കുന്നു.

പട്ടിക V

വില്ലേജ് ആഫീസ് വഴിയുള്ള ക്ഷേമനിധി

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും നിർധനനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്.

അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യം ലഭിക്കുന്നില്ല. കാരണം ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ തീരെ പാവങ്ങളും സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരും ആയതിനാൽ ഈ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ അവർക്ക് കഴിയുന്നില്ല. ചില സന്ദർഭങ്ങളിൽ ഈ പദ്ധതികൾ അനർഹരായവർ കൈപറ്റുകയും ചെയ്യുന്നു.

ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തിനു കൈ മാറിയാൽ ഇന്നുള്ളതിനേക്കാൾ കാര്യക്ഷമമായി ഈ പദ്ധതി നടപ്പാക്കാൻ കഴിയും.

പെൻഷൻ പദ്ധതികൾ :-

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുന്നില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാൻ നടപടിസ്വീകരിക്കണം. ഈ പഞ്ചായത്തിൽ —— പേർക്ക് ഈ പെൻഷൻ ലഭിക്കുന്നു.

വികലാംഗപെൻഷൻ:-

വികലാംഗപെൻഷനുവേണ്ടിയുള്ള സാങ്കേതികത്വം കുറക്കേണ്ടതാണ് വികലാംഗ സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം താലൂക്ക് ആശുപത്രികളെ ഏൽപിക്കണം. ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ ആവശ്യമായ നടപടികൾ എടുക്കണം.

കർഷകതൊഴിലാളി പെൻഷൻ:-

ഈ പഞ്ചായത്തിലെ മുഴുവൻ അർഹരായ കർഷകതൊഴിലാളികളെയും ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരണം. കർഷകതൊഴിലാളി പെൻഷന്റെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനു നൽകണം. ഈ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ അർഹരായവരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തണം.

അംഗനവാടികൾ:-

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അംഗനവാടികൾ നമ്മുടെ പഞ്ചായത്തിൽ 11. വാർഡുകളിലായി 13 എണ്ണം പ്രവർത്തിക്കു ആയിരം ജനങ്ങൾക്ക് ഒരു അംഗനവാടിയെന്നതാണ്. I.C.D.S ന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു. ആയതുകൊണ്ടുതന്നെ നിലവിലുള്ളവയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. പൂത്തൻ വിദ്യാഭ്യാസസംസ്ക്കാരത്തിന്റെ കടന്നുകയറ്റം തടയാൻ അംഗനവാടികൾക്ക് പ്രാഥമിക സൗകര്യം മെച്ചപ്പെടുത്തുകയും ജനസംഖ്യാനുപാതികമായി

അംഗനവാടികൾ സ്ഥാപിക്കുകയും ചെയ്യണം. എല്ലാ അംഗനവാടികളിലും കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ വാങ്ങികൊടുക്കണം. വരുംതലമുറയെ വാർത്തെടുക്കുന്ന അംഗനവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപ്പർ, എന്നീ രണ്ടു തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9 മുതൽ 3.30 മണിവരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. ഇത്രയൊക്കെ ജോലിഭാരം ഉള്ള അവരുടെ വേതനം തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ

1. എല്ലാ അംഗനവാടികൾക്കും സ്വന്തംകെട്ടിടം ഉണ്ടാക്കണം.
2. പഞ്ചായത്തിലുള്ള മിച്ചഭൂമിയോ ലീസ് ഭൂമിയോ കെട്ടിടം പണിയാൻ നൽകുക.
3. 10-ാം വാർഡിന്റെ മധ്യഭാഗത്തായി എല്ലാവർക്കും സൗകര്യപ്രദമായ സ്ഥലത്തും 9-ാം വാർഡിൽ ഒരു പുതിയ അംഗനവാടിയും അനുവദിക്കുക.
4. DWCRA യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കുട്ടികൾക്ക് കളിപ്പാട്ടം വാങ്ങാൻ ഉപയോഗിക്കുക.
5. അംഗനവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിനു നൽകുന്ന സംഖ്യയുടെ പരിധി ഉയർത്തുക.
6. അനർട്ട് അടുപ്പുകൾ അംഗനവാടികളിൽ വ്യാപിപ്പിക്കുക.
7. ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി മുഴുവൻ അംഗനവാടികളിലും പാഴ്വസ്തുക്കളും മലിനവസ്തുക്കളും നീക്കം ചെയ്യാൻ സംവിധാനം ഉണ്ടാക്കുക.
8. അംഗനവാടി ഹെൽപ്പർമാരെയും വർക്കർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും അവരുടെ സേവന- വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.
9. പൊതു പ്രവർത്തനത്തിൽ വർക്കർമാരെയും ഹെൽപ്പർമാരെയും സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.

കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി:- പഞ്ചായത്തിൽ ഈ രംഗത്തേക്ക് കൂടുതൽ ആളുകൾ തൊഴിലെടുക്കുന്നുണ്ട്. ഭൂരിപക്ഷംപേരും ക്ഷേമനിധിയിൽ അംഗങ്ങളല്ല. ഉടമാവിഹിതം പിരിക്കുന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ടു തന്നെ തൊഴിൽ മേഖലയിൽ നിന്ന് 55 വയസ്സാവുമ്പോഴേക്കും വിട്ടു നിൽക്കാൻ നിർബന്ധിക്കുപ്പെടുകയാണ്. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം 55 വയസ്സാക്കി ചുരുക്കണം. ഈ പഞ്ചായത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കാഠിന തൊഴിലാളികൾ ഉണ്ട്. ഇവരെ മുഴുവൻ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രമിക്കണം ഈ ക്ഷേമനിധിയുടെ കീഴിൽ വരുന്നഭവനിർമ്മാണ പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

ആശാരണ തൊഴിലാളി ക്ഷേമനിധി

വിളയന്നൂർ വിളയൻ ചാത്തന്നൂർ തെങ്കുറിശ്ശി എന്നിവിടങ്ങളിൽ സ്വർണ്ണാഭരണ തൊഴിലാളികൾ ഏറെ ഉണ്ടെങ്കിലും ക്ഷേമനിധിയിൽ അംഗങ്ങളായവർ വിരളമായേ ഉള്ളൂ. ഇവരുടെ ഉയർന്ന സാമ്പത്തികസ്ഥിതിയാവാം ഇവർ ക്ഷേമനിധിയിൽ അംഗങ്ങളാവാതിരിക്കാൻ കാരണം എന്നു തോന്നുന്നു.

കൈത്തൊഴിലാളി - വിദഗ്ദ്ധ തൊഴിലാളിക്ഷേമനിധി

തയ്യൽ - ബാർബർ - കൊല്ലൻമാർ, മരംകയറ്റക്കാർ, ബീഡിതൊഴിലാളികൾ, വാച്ച് സൈക്കിൾ റിപ്പയർമാർ തേങ്ങവെട്ടി ഉണ്ടാക്കുന്നവർ ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികൾ ഈ പദ്ധതിയിൽ ന്യൂനപക്ഷം മാത്രമെ അംഗങ്ങളായിട്ടുള്ളൂ.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്കെത്തിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ പ്രചരണം നടത്തണം എല്ലാ വാർഡുകളിലും പൊതുസ്ഥലത്ത് പഞ്ചായത്തിന്റെ ഒരു സ്ഥിരമായ ബോർഡ് സ്ഥാപിച്ച് ഈ ബോർഡിൽ പഞ്ചായത്തിൽ നടപ്പാക്കുക ക്ഷേമപ്രവർത്തനങ്ങൾ എഴുതിവക്കാവുന്നതാണ് വേറൊരു നിർദ്ദേശം പഞ്ചായത്തു തലത്തിൽ ഒരു സെൽ രൂപീകരിക്കണം. അതത് ഗ്രാമസഭകൾ അതിനു കീഴെ 50 വീടുകൾ ഉൾകൊള്ളുന്ന അയൽകൂട്ട കമ്മറ്റികൾ സജീവമാക്കി പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

പൊതുവിതരണം

പഞ്ചായത്തിലാകെ 11 റേഷൻഷോപ്പുകൾ പ്രവർത്തിക്കുന്നു — പൊതുവിതരണരംഗത്ത് ഈ പഞ്ചായത്തിൽ രണ്ടുമാവേലി സ്റ്റോറുകൾ എങ്കിലും അനുവദിച്ചുതരണം I, II ഉം വില്ലേജിൽ അത് പ്രവർത്തിക്കണം. പൊതുവിതരണരംഗത്ത് സഹകരണബാങ്കുകളുടെ നേതൃത്വത്തിൽ ഓണകാലത്ത് വിപണന കേന്ദ്രങ്ങൾ തുറക്കാറുണ്ട് സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ ഈ പഞ്ചായത്തിൽ ആഴ്ചയിൽ ഒരു നിശ്ചിത ദിവസം വന്നാൽ സാധാരണക്കാർക്ക് പ്രയോജനം ചെയ്യും.

റേഷൻ ഷോപ്പ് (പൊതുവിതരണ കേന്ദ്രം)

ത്യാഗപൂർണ്ണമായ നിരവധിസമരങ്ങൾകൊണ്ട് നാം നേടിയെടുത്ത റേഷൻ സമ്പ്രദായം അപ്പാടെ നിർത്തലാക്കാൻ ദേശീയതലത്തിൽ തന്നെ ശ്രമിച്ചു വരികയാണ്. അതിന്റെ പ്രതിഫലനമാണ് റേഷൻഷോപ്പ് ന്യായവിലഷോപ്പായതും, ന്യായവിലഷോപ്പ് പൊതുവിതരണകേന്ദ്രമായതും എല്ലാവർക്കും നിശ്ചിത അളിവൽ ഭക്ഷ്യധാന്യങ്ങൾ ഉറപ്പു വരുത്തുന്നത് റേഷൻ അത് ന്യായവിലയായപ്പോൾ ന്യായമായ വിലക്ക് സാധനം വില്ക്കുന്ന സ്ഥലമായി അത് പൊതുവിതരണ കേന്ദ്രമായപ്പോൾ കിട്ടുന്ന സാധനങ്ങൾ പൊതുവേ വിതരണം ചെയ്യുന്ന കേന്ദ്രമായി മാറി സാധാരണ ജനങ്ങൾ ഈ പേരുമാറ്റവും അതിന്റെ പിന്നിലുള്ള ഗൂഢപദ്ധതികളും മനസ്സിലാക്കിയിട്ടില്ല. പൊതുവിതരണകേന്ദ്രം മാറ്റി പഴയ റേഷൻ ഷോപ്പ് പുനഃസ്ഥാപിക്കണം. റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം.

സാമൂഹ്യക്ഷേമരംഗത്തു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ഈ രംഗത്തെ സന്നദ്ധ പ്രവർത്തകരുടെയും അടിയന്തര കർത്തവ്യം പഞ്ചായത്തു തലത്തിൽ വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന്റെ മുന്നൊരുക്കമെന്ന നിലയിൽ ഗുണഭോക്താക്കളുടെ ഒരു സർവ്വേ എടുക്കുക എന്നതാണ് വളരെ ഏറെ കാര്യങ്ങൾ ഈ രംഗത്ത് നമുക്ക് ചെയ്യാൻ കഴിയും. വിവിധ ജാതികളുടെ കൂട്ടായ്മയാണ് ഈ പഞ്ചായത്ത് ഉദാഹരണമായി 4-ാം വാർഡിലുള്ള വടുകത്തറ ന്യൂനപക്ഷമായ ഈ ജന വിഭാഗത്തിന്റെ സാമ്പത്തികമായ ഉന്നമനത്തിന് വളരെയേറെ പദ്ധതികൾ നമുക്ക് നടപ്പാക്കേണ്ടതുണ്ട്. ഇത്തരം വിവിധ ജാതികളും ജാതി വിഭാഗത്തിലുള്ള ഏറെ ജാതികളും ഉപജാതികളും ഉണ്ട്. ഇവരെയെല്ലാം നിലനിർത്തുകയും ഇവരുടെ ശാരീരിക - സാമ്പത്തിക പരാധീനതകൾ പരിഹരിക്കേണ്ടത് നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയുടെ സംതുലനത്തിന് അത്യന്താപേക്ഷിതമാണ്.

5.8
സംസ്കാരം

സംസ്കാരം

ദ്രാവിഡ സംസ്ക്കാരത്തിന്റെ പാരമ്പര്യം ഉള്ള ഒരു ജനത തന്റെ ഊരിനെ മധുരമായി വിളിച്ചിരുന്നു. അതുകൊണ്ടാവാം തേൻകുറിശ്ശി എന്ന് ഈ പ്രദേശത്തിന് പേർ വന്നത്. നിരന്നു നിൽക്കുന്ന കരിമ്പനകളിൽ നിന്നുകിട്ടുന്ന മധുരമായ കള്ള് സുലഭമായി ലഭിക്കുന്ന പ്രദേശത്തിന് തേൻകുറിശ്ശി എന്ന പേര് അന്വർത്ഥം തന്നെ. കോഴിക്കോട്ടു സാമൂതിരി പിടിച്ചെടുത്ത നടുവട്ടം നാട്ടിൽപ്പെട്ട തേങ്കുറിശ്ശി, വിളയന്നൂർ, വിളയൻ ചാത്തനൂർ, മഞ്ഞളൂർ, വെമ്പലൂർ എന്നീ ദേശങ്ങൾ ചേർന്നതാണ് ഇന്നത്തെ തേങ്കുറിശ്ശി പഞ്ചായത്ത്.

മഹത്തായ ദ്രാവിഡ സംസ്ക്കാരത്തിന്റെ വിളഭൂമിയാണ് ഈ പഞ്ചായത്ത് എന്നു പറഞ്ഞാൽ അതിൽ അതിശയോക്തി ഉണ്ടാവില്ല. കാരണം തമിഴ്നാട്ടിൽ നിന്ന് വാളയാർ ചുരം കടന്നെത്തുന്ന കാറ്റേറ്റ് വളർന്നുവന്ന ഒരു സമൂഹത്തിന്റെ സംസ്കാരം മറ്റൊന്നാവാൻ കഴിയില്ലല്ലോ. അതുകൊണ്ടാവാം എല്ലാ കലകളും ഇവിടെ തഴച്ചുവളരാൻ ഇടയായത്. കരകൗശലവിദഗ്ദർ, വാദ്യമേളക്കാർ, അഭിനേതാക്കൾ എന്നുവേണ്ട എല്ലാതരം കലാകാരൻമാരാലും അനുഗൃഹീതമായിരുന്നു ഈ ദേശത്തിന്റെ പൂർവ്വകാല ചരിത്രം. കളിമണ്ണിൽ നിന്ന് ദൈവങ്ങളേയും മറ്റു ശില്പങ്ങളേയും സൃഷ്ടിച്ചിരുന്നവരും ഓട്ടുപാത്രങ്ങൾ നിർമ്മിക്കുന്നവരും വിളയന്നൂരിൽ ഉണ്ട്. പരേതനായ കണ്ണൻമൂശാരി ഓട്ടുപാത്രനിർമ്മാണരംഗത്തെ വൈദഗ്ദ്യം മാനിച്ച് ദേശീയതലത്തിൽ തന്നെ അംഗീകാരം നേടുകയും മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയിൽ നിന്ന് അവാർഡ് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളിൽ കാർഷികരംഗത്തേക്ക് ആവശ്യമായ എല്ലാ ഉപകരണങ്ങളും ഈ പഞ്ചായത്തിൽ തന്നെ ആ രംഗത്തെ വിവിധ കൈതൊഴിലുകാർ നിർമ്മിച്ചിരുന്നു ക്രമേണ ഈ രംഗത്ത് പ്രവർത്തിക്കുന്ന കൈതൊഴിലുകാർ വിവിധ പട്ടണങ്ങളിൽ കൂടുതൽ സുരക്ഷിതമായ ജോലി തേടി പോവുകയും ചെയ്തു. ഇന്ന് അവരുടെ സംഖ്യ ന്യൂനപക്ഷം മാത്രമാണ്. ഇങ്ങിനെ അന്യദേശങ്ങളിൽ കുടിയേറി പാർത്ത കൈതൊഴിലുകാരിൽ നല്ല പങ്ക് നാടൻ കലാകാരൻമാരായിരുന്നു. അവരുടെ പ്രയാണം നമ്മുടെ ഗ്രാമീണ ജീവിതത്തിന്റെ സാംസ്കാരിക മണ്ഡലത്തിന്റെ അധഃപതനമായേ കാണാനാവൂ.

ഒരു കാലത്ത് ഈ പ്രദേശത്തെ പ്രതാപികളും ധനവാൻമാരും തങ്ങളുടെ പ്രതാപം കാണിച്ചിരുന്നത് തന്റെ ബുദ്ധിപരവും കലാപരവുമായ കഴിവ് നാട്ടുകാരുടെ ഇടയിൽ പ്രദർശിപ്പിച്ചു കൊണ്ടായിരുന്നു. ഉദാഹരണത്തിന് ഈ പ്രദേശത്ത് പ്രചുരപ്രചാരം നേടിയ മലമകളിയിലും കണ്യാർകളിയിലും സമുദായത്തിലെ ഏറ്റവും സമ്പന്നരാണ് പങ്കെടുത്ത് കളിച്ചിരുന്നത് പുറാട്ടു നാടകം ആര്യമാല, പാവകൂത്ത് എന്നീ കലാരൂപങ്ങളും ഈ പഞ്ചായത്തിലെ മനുഷ്യരുടെ രക്തത്തിൽ അലിഞ്ഞുചേർന്ന കലാരൂപങ്ങളാണ്. പുരാതനകാലത്ത് വിവാഹദിവസം വരന് പുരാണ പാരായണം

ചെയ്യാനുള്ള കഴിവ് നാട്ടുകാരണവൻമാർ ചേർന്ന് പരിശോധിക്കുമായിരുന്നു. വിവാഹവും മറ്റാഘോഷങ്ങളിലും വിവിധ വിഷയങ്ങളെ അധികരിച്ചുള്ള തർക്ക സദസ്സുകൾ ഉണ്ടായിരുന്നു. പുരാണപാരായണത്തിന് പണ്ഡിതൻമാർ ഈ പ്രദേശങ്ങളിൽ വരുമ്പോൾ അവരുമായി വാഗ്വാദങ്ങളിൽ ഏർപ്പെടുന്ന നിരവധി പണ്ഡിതൻമാർ ഈ പ്രദേശത്ത് ഉണ്ടായിരുന്നു. സംസ്കാരം എന്ന വാക്കിന് അർത്ഥം എതെങ്കിലും രണ്ടു വാചകങ്ങളിൽ ഒതുക്കാനാവില്ല എങ്കിലും ഒരു ജനതയുടെ ജീവിതരീതിയെ സംബന്ധിച്ചത് എന്ന ഒരു സാമാന്യ അർത്ഥം പറയാമെന്നു തോന്നുന്നു അങ്ങിനെയാണെങ്കിൽ തേങ്കുറിശ്ശി പഞ്ചായത്തിന്റെ ചരിത്രം സമൂഹത്തിലെ എല്ലാരംഗങ്ങളിലും പ്രാഗല്ഭ്യം തെളിയിച്ച കുറെ അധികം വിഭാഗങ്ങളുടെ കൂട്ടായ്മയാണ് എന്നു കാണാം.

19-ാം നൂറ്റാണ്ടിന്റെ തുടക്കം തന്നെ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് അറിവിന്റെ വെളിച്ചം പകരാൻ ഒരു ഗ്രന്ഥാലയം തുറന്നുകൊണ്ടായിരുന്നു 1906 ൽ ചമ്പത്തിൽ ചാത്തുകുട്ടിമന്ദാടിയാർ എന്ന മഹാപണ്ഡിതന്റെ സ്മരണക്കായി തുറന്ന ഈ ഗ്രന്ഥാലയം ആവാം ഒരുപക്ഷെ സാമൂഹ്യ മാറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത നിരവധി പ്രക്ഷോഭങ്ങളുടെ അലയൊലികൾ ഈ പഞ്ചായത്തിൽ എത്തിക്കാൻ കാരണം. ഈ അഭിപ്രായത്തിന് ഉപോൽപ്പലകമായ തെളിവുകൾ ഉണ്ട്. ക്ഷേത്രപ്രവേശന വിളമ്പരം വരുന്നതിനു മുമ്പ് 1110 ഇടവം 14 ന് തേങ്കുറിശ്ശിയിലെ ഇലമന്ദം ക്ഷേത്രം രാവിലെ മുതൽ വൈകുന്നേരം വരെ താഴ്ന്ന ജാതിക്കാർക്ക് തുറന്നുകൊടുത്തു. അന്നേ ദിവസം ഈ ഗ്രന്ഥശാലയുടെ സ്ഥാപകരിൽ ഒരാളും സംസ്കൃത പണ്ഡിതനുമായ പരവത്ത് ഗോപാലമന്ദാടിയാർ "ജാതിവ്യത്യാസത്തെ എതിർത്തും എല്ലാ ജാതിക്കാർക്കും ക്ഷേത്രങ്ങളിൽ പ്രവേശനം അനുഭവിക്കേണ്ട" തിന്റെ ആവശ്യകതയെക്കുറിച്ചും പ്രസംഗിച്ചു.

സമൂഹത്തിലെ വിവിധ അനാചാരങ്ങൾക്ക് എതിരെയുള്ള സമരത്തിൽ ഈ പ്രദേശത്തെ ജനങ്ങൾ സജീവമായി പങ്കെടുത്തിരുന്നു. ആ കാലഘട്ടത്തിലെ നിരവധി ദേശീയ നേതാക്കൻമാർക്ക് ആഥിത്യം അരുളുകയും അവരുടെ പ്രവർത്തനങ്ങൾക്ക് ആവേശം പകരുകയും ചെയ്ത ഒരു ജനതയായിരുന്നു ഈ പ്രദേശത്ത് ഉണ്ടായിരുന്നത് ഇതിന്റെ വിശദമായ വിവരങ്ങൾ പഞ്ചായത്തിന്റെ ചരിത്രത്തിൽ വിവരിക്കുന്നതുകൊണ്ട് ആ കാര്യങ്ങൾ ദീർഘമായി പ്രതിപാദിക്കുന്നില്ല.

ഇത്രയൊക്കെ ആവേശോജ്വലമായ സംസ്കാരത്തിന്റെ ഉടമകളായ ഈ പഞ്ചായത്തിലെ ജനങ്ങൾ ഇന്ന് ആ പാരമ്പര്യം മുഴുവൻ വേരറ്റുപോകുന്ന സ്ഥിതിയിലേക്ക് പോകുന്ന കാഴ്ചയാണ് നാം കാണുന്നത് കഴിഞ്ഞ ദശകങ്ങളിലെ കലാസാംസ്കാരികരംഗത്തെ പ്രതിഭകളുടെ പിൻമുറക്കാരുടെ ശോഷണത്തിന്റെ കാരണം അന്വേഷിക്കുന്നമ്പോൾ നമുക്ക് എത്താൻ കഴിയുന്ന നിഗമനങ്ങൾ ഇവയാണ്. കാർഷികമേഖലയെമാത്രം ആശ്രയിച്ചു കഴിയുന്ന ഒരു ജനവിഭാഗമാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. കാർഷികരംഗത്ത് വന്നിട്ടുള്ള ക്രമാനുഗതമായ തകർച്ച അതുമായി ഉപജീവനം കഴിക്കുന്നവരുടെ ജീവിത വീക്ഷണത്തെ മാറ്റമറിച്ചു. കാർഷികവൃത്തികൊണ്ട് തനിക്ക് മറ്റു ജനവിഭാഗങ്ങളോടൊപ്പം എത്താനാവില്ലെന്ന് ഉറപ്പായപ്പോൾ ആ രംഗത്ത് പ്രവർത്തിക്കുന്നവർ മറ്റു തൊഴിൽ തേടിപോയി. ഇവർക്ക് തങ്ങളുടെ പാരമ്പര്യവുമായി ലഭിച്ച സംസ്ക്കാരത്തെ നിലനിർത്താൻ തങ്ങളുടെ പുതിയ തൊഴിൽരംഗം അനുകൂലമല്ലാതിയതീർന്നു. ജീവിക്കാനുള്ള ബദ്ധപ്പാടിൽ തന്റെ രക്തത്തിൽ അലിഞ്ഞുചേർന്ന കലയേയും സംസ്ക്കാരത്തെയും പിൻതള്ളുകയും സാമ്പത്തികരംഗത്തിന് പ്രാമുഖ്യം കൊടുക്കുകയും ചെയ്തു.

ഈ പഞ്ചായത്തിൽ എല്ലാ കുട്ടികൾക്കും നടന്ന് പോകാൻ ദൂരത്തിലുള്ള L.P സ്ക്കൂളുകളും U.P സ്ക്കൂളുകളും ഉണ്ട്. 1-ാം വാർഡിലെ കുട്ടികൾക്കുമാത്രമാണ് കുറച്ചുബുദ്ധിമുട്ട് ഈ കാര്യത്തിൽ ഉള്ളത്. പക്ഷെ വിദ്യാഭ്യാസത്തെകുറിച്ചുള്ള നമ്മുടെ തലമുറയുടെ തെറ്റായധാരണകളാവാം സംസ്ക്കാര സമ്പന്നരായ ഒരു ജനതയെ വാർത്തെടുക്കേണ്ടതിന്റെ പ്രാഥമിക മേഖലയായ L.P.U.P സ്ക്കൂളുകളിൽ ഇന്ന് വിദ്യാർത്ഥികളുടെ കലാസാഹിത്യരംഗത്തെ വളർച്ചക്ക് ആവശ്യമായ പ്രോത്സാഹനം കൊടുക്കുന്നില്ല എന്ന ദുഃഖകരമായ അവസ്ഥക്കു കാരണം. പണ്ടൊക്കെ തുന്നൽ, നെയ്ത്ത് തുടങ്ങിയ തൊഴിലുമായി ബന്ധപ്പെട്ട പഠനങ്ങളും എല്ലാ ആഴ്ചയും സാഹിത്യ സമാജങ്ങളും വിദ്യാലയങ്ങളിൽ ഉണ്ടായിരുന്നു. ഇന്ന് അത് തീരെ ഇല്ലാതായി എന്നു തന്നെ പറയാം.

സ്വന്തം കലാപാരമ്പര്യം കളയാതെ കാത്തു സൂക്ഷിക്കുന്ന കുറച്ചുപേർ ജനത ഇപ്പോഴും പഞ്ചായത്തിൽ അങ്ങിങ്ങായി ഉണ്ട് എന്നത് സാംസ്കാരികരംഗത്തെ വളർച്ച തീരെ നശിച്ചുപോയിട്ടില്ല എന്ന് വ്യക്തമാക്കുന്നു. ഓലകുടയുടെ പ്രദർശനം വഴി ദേശീയ ശ്രദ്ധ ആകർഷിച്ച് "ഡെൽഹി വേലായുധൻ" എന്ന പേരിൽ അറിയപ്പെടുന്ന ഒരാൾ ഈ പഞ്ചായത്തിൽ ഉണ്ട്. ആര്യമാല പൊറാട്ടു നാടകം എന്നീ കലാരൂപങ്ങളുമായി ജില്ലയുടെ വിവിധ ഭാഗത്തു പരിപാടി നടത്തുന്നവർ ഇവിടെ ഉണ്ട്. പഴയകാലത്ത് സാധാരണയായി അമ്പലവാസികളായ ഉയർന്നജാതിക്കാരുടെ കുത്തകയായ പഞ്ചവാദ്യം എന്ന കല തേങ്കുറിശ്ശി തെക്കേ തറയിലെ 21 ആളുകൾക്ക് ചന്ദ്രശേഖരമാരാർ എന്ന ആൾ ഇവിടെ വന്ന് പഠിപ്പിച്ച് കൊടുത്തിരുന്നു. അന്ന് ഇവിടെ പഠിച്ചു പലരും ഇന്ത്യയിലങ്ങോളമിങ്ങോളം പഞ്ചവാദ്യം അവതരിപ്പിക്കുന്നു. ഉടുക്കടിച്ച് അയ്യപ്പഭക്തിഗാനങ്ങൾ പാടുന്നവരും വാഴയുടെ തണ്ടുകൊണ്ട് മനോഹരമായി ക്ഷേത്രരൂപങ്ങൾ നിർമ്മിക്കുന്നവരും കേരളത്തിനകത്തും പുറത്തും പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. ഈ രംഗത്ത് ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾ ഉള്ളത് ഈ പഞ്ചായത്തിൽ ആണ്. ഉയർന്ന ജാതിക്കാരുടെ മാത്രം കുത്തകയായ ചെണ്ടമേളം ഈ പഞ്ചായത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവരും ഒരു കാലത്ത് തൊട്ടുകൂടാത്തവരായി കരുതിയിരുന്നവരും ആയ ജനവിഭാഗത്തിന്റെ ഇടയിൽ എങ്ങിനെ പ്രചുരപ്രചാരം നേടി എന്നത് പഠനവിധേയമാക്കേണ്ടതാണ്. ഈ രംഗത്ത് ഒന്നാം വാർഡിൽ ശ്രീ. മായൻ എന്ന കലാകാരന്റെ നേതൃത്വത്തിൽ കുറെ കുട്ടികൾക്ക് ചെണ്ടമേളം പഠിപ്പിച്ചു വരുന്നു. പിന്നെ എടുത്തു പറയാനുള്ളത് പാചകകലയെകുറിച്ചാണ്. വിശിഷ്ടങ്ങളും സ്വാദിഷ്ടവുമായ ഭക്ഷണവും മധുരമായ പലഹാരങ്ങളും ഉണ്ടാക്കുന്ന അനേകം പാചക വിദഗ്ധർ ഈ പഞ്ചായത്തിൽ ഉണ്ട്. പാലക്കാട് ജില്ലയിലെ മിക്ക ഭാഗത്തും ഇവരാണ് വിവാഹത്തിനും മറ്റു വിശേഷാവസരങ്ങളിലും പാചകത്തിന് നേതൃത്വം കൊടുക്കുന്നത്. ഇവരെ ഉപയോഗിച്ച് പാചകകല പഠിപ്പിക്കാനുള്ള സ്ഥാപനം തുടങ്ങിയാൽ ഇന്ത്യയിലും വിദേശത്തും തൊഴിൽ സാദ്ധ്യതയുള്ള ഈ രംഗത്തേക്ക് പഠനത്തിനായി അനേകം യുവതീയുവാക്കൾ കടന്നുവരും. അത്തരം ഒരു സ്ഥാപനം പഞ്ചായത്തു തലത്തിൽ ആരംഭിക്കണം. മരത്തിലും കളിമണ്ണിലും ചിത്രപ്പണി ചെയ്യുന്നവരും ഈ പ്രദേശത്തിന്റെ മുതൽകൂട്ടാണ്. ഈ രംഗത്ത് ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് രംഗം കൂടുതൽ വിപുലീകരിച്ചാൽ പരമ്പരാഗതമായി രംഗത്തുള്ള ജനവിഭാഗങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയും. ചൈനയുടെ കയറ്റുമതിയുടെ സിംഹഭാഗവും ചൈനയുടെ പരമ്പരാഗതവ്യവസായങ്ങളുടെ ഉൽപ്പന്നങ്ങളാണ് എന്നത് ഈ രംഗത്ത് നമുക്ക് മാർഗ്ഗദർശനം തരുന്നു.

യുവജനങ്ങളുടെ ഇടയിൽ കലാരംഗത്തും, പ്രത്യേകിച്ച് നാടകരംഗത്ത്, അമൂല്യമായ സംഭാവന നൽകാൻ കഴിവുള്ളവർ ഇവിടെ ഉണ്ട്. സാഹിത്യരംഗത്തും താൽപ്പര്യമുള്ള ചെറുപ്പക്കാർ ഉണ്ട്.

ഇവരുടെയൊക്കെ നേതൃത്വത്തിൽ 18 ഓളം വിവിധ ക്ലബ്ബുകളും സാംസ്കാരിക സ്ഥാപനങ്ങളും ഉണ്ട്. ഈ സംഘടനകളെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കേന്ദ്രീകൃതമായി സംഘടിപ്പിച്ച് വ്യക്തമായ പരിപാടികളോടെ ഇവരുടെ കഴിവുകളെ പരമാവധി ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കണം. എങ്കിൽ പഴയ സാംസ്ക്കാരിക ഔന്നത്യം വീണ്ടെടുക്കാൻ നമുക്കു കഴിയും.

ഈ പഞ്ചായത്തിൽ രണ്ടു ജനകീയ ഗ്രന്ഥശാലകൾ ഉണ്ട്. പക്ഷെ ഇവയുടെ പ്രവർത്തനം സാമ്പത്തിക ഞെരുക്കം കാരണം മന്ദഗതിയിലാണ്. ഈ ഗ്രന്ഥാലയങ്ങൾ പുനരുജ്ജീവിക്കാൻ ആവശ്യമായ സഹായധനം പഞ്ചായത്തു നൽകണം. പുരോഗമനകലാസാഹിത്യസംഘത്തിന്റെ നേതൃത്വത്തിലും മറ്റു സാംസ്കാരിക സംഘടകളുടെയും നേതൃത്വത്തിലും വിവിധ വിഷയങ്ങളെ അധികരിച്ച് ചർച്ച ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. സാംസ്ക്കാരികരംഗത്തും കലാരംഗത്തും പ്രവർത്തിക്കുന്നവരുടെ ഏകോപിച്ചുള്ള പ്രവർത്തനം സാംസ്കാരിക കലാരംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും. അടിയന്തിരമായി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു ലൈബ്രറിയും സാംസ്കാരിക നിലയവും സ്ഥാപിക്കണം.

പ്രശ്നപരിഹാരങ്ങൾ

1. കലാസാംസ്കാരികരംഗത്തെ പ്രവർത്തകരുടെ ഐക്യ നിര സൃഷ്ടിക്കുക.
2. പാരമ്പര്യ കലാകാരൻമാരെ വിളിച്ചുചേർത്ത് അവരുടെ പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരം കാണുകയും ചെയ്യുക.
3. ഗ്രന്ഥപാരായണ തൽപരരായ ഒരു ജനതയെ വാർത്തെടുക്കാൻ എല്ലാ വാർഡുകളിലും വായനക്കാരെ പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമായ പരിപാടി സംഘടിപ്പിക്കുക.
4. ഒരു വർഷത്തെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ കലാസാംസ്ക്കാരിക സംഘടനകൾക്കു പഞ്ചായത്തു തലത്തിൽ സമ്മാനം നൽകുക.
5. കലാസാംസ്കാരിക ക്ലബ്ബുകൾക്ക് പത്രങ്ങളും ആനുകാലികങ്ങളും വരുത്താനുള്ള സഹായം നൽകുക.
6. എല്ലാ വാർഡുകളിലും പ്രധാനപ്പെട്ട ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും സാധാരണക്കാർക്ക് വായിക്കാനുള്ള സൗകര്യവും ഏർപ്പെടുത്തുക.
7. വനിതകളുടെയും ദുർബ്ബല വിഭാഗങ്ങളുടെയും സാംസ്ക്കാരിക പുരോഗതിക്കാവശ്യമായ നടപടികൾ സ്വീകരിക്കുക.
8. പഞ്ചായത്തു തലത്തിൽ സാഹിത്യ കലാമത്സരങ്ങൾ സംഘടിപ്പിക്കുക

അർഹമായ പരിഗണനയും പ്രോത്സാഹനവും ലഭിക്കാതെ മൗലീക പ്രതിഭകൾ ഇവിടെക്കു പിറകിൽ ഉണ്ട്. ഇവരെയൊക്കെ കണ്ടെത്താനുള്ള ശ്രമം നടത്തണം. ലോക പ്രശസ്ത സാഹിത്യകാരനും കാർട്ടൂണിസ്റ്റും ചിന്തകനുമായ O.V. വിജയന്റെ അമ്മയുടെ വീട് ഇവിടെയാണ്. 'ഖസാക്കിന്റെ ഇതിഹാസ'ത്തിന്റെ രചനയുടെ പ്രചോദനം ഈ പ്രദേശം കൂടിയാണ്.

പഞ്ചായത്തിലെ ജനസംഖ്യയുടെ ഭൂരിപക്ഷം ഹിന്ദുക്കളാണ്. മുസ്ലീം മതത്തിൽ പെട്ടവരും ഉണ്ട്. പ്രദേശത്തെ എല്ലാ ഉത്സവങ്ങളിലും നാനാജാതി മതസ്ഥരുടെയും ഐക്യം കാണാം. മുസ്ലീം പള്ളികളിലെ പള്ളിനേർച്ചയും വേല, കുമ്മാട്ടി എന്നീ ഉത്സവങ്ങളിലും എല്ലാ വിഭാഗം ജനങ്ങളും തോളോടുതോൾ ചേർന്നാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ ഒരു കാലത്തും സാമുദായികമോ വർഗ്ഗീയമോ ആയ ചേരി തിരുവുകളോ സംഘട്ടനങ്ങളോ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല.

കായികരംഗം

കായികരംഗത്ത് നിർണ്ണായക സ്ഥാനം നേടാൻ നിരവധി പ്രതിഭകളെ സംഭാവന ചെയ്യാൻ കഴിയാവുന്ന ഒരു പഞ്ചായത്താണ് തെങ്കുറിശ്ശി. ബാസ്ക്കറ്റ്ബാൾ വോളിബാൾ, ക്രിക്കറ്റ്, ഷട്ടിൽ, കബഡി തുടങ്ങിയ വിവിധ രംഗങ്ങളിൽ അതീവ താൽപ്പര്യം പ്രകടിപ്പിക്കുന്ന അനേകം യുവതീയുവാക്കൾ ഈ പഞ്ചായത്തിൽ ഉണ്ട്. പ്രോത്സാഹനം വേണ്ടത്ര ഉണ്ടെങ്കിൽ നിരവധി സംസ്ഥാന ദേശീയ താരങ്ങളെ വാർത്തെടുക്കാൻ നമുക്കുകഴിയും. ഒരു കളിസ്ഥലമോ ഗ്രൗണ്ടോ ഇല്ലാതെ തന്നെ കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവെക്കാൻ ഇവിടെയുള്ള യുവാക്കൾക്കു കഴിഞ്ഞിട്ടുണ്ട്.

സ്കൂൾ തലത്തിൽ കായികരംഗത്തു വളർന്നു വരുന്ന താരങ്ങളെ ആ രംഗത്ത് ഉറച്ചു നിൽക്കാൻ പ്രോത്സാഹനം നൽകണം. കാരണം നമ്മുടെ സ്കൂളുകളിലെ ഈ രംഗത്തെ പരിശീലകർ മികച്ച നിലവാരം പുലർത്തുന്നവരാണ്. ഇവരുടെ പ്രവർത്തനഫലമായി നിരവധി കായികതാരങ്ങളെ വളർത്താൻ കഴിഞ്ഞിട്ടുമുണ്ട്.

ഈ രംഗത്തെ പ്രശ്ന പരിഹാരങ്ങൾ

1. വിദ്യാർത്ഥികളുടെ ഇടയിലെ മുഴുവൻ കായികതാരങ്ങളെയും കണ്ടെത്തുക.
2. പഞ്ചായത്തു തലത്തിൽ ജനകീയ പങ്കാളിത്തത്തോടെ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക
3. അവധികാല സമയങ്ങളിൽ വിവിധ കോച്ചിങ്ങ് ക്യാമ്പുകൾ പ്രഗത്ഭരെ പങ്കെടുപ്പിച്ച് നടത്തുക
4. സ്ഥിരം കോച്ചിംഗ് സെൻറർ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുക
5. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മിനിസ്റ്റേഡിയം നിർമ്മിക്കുക.
6. കായികമേഖലയെ പോഷിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ കായിക സംഘടനങ്ങൾക്ക് അനുവദിക്കുക.

റിപ്പോർട്ടിൽ പരാമർശ വിധേയമായിട്ടില്ലാത്ത ഒരു പ്രധാന സംഗതി പറഞ്ഞുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. നമ്മുടെ ഭാഷയെയും സംസ്ക്കാരത്തെയും കമ്പോള വൽക്കരിക്കാൻ ദൃശ്യമാധ്യമങ്ങൾ വലിയൊരു അളവുവരെ ശ്രമിക്കുന്നു എല്ലാ ഇടത്തരം വീടുകളിലും ഇന്ന് ടെലിവിഷൻ ഉണ്ട്. ഈ മാധ്യമത്തെ നമ്മുടെ ബഹുമുഖമായ വളർച്ചക്ക് ഉപയോഗിക്കാൻ കഴിയും. പക്ഷെ ഈ രംഗം ഇന്ന് സ്വദേശിവിദേശ കുത്തകകളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ തയ്യാറിക്കുന്ന പരസ്യ പലകകളായി മാറിയിരിക്കുകയാണ് എന്ന് സന്ദേഹിക്കുന്നു. ദൃശ്യമാധ്യമങ്ങളിലൂടെ നമ്മുടെ സൗന്ദര്യസങ്കല്പത്തെയും പ്രാദേശിക സംസ്ക്കാരത്തെയും എന്തിനേറെ നാം എങ്ങിനെ മരിക്കണം എങ്ങിനെ നടക്കണം എങ്ങിനെ വസ്ത്രം ധരിക്കണം എന്നു തുടങ്ങി കുഞ്ഞുങ്ങളെയും ഭാര്യയേയും സ്നേഹിക്കേണ്ടതിന്റെ കൂടി നിയമങ്ങൾ പരസ്യങ്ങളിലൂടെ ഇവർ നമ്മുടെ മേൽ അടിച്ചേൽപ്പിക്കുന്നു. ഉപഭോഗസംസ്കാരത്തിലേക്കു ഒരു ജനതയെ തള്ളിവിടാൻ സ്വദേശിവിദേശി ചാനലിലൂടെ നടത്തുന്ന ശ്രമങ്ങൾക്കെതിരെ സമൂഹത്തിലെ ജനതയുടെ മനഃസാക്ഷിയെ ഉണർത്തൽ സാംസ്കാരികരംഗത്തു പ്രവർത്തിക്കുന്നവർക്കു കഴിയണം. മാത്രമല്ല ദൃശ്യമാധ്യമങ്ങളേയും ആധുനിക വാർത്താവിനിമയ ബന്ധങ്ങളെയും എങ്ങിനെ മൊത്തം സമൂഹത്തിന്റെ പുരോഗതിക്കായി തിരിച്ചുവിടാം എന്നു നാം ആലോചിക്കേണ്ടിയിരിക്കുന്നു. ഈ രംഗത്തെ ഏറ്റവും പുതിയ ഉൽപന്നമായ "ഇൻറർ - നെറ്റ്" നമ്മുടെ പഞ്ചായത്തിൽ കണക്ഷൻ എടുത്താൽ ഒട്ടേറെ പരിമിതികളും പരാതികളും ഈ സംവിധാനത്തിനുണ്ടെങ്കിലും ഒട്ടേറെ രംഗങ്ങളിൽ

നമ്മുടെ പുരോഗതിയുടെ വേഗം കൂട്ടാനും വിദ്യാർത്ഥികളേയും മറ്റു സാങ്കേതിക വിദഗ്ധരേയും സഹായിക്കാനും ഇതുവഴി നമുക്ക് കഴിയും.

ആദ്യം പറഞ്ഞതുപോലെ ഒരു ജനതയുടെ മൊത്തം ജീവിതരീതിയെ മാറ്റിമറിക്കാൻ സാംസ്കാരിക മണ്ഡലത്തിലെ ഉയർത്തെഴുന്നേൽപുകൊണ്ടു നമുക്കു കഴിയും. അമൂല്യമായ നൈതിക മൂല്യങ്ങളുടെ തകർച്ച അനുക്ഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന അപായങ്ങൾക്കെതിരെ ജാഗരൂകരാവുക. പ്രതിലോമശക്തികളെ ചെറുത്തു തോല്പിപ്പിക്കുക ഇതാണ് നമ്മുടെ ചരിത്രപരമായ കർത്തവ്യം.

നിലവിലുള്ള കലാ - സാംസ്കാരിക സമിതികളും ഗ്രന്ഥാലയങ്ങളും

1. കുഞ്ഞിരാമൻ മാസ്റ്റർ വായനശാല - കൊരങ്ങോട് -
2. പ്ലാറ്റ്സ് ക്ലബ്ബ് - വടക്കേത്തറ
3. സ്റ്റാർ ക്ലബ് - പേഴാംതൊടി - കളപ്പെട്ടി
4. ജനകീയ വായനശാല - എലമന്ദം - തേങ്കുറിശ്ശി
5. A.K.G സ്മാരക വായനശാല - ചെള്ളിമാർ തറ തേങ്കുറിശ്ശി
6. പൗരസമിതി - വിളയന്നൂർ - തേങ്കുറിശ്ശി
7. ജനകീയ ഗ്രന്ഥശാല - വിളയൻ ചാത്തനൂർ - തേങ്കുറിശ്ശി
8. യുവജനവായനശാല - ചുക്കം കോണം - തേങ്കുറിശ്ശി
9. K.B.S. വനിതാ സമാജം - വിളയന്നൂർ - തേങ്കുറിശ്ശി
10. ജനവിദ്യാകേന്ദ്രം - ചുക്കം കോണം - തേങ്കുറിശ്ശി
11. പരാശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കൊല്ലകണ്ണൻ തറ തേങ്കുറിശ്ശി
12. ദീപം യുവജന വായനശാല - പറച്ചിലിക്കാട് - പി.ഒ. കളപ്പെട്ടി
13. കുമാരനാശാൻ വായനശാല - പട്ടിമാർതറ - തേങ്കുറിശ്ശി
14. പുലരി ഗ്രന്ഥാലയം - വെമ്പലൂർ - തേങ്കുറിശ്ശി
15. സ്റ്റാർ ആർട്സ് ക്ലബ്ബ് - എടപ്പറമ്പ് - മഞ്ഞളൂർ
16. ജനവിദ്യാകേന്ദ്രം - ആനകുറ്റിപ്പാറ - വിളയന്നൂർ
17. അഴിക്കോടൻ സ്മാരക വായനശാല - നെല്ലിക്കൽ കാട് - മഞ്ഞളൂർ
18. A.K.G. സ്മാരക വായനശാല കോട്ടടി - മഞ്ഞളൂർ.
19. ഒലീവിയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് - വിളയൻചാത്തനൂർ.

5-9
വനിതാക്ഷേമം

വനിത

നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്കുള്ള അധമപദവി എല്ലാ പുരോഗമനവാദികളും സമ്മതിക്കുന്ന വസ്തുതയാണ്. ഈ സ്ഥിതിക്കെതിരെയുള്ള സമരം ലോകത്തിന്റെ നാനാഭാഗത്തുള്ള വനിതാ സംഘടനകൾ ആരംഭിച്ചിരിക്കുന്നു. സ്ത്രീകളെ അടിച്ചമർത്തുന്ന ശക്തികൾക്കെതിരായ പോരാട്ടങ്ങൾക്ക് പലരൂപവും ഭാവവും കൈവന്നിട്ടുണ്ട്. 1976 മുതൽ 85 വരെയുള്ള പത്തുവർഷക്കാലം വനിതാ ദശകമായി ലോകം ആചരിക്കാൻ തുടങ്ങിയതോടെയാണ് വനിതാ പ്രസ്ഥാനങ്ങൾക്ക് ആഗോളതലത്തിൽ തന്നെ നിഷേധിക്കാനാവാത്ത പ്രാധാന്യം കൈവന്നത്. വളരെ വൈകിയയാണെങ്കിലും ഇന്ത്യയിലും സാമൂഹ്യരംഗത്ത് വനിതകൾ അവഗണിക്കാനാകാത്ത ശക്തിയാണെന്ന് യാഥാസ്ഥിതികവാദികൾ പോലും അംഗീകരിച്ചു കൊണ്ടിരിക്കുകയാണ്.

തൊഴിലുടമ-തൊഴിലാളിബന്ധം എന്ന കണക്കാണ് പുരുഷനും സ്ത്രീയും തമ്മിലുള്ളതെന്ന ചിന്താഗതി ഇന്നും ചില വിഭാഗങ്ങളിലെങ്കിലും നിലനിൽക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പുരുഷമേധാവിത്വത്തിന്റെ അടയാളം കാണാം. ഓരോ കാലത്തിനനുസരിച്ച് ഇതിന്റെ രൂപങ്ങൾക്ക് മാറ്റം ഉണ്ടാവുന്നു. ജാതി വ്യവസ്ഥ ഏറ്റവുമധികം പീഡിപ്പിച്ചിട്ടുള്ളത് സ്ത്രീകളെയാണ് എന്ന് ഏവർക്കും അറിയാം.

നമ്മുടെ സാമൂഹ്യസാംസ്ക്കാരിക ബന്ധങ്ങളുടെയും ആചാരങ്ങളുടെയും പ്രത്യേകതമൂലം പട്ടിണി കൂടുതലായി ബാധിക്കുന്നത് സ്ത്രീകളെയാണ്. സാമ്പത്തിക ഞെരുക്കമുണ്ടാകുമ്പോൾ ആദ്യം ഭക്ഷണം ഉപേക്ഷിക്കുന്നത് സ്ത്രീയായിരിക്കും. ഒരു പുരുഷനേക്കാൾ കായികമായും മാനസികമായും ഏറെ അദ്ധ്വാനിക്കുന്നത്സ്ത്രീയാണെന്ന് നിഷേധിക്കാൻ വയ്യാത്ത വസ്തുതയാണ്. പക്ഷെ സമൂഹത്തിൽ നിലനിൽക്കുന്ന അശാസ്ത്രീയവും വിവേചനപരവുമായ ധാരണകൾ സ്ത്രീയുടെ അദ്ധ്വാനത്തിന്റെ മൂല്യം കാണാതിരിക്കുകയും കുറഞ്ഞ ഊർജ്ജം മതിയെന്ന് നിശ്ചയിക്കുകയും ചെയ്യുന്നു. എല്ലാ മേഖലകളിലും സ്ത്രീകളോട് തികഞ്ഞ വിവേചനം തന്നെയാണ്.

പെൺകുട്ടികൾ വിദ്യാഭ്യാസം നേടേണ്ട ആവശ്യമില്ലെന്ന് കരുതുന്നവർ ഏറെയാണ്. കുടുംബത്തിൽ ദാരിദ്ര്യം കാരണം വിദ്യാഭ്യാസം നിർത്തലാക്കുമ്പോൾ ആദ്യം ഇരകളാകുന്നത് സ്ത്രീകളാണ്.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ സ്ഥിതിയും മേൽപറഞ്ഞ പ്രശ്നങ്ങളിൽ നിന്ന് ഭിന്നമല്ല.

പഞ്ചായത്തിലെ ആകെ ജനസംഖ്യ 1991 ലെ സെൻസസ് പ്രകാരം 25307. ഇതിൽ 13046 സ്ത്രീകളാണ്. പുരുഷനും സ്ത്രീയും തമ്മിലുള്ള അനുപാതം 1 :1.06 ആണ്. ഇതൊരു കാർഷിക മേഖലയായതിനാൽ കൂടുതൽ സ്ത്രീകളും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. തൊഴിൽ മേഖലയിലെ കർഷകത്തൊഴിലാളികൾ ഭൂരിഭാഗവും സ്ത്രീകളാണ്. ഏകദേശം 60%. കാർഷികമേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വനിതകൾ ഏർപ്പെടുന്ന തൊഴിൽമേഖല കെട്ടിട നിർമ്മാണമാണ്.

വനിതകൾ ഏർപ്പെടുന്ന തൊഴിൽ മേഖലകൾ

നമ്പർ	ഇനം
1	കർഷകത്തൊഴിലാളി
2	കെട്ടിടനിർമ്മാണം
3	വസ്ത്രനിർമ്മാണം
4	മൺപാത്രനിർമ്മാണം
5	പായ-മെത്ത്
6	പനമ്പ് കൊണ്ടുള്ള ഉല്പന്ന നിർമ്മാണം
7	പപ്പടനിർമ്മാണം
8	പ്ലാസ്റ്റിക് വയർ ഉല്പന്നങ്ങൾ
9	അലക്ക്
10	ബ്രഷ് നിർമ്മാണം
11	മൃഗസംരക്ഷണം
12	ചെറുകിട വ്യവസായം
13	അച്ചാർ നിർമ്മാണം
14	[illegible]
15	[illegible]
16	ഇഷ്ടിക നിർമ്മാണം

[illegible] **നിയമപ്രകാരം** വനിതകളെ [illegible] **ഉണ്ടായാലേ** വനിതകൾക്ക് [illegible] **അംഗങ്ങളാണ്** [illegible] **രജിസ്റ്റർ ചെയ്തിട്ടുള്ളൂ.** [illegible]

[illegible]

[illegible] **പുരുഷനോടൊപ്പം** [illegible]

സ്ത്രീകളുടെബുദ്ധിപരവും തൊഴിൽപരവുമായ വൈദഗ്ദ്ധ്യം ഇതുമൂലം ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നില്ല. ഇത് സാമൂഹികവും സാമ്പത്തികവുമായ വികാസത്തിന് തടസ്സം നിൽക്കുന്നു. കൂടുതൽ അദ്ധ്വാനവും കുറഞ്ഞ സാമൂഹ്യപരിഗണനയും സ്ത്രീകൾക്ക് രോഗം വരാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു.

തൊഴിൽമേഖലയിലെ വിവേചനം സ്ത്രീകളുടെ വ്യക്തിപരവും സാമൂഹികവുമായ മാന്യതക്ക് മങ്ങലേല്പിക്കുന്നു. ആരോഗ്യപൂർണ്ണമായ ഒരു സമൂഹത്തിൽ സ്ത്രീകൾക്കുള്ള പങ്ക് വളരെ വലുതാണ്. അച്ഛൻ, അമ്മ, ഭർത്താവ്, കുഞ്ഞുങ്ങൾ തുടങ്ങിയവരുടെ പരിചരണങ്ങൾ ഏറ്റവും അധികം നിർവ്വഹിക്കുന്നത് സ്ത്രീകളാണ്. പക്ഷെ അതിനാവശ്യമായ ശാരീരികവും മാനസികവുമായ ആരോഗ്യം സ്ത്രീകൾക്ക് കുറവാണ്.

ഗർഭിണികൾക്ക് യഥാസമയത്ത് ലഭിക്കേണ്ട ശുശ്രൂഷയുടെയും പരിചരണത്തിന്റെയും അഭാവം അവരെ പലപ്പോഴും നിത്യരോഗികളാക്കുന്നു. വനിതകൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് വിവാഹ സമ്പ്രദായത്തിലെ പ്രാകൃതവും അനീതിപരവുമായ കാഴ്ചപ്പാട്. വിവാഹം കമ്പോളവൽക്കരിക്കപ്പെട്ട ആചാരമായി മാറിയതുകൊണ്ട് ഭൂരിഭാഗം സ്ത്രീകളും ഇതിൽ ആശങ്കാകുലരാണ്.

പൊതുവിൽ പറഞ്ഞാൽ സ്ത്രീകളെ രണ്ടാംതരം പൗരൻമാരായി കാണുന്ന സമൂഹത്തിന്റെ രോഗാതുരമനസ്സാണ് യഥാർത്ഥ പ്രശ്നം. വിവാഹം കഴിയുന്നതോടുകൂടി സ്ത്രീകളോടുള്ള രക്ഷിതാക്കളുടെ കടപ്പാട് പൂർണ്ണമാകുന്നു എന്ന സ്ഥിതിയാണ് ഉള്ളത്. ഇതുകൊണ്ട് തന്നെ വിവാഹശേഷമുള്ള അവരുടെ ശിഷ്ടജീവിതം പീഡനം നിറഞ്ഞതാകുന്നു.

ഒരു കുടുംബത്തിൽ ഏതു തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധികൾ ഉണ്ടായാലും ആദ്യം ബാധിക്കുന്നത് സ്ത്രീകളെയാണ്. സ്ത്രീകളുടെ ജൈവശാസ്ത്രപരമായ പ്രത്യേകതകൾ മാത്രം കണക്കിലെടുത്ത് അവരെ സമൂഹത്തിൽനിന്നും ഒറ്റപ്പെടുത്തുന്ന പ്രവണത പൊതുരംഗത്തേക്കു കടന്നു വരുന്നവർക്ക് പ്രയാസമുണ്ടാകുന്നു.

തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ലാത്തതും തൊഴിലിൽ പരിശീലനം കിട്ടാത്തതും തൊഴിൽ മേഖലയിലേക്ക് സ്ത്രീകളുടെ കടന്നുവരവിനെ ബാധിക്കുന്നു.

വനിതാ ക്ഷേമത്തിനായി ഉണ്ടായിട്ടുള്ള സർക്കാർ പദ്ധതികളെപറ്റി പലരും അജ്ഞരാണ്. സാമ്പത്തിക സഹായങ്ങൾ ലഭിക്കാനുള്ള തടസ്സങ്ങൾ തൊഴിൽ സംരംഭത്തിലേർപ്പെടുന്നവരെ നിരുത്സാഹപ്പെടുത്തുന്നു.

സാക്ഷരരായ വനിതകളിൽ പോലും ശാസ്ത്രീയ ബോധനിലവാരം കുറവാണ്. ഇത് അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വഴിതെളിക്കുന്നു. മദ്യപാനത്തിന്റെ കെടുതികളും അനന്തരഫലങ്ങളും സ്ത്രീകളുടെ ജീവിതം ദുരിതപൂർണ്ണമാകുന്നു.

സാദ്ധ്യതകൾ

1. സ്ത്രീകളുടെ ബുദ്ധിപരവും തൊഴിൽപരവുമായ സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തണം.
2. വൈദഗ്ദ്ധ്യം ആവശ്യമുള്ള തൊഴിലിലേർപ്പെടുന്നവർക്ക് പരിശീലനകേന്ദ്രങ്ങൾ തുടങ്ങണം.
3. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും പെട്ടെന്ന് അടിമയാകുന്ന സ്ത്രീകളെ ഉൽബുദ്ധരാക്കുക.
4. വസ്ത്രനിർമ്മാണരംഗവുമായി ബന്ധപ്പെട്ട സ്ത്രീകളെ കണ്ടെത്തി അവരെ സാങ്കേതികമായി നവീകരിക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വനിതാ ടൈലറിങ്ങ് യൂണിറ്റ് ആരംഭിക്കണം.
5. പൊതുപ്രവർത്തന രംഗത്ത് വനിതകളെ പങ്കെടുപ്പിക്കുന്നതിന് സാഹചര്യങ്ങൾ ഒരുക്കണം.

6. സ്ത്രീധന പീഡനങ്ങളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വനിതാ സെല്ല് രൂപീകരിക്കുക.

7. ലളിതമായ രീതിയിൽ വിവാഹം നടത്തുന്നവരെ കണ്ടെത്തി അവരെ അംഗീകരിക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യുക.

8. മദ്യപാനത്തിന്റെയും മയക്കുമരുന്നിന്റെയും കെടുതികളിൽ നിന്നും സ്ത്രീകളെ രക്ഷിക്കുന്നതിന് സമ്പൂർണ്ണ മദ്യനിരോധനം അവശ്യമാണ്. ഇത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ തന്നെ ബോധവൽക്കരണവും നിയമനടപടികളും ഉണ്ടാകണം.

9. അംഗൻവാടികൾ വനിതകളുടെ ക്ഷേമപ്രവർത്തനത്തിനായി രൂപകല്പന ചെയ്യണം.

10. വനിതകളുടെ ആത്മധൈര്യം വർദ്ധിപ്പിക്കുന്നതിനും കഴിവുകൾ വികസിപ്പിക്കുന്നതിനും ശാസ്ത്രസാഹിത്യപരിഷത്ത് സംഘടിപ്പിക്കുന്ന മാതൃകയിലുള്ളസമതാ വിജ്ഞാനോത്സവങ്ങൾ സംഘടിപ്പിക്കണം.

11. സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്ന വനിതാ കമ്മീഷന്റെ പ്രവർത്തനം പഞ്ചായത്തിൽ കാര്യക്ഷമമാക്കണം.

12. വനിതകളുടെ ശാരീരിക - മാനസിക - കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു കുടുംബ കൗൺസലിങ്ങ് സെന്റർ തുടങ്ങുക. ഇതിന് ഒരു വനിതാ ഡോക്ടറുടെയും ഗൈനക്കോളജിസ്റ്റിന്റെയും സേവനം ലഭ്യമാക്കണം.

13. കാർഷിക - വ്യാവസായിക തൊഴിൽ മേഖലയിലേർപ്പെടുന്ന എല്ലാ സ്ത്രീ തൊഴിലാളികളെയും സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി കീഴിൽ കൊണ്ടുവരിക.

14. മൃഗസംരക്ഷണ മേഖലയിൽ ധാരാളം വനിതകൾ ജോലിയെടുക്കുന്നുണ്ട്. അവർക്കാവശ്യമായ സാമ്പത്തിക - സഹായവും മൃഗപരിപാലന ക്ലാസ്സുകളും നല്കി ഈ മേഖലയെ പോഷിപ്പിക്കാൻ കഴിയും.

15. നിത്യേന വനിതകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് അടുക്കളയിലെ കരിയും പുകയും. ദക്ഷത കൂടിയതും പുകയില്ലാത്തതുമായ പരിഷത്ത് അടുപ്പുകൾ വ്യാപകമാക്കി ആരോഗ്യത്തിന്റെയും ഊർജത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

❄

❄ ❄ ❄ ❄

❄

5-10

സഹകരണം

1904 ലെ സഹകരണനിയമത്തിന്റെ ആവിർഭാവത്തോടുകൂടിയാണ് ഭാരതത്തിൽ സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. കർഷകരെ കടബാദ്ധ്യതയിൽനിന്ന് രക്ഷിക്കുന്നതിനു വേണ്ടിയാണ് പ്രധാനമായും സഹകരണസംഘങ്ങൾക്ക് രൂപം നൽകിയത്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചതോടെ സംസ്ഥാനങ്ങൾക്ക് മാത്രമായി സഹകരണനിയമങ്ങൾ നിലവിൽ വരികയും സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സർക്കാരുകളുടെ ഇടപെടലും പങ്കാളിത്തവും ഉണ്ടാവുകയും ചെയ്തു. കേരളത്തിൽ സഹകരണരംഗത്ത് സമഗ്രമായ ഒരു നിയമനിർമ്മാണം നിലവിൽ വരുന്നത് 1969 ലെ കേരളാ സഹകരണ നിയമങ്ങളും ചട്ടങ്ങളും നിലവിൽ വരുന്നതോടുകൂടിയാണ്. സഹകരണപ്രസ്ഥാനം കടന്നുചെല്ലാത്ത ഒരു മേഖലയും ഇന്ന് കേരളത്തിലില്ല. നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് വേണ്ടത്ര വേരോട്ടം കിട്ടിയിട്ടുണ്ടെന്ന് പറയാനാവില്ല.

തേങ്കുറുശ്ശി പഞ്ചായത്തിൽ വായ്പ, വായ്പേതര വിഭാഗങ്ങളിലായി നാളിതുവരെ 13 സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്. ഇതിൽ 9 സഹകരണസംഘങ്ങൾ ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. 20.1.1954 ൽ ഒരു ബഹുമുഖോദ്ദേശ സംഘമായി രൂപീകരിക്കപ്പെട്ട വിളയഞ്ചാത്തന്നൂർ സർവ്വീസ് സഹകരണസംഘമാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം. ഈ കാലയളവിൽതന്നെ പ്രവർത്തിച്ചു കൊണ്ടിരുന്ന വെമ്പല്ലൂർ സർവ്വീസ് സൊസൈറ്റി ലിക്വിഡേറ്റ് ചെയ്യുകയും പ്രവർത്തനപരിധി കൊടുവായൂർ സർവ്വീസ് സഹകരണബാങ്കിന്റെ കീഴിലാവുകയും ചെയ്തു. 6.10.1961 ൽ രൂപീകൃതമായ മഞ്ഞളൂർ സഹകരണസംഘമാണ് മറ്റൊരു പ്രമുഖ വായ്പാസംഘം. വായ്പേതര സംഘങ്ങളിൽ മികച്ച പ്രവർത്തനം നടത്തുന്നതും പ്രാമുഖ്യമുള്ളതും ക്ഷീരസഹകരണസംഘങ്ങൾക്കാണ്. വിളയഞ്ചാത്തന്നൂർഹാൻഡ് പൗണ്ടിങ്ങ് ഇൻഡസ്ട്രിയൽ സഹകരണസംഘം, വിളയന്നൂർ മൺപാത്രനിർമ്മാണ തൊഴിലാളി സഹകരണസംഘം, തേങ്കുറുശ്ശി സഹകരണ കൺസ്യൂമർ സ്റ്റോർ എന്നിവ ലിക്വിഡേറ്റ് ചെയ്യപ്പെടുകയോ പ്രവർത്തനരഹിതമാവുകയോ ചെയ്ത സംഘങ്ങളിൽപ്പെടുന്നു. സംഘങ്ങളുടെപേരു വിവരം പട്ടിക ഒന്നിൽ ചേർത്തിട്ടുണ്ട്.

കാർഷികമേഖല

ഹ്രസ്വകാലവായ്പ

നമ്മുടെ പഞ്ചായത്തിലെ കർഷകർക്കും ഇതര ജനവിഭാഗങ്ങൾക്കും ഹ്രസ്വകാല വായ്പക്ക് ആശ്രയിക്കേണ്ടിവരുന്ന രണ്ട് സഹകരണ ബാങ്കുകളാണ് വിളയഞ്ചാത്തന്നൂർ സർവ്വീസ് സഹകരണ ബാങ്കും, മഞ്ഞളൂർ സർവ്വീസ് സഹകരണബാങ്കും.

വിളയഞ്ചാത്തന്നൂർ സർവ്വീസ് സഹകരണ ബാങ്ക്

തേങ്കുറുശ്ശി No. I വില്ലേജും, No. II വില്ലേജിലെ വിളയന്നൂർ പ്രദേശവും പ്രവർത്തനപരിധിയായുള്ള 20.1.1954 ൽ പ്രവർത്തനമാരംഭിച്ച ഈ ബാങ്കിൽ ഇപ്പോൾ 5667 അംഗങ്ങളുണ്ട്. പാലക്കാട് ജില്ലയിലെ പ്രമുഖ ബാങ്കുകളിലൊന്നായി അറിയപ്പെട്ടിരുന്ന വിളയഞ്ചാത്തന്നൂർ സർവ്വീസ് സഹകരണബാങ്ക് ഇപ്പോൾ വൻ നഷ്ടത്തിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. നിക്ഷേപവായ്പാ പലിശനിരക്കുകളിൽ മതിയായ മാർജിൻ ലഭിക്കാത്തതും, ക്രമാ

തീരെമായി വർദ്ധിയ്ക്കാത്തതും വായ്പകൾക്ക് അമിതമായി ജില്ലാബാങ്കിനെ ആശ്രയിക്കേണ്ടി വരുന്നതും, അനുവദിക്കപ്പെട്ട വായ്പകളിൽ കുടിശ്ശിക വർദ്ധിച്ചു വരുന്നതും ബാങ്കിന്റെ പ്രവർത്തനത്തെ ഇന്നു ദോഷകരമായി ബാധിക്കുന്നു. അവധിബാക്കിയായ വായ്പകൾ പിരിച്ചെടുക്കുന്നതിലും, കൂടുതൽ ലാഭകരമായ മേഖലകളിൽ വായ്പ അനുവദിക്കുന്നതിലും ശ്രദ്ധചെലുത്തിയാൽ ഇതിനൊരു പരിഹാരം കാണാൻ കഴിയും.

മഞ്ഞളൂർ സർവ്വീസ് സഹകരണബാങ്ക്

തേങ്കുറുശ്ശി No II വില്ലേജ് പ്രവർത്തന പരിധിയായുള്ള മഞ്ഞളൂർ സർവ്വീസ് സഹകരണബാങ്ക് 6.10.1961 ലാണ് പ്രവർത്തനമാരംഭിച്ചത്. നല്ലനിലയിൽ പ്രവർത്തിച്ചു വന്നിരുന്ന ഈ സ്ഥാപനത്തിൽ ഇടക്കാലത്ത് ജീവനക്കാർ നടത്തിയ ധനാപഹരണം അതിന്റെ സൽപ്പേരിനെ അളങ്കപ്പെടുത്തുകയുണ്ടായി. ബാങ്കിങ്ങ് മേഖലയിൽ അവശ്യമുണ്ടായിരിക്കേണ്ട വിശ്വാസ്യതക്ക് കോട്ടം തട്ടിയതിനെ തുടർന്ന് പ്രവർത്തനം മന്ദീഭവിയ്ക്കുകയുണ്ടായി. പാലക്കാട് ജില്ലാ സഹകരണബാങ്കിന്റെ അവസരോചിതമായ ഇടപെടലും ഭരണസമിതിയുടേയും ജീവനക്കാരുടേയും അർപ്പണബോധത്തോടെയുള്ള പ്രവർത്തനത്തിന്റെയും ഫലമായി ബാങ്കിന്റെ പ്രവർത്തനം ഇപ്പോൾ മെച്ചപ്പെട്ടിട്ടുണ്ട്. നിക്ഷേപങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട് നിക്ഷേപവായ്പാ അനുപാതം ഇനിയും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞാൽ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ബാങ്കിന് നല്ല നിലയിലെത്താൻ കഴിയും.

ദീർഘകാലവായ്പ.

താലൂക്കടിസ്ഥാനമാക്കി പ്രവർത്തിയ്ക്കുന്ന ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് തേങ്കുറുശ്ശി പഞ്ചായത്തിലെ കാർഷിക-കാർഷികേതര മേഖലകളിലായി നിരവധി വായ്പകൾ നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ പട്ടികപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്.അതിനുപുറമേ ആലത്തൂർ റൂറൽ ഹൗസിങ്ങ് സഹകരണസംഘം ഭവന നിർമ്മാണത്തിലേക്കായി വായ്പകൾ അനുവദിക്കുന്നുണ്ട്.

കാർഷികേതരമേഖല

ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ : സഹകരണമേഖലയിൽ ലാഭകരമായി പ്രവർത്തിക്കാൻ ഏറെ സാദ്ധ്യതകളുള്ള മേഖലയാണ് ക്ഷീരവ്യവസായം.

കാർഷികപ്രാമുഖ്യമുള്ള നമ്മുടെ പഞ്ചായത്തിലെ ഉപതൊഴിലായി ക്ഷീരോല്പാദനത്തെ പരിഗണിക്കുന്നു. പരമ്പരാഗത ക്ഷീരവ്യവസായ സംഘവും ആനന്ദ് മാതൃകയിലുള്ള 'ആപ്കോസ്'സംഘങ്ങളും പഞ്ചായത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്.

തേങ്കുറുശ്ശി ക്ഷീരവ്യവസായ സഹകരണസംഘം

4.6.1963 ൽ സ്ഥാപിതമായ തേങ്കുറുശ്ശി പരസ്പരസഹായ പാൽ വിതരണസംഘമാണ് പഞ്ചായത്തിലെ പഴക്കം ചെന്ന ക്ഷീരവ്യവസായ സഹകരണസംഘം. തേങ്കുറുശ്ശി Nol വില്ലേജും Noll വില്ലേജിലെ 6-ാം വാർഡും പ്രവർത്തന പരിധിയായുള്ള ഈ സംഘത്തിന് ക്ഷീരോല്പാദന വിപണന രംഗത്തെ സാദ്ധ്യത മുഴുവൻ പ്ര.യോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സംഭരണത്തിനും വിപണനത്തിനും വെണ്ടർമാരെ ആശ്രയിക്കേണ്ടിവരുന്നതും അവരുടെ ഭീമമായ ബാലൻസും പരമ്പരാഗതക്ഷീരവ്യവസായ സംഘങ്ങളുടെ, സുഗമമായ പ്രവർത്തനത്തിന് എന്നും വിലങ്ങുതടിയാണ്. വളരെ വൈകിയാണെങ്കിൽപ്പോലും വിപണനത്തിനായി മിൽമയെ ആശ്രയിച്ചത് ശുഭോദർക്കമായ കാര്യമാണ്. സംഭരിക്കുന്ന പാൽ കൃത്യമായി പരിശോധിയ്ക്കാനും അതുവഴി ഗുണനിലവാരം മെച്ചപ്പെടുത്താനും കഴിഞ്ഞാൽ ഈ സംഘത്തിന് ലാഭത്തിൽ പ്രവർത്തിക്കാൻ കഴിയും.

മഞ്ഞളൂർ ക്ഷീരോല്പാദക സംഘം

ആനന്ദ് മാതൃകയിലുള്ള സംഘമായി അടുത്തകാലത്ത് മാറിയ മഞ്ഞളൂർ ക്ഷീരോല്പാദക സഹകരണസംഘം ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. മുൻകാലങ്ങളിൽ സംഘത്തിന്റെ പ്രവർത്തനത്തിലുണ്ടായ അപാകതകൾ വൈകിയാണെങ്കിലും തിരുത്തുകയും ലാഭകരമായി പ്രവർത്തിക്കാൻ കഴിയുമെന്ന് തെളിയിച്ചൊരു സംഘമാണ്. സംഘത്തിന്റെ പ്രവർത്തനപരിധിക്ക് പുറത്തുനിന്നുംപോലും ഉല്പാദകർ പാൽ സംഘത്തിലെത്തിക്കുന്നുണ്ട്. സംഘം മുഖേന മിതമായ വിലക്ക് കാലിതീറ്റയും പുൽകൃഷി വികസിപ്പിക്കുന്നതിനുവേണ്ട സഹായങ്ങളും നൽകുകയാണെങ്കിൽ നിലവിലുള്ള പാലുല്പാദനം ഇരട്ടിയാക്കാൻ കഴിയും.

കോട്ടടി ക്ഷീരോല്പാദകസഹകരണസംഘം

ശൈശവാവസ്ഥയിലുള്ള കോട്ടടി ക്ഷീരോല്പാദകസഹകരണ സംഘത്തിന്റെ പ്രതിദിന ഉല്പാദനം 150 ലിറ്ററാണ്. സംഭരിയ്ക്കുന്ന പാലിന്റെ സിംഹഭാഗവും മിൽമവഴിയാണ് വിറ്റഴിക്കപ്പെടുന്നത്.

ക്ഷീരോല്പാദനം മുഖ്യുപതൊഴിലായി കണക്കാക്കപ്പെടുന്ന ഈ പ്രദേശത്ത് മഞ്ഞളൂർ സർവ്വീസ് സഹകരണബാങ്ക്, ദേശസാൽകൃത ബാങ്കുകൾ എന്നിവ മുഖേന മികച്ചയിനം കറവപശുക്കൾക്ക് വായ്പ നൽകിയും കാലിത്തീറ്റ, പുൽകൃഷിക്കുവേണ്ട സഹായങ്ങൾ എന്നിവ നൽകി പാലുല്പാദനം പതിൻമടങ്ങു വർദ്ധിപ്പിക്കാൻ കഴിയും.

തെങ്കുറുശ്ശി ഗ്രാമവ്യവസായ സഹകരണസംഘം

സാദ്ധ്യതകൾ വിലയിരുത്താതെ രൂപീകരിയ്ക്കപ്പെടുന്ന ഒരു സംഘമാണ് തെങ്കുറുശ്ശി ഗ്രാമവ്യവസായസഹകരണ സംഘം. രജിസ്ട്രേഷൻ ലഭിച്ചതിനുശേഷം കാര്യമായ ഒരു പ്രവർത്തനവും നടത്താൻ കഴിയാതിരുന്ന സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുകയാണ് അഭികാമ്യം.

തെങ്കുറുശ്ശി പഞ്ചായത്ത് വനിതാ സഹകരണസംഘം

മാനാംകുളമ്പ് കേന്ദ്രമാക്കി നല്ലനിലയിൽ പ്രവർത്തിച്ചു വരുന്ന പഞ്ചായത്തിലെ ഏക വനിതാ സഹകരണ സംഘമാണ്. വനിതകൾക്ക് തൊഴിൽ സാദ്ധ്യതകളുള്ള തുന്നൽ മുഖ്യ പരിശീലനമായി ഏറ്റെടുത്ത സംഘത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും നടക്കുന്നുണ്ട്. ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനമാരംഭിച്ചതോടെ സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ വിപുലീകരിച്ചിരിക്കുന്നു. സഹകരണവകുപ്പും ഗ്രാമപഞ്ചായത്തും സഹായധനമനുവദിയ്ക്കുകയാണെങ്കിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്താൻ സാധിയ്ക്കും.

തെങ്കുറുശ്ശി പട്ടികജാതി സഹകരണസംഘം

20.8.93 ൽ പ്രവർത്തനമാരംഭിച്ച തെങ്കുറുശ്ശി പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘത്തിന് ഇതിനകം തന്നെ പ്രവർത്തന മൂലധനവും, സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും സഹകരണ വകുപ്പ് ധനസഹായമനുവദിച്ചിട്ടുണ്ട്. സംഘത്തിന്റെ ആദിമുഖ്യത്തിൽ ഒരു പ്രിൻറിംഗ് പ്രസ്സ് പ്രവർത്തിക്കുന്നുണ്ട്. ,വൻമത്സരം നേരിടുന്ന പ്രിൻറിംഗ് മേഖലയിൽ സംഘത്തിന് പിടിച്ചുനിൽക്കാൻ കഴിയണമെങ്കിൽ പ്രിൻറിംഗ് ജോലിയിൽ പ്രാവീണ്യം നേടിയ ജീവനക്കാരും സാങ്കേതികമേന്മയും ഉറപ്പുവരുത്തേണ്ടതുണ്ട്. പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളുടെ പ്രിൻറിംഗ് ജോലി ഏറ്റെടുക്കാനും കുറ്റമറ്റരീതിയിൽ നടത്തികൊടുക്കാനും കഴിഞ്ഞാൽ സംഘത്തിനു നല്ല സാദ്ധ്യതയുണ്ട്. ഫർണീച്ചറുകൾ വാടകയ്ക്കു നൽകുക, ഉല്പാദനമേഖലയിൽഹ്രസ്വകാല വായ്പകൾ നൽകുക എന്നിവ സംഘത്തിന്റെ പ്രവർത്തനങ്ങളിൽ കൊണ്ടുവരണം.

ഉപജോക്തൃസഹകരണസംഘങ്ങൾ

തെങ്കുറുശ്ശി ഗവ:ഹൈസ്ക്കൂൾ സഹകരണസംഘം

10.3.1976 ൽ പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന്റെ പ്രവർത്തനം. സ്ക്കൂൾ പാഠപുസ്തകങ്ങൾ ടെക്സ്റ്റ് ബുക്ക് ഡിപ്പോയിൽ ആവശ്യമായ പാഠപുസ്തകങ്ങൾ, നോട്ടുപുസ്തകം, സ്റ്റേഷനറി സാധനങ്ങൾ യൂണിഫോറം തുടങ്ങിയവ സ്ക്കൂൾ സഹകരണസംഘത്തിൽകൂടി കഴിഞ്ഞെങ്കിൽ മാത്രമേ അതിന്റെ ലക്ഷ്യപ്രാപ്തിയിലെത്താൻ സാധിക്കൂ.

തെങ്കുറുശ്ശി സ്ക്കൂൾ കോംപ്ലക്സ് സഹകരണസംഘം

പ്രൈമറി വിദ്യാർത്ഥികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നു. സ്വകാര്യവ്യാപാരികളുടെ ചൂഷണത്തിൽ നിന്ന് വിദ്യാർത്ഥികളെ രക്ഷിക്കുന്നതിനു വേണ്ടിയാണ് സ്ക്കൂൾ സഹകരണ സംഘങ്ങളാരംഭിച്ചത് സ്ക്കൂൾ പാഠപുസ്തകങ്ങൾ നൽകുന്ന ടെക്സ്റ്റ് ബുക്ക് ഡിപ്പോയുടെ ഒരു ഏജൻസിയായി മാത്രമാണ് സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നത്. മെമ്പർ സ്ക്കൂളുകൾക്ക് കൃത്യസമയത്ത് പാഠപുസ്തകങ്ങൾ, നോട്ടുപുസ്തകങ്ങൾ, സ്റ്റേഷനറി സധനങ്ങൾ, യൂണിഫോറം മുതലായവ നൽകാൻ വേണ്ട ശ്രമം സംഘത്തിന്റെ ഭാഗത്തു നിന്നുണ്ടാകണം.

മഞ്ഞളൂർ സീനിയർ ബേസിക്സ്ക്കൂൾ കേന്ദ്രമാക്കി ഒരു സ്ക്കൂൾ കോംപ്ലക്സ് സഹകരണ സംഘം രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായെങ്കിലും നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഏതെങ്കെലും മെമ്പർ സ്ക്കൂൾ മുൻകൈയെടുത്ത് സംഘം പ്രവർത്തനം ഉടനെ ആരംഭിക്കേണ്ടതാണ്.

വിവിധമേഖലയിൽ നടപ്പിലാക്കേണ്ടപദ്ധതികൾ

കാർഷികമേഖല

1 വിളയഞ്ചാത്തന്നൂർ സർവ്വീസ് സഹകരണ ബാങ്ക്, മഞ്ഞളൂർ സർവ്വീസ് സഹകരണബാങ്ക് എന്നിവ വൻഷ്ടത്തിലാണ് പ്രവർത്തിച്ചു കൊണ്ടിരിയ്ക്കുന്നത്. നഷ്ടത്തിനു തുല്യമായ തുക പലിശരഹിത വായ്പയായോ ചുരുങ്ങിയ പലിശ നിരക്കിലോ ദീർഘകാല വായ്പയായി നബാർഡിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. അതുവഴി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് പ്രത്യുൽപ്പാദന മേഖലകളിൽ വായ്പനൽകേണ്ടതാണ്.

2. ക്രെഡിറ്റ് സ്റ്റേറ്റ്മെൻറ് കൃത്യസമയത്ത് തയ്യാറാക്കി കൺസെഷനൽ ഫൈനാൻസ് ലഭിക്കാൻ നടപടികൾ സ്വീകരിയ്ക്കണം. മെമ്പർമാർക്കനുവദിക്കുന്ന സ്കെയിൽ ഓഫ് ഫൈനാൻസ് ശാസ്ത്രീയമായി വർദ്ധിപ്പിക്കണം.

3. കാർഷികേതര വായ്പകളിലാണ് അവധിബാക്കിയായ വായ്പകളധികവും. ഉൽപാദനപരമായ ആവശ്യങ്ങൾക്ക് വായ്പ അനുവദിക്കുകയും കൃത്യ സമയത്തു തന്നെ തിരിച്ചടയ്ക്കാൻ നടപടികൾ കൈകൊള്ളുക.

4. നിക്ഷേപങ്ങൾക്കും വായ്പകൾക്കും നൽകുന്ന പലിശയിൽ 4% എങ്കിലും മാർജിൻ ഉറപ്പുവരുത്തിയാൽ മാത്രമേ ബാങ്കുകൾ ലാഭകരമായി പ്രവർത്തിക്കാൻ കഴിയൂ. അതിനനുസൃതമായ നിയമനിർമ്മാണത്തിന് ശ്രമിയ്ക്കുക.

5. ഡെപ്പോസിറ്റ് തുകകൾക്കും മുഴുവൻ ഇൻഷൂറൻസ് കവറേജ് നല്കുക.

6. ബാങ്കുകളുടെ സ്വന്തം ഫണ്ടുപയോഗിച്ച് കൊണ്ട് ഉല്പാദനമേഖലകളിലും മറ്റും വായ്പനൽകുകയാണെങ്കിൽ 4% മാർജിൻ ഉറപ്പുവരുത്താൻ കഴിയും.

7. രാസവളങ്ങളുടെയും കീടനാശിനികളുടെയും വില്പനകുത്തകസഹകരണബാങ്കുകൾക്ക് നൽകുക. കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന രാസവള ഡിമാൻറ് ഒരു പരിധിവരെ പരിഹരിക്കാൻ ഇതു വഴി കഴിയും.
8. രാസവളങ്ങൾക്ക് കമ്പനി നൽകുന്ന കമ്മീഷൻ ശാസ്ത്രീയമായി പുനർനിർണ്ണയിക്കുക.
9. സഹകരണബാങ്കുകളുടെ ആഭിമുഖ്യത്തിൽ ചിട്ടികൾ ആരംഭിക്കുക.

കാർഷികേതര മേഖല

1. ക്ഷീരസഹകരണ സംഘങ്ങൾ കേന്ദ്രമാക്കി ഫോഡർ ബാങ്കുകൾ നിർമ്മിക്കുക.
2. തരിശു ഭൂമികളിൽ കോംഗോസിഗ്നൽ, നേപ്പിയർ ഇനങ്ങളിൽപ്പെട്ട പുൽകൃഷി നടത്തുക. തീറ്റപുൽ കൃഷിക്കാവശ്യമായ സഹായങ്ങൾ സംഘങ്ങൾ വഴി നല്കുക.
3. പ്രാദേശികമായി കാലിത്തീറ്റ ഉല്പാദിക്കാൻ വേണ്ട പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകുക.
4. പഞ്ചായത്തിലെ 5, 6 വാർഡുകളിൽ ആനന്ദ് മാതൃകാസംഘങ്ങൾക്ക് പ്രവർത്തനാനുമതി നല്കുക.
5. ക്ഷീരോല്പന്ന യൂനിറ്റുകൾ ആരംഭിക്കുക.

വ്യവസായ സംഘങ്ങൾ

1. പരമ്പരാഗത തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന പനമ്പ്, കുട്ടനെയ്ത്ത് തൊഴിലാളികൾക്ക് വേണ്ടി ഒരു സഹകരണസംഘം പഞ്ചായത്ത് തലത്തിൽ ആരംഭിയ്ക്കുക.
2. സാങ്കേതികവൈദഗ്ദ്ധ്യവും വിപണനവും ഉറപ്പു വരുത്തുക.
3. കൈതൊഴിലുകളിലേർപ്പെട്ടിരിക്കുന്നവർക്കായി ഒരു ആർട്ടിസാൻസ് സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.
4. കാറി തൊഴിലാളി സഹകരണസംഘം രൂപീകരിക്കുക.
5. പഞ്ചായത്ത് വനിതാ സഹകരണസംഘത്തിന് സ്വന്തമായ കെട്ടിടത്തിന് ധനസഹായമനുവദിക്കുക. പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ നിന്നുള്ള വനിതകളെ മെമ്പർമാരാക്കി കൊണ്ട് സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുക.

പട്ടിക 1

ക്രമനമ്പർ	സഹകരണസംഘത്തിന്റെ പേര്
1	വിളയഞ്ചാത്തന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം എഫ് 1599
2.	മഞ്ഞളൂർ സർവ്വീസ് സഹകരണബാങ്ക്
3.	തെങ്കുറുശ്ശി പരസ്പരസഹായ പാൽവിതരണ സംഘം ക്ലിപ്തം നമ്പർ പി. 520
4.	മഞ്ഞളൂർ ക്ഷീരോല്പാദകസഹകരണസംഘം ക്ലിപ്തം നമ്പർ പി 77(ഡി)
5.	കോട്ടടിക്ഷീരോല്പാദകസഹകരണസംഘം ക്ലിപ്തം നമ്പർ പി 167(ഡി1)
6.	തെങ്കുറുശ്ശി പട്ടികജാതി സഹകരണസംഘം
7.	തെങ്കുറുശ്ശി പഞ്ചായത്ത് വനിതാ സഹകരണസംഘം
8.	തെങ്കുറുശ്ശി ഗവ: ഹൈസ്ക്കൂൾ സഹകരണസംഘം ക്ലിപ്തം നമ്പർ പി 655
9.	തെങ്കുറുശ്ശി സ്ക്കൂൾ കോംപ്ലക്സ് സഹകണസഘം ക്ലിപ്തം നമ്പർ പി. 705
10.	മഞ്ഞളൂർ സ്ക്കൂൾ കോംപ്ലക്സ് സഹകരണ സംഘം

11. തെങ്കുറുശ്ശി ഗ്രാമവ്യവസായ സഹകരണസംഘം
12. വിളയഞ്ചാത്തന്നൂർ ഹാൻറ് പൗണ്ട് ഇൻഡസ്ട്രിയൽ സഹകരണ സംഘം
13. തെങ്കുറുശ്ശി ആർട്ടിസൻസ് ഇൻഡസ്ട്രിയൽ സഹകരണ സംഘം.

പട്ടിക 5

ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസനബാങ്ക് തെങ്കുറുശ്ശി പഞ്ചായത്തിൽ കൊടുത്ത ലോൺ വിവരം

ക്രമനമ്പർ	വായ്പ ഉദ്ദേശം	ഗുണഭോക്താക്കളുടെ എണ്ണം	സംഖ്യ
1	വീട് നിർമ്മിക്കാൻ	37	1252000
2	ട്രാക്ടർ	2	259000
3	ഓർഡിനറി	5	63000
4	പശുവും തൊഴുത്തും	18	243000
5	കിണർ	32	84600
6	സെറികൾച്ചർ	3	95000
7	തെങ്ങ്	8	13600
8	ഭൂമി അഭിവൃദ്ധിപ്പെടുത്താൻ	2	7900
9	പൗൾട്രി ഫാം	1	20000
10	ടൈലറിംഗ്	1	
	ആകെ	109	26,30,100

5-11
പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 27.80% പട്ടികജാതി വിഭാഗമാണ്. ലഭ്യമായ കണക്കുകൾ പ്രകാരം കോളനിയിലടക്കം ജനസംഖ്യ 7036 ആണ്.

വിദ്യാഭ്യാസസാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി ഈ വിഭാഗത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ജാതിവ്യവസ്ഥകളുടെ ദുരാചാരങ്ങളിൽ നിന്ന് ഒരു പരിധിവരെ മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. ദുർബ്ബലജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടെങ്കിലും പദ്ധതി സംബന്ധിച്ച അറിവില്ലായ്മയും നിയമക്കുരുക്കുകളും കാരണം വേണ്ടത്ര ഫലവത്തായി കാണപ്പെടുന്നില്ല. കോളനി നിവാസികൾക്കും കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസം

നിരക്ഷരർ കൂടുതലുള്ള പഞ്ചായത്തിലെ പട്ടിക ജാതി വിഭാഗക്കാർക്ക് വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. കൂലിപണിയെടുത്തു കഴിയുന്ന പട്ടികജാതി കുടുംബങ്ങളിൽ ചെറിയകുട്ടികൾക്കായി ക്രഷെ, ബാലവാടികൾ എന്നിവ ഏർപ്പെടുത്തിയാൽ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് തടയാൻ കഴിയും. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷമുള്ള ഉപരിപഠനത്തിന് മതിയായ സൗകര്യം ലഭ്യമാക്കണം. 96-97 അദ്ധ്യയനവർഷത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1455 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഇടയ്ക്കുവെച്ച് പഠനം നിർത്തിയ കുട്ടികളുടെ എണ്ണം 38 ആണ്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ജീവിയ്ക്കുന്നവരാണ്. കാർഷികമേഖലയിലെ മുരടിപ്പ് ആ രംഗത്ത് തൊഴിലെടുത്ത് ജീവിയ്ക്കുന്നവരിലും മാറ്റം വരുത്തിയിട്ടുണ്ട്. മറ്റു തൊഴിൽ മേഖലകളിലേക്ക് പ്രധാനമായും നിർമ്മാണരംഗത്തേക്ക് തൊഴിലാളികളുടെ ഒഴുക്ക് ഉണ്ടായിട്ടുണ്ട്. പുതിയ തലമുറ തീർത്തും കാർഷികവൃത്തിയിൽ അഭിരുചി കാണിക്കാത്തവരാണ്. ഭക്ഷ്യധാന്യ ഉൽപാദനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കാർഷിക രംഗത്തേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കാൻ കഴിയുന്ന രീതിയിലുള്ള നടപടികൾ കൈകൊള്ളണം.

പട്ടികജാതി വിഭാഗത്തിൽ തന്നെ പനമ്പു നെയ്ത്ത് ഈറനാര് നിർമ്മാണം തുടങ്ങിയ തൊഴിലുകളിലേർപ്പെട്ടിട്ടുള്ള നല്ലൊരു ശതമാനം ജനങ്ങളുണ്ട്.

സഹകരണാടിസ്ഥാനത്തിൽ ഈ ജോലിയിലേർപ്പെട്ടിരിക്കുന്നവരെ കൊണ്ടുവരികയും സീസണല്ലാത്ത സമയങ്ങളിൽ അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുന്നരീതിയിൽ പരിശീലനം നൽകുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യണം.

പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും മിക്ക ഹരിജൻ കോളനികളിലും സർക്കാർ ഏജൻസികളുടെ സഹായത്തോടെ വീടുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാരിന്റെ പുറമ്പോക്ക് ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് വീടുനിർമ്മിക്കുന്നതിനുള്ള സ്ഥലവും ധനസഹായവും നൽകാൻ കഴിഞ്ഞാൽ പാർപ്പിട രംഗത്ത് ഇന്നുള്ള പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാനാവും. പല കോളനികളിലും കക്കൂസ് നിലവിലില്ല. പുതിയ വീടുകൾ അനുവദിക്കുമ്പോൾ കക്കൂസ് നിർമ്മാണവും കൂടി നിർബ്ബന്ധിയ്ക്കുന്നതു കൊണ്ട് ഇപ്പോൾ കുറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഓരോ വീടിനും കക്കൂസ് അനുവദിക്കുകയും അതിന്റെ പ്രയോജനത്തെക്കുറിച്ചുള്ള ബോധവൽക്കരണവും നടത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
2. കാർഷികമേഖലയിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞുപോവുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. കിട്ടുന്ന ധനസഹായമുപയോഗിച്ച് വീടുപൂർത്തിയാക്കാൻ കഴിയുന്നില്ല.
4. കോളനികളിൽ മതിയായ തോതിൽ വൈദ്യുതിയും കുടിവെള്ളവും ഇല്ല.
5. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.
6. പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ല.

സാദ്ധ്യതകൾ

വൈദ്യുതി

മുരിങ്ങമല, പുഞ്ചക്കോട്, മണ്ണാത്തറ ഹരിജൻ കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതിയെത്താത്ത ഈ കോളനികൾ വൈദ്യുതീകരിയ്ക്കുകയും കണക്ഷൻ കിട്ടാത്ത മറ്റു ഹരിജൻ കോളനിയിലെ വീടുകൾക്ക് വൈദ്യുതി നൽകുകയും ചെയ്യുക.

കുടിവെള്ളം

ഹരിജൻ കോളനികളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഹരിജൻ കോളനികൾക്ക് മാത്രമായി കുഴൽക്കിണർ സ്ഥാപിച്ച് മിനിടാങ്കുകൾ നിർമ്മിച്ച് പൈപ്പു ലൈൻവഴി കുടിവെള്ളമെത്തിക്കുക.

പട്ടികജാതിക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
2. കുടിവെള്ളപ്രശ്നം പരിഹരിക്കുക.

3. സർക്കാർ ഏജൻസികൾ തൊഴിലന്വേഷകർക്ക് നൽകി വരുന്ന വായ്പകളും ധനസഹായങ്ങളും ഗ്രാമപഞ്ചായത്തുവഴി ഏകോപിപ്പിച്ച് നടപ്പാക്കുക.
4. പരമ്പരാഗത തൊഴിലുകളെ അടിസ്ഥാനപ്പെടുത്തി സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുക.
5. പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തി കൂടുതൽ പേർക്ക് പ്രയോജനകരമാക്കുക.
6. പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് സ്ഥലവും ധനസഹായവും ഗ്രാമപഞ്ചായത്ത് അനുവദിക്കുക.
7. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും പഞ്ചായത്ത് സമിതികളെ നിയോഗിക്കുകയും മേൽനോട്ടം ഉറപ്പുവരുത്തുകയും ചെയ്യുക.
8. കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
9. കുടുംബബാദ്ധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടി വരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനമേർപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കുക.
10. ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി.വി. സെറ്റ് നൽകുക.
11. ഹരിജൻ കോളനികളിലെ റോഡുകൾ ഗതാഗത യോഗ്യമാക്കുക.
12. യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലെ ഈ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ തുടങ്ങുക.

പട്ടിക 1

ക്രമനമ്പർ	കോളനിയുടെപേര്	കുടുംബങ്ങൾ	അടിസ്ഥാനസൗകര്യങ്ങൾ			വാർഡ്
			കുടിവെള്ളം	വൈദ്യുതി	റോഡ്	
1	ചേപ്പലിമാർതറ	10	ഉണ്ട്	ഉണ്ട്	ഉണ്ട്	I
2	നെടുങ്ങരകാട്	10	ഉണ്ട്	ഉണ്ട്	ഇല്ല	I
3	പട്ടിമാർ തറ	12	ഇല്ല	ഇല്ല	ഇല്ല	I
4	കൊരങ്ങോട്		ഉണ്ട്	ഉണ്ട്	ഇല്ല	I
5	കുന്നരശ്ശൻകാട്	10	ഇല്ല	ഇല്ല	ഇല്ല	II
6	പന്തലിരുപ്പ	10	ഇല്ല	ഇല്ല	ഇല്ല	II
7	വാക്കത്തറ	10	ഇല്ല	ഇല്ല	ഇല്ല	II
8	ലക്ഷംവീട്	10	ഇല്ല	ഇല്ല	ഇല്ല	III
9	വാക്കത്തറ	35	ഇല്ല	ഇല്ല	ഇല്ല	III
10	ഇലമന്ദം	22	ഇല്ല	ഇല്ല	ഉണ്ട്	III
11	മാനാംകുളമ്പ് തുപ്പാരക്കളം IHDP	18	ഇല്ല	ഉണ്ട്	ഇല്ല	III

10	ഇലമന്ദം	22	ഇല്ല	ഇല	ഉണ്ട്	III
12	വാപ്പളം	20	ഇല്ല	ഇല്ല	ഇല്ല	III
13	ആച്ചിരിക്കാട്	18	ഇല്ല	ഇല്ല	ഇല്ല	III
14	അഞ്ചത്താണി	23	ഇല്ല	ഉണ്ട്	ഇല്ല	IV
15	കൊളങ്ങരക്കളം	18	ഇല്ല	ഉണ്ട്	ഇല്ല	III
16	മണത്തുമാർത്തറ	15	ഇല്ല	ഇല്ല	ഇല്ല	IV
17	കല്ലുകാട്	20	ഇല്ല	ഇല്ല	ഇല്ല	V
18	ചെള്ളിമാർത്തറ	25	ഇല്ല	ഇല്ല	ഇല്ല	V
19	പേഴുകാട്	40	ഇല്ല	ഉണ്ട്	ഇല്ല	V
20	പറച്ചിരിക്കാട്	15	ഇല്ല	ഇല്ല	ഇല്ല	V
21	കിഴക്കേത്തറ	65	ഇല്ല	ഇല്ല	ഇല്ല	VI
22	വലിയാട്ടകുന്ന്	25	ഇല്ല	ഇല്ല	ഇല്ല	VI
23	പുളക്കുന്ന്	25	-	ഉണ്ട്	ടാർ	VI
24	വിളയന്നൂർ	30	-	ഉണ്ട്	മെറ്റൽ	VI
25	പുട്ടാളിക്കളം	20	കിണർ	ഉണ്ട്	ടാർ	VI
26	ചുക്കംകോണം	15	-	ഉണ്ട്	ടാർ	VII
27	മുരിങ്ങമല	35	-	ഇല്ല	മൺ	VII
28	പൂശാരിമേട്	18	-	ഉണ്ട്	-	VII
29	എരട്ടോട്	81	-	ഉണ്ട്	മെറ്റൽ	VIII
30	ആനക്കുറ്റിപ്പുറ	27	-	ഉണ്ട്	മൺ	IX
31	കോട്ടപ്പള്ള	15	-	ഉണ്ട്	മൺ	IX
32	വള്ളിക്കാട്	20	-	ഉണ്ട്	മൺ	X
33	പുഞ്ചക്കോട്	15	-	ഇല്ല	മൺ	X
34	നെല്ലിക്കൽക്കോട്	30	-	ഉണ്ട്	മൺ	XI
35	കോട്ടടി	25	-	ഉണ്ട്	മെറ്റൽ	XI
36	മണ്ണാന്തറ	10	-	ഇല്ല	മൺ	XI
37	കുന്നുംപുറം	19	കിണർ	ഉണ്ട്	മൺ	XI

5-12
വിഭവസമാഹരണം

പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് വിഭവസമാഹരണത്തിന് അതിപ്രധാനമായ പങ്കു വഹിക്കാനുണ്ട്. കാർഷിക-വ്യവസായിക രംഗത്ത് നിലനിൽക്കുന്ന മുരടിപ്പ് മാറ്റി കൊണ്ടല്ലാതെ ഈ മേഖലകളിൽനിന്ന് വിഭവസമാഹരണം നടത്താൻ കഴിയില്ല. കാർഷികരംഗം ഒരു മുരടിപ്പിന്റെ വക്കിലാണ്. ഉല്പാദനക്ഷമതയിലുണ്ടായ കുറവും അമിതമായ രാസവളത്തിന്റെ വിലക്കയറ്റവും കാർഷിക രംഗം വല്ലാത്ത ഒരു പ്രതിസന്ധിയിലാണ്. കൂടുതൽ ജൈവവള പ്രയോഗം നടത്തി ഉല്പാദനം വർദ്ധിപ്പിക്കാനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. പുതിയ വ്യവസായ സംരഭകർക്ക് പശ്ചാത്തല സൗകര്യങ്ങളിലൊന്നായ വൈദ്യുതി ലഭിയ്ക്കാനുള്ള ബുദ്ധിമുട്ട് വ്യാവസായിക രംഗത്തെ ഒരു വെല്ലുവിളിയാണ്. അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതോടൊപ്പം പരിസരമലിനീകരണം ഒഴിവാക്കി കൊണ്ടുള്ള വ്യാവസായിക വളർച്ച വിഭവസമാഹരണത്തന് സാദ്ധ്യത വർദ്ധിപ്പിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഫലപ്രദമായ ഇടപെടലിലൂടെ ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയും.

ജനസംഖ്യയുടെ വിവിധ മേഖലകളെ അടിസ്ഥാനപ്പെടുത്തി വേണം പഞ്ചായത്തുകൾക്ക് ഗ്രാന്റുകൾ നൽകേണ്ടത്. നീതിപൂർവ്വകമല്ലാത്ത ഗ്രാന്റ് വിതരണവും, ഗ്രാന്റുകൾ അനുവദിക്കുന്നതിൽ വരുന്ന കാലതാമസവും ഫണ്ടു ദുർവിനിയോഗത്തിനു കാരണമാകുന്നു. പഞ്ചായത്തിരാജ് സംവിധാനത്തിൽ സമൂലമായ ഒരു നിയമനിർമ്മാണം വഴി ഇതു മാറ്റിയെടുക്കാൻ കഴിയുമെന്ന് ആശിക്കാം.

ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ വ്യക്തമായ ഒരു കണക്ക് നമുക്ക് ലഭ്യമല്ലെങ്കിലും അവരുടെ സമ്പാദ്യം ഉല്പാദനപരമായ മേഖലയിൽ നിക്ഷേപിക്കുവാൻ വേണ്ട ശ്രമം നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം.

നമ്മുടെ പഞ്ചായത്തിന് കച്ചവടസ്ഥാപനങ്ങളുടെലൈസൻസ് ഫീസായി കഴിഞ്ഞ വർഷം ലഭിച്ചത് 3451 രൂപയാണ്. മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല യുക്തിസഹമായ ഒരു നികുതിഘടനയല്ല ഇപ്പോൾ നിലവിലുള്ളത്.വികസന പ്രവർത്തനങ്ങൾക്ക് വേണ്ട ഫണ്ടു കണ്ടെത്തുന്നതിന് തൊഴിൽ നികുതിയെ വലിയൊരളവുവരെ ആശ്രയിക്കാം. വ്യക്തമായ രേഖകളുള്ള സർക്കാർ- അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരും കൃഷിക്കാരും മാത്രമേ ഇപ്പോൾതൊഴിൽ നികുതി അടയ്ക്കുന്നുള്ളൂ. വിവിധ തൊഴിൽ മേഖലകളിലുള്ള ആൾക്കാരെ കണ്ടെത്തി തൊഴിൽ നികുതി ഈടാക്കുവാനും അതുവഴി ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ അവരെക്കൂടി പങ്കെടുപ്പിക്കാനും കഴിയണം.

ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നികുതി നൽകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണത്തിന് ഒരു കൂട്ടായ പരിശ്രമം വേണം. ഈടാക്കുന്ന നികുതി പണം അവർക്കുവേണ്ടി തന്നെ ചിലവാക്കുന്നുവെന്ന് അവരെ ബോദ്ധ്യപ്പെടുത്തുന്നതോടൊപ്പം അത് സംബന്ധിച്ച കണക്കിൽ സുതാര്യത കൂടിവേണം. ജീവിതഭാരം വർദ്ധിപ്പിയ്ക്കാതെ ചെറിയ ഒരു ശതമാനം നികുതി ഈടാക്കുന്നതോടൊപ്പം കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കാനും ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും സംവിധാനമുണ്ടാകണം.

കെട്ടിടനികുതി

ശാസ്ത്രീയമായ രീതിയിൽ കെട്ടിടനികുതി ചുമത്താനുള്ള ആർജ്ജവം പഞ്ചായത്ത് കാണിക്കണം. ഉടമ തരുന്ന പ്ലാനും കുറച്ചു കാണിക്കുന്ന എസ്റ്റിമേറ്റും അടിസ്ഥാനപ്പെടുത്തിയാണ് ഇപ്പോൾ നികുതി കണക്കാക്കുന്നത്. ആർഭാടപൂർണ്ണമായ വീടുകൾക്ക് അതിനനുസൃതമായ നികുതി ചുമത്താനും, ചുമത്തപ്പെട്ട നികുതി ശാസ്ത്രീയമാണെന്നും ഉടമയ്ക്ക് ബോദ്ധ്യംവരത്തക്കവിധത്തിൽ വിശദീകരിക്കാൻ ഉദ്യോഗസ്ഥർ തയ്യാറാവണം. നികുതി പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുകയും അഴിമതി കുറയ്ക്കുന്നതിന് അസ്സെസ്സ്മെൻറ് കമ്മിറ്റിയെ നിയോഗിക്കുന്നതും നന്നായിരിക്കും.

വിനോദനികുതി.

സിനിമാ തിയേറ്ററുകളിലെ വിനോദനികുതി പരിഷ്കരിച്ചും കേബിൾ നെറ്റ് വർക്ക് നടത്തുന്നവരിൽനിന്ന് വിനോദനികുതി ഈടാക്കിയും ധനാഗമമാർഗ്ഗം കണ്ടെത്തണം.

മറ്റുധനാഗമമാർഗ്ഗങ്ങൾ

പഞ്ചായത്തിന്റെ പുറമ്പോക്ക് സ്ഥലങ്ങൾ താല്പര്യമുള്ളവർക്ക് ലീസിനു നൽകികൊണ്ട് വരുമാനം കണ്ടെത്തണം. നമ്മുടെ പഞ്ചായത്തിലെ പനയംചിറ, വെമ്പലൂർ തോടിൽ നിന്ന് മണൽ വാരുന്നതിന് പുനർ ലേലം വഴി 2290 രൂപ 1996-97 ൽ ലഭിച്ചിട്ടുണ്ട്. എടുക്കുന്ന മണലിന്റെ അളവിൻമേൽ പഞ്ചായത്തിനു വ്യക്തമായ നിയന്ത്രണം വേണം. പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന രീതിയിലുള്ള മണൽ വാരൽ നിരുത്സാഹപ്പെടുത്തേണ്ടതാണ്. മണൽ വാരുന്നതിന് ലേലത്തുക വർദ്ധിപ്പിച്ചു കൊണ്ട് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

ബാങ്കുകൾ

നമ്മുടെ പഞ്ചായത്തിൽ രണ്ടു സഹകരണ ബാങ്കുകളും കനറാബാങ്ക്, നെടുങ്ങാടി ബാങ്ക് എന്നിവയുടെ ഓരോ ശാഖയുമുണ്ട്.

ഇതിനുപുറമേ നാട്ടിൻപുറങ്ങളിൽ ഫണ്ടുകളും ചിട്ടികളും വ്യാപകമായി തന്നെ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ സിംഹഭാഗവും ഇവിടെ തന്നെ വായ്പയായി നൽകേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന ഒരു പ്രധാന ആവശ്യം തൊഴിൽ സംരഭകർക്കുള്ള ബാങ്ക് വായ്പകളിൽ പഞ്ചായത്ത് ഗ്യാരൻറി നിൽക്കണമെന്നുള്ളതാണ്. അതേപോലെതന്നെ പഞ്ചായത്ത് അംഗീകരിക്കുന്ന സ്കീമുകൾക്ക് ബാങ്ക് വായ്പകൾ നൽകാൻ നിയമംഉണ്ടാവേണ്ടിയിരിക്കുന്നു.

ചെലവുകൾ

പഞ്ചായത്ത് കണക്കുകൾ സൂചിപ്പിക്കുന്നത് പ്രത്യുല്പാദനപരമായ ചിലവുകൾക്കല്ല ഫണ്ടു ചിലവഴിക്കുനത് മൊത്തം വരുമാനത്തിന്റെ 69.31% തുക ഭരണചിലവുകൾക്കാണ് ചിലവഴിയ്ക്കുന്നത്. തെരുവുവിളക്കുകൾ കത്തിയ്ക്കുന്നതിന് വൈദ്യുതി ചിർജ്ജിനത്തിൽ 17% തുക ചിലവഴിച്ചിട്ടുണ്ട്. പൊതുമരാമത്ത് വിദ്യാഭ്യാസം സാമൂഹ്യക്ഷേമം തുടങ്ങിയ പദ്ധതികൾക്ക് കുറച്ച് തുക മാത്രമേ ചിലവഴിക്കുവാൻ കഴിയുന്നുള്ളൂ. പൊതുമരാമത്തിനത്തിൽ റോഡുകളുടെ റിപ്പയർ ജോലികൾക്കാണ് കൂടുതൽ തുക ചിലവാക്കുന്നത്. ഭരണച്ചിലവ് കുറച്ച് കൂടുതൽ തുക വികസന പ്രവർത്തനങ്ങൾക്ക് ചിലവഴിക്കാൻ നമുക്ക് കഴിയണം.

സാദ്ധ്യതകൾ

ഭൂനികുതി

ഭൂനികുതി പിരിവ്പഞ്ചായത്തുകളെ ഏല്പിക്കണം. നികുതി പിരിവ് ഒരു വർഷത്തിൽ വ്യത്യസ്ത സമയങ്ങളിലാക്കുന്നത് ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സഹായകരമായിരിക്കും.

ഷോപ്പിങ്ങ് കോംപ്ലക്സ്

നമ്മുടെ പഞ്ചായത്തിലെ കയറംകുളത്ത് ഒരു ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിയ്ക്കുകയാണെങ്കിൽ ഒരു ധനാഗമമാർഗ്ഗമായിരിക്കും. ഗ്രാമവികസന ഏജൻസികളുടെ ഫണ്ട് കോംപ്ലക്സ് നിർമ്മാണത്തിന് പ്രയോജനപ്പെടുത്താനും കഴിയും. കയറംകുളം, മാഹാളികുടം, ഹൈസ്ക്കൂളിന്റെ മുൻഭാഗം, തില്ലങ്കാട്, വെമ്പലൂർ തുടങ്ങിയ സ്ഥലങ്ങളിൽ വാഹനങ്ങൾക്ക് പാർക്കിങ്ങ് സൗകര്യമേർപ്പെടുത്തുകയും ചെറിയ ഫീസ് ഈടാക്കി കൊണ്ട് വരുമാനം കണ്ടെത്താനും കഴിയും. പനയഞ്ചിറയിൽ വെയിറ്റിംഗ് ഷെഡ് കം ഷോപ്പ് നിർമ്മിച്ച് വരുമാനം കണ്ടെത്താം.

ആഴ്ചച്ചന്ത

ഗ്രാമസഭകളിൽ ഉയർന്നുവന്ന ഒരാവശ്യമെന്ന നിലക്ക് കയറംകുളം തില്ലങ്കോട് എന്നീ സ്ഥലങ്ങൾ ആഴ്ചച്ചന്തക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വരുമാനം കണ്ടെത്തുകയും ചെയ്യാം. പച്ചക്കറികൃഷി ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ആഴ്ചച്ചന്തകൾക്ക് നല്ല സാദ്ധ്യതകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

കച്ചവടലൈസൻസ്

പഞ്ചായത്തിലെ മുഴുവൻ കച്ചവടക്കാരേയും ലൈസൻസ് എടുക്കത്തക്ക വിധത്തിൽ അവരുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയും ലൈസൻസ് ഫീസ് ശരിയാംവിധം പിരിച്ചെടുക്കുകയും വേണം.

പരസ്യനികുതി

പഞ്ചായത്തിനകത്തുള്ള പൊതുസ്ഥലങ്ങളിലെ പരസ്യങ്ങൾക്ക് നികുതി ചുമത്തി വരുമാനം കണ്ടെത്താം. നാഷണൽ സേവിംഗ്സ് സ്ക്കീം, മഹിളാപ്രധാൻ ഏജൻറ്മാരുടെ സേവനമുപയോഗിച്ചു കൊണ്ട് പരമാവധി സമ്പാദ്യ നിക്ഷേപം ഉണ്ടാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

ക്വാറികളിൽ നികുതി

ക്വാറികളിൽ നിന്ന് പോകുന്ന കല്ലിന് ഒരു നിശ്ചിത ശതമാനം നികുതിചുമത്തണം. ക്വാറികൾ പ്രവർത്തിക്കുന്നതിനുള്ള പൂർണ അധികാരം പഞ്ചായത്തുകൾക്ക് നൽകണം. ചെങ്കൽചൂളകൾക്ക് ലൈസൻസ് ഫീസും വിൽക്കുന്ന കല്ലുകൾക്ക് നികുതിയും ഏർപ്പെടുത്തുക.

മനുഷ്യാധ്വാനം

ഗ്രാമസഭാ റിപ്പോർട്ടുകളിൽ വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യവിഭവം പരമാവധി പ്രയോജനപ്പെടുത്താമെന്ന് പ്രഖ്യാപിക്കുന്നുണ്ട്. പഞ്ചായത്തിന്റെ അൺടൈഡ് ഫണ്ടുപയോഗിച്ച് കൊണ്ടും മനുഷ്യ വിഭവം പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ ഗ്രാമസഭയിലുയർന്നു വന്ന റോഡ്, വെള്ളം എന്നിവയ്ക്ക് വേണ്ടിയുള്ള മുറവിളികൾക്കും ഒരാശ്വാസം നൽകാനാകും. സന്നദ്ധ സംഘടനകളുടേയും ക്ലബ്ബുകൾ വായനശാലകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തി കൊണ്ട് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരവും സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങൾ നടത്താനും നമുക്കു കഴിയണം.

"അദ്ധ്വാനം സമ്പത്ത്, സമ്പത്ത് ജനനന്മക്ക്
ഇതാകട്ടെ നമ്മുടെ ലക്ഷ്യം."

പട്ടിക – 1

വരുമാനത്തിലെ വ്യതിയാനം

	ഇനം	1991 – 92		1995 – 96		വ്യത്യാസം		ശതമാനം
1-	കെട്ടിട നികുതി	1234.58	53	178210	95	+49752	42	
2	തൊഴിൽ നികുതി	68816	–	66795	–	–2021	–	
3	വിനോദ നികുതി	17483	60	37460	–	+19976+116	40	
4	അഡി. വിനോദ നികുതി	11020	85	22718	40	97	65	
5	പ്രദർശന നികുതി	1069	–	2144	–	+1075	–	
6	പ്രദർശന നികുതി–സർചാർജ്	267	25	536	–	+269	75	
7	തൊഴിൽ ഫീസ്	12675	–	9451	–	–3224	–	
8	വസ്തു തൊഴിലാറ്റ നികുതി	116754	–	96615	–	–20139	–	
9	സർക്കാർ ഗ്രാന്റുകളും മറ്റും ഇനത്തിലുള്ള മറ്റു വരവുകൾ	47024	62	34045	–	–12979	62	
10	ഡെപ്പോസിറ്റ്	8645	90	19236	50	+10591	60	
	ആകെ വരവ്	407214	75	462211	85	+54997	10	
	എസ്റ്റാബ്ലിഷ്മെന്റ് ചിലവ്	276073	–	453279	–	+177206		

പട്ടിക – 2

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗബലം	ഓഹരി മൂലധനം (1000)	കടം (1000)	നിക്ഷേപം (1000)	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭം	നഷ്ടം	ജീവനക്കാർ	
								കാർഷികം	കാർഷികേതരം				സ്ഥിരം	താൽക്കാലികം
1	വിളയഞ്ചാത്തനൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ് 1599	20--1–54	തെങ്കുറുശ്ശി നമ്പർ1,2 വില്ലേജ് വിളയന്നൂർ, വിളയഞ്ചാത്തനൂർ	5667	667	2561	13780	542	10438	–	–	4000	12	1
2	മണ്ണളൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ	6.10.61	തെങ്കുറിശ്ശി നമ്പർ2	2025	282	9168	9166	1287	4745	8386	–	1098	3	2

പട്ടിക – 3

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗബലം	ഓഹരി മൂലധനം (1000)	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ		ജീവനക്കാർ
								ലാഭം	നഷ്ടം	
1	തെങ്കുറിശ്ശി സഹസ്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 655	06.02.76	Govt. High School, Thenkurusi	–	1348	3099.72	29960	398.04	–	–
2	തെങ്കുറുശ്ശി സ്കൂൾ കോംപ്ലക്സ് സഹ. സംഘം, പി. 705	19.05.76	GLPS, Thenkurusi ULNMUP Vilayanjathanur HJBS, Manamkulamb	362	5946	2480.17	65000	1238	–	–
3	മണ്ണളൂർ സ്കൂൾ കോംപ്ലക്സ് സഹ. സംഘം	95	UBS, Vilayannur JBS, Vembalur	–	ഇല്ല					

പട്ടിക – 4

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തന പരിധി	ഓഹരി മൂലധനം (1000)	ഉല്പാദനം	വിപണനം		ലാഭമോ നഷ്ടമോ		ജീവനക്കാർ	
					പ്രാഥമികം	മിശ്രം	ലാഭം	നഷ്ടം	സ്ഥിരം	താൽക്കാലികം
1	തേങ്കുറുശ്ശി പരസ്പര സഹായ പാൽ വിതരണ സംഘം ക്ലിപ്തം പി. 520	1,2,3,4 വാർഡുകൾ	11205	500 ലി	300	200	–	1015.04	3	4
2	മഞ്ഞളൂർ ക്ഷീരോത്പാദക സഹ. സംഘം ക്ലിപ്തം നമ്പർ പി. 77	7,8,9,10 വാർ ഡുകൾ	3150	625 ലി	60	565			1	1
3	കോട്ടടി ക്ഷീരോത്പാദക സഹ. സംഘം ക്ലിപ്തം നമ്പർ പി. 167 (ഭ)	വാർഡ് 11	1940	150	30	120	7272		1	1

പട്ടിക – 6

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	വ്യാപാര ഉദ്പാദ്	ലാഭമോ നഷ്ടമോ		ജീവനക്കാർ	
							ലാഭം	നഷ്ടം	സ്ഥിരം	താൽക്കാലികം
1	തേങ്കുറുശ്ശി പഞ്ചായത്ത് വനിതാ സഹ. സംഘം ക്ലിപ്തം നമ്പർപി.966	24.03.92	തേങ്കുറുശ്ശി പഞ്ചായത്ത്	184	41725	51065	–	25310	1	1

പട്ടിക – 7

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	വ്യാപാര ഉദ്പാദ്	ലാഭമോ നഷ്ടമോ		ജീവനക്കാർ
							ലാഭം	നഷ്ടം	
1	തേങ്കുറുശ്ശി പഞ്ചായത്ത് പട്ടിക ജാതി സേവന സഹ. സംഘം ക്ലിപ്തം നമ്പർ പി.966	20.08.93	തേങ്കുറുശ്ശി പഞ്ചായത്ത്	104	579.00	645	–	17756	1

ഉപസംഹാരം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന ലക്ഷ്യം മുൻ നിർത്തിക്കൊണ്ട് കേരളത്തിൽ ആദ്യമായി തുടക്കം കുറിച്ച ജനകീയ ആസൂത്രണ പ്രസ്ഥാനം ദാരിദ്ര്യത്തിന്റെ തുരുത്തുകൾ ഇല്ലാതാക്കുകയും നിരവധി വികസന പ്രശ്നങ്ങൾ നേരിടുന്ന ഗ്രാമീണ ജനതയ്ക്ക് ഒരു പുതിയ ആശയും ആവേശവുമാണ് എന്നത് നിസ്തർക്കമാണ്. കൃഷി, വ്യവസായം എന്നീ ഉല്പാദന മേഖലകളിൽ നാം കൂടുതൽ നേട്ടങ്ങൾ കൈവരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ സേവന മേഖലകൾ കാര്യക്ഷമമാക്കുക, തുടങ്ങി വിവിധ ലക്ഷ്യങ്ങൾ നാം നേടേണ്ടതുണ്ട്. കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതികൾ കുറേയേറെ നേട്ടങ്ങൾ കൈവരിച്ചു എങ്കിലും പല വികസന പദ്ധതികളും അതിന്റെ ലക്ഷ്യപ്രാപ്തിയിലെത്താതെ അപൂർണ്ണമായി കിടക്കുന്നു. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾ മറ്റ് ഇടത്തരം കുടുംബങ്ങൾ തുടങ്ങി വിവിധ മേഖലകൾ ഇതുമൂലം കൂടുതൽ കഷ്ടതയനുഭവിക്കേണ്ടിവരുന്നു. സ്വാതന്ത്ര്യ ലബ്ദിക്കുശേഷവും പല ഇന്ത്യൻ ഗ്രാമങ്ങളും അജ്ഞതയുടെയും, അന്ധവിശ്വാസങ്ങളുടെയും, ദാരിദ്ര്യത്തിന്റെയും, പിടിയിലാണ്. അശാസ്ത്രീയമായ രീതിയിലുള്ള വികസന പദ്ധതികളുടെ പ്രതിഫലനമാണ് ഇന്നത്തെ ഈ ദുരവസ്ഥക്ക് കാരണം. അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാവണമെങ്കിൽ ഉല്പാദന മേഖലകളിൽ കൈവരിച്ചേ തീരൂ.

ഭരണത്തിലും, ആസൂത്രണത്തിലും ജനങ്ങളുടെ ഉത്തരവാദിത്വത്തിലൂടെയുള്ള പങ്കെടുക്കലിലൂടെ മാത്രമെ യഥാർത്ഥത്തിലുള്ള ജനാധിപത്യം ലക്ഷ്യപ്രാപ്തി കൈവരിക്കുകയുള്ളൂ.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ വിവിധ പരിപാടികൾ യഥാസമയം നടത്തുകയുണ്ടായി. ഇത് ഒരു സമയബന്ധിത പദ്ധതി എന്നതിനാൽ ഒട്ടേറെ പോരായ്മകളും, പാളിച്ചകളും ഉണ്ടായിട്ടുണ്ട്. ജില്ലാതല

പരിശീലനത്തിനുശേഷം പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒന്നാംഘട്ട പരിശീലന ക്യാമ്പ് നടന്നു. അതിനുശേഷം പതിനൊന്ന് ഗ്രാമസഭകളിലും വിശേഷാൽ ഗ്രാമസഭകൾ നടന്നു. തുടർന്ന് ദ്വിതീയ സ്ഥിതി വിവരകണക്കുശേഖരണം രണ്ടാംഘട്ട പരിശീലനം, ഭൂപ്രകൃതി പഠന പര്യടനം, ജനാധികാര കലാജാഥ, പഞ്ചായത്തിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അവലോകനയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു.

വളരെ കുറച്ചു സമയമെടുത്തുകൊണ്ടാണ് ഈ വികസനറിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിന്റെ വിവിധ വികസന പ്രശ്നങ്ങളെ സംബന്ധിച്ച് പരമാവധി ഉൾക്കൊള്ളിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ഈ വികസന റിപ്പോർട്ടിൽ കുറെയേറെ പോരായ്മകൾ കണ്ടേക്കാം. അവ കൂടുതൽ വിശദമായ ചർച്ചകൾക്ക് വിധേയമാക്കിക്കൊണ്ട് ഈ റിപ്പോർട്ട് സമ്പുഷ്ടമാക്കണം. സ്വയം സമ്പൂർണ്ണമായ ഗ്രാമങ്ങൾ എന്ന മഹാത്മജിയുടെ സ്വപ്നങ്ങൾക്ക് നിറം പകരാൻ ഈ വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയക്ക് കഴിയുമെന്ന് നമുക്ക് ആശിക്കാം.

"ഒഴിവു കഴിവുകളിൽ എനിക്ക് താല്പര്യമില്ല
കാര്യങ്ങൾ ചെയ്തു കാണുന്നതാണ് എനിക്കിഷ്ടം"
ജവഹർലാൽ നെഹ്റു.

കുറിപ്പുകൾ

കുറിപ്പുകൾ

കുറിപ്പുകൾ

പാലക്കാട് ജില്ല
തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്ത്

